79:24 J5 MARUPPACHA

O32:3M79:24
J5

202675

5777,

MUL
202675

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3M79:24 J5

Accession Number 202675

Available for loan from

This book should be returned on or before the date last marked below.

5 MAR 1966

2 APR 1966

29 MAR 1968

13 MAY 1968

10 MAR 1970

D. 61

# മരുപ്പച്ച

(ചെറുകഥാസമാഹാരം)

UNIVERSITY LIBRARY
27 AUG 1964
MADRAS
162

കഥാകൃത്ത്:

പണ്ഡിതർ: കെ. വാസുദേവൻ മൂസ്സത്ത്

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്–കോഴിക്കോട്

വില: 1–8–0

# MARUPPACHA

FIRST IMPRESSION DECEMBER 1955

COPIES 1000

COPYRIGHT TO PUBLISHERS

202675

O32:3M79:24

J5

Printed at The Arunodayam Press-Wadakancheri.

# വിഷയവിവരം


| | | |
|---|---|---|
| 1 | അക്കരപ്പച്ച | 1 |
| 2 | കണിശക്കാരൻ മുതലാളി | 12 |
| 3 | പഠിപ്പുകാരിയായ ഭാര്യ | 26 |
| 4 | മേരിജോൺ | 40 |
| 5 | ഇല്ലാപ്പാട്ടു് | 56 |
| 6 | മുദ്രമോതിരം | 65 |
| 7 | ഇണക്കവും പിണക്കവും | 76 |
| 8 | സ്വഭാവമാററം | 87 |
| 9 | കാമിനീമൂലം | 98 |
| 10 | മൃഗതൃഷ്ണ | 109 |
| 11 | കൃഷ്ണാർപ്പണം | 120 |
| 12 | രാജാമണി | 131 |
| 13 | ലേഡീഡോക്ടർ | 144 |
| 14 | ഹോസ്റ്റൽ ഡിന്നർ | 156 |
| 15 | പാമ്പാട്ടി | 166 |

# മരുപ്പച്ച

UNIVERSITY LIBRARY
27 AUG 1964
MADRAS

# അക്കരപ്പച്ച

രാജനും രാജഗോപാലനും കോളേജിൽ ഒരിക്കലും ഇണപിരിയാതെ ഇണങ്ങിപ്പഠിച്ചിരുന്ന സ്നേഹിതന്മാരാണ്. ഇൻറർമീഡിയററു പരീക്ഷയിൽ ജയിച്ചതിനുശേഷം അവർ മെഡിക്കൽ കോളേജിൽ ചേർന്നു വിജയംപ്രാപിച്ചു. ഡാക്ടർസ്ഥാനം കിട്ടുന്നതുവരെ ഈ സ്നേഹിതന്മാർക്കിരുവർക്കും ഒരു വിഷയത്തിലും അഭിപ്രായഭേദമുണ്ടായിട്ടില്ല. എന്നാൽ എം. ബി. ബി. എസ്സ്. എന്ന ബിരുദം ലഭിച്ച ദിവസംമുതല്ക്കു ജീവിതപ്രശ്നങ്ങളെക്കുറിച്ച് അവർ ഭിന്നാഭിപ്രായക്കാരായിത്തീർന്നു.

ഡാക്ടർസ്ഥാനം നേടി വൈദ്യവൃത്തി നടത്തുവാൻ പോകുന്ന വിദ്യാർത്ഥികൾക്കു മെഡിക്കൽ കോളേജിലെ മററുവിദ്യാർത്ഥികൾ ചേർന്ന് ഒരു യാത്രയയപ്പുസല്ക്കാരം നടത്തുക പതിവുണ്ട്. രാജനേയും രാജഗോപാലനേയും യാത്രയയയ്ക്കുന്നതിന്നു കൂടിയ യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചുകൊണ്ട് ഡാക്ടർ നടരാജൻ ചെയ്ത പ്രസംഗത്തിൽ വൈദ്യജീവിതത്തെ സംബന്ധിച്ചു പുറപ്പെടുവിച്ച അഭിപ്രായം അവരുടെ ആശയത്തിലും ആദർശത്തിലും സാരമായ മാററംവരുത്തി.

“യുവാക്കളായ ഡാക്ടർമാർ സമുദായത്തിന്നു വലിയ സഹായമായിരിക്കണം; ഗ്രാമപ്രദേശങ്ങളിൽ കോടിക്കണക്കായ ആളുകൾ ശരിയായ വൈദ്യസഹായം കിട്ടാതെ

ക്ലേശമനുഭവിക്കുന്നുണ്ടു്. അവരുടെ ക്ലേശം കുറെയെങ്കിലും പരിഹരിക്കേണ്ടതു യുവഡോക്ടർമാരുടെ ചുമതലയാകുന്നു. അതിനാൽ പുതുതായി പരീക്ഷയിൽ ജയിച്ചു കലാശാലയിൽനിന്നു പുറത്തുപോകുന്നവർ ഗ്രാമാന്തരങ്ങളിൽ ചെന്നു സേവനം ചെയ്യേണ്ടതാണു്" എന്നു് അദ്ധ്യക്ഷൻ ഊന്നിപ്രസ്താവിക്കുകയുണ്ടായി.

പ്രസംഗം കേട്ട ദിവസം രാത്രിയിൽത്തന്നെ രാജൻ ഉൾനാട്ടുകളിലേയ്ക്കു പോകുവാനും, തന്റെ തലച്ചോറിൽ അടുക്കിവെച്ചിട്ടുള്ള വൈദ്യവിജ്ഞാനത്തെ പ്രയോജനപ്പെടുത്തുവാനും ഉറച്ചു് അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യാൻ തുടങ്ങി. രാജഗോപാലനാകട്ടെ പട്ടണത്തിൽതന്നെ താമസിച്ചു് പ്രാക്ടീസ്സചെയ്യാനാണു് തീരുമാനിച്ചതു്. അദ്ദേഹം തന്നാത്താൻ ചോദിച്ചു: "ഈ പ്രസംഗം ചെയ്തവനും ഒരു ഡാക്ടർതന്നെയല്ലേ? അദ്ദേഹത്തിനു ഗ്രാമീണരായ അവശജനങ്ങളുടെ പേരിൽ ഇത്ര അനുകമ്പയുള്ള സ്ഥിതിക്കു് അദ്ദേഹവും ഗ്രാമപ്രദേശങ്ങളിൽ പോയി സേവനം ചെയ്യാതിരിപ്പാൻ കാരണമെന്തു്?" ഈ സ്ഥിതിക്കു് അദ്ധ്യക്ഷന്റെ അഭിപ്രായം ആത്മവിശ്വാസത്തോടുകൂടിയതല്ലെന്നും, അതിനെ അനുകരിക്കുന്നതു് ശരിയാകയില്ലെന്നും രാജഗോപാലനു തോന്നി. അതുകാരണം ആ യുവാവു് മദ്രാസിൽത്തന്നെ പ്രാക്ടീസ്സചെയ്യുകയാണു് ഉണ്ടായതു്.

അക്കാലത്തു് തൃശ്ശിനാപ്പിള്ളി ജില്ലയിൽപ്പെട്ട ചില ഗ്രാമപ്രദേശങ്ങളിൽ ഏതാനും റൂറൽ ഡിസ്പെൻസറികൾ പുതുതായി തുറക്കുവാൻ ഗവമ്മേണ്ടു് ഉദ്ദേശിച്ചിരുന്നു. ആ ഡിസ്പെൻസറികളിൽ ഒന്നു തനിക്കനുവദിച്ചുകിട്ടണമെ

ന്നു ഡാക്ടർ രാജൻ ഒരപേക്ഷ ബോധിപ്പിച്ചു. എം. ബി. ബി. എസ്സുകാൎക്കു റൂറൽ ഡിസ്പെൻസറി അനുവദിച്ചുകിട്ടു ന്നതു പ്രയാസമുള്ള കാൎയ്യമല്ലാത്തതിനാൽ അപേക്ഷയ്ക്കു അനുകൂലമായ മറുപടി ഉടനെ കിട്ടുകയും ചെയ്തു. ഡാക്ടർ രാജൻ മങ്കനെല്ലൂർ റൂറൽ ഡിസ്പെൻസറിയിലെ ഡാക്ടരായിത്തീൎന്നു.

മൂന്നു സംവത്സരം തികച്ചും അദ്ദേഹം ഗ്രാമാന്തരങ്ങളിൽ പ്രാക്ടീസ്സുചെയ്തു. തനിക്കാകട്ടെ, നാട്ടുകാൎക്കാകട്ടെ പറയത്തക്ക ഒരു പ്രയോജനവും അതുകൊണ്ടുണ്ടായില്ല. ഗ്രാമങ്ങളിലേയ്ക്കു പോകുവാൻ ഉപദേശിച്ച ആ വലിയ ഡാക്ടരെപ്പററി അയാൾക്കു തീൎത്താൽ തീരാത്ത അവജ്ഞയുളവായി. പ്രാക്ടീസ്സുതുടങ്ങി രണ്ടുകൊല്ലം അവസാനിക്കുന്നതിനുമുമ്പായിത്തന്നെ താൻ തുടങ്ങിയ ജീവിതത്തിൽ പരാജയം സംഭവിച്ചതായി രാജനു ബോദ്ധ്യമായി. ആലോചനകൂടാതെ ചെയ്ത സാഹസപ്രവൃത്തിയുടെ ഫലമായി അദ്ദേഹത്തിനുണ്ടായ മനശ്ശല്യത്തെ അധികമാക്കിത്തീൎക്കുന്നതിനു ഭാൎയ്യ മീനാക്ഷി കാരണമാകയുംചെയ്തു. മീനാക്ഷിയുടെ അച്ഛൻ ഒരു ശ്രുതിപ്പെട്ട വക്കീലാണു്. അദ്ദേഹം വളരെ വാത്സല്യത്തോടുകൂടിയാണു് അവളെ വളൎത്തിയിരുന്നതു്. അതുകാരണം തൻെറ ഭൎത്താവു് ഒരു റൂറൽ ഡിസ്പെൻസറിയിലെ ഡാക്ടരായി കുഗ്രാമത്തിൽ കാലംകഴിക്കുന്നതു് അവൾക്കു സമ്മതമായിരുന്നില്ല.

മീനാക്ഷി പലപ്പോഴും പരാതിപറയും: "എന്തൊരു നരകമാണു് ഈ നാട്ടുപുറത്തെ താമസം! ഒരു ടിൻ ഓവൽ-ടിൻ വാങ്ങണമെങ്കിൽ ഇരുപതുമൈൽ പോയി ടൗണിൽ നിന്നു മേടിക്കണം. ടൗണിലാണു് പ്രാക്ടീസ്സുചെയ്യുന്നതു

നന്നായിരിക്കുക എന്നു് അച്ഛൻ ആദ്യമേ പറഞ്ഞില്ലേ? എൻറെ അഭിപ്രായം സാരമാക്കേണ്ടതില്ല. ഞാൻ പറഞ്ഞാൽ ആർ കേൾപ്പാനാണു്?"

മീനാക്ഷിയുടെ കൊള്ളിവാക്കുകൾ കേൾക്കുമ്പോൾ രാജൻ പല്ലുകടിച്ചുകൊണ്ടു് അനങ്ങാതെ ഇരിക്കുകയേ ഉള്ളു. ആയാൾ എന്താണു് ചെയ്യുക! നാലായിരം ഉറുപ്പിക സ്ത്രീധനം വാങ്ങിയിട്ടാണു് മീനാക്ഷിയെ കല്യാണം കഴിച്ചതു്. അതിനാൽ അവളെന്തു പറഞ്ഞാലും കേൾക്കുകയല്ലാതെ എന്തു ശരണം?

താൻ ആദ്യം സ്വപ്നം കണ്ടിരുന്നതുപോലെ ഡാക്ടർക്കു ധാരാളം പണം വാരിക്കോരിക്കൊടുക്കുന്നവരല്ലാ നാട്ടുപുറത്തുള്ളവർ എന്നു സ്വല്പകാലത്തെ പരിചയംകൊണ്ടുതന്നെ ഡാക്ടർ രാജൻ മനസ്സിലാക്കി. ഗ്രാമവാസികൾക്കു ഇംഗ്ലീഷുചികിത്സയിൽ വിശ്വാസംതന്നെ കുറവാണു്. ഇഞ്ചെക്ഷൻ മുതലായ പ്രയോഗങ്ങളുടെ പേർ പറഞ്ഞു് പണം തട്ടിയെടുക്കുന്നവരാണു് ഇംഗ്ലീഷുഡാക്ടർമാരെന്നു് വിശ്വസിക്കുന്നവരാകുന്നു ഗ്രാമവാസികൾ. നാട്ടുവൈദ്യനായ നാരായണൻ നാലണകിട്ടിയാൽ തൃപ്തിപ്പെട്ടു് സകല രോഗങ്ങളും മാററിത്തരുവാൻ സന്നദ്ധനായിരിക്കുമ്പോൾ ഡാക്ടർ രാജന്നു ഇരുനൂറുറുപ്പികകൊടുത്തു് ആയാളെക്കൊണ്ടു് ചികിത്സ ചെയ്യിക്കുവാൻ നാട്ടുകാർക്കെന്താ, വല്ല ഭ്രാന്തുമുണ്ടോ?

ഗ്രാമവാസികൾ തീരെ കൊള്ളരുതാത്തവരാണെന്നു കരുതുന്നതു വിഡ്ഢിത്തമാണെന്നും ഡാക്ടർ രാജൻ ഒരനുഭവത്തിൽനിന്നു മനസ്സിലാക്കി. മങ്കനെല്ലൂരിൽ നല്ല ധനികനായിട്ടു് വീരപ്പമുതലി എന്നൊരുവനുണ്ടു്. ആയാളുടെ

ഭാൎയ്യക്കു ടൈഫോയ്ഡ് (സന്നിപാതജ്വരം) പിടിപെട്ടു. പല ചികിത്സകളും ചെയ്തുനോക്കീട്ടും ഫലമുണ്ടായില്ല. മ രണത്തിൻെറ വായിലോളം എത്തിച്ചേൎന്ന അവളുടെ രോ ഗം മാററിത്തന്നാൽ നൂറുറുപ്പികകൊടുക്കാമെന്നു് മുതലി ഡാക്ടരോടു പറഞ്ഞു. രാജൻ രാപ്പകൽ ഭേദം കൂടാതെചെ ന്നു പല ചികിത്സകളും ചെയ്തു് അവരെ ഒരുവിധം രക്ഷ പ്പെടുത്തി. രോഗം ശമിക്കുമെന്നു കണ്ടതോടുകൂടി മുതലി "ഇംഗ്ലീഷുചികിത്സ ചെയ്തതുമതി" എന്നഭിപ്രായപ്പെട്ടു.

"ശരി, മതിയെങ്കിൽമതി. ചെയ്തേടത്തോളമുള്ള ചി കിത്സക്കു പണംകിട്ടാതെ കഴികയില്ല" എന്നു കരുതി ഡാ ക്ടർ എഴുപത്തഞ്ചുറുപ്പികക്കു ഒരു ബിൽ മുതലിയുടെ പേ ൎക്കു എഴുതി അയച്ചു.

അപ്പോഴല്ലേ പണക്കാരനായ മുതലിയുടെ തനിനി റം കണ്ടതു്! "എന്താണിതു ഡാക്ടരെ! ഇത്ര വലിയ സം ഖ്യ ആവശ്യപ്പെടുവാൻ മാത്രം അത്ര ബ്രഹ്മാണ്ഡമായ എ ന്തുചികിത്സയാണു് നിങ്ങൾ ചെയ്തതു്? ആ നാരായണ ൻെറ ഗുളികകൊണ്ടല്ലേ രോഗത്തിന്നു ശമനം കണ്ടതു്? ഈ ബില്ലും കില്ലുമൊന്നും ഇവിടെ ചിലവാകയില്ല. ഡാ ക്ടൎക്കു മേലിലും ഈ നാട്ടിൽ കഴിഞ്ഞു കൂടണമെന്നു നല്ല ഓൎമ്മയിരിക്കട്ടെ" എന്നു മുതലി ഒരു താക്കീതുകൂടി നല്കി. ഡാക്ടർ മറിച്ചൊന്നും പറയുവാൻ ആളാകാതെ അടങ്ങി യിരിക്കുകയാണു് ചെയ്തതു്.

ഇതുപോലെയുള്ള അനേകം അനുഭവപാഠങ്ങൾ ഡാ ക്ടർ രാജൻ നാട്ടുപുറത്തുനിന്നു പഠിക്കുകയുണ്ടായി. തന്നെ പ്പോലെയുള്ള ഡാക്ടർമാർ ഗ്രാമാന്തരങ്ങളിൽ തങ്ങളുടെ ചികിത്സാപാടവത്തെ വെറുതെ ചിലവഴിച്ചു് തിണ്ടാടുക

യാണു് ചെയ്യുന്നതെന്നു് ഓരോ അനുഭവത്തിൽനിന്നും അദ്ദേഹത്തിന്നു മനസ്സിലാക്കുവാൻ സാധിച്ചു. നാട്ടുപുറങ്ങളിൽ ചികിത്സിക്കുന്ന വൈദ്യന്മാൎക്കു അല്പം ചില ഹസ്തരേഖകളും മന്ത്രവാദവുമൊക്കെ അത്യാവശ്യമാണു്. തങ്ങൾ കൈനോക്കി ലക്ഷണം പറയുന്നതും, മാന്ത്രികപ്രയോഗങ്ങൾ ചെയ്യുന്നതും സഫലമാകുന്നതിന്നുവേണ്ടി പല വഴിപാടുകളും നടത്തുവാൻപോലും നാട്ടുപുറത്തെ വൈദ്യന്മാർ സന്നദ്ധരാകേണ്ടിവരും. ഇംഗ്ലീഷുവൈദ്യന്മാൎക്കു അതിലൊന്നും വിശ്വാസംതന്നെയില്ല. പിന്നെയാണോ അവർ നാട്ടുപുറത്തുചെന്നു ജയം നേടുവാൻ പോകുന്നതു്?

തട്ടിപ്പുകാരനായ നാട്ടുവൈദ്യൻ നാരായണന്റെ പേരിൽ ഡാക്ടർ രാജന്നു അസൂയയും അസഹിഷ്ണുതയും ഉളവായി. നീർവാളം ഫേത്ത്ഗുളിക മാത്രയിൽ കവിഞ്ഞു കൊടുത്തതുകാരണം രോഗി മരിച്ചുപോയാൽക്കൂടിയും "അതവന്റെ തലയിലെഴുത്താണു്" എന്നു പറഞ്ഞു് നാരായണനെ കുററത്തിൽ നിന്നൊഴിവാക്കുവാൻ നാട്ടുകാർ ഒരുക്കമായിരുന്നു. ബുദ്ധിഹീനരായ ഈ നാട്ടുകാരുടെ പേരിൽ രാജന്നു കഠിനമായ വെറുപ്പും കോപവും ഉണ്ടായി. "പട്ടണങ്ങളിൽ മററു ഡാക്ടർമാരുടെ മത്സരമാണുള്ളതു്. ഗ്രാമങ്ങളിൽ മത്സരിക്കുവാൻ വരുന്നതോ നൊണ്ടികളായ മുറിവൈദ്യന്മാരും! ഇതൊരിക്കലും സഹിക്കാവുന്നതല്ല." എന്നിങ്ങനെ ഡാക്ടർ വിചാരിക്കുവാൻതുടങ്ങി. ചില നാട്ടുവൈദ്യന്മാർ ഡാക്ടർമാരെപ്പോലെ ഒരു "സ്റ്റെത്തോസ്കോപ്പ്" വാങ്ങി പരസ്യമായിത്തന്നെ ഡാക്ടർമാരോടു മത്സരിക്കുവാൻ ആരംഭിച്ചു. അതോടുകൂടി ഡാക്ടർ രാജന്നു ഗ്രാമജീവിതം തീരെ പിടിക്കാതെയായി.

ഗവൎമ്മേണ്ടിൽനിന്നു മാസംതോറും നല്കുന്ന നാല്പത്തഞ്ചുറുപ്പികക്കു പുറമെ, രണ്ടുകെട്ടു വെററിലയും അഞ്ചോ ആറോ വഴുതിനങ്ങയും മാത്രമാണു രാജന്നു ഗ്രാമത്തിൽനിന്നു ലഭിച്ചിരുന്നതു്. കോളേജിൽ 'മൈക്രോസ്കോപ്പു' വെച്ചു കണ്ണു പുണ്ണാക്കിയതിന്നും, തല കടയിച്ചതിന്നും കിട്ടുവാൻപോകുന്ന പ്രതിഫലം ഇതു മാത്രമാണല്ലൊ എന്നു വിചാരിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. അതിൽ കഷ്ടമില്ല. അഞ്ചരക്കൊല്ലക്കാലം രാപ്പകൽ ഭേദംകൂടാതെ അനവധി പുസ്തകങ്ങൾ പഠിക്കുകയും, ആസ്പത്രികളിൽ ഓടിനടന്നു പരിശീലിക്കുകയും ചെയ്തതിന്നു രണ്ടുകെട്ടു വെററിലയും അഞ്ചാറു വഴുതിനങ്ങയും മാത്രമാണു പ്രതിഫലം കിട്ടുന്നതെങ്കിൽ കണ്ണിൽനിന്നു വെള്ളമല്ലാ, രക്തംതന്നെ വരാതിരിക്കുമോ?

നാട്ടുപുറത്തെ ജീവിതം തീരെ വെറുത്തതോടുകൂടി ഡാക്ടർ രാജന്നു വിചാരമുണ്ടായി; മാദ്രാസ്സിൽപോയി സ്നേഹിതനായ ഡാക്ടർ രാജഗോപാലനെ ഒന്നു കാണണമെന്നു്. രാജഗോപാലൻ മദ്രാസ്സു് പട്ടണത്തിൽ ഒരാസ്പത്രി സ്ഥാപിച്ചു് പ്രാക്ടീസ്സചെയ്യുകയായിരുന്നു. ഡാക്ടർ രാജൻ ഒരാഴ്ച അവധിയെടുത്തു് മാദ്രാസ്സിലേയ്ക്കു പുറപ്പെട്ടു. നാലഞ്ചുദിവസം സ്നേഹിതന്റെ വസതിയിൽ താമസിച്ചു നഗരത്തിൽ പ്രാക്ടീസ്സചെയ്യുന്നതിന്നുവേണ്ട തന്ത്രങ്ങളെല്ലാം രാജൻ പഠിച്ചു. നാട്ടുപുറത്തെ പ്രാക്ടീസ്സ് എങ്ങനെയിരിക്കുന്നുവെന്നു രാജഗോപാലൻ ചോദിച്ചതിന്നു രാജന്റെ മറുപടി ഇതായിരുന്നു: "കാവേരിയിൽ ഒഴുകുന്ന വെള്ളം തനിച്ചപാലാണു്. പാലിന്നും, മോരിന്നും, നെയ്യിന്നും ഒരു പ്രയാസവുമില്ല. പച്ചക്കറികൾ കാശുകൊടുക്കാതെതന്നെ

കിട്ടും. വീട്ടുവാടകയാണെങ്കിൽ വളരെ കുറച്ചുമതി. സ്വന്തമായൊരു സൈക്കിൾ സമ്പാദിച്ചാൽ അതിന്നു ലൈസൻസുകൂടിയും ആവശ്യമില്ല. നാട്ടുപുറം എത്ര മനോഹരം."

നാട്ടുപുറത്ത് അനുഭവമാകുന്ന നരകയാതനകളെ മൂടിവെച്ച്, ഗ്രാമീണജീവിതത്തെ ആകാശത്തോളം പൊക്കി പ്രശംസിച്ചുപറഞ്ഞതിന്നുശേഷം ഡാക്ടർ രാജൻ തൻെറ ജോലിസ്ഥലമായ മങ്കനെല്ലൂക്ക്തന്നെ മടങ്ങിവന്ന ഉടനെ, താൻ ഒരു സംവത്സരം ഉന്നതവിദ്യാഭ്യാസം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നതായി കാണിച്ച് അവധിക്കപേക്ഷിക്കുകയും, അത്യാവശ്യമുള്ള സാമാനങ്ങളെല്ലാമെടുത്തു മദ്രാസ്സിലേയ്ക്കു പുറപ്പെടുകയുംചെയ്തു. മദ്രാസ്സിലെ തമ്പുച്ചെട്ടിത്തെരുവിൽ ഒരു വീടു വാടകക്കെടുത്തു ഡാക്ടർ രാജൻ പ്രാക്ടീസ്സാരംഭിച്ചു.

ആദ്യം ഏതാനും മാസങ്ങൾ ഡാക്ടർ രാജൻ തൻെറ ആസ്പത്രിയിൽ ഈച്ചയാട്ടിക്കൊണ്ടുതന്നെ കഴിച്ചുകൂട്ടി. ആറുമാസം കഴിഞ്ഞതിന്നുശേഷം അല്പം ചില സ്നേഹിതന്മാരെ സമ്പാദിക്കുവാൻ സാധിച്ചു. അവരുടെ വീടുകളിൽ അദ്ദേഹം ഒരു കുടുംബവൈദ്യനായിത്തീൎന്നു. അങ്ങിനെ ഒരു കൊല്ലം കഴിച്ചുകൂട്ടിയതിന്നുശേഷം, ആരോടുമൊന്നും പറയാതെ നാട്ടുപുറത്തേയ്ക്കുതന്നെ കെട്ടുകെട്ടുവാൻ രാജൻ തീരുമാനിക്കുകയാണുണ്ടായത്. ആയാൾ സ്വപ്നം കണ്ടിരുന്നതുപോലെ ഒരു 'മരതകപ്പച്ച'യായിരുന്നില്ലാ പട്ടണത്തിലെ പ്രാക്ടീസ്സ്. നാട്ടുപുറങ്ങളിലെ സ്ത്രീകൾ ഡാക്ടർ പറഞ്ഞതിനെ വേദവാക്യമായി കരുതും; പട്ടണത്തിലെ പരിഷ്കൃതനാരിമാരാകട്ടെ ഡാക്ടർ ഉപദേശം കൊടുക്കുമ്പോൾ അദ്ദേഹത്തെ എതിർവിസ്താരം ചെയ്യാൻ തുട

ങ്ങും. ഇതാണു രാജനെ എല്ലാററിലുമധികം മുഷിപ്പിച്ചതു്. പട്ടണത്തിലെ ആളുകൾക്ക പ്രാക്ടീസ്സകുറഞ്ഞ ഒരു ഡാക്ടരെ കുറിച്ചുള്ള പുച്ഛം ചെറുതൊന്നുമല്ല. അവർ അങ്ങിനെയുള്ള ഡാക്ടരുടെമേൽ കുതിരകയറുവാൻ തുടങ്ങും. ഇതിന്നുദാഹരണമായി രാജന്നു മദ്രാസ്സിൽ ഒരനുഭവമുണ്ടായി. ഒരു വീട്ടിൽ താൻ ചികിത്സയ്ക്കു പോയപ്പോൾ രോഗിക്ക മധുരനാരങ്ങനീർ കൊടുക്കണമെന്നു അദ്ദേഹം ഉപദേശിച്ചു. അപ്പോൾ ആ വീട്ടിലെ ഗൃഹനായിക പറഞ്ഞു: "ഡാക്ടരെ, മധുരനാരങ്ങയ്ക്കു പോകുവാൻ ഇവിടെ ആളില്ല. ഡാക്ടർ വൈകുന്നേരം വരുമ്പോൾ ഒരു ഡസൻ നാരങ്ങകൂടി വാങ്ങിക്കൊണ്ടുവരണം."

"എന്തൊരുധിക്കാരം! ചികിത്സ ചെയ്താൽപോരാ, ഡാക്ടർതന്നെ അവരുടെ ദാസ്യപ്രവൃത്തികൂടി നടത്തണമത്രെ. ഇതിൽഭേദം നാട്ടുപുറങ്ങളിലെ നരകാനുഭവം തന്നെയാണു്" എന്നു ഡാക്ടർ രാജൻ മനസ്സുകൊണ്ടോൎച്ചു. നാട്ടുപുറത്തെ ഒരു വീട്ടിൽ ചികത്സക്കപോയാൽ ഡാക്ടൎക്ക പഴവും മററും ധാരാളം തിന്നുവാൻ കിട്ടും. പട്ടണങ്ങളിലാവട്ടെ ഡാക്ടരുടെ കയ്യിൽനിന്നു പഴമോ നാരങ്ങയോ മറേറാ അങ്ങോട്ടുകിട്ടണമെന്നാണ് ജനങ്ങൾ കരുതുന്നതു്. ഈ വക അനുഭവങ്ങളാണു് ഡാക്ടർ രാജനെ പട്ടണത്തിൽനിന്നു അതിവേഗത്തിൽ ഗ്രാമത്തിലേക്കോടിച്ചതു്.

'മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായ്വന്നു' എന്നുപറഞ്ഞതുപോലെ മദ്രാസ്സിൽനിന്നു രാജൻ മങ്കനെല്ലൂൎക്കതന്നെ തിരിച്ചെത്തിയിട്ടു ഒരാഴ്ചയിലധികം ദിവസമായമാ

യില്ല. അപ്പോൾ അദ്ദേഹത്തിന്നു സ്നേഹിതൻ രാജഗോപാലന്റെ ഒരെഴുത്തുകിട്ടി.

മദ്രാസ്

പ്രിയപ്പെട്ട രാജൻ, 2—4—50

എനിക്കു നിങ്ങളുടെ പേരിൽ അസഹ്യമായ കോപം തോന്നുന്നുണ്ട്. നിങ്ങളുടെ വാക്കു കേട്ടപ്പോൾ ഗ്രാമജീവിതത്തെക്കുറിച്ചു എനിക്കുവലിയ ഭ്രമം കടന്നുകൂടി. ഗ്രാമങ്ങളിലേക്കു പോയാൽ ധാരാളം പണം സമ്പാദിക്കാമെന്നു ഞാൻ ആശിച്ചു. ഒരു കുഗ്രാമത്തിൽ ഒരു റൂറൽ ഡിസ്പെൻസറിയിൽ ഡാക്ടരുടെ സ്ഥാനം ഒഴിഞ്ഞു കിടന്നിരുന്നു. ആ സ്ഥാനം എനിക്കു ലഭിക്കുവാൻ പ്രയാസമുണ്ടായില്ല. പക്ഷെ, എന്തു പ്രയോജനം? ഒരു കൊല്ലം കൊണ്ടു് 'മതിയേമതി' എന്നെനിക്കു ബോദ്ധ്യമായിക്കഴിഞ്ഞു. ഞാൻ നാട്ടുപുറത്തു താമസമാക്കിയാൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന്നു വിഘ്നം വരുമെന്നു കരുതി എന്റെ ഭാര്യ പട്ടണത്തിൽത്തന്നെ പിതൃഗൃഹത്തിൽ പാർക്കുകയാണുണ്ടായതു്. ഞാൻ ഒററക്കു ഈ കുഗ്രാമത്തിൽ വന്നു വളരെ കഷ്ടപ്പെട്ടു. ഇവിടത്തെ ഒരു ഹോട്ടലിൽ ഉണ്ടു താമസിച്ചതിന്റെ ഫലമായി എനിക്കു അപ്പെൻഡിസയിററിസ് (കുടൽ സംബന്ധമായ ഒരു രോഗം) പിടികൂടുകയും കൂടി ചെയ്തു. നിങ്ങൾ പറഞ്ഞപ്രകാരം പാലൊഴുകുന്ന കാവേരിയിൽ ഞാനും ഒരിക്കൽ പോവുകയുണ്ടായി. ഒഴുകിപ്പോകാഞ്ഞതു ഭാഗ്യം! ഗ്രാമാന്തരങ്ങളിലെ റോഡുകളിൽ ശരിക്കു നടക്കുവാനോ വാഹനങ്ങൾ ഓടിക്കുവാനോ പ്രയാസമുണ്ടു്. എന്റെ ഭാര്യക്കു അവളുടെ അച്ഛൻ വാങ്ങി

കൊടുത്തിട്ടുള്ള കാർ ഞാൻ ഈ ഗ്രാമത്തിലേക്കു കൊണ്ടു വരികയുണ്ടായി. റോഡിൻെറ തരക്കേടുകാരണം അതു മദ്രാസ്സിലേക്കു തന്നെ തിരിച്ചയച്ചു. ഗ്രാമപ്രദേശത്തെ പ്രാക്ടീസ്സിൻെറ മഹിമ ഇനി വിശേഷിച്ചു പറയേണമോ? ബാങ്കിൽ ഉണ്ടായിരുന്ന ആയിരം ഉറുപ്പിക വെറുതെ തുലച്ചുകളഞ്ഞു. ഈ സംഗതി കോമളം അറിഞ്ഞാൽ എന്നെ വെച്ചേക്കുകയില്ല. ഇത്രയും അനൎത്ഥമെല്ലാം വന്നതിനു കാരണം ഗ്രാമസൗഭാഗ്യത്തെക്കുറിച്ചു നിങ്ങൾ പറഞ്ഞ വാക്കുകളാകുന്നു.

എന്നു സ്വന്തം രാജഗോപാലൻ.

ഈ എഴുത്തു വായിച്ചപ്പോൾ ഡാക്ടർ രാജൻ തന്നത്താൻ ഇങ്ങനെ പറഞ്ഞു: "ഇക്കരെ നില്ക്കുമ്പോൾ അക്കരെ പച്ചയായിത്തോന്നും. അതാണു് എന്നേയും അപകടത്തിൽ ചാടിച്ചതു്. രാജഗോപാലനു് ആയിരമല്ലെ നഷ്ടം പററിയുള്ളു. ഞാൻ രണ്ടായിരം ഉറുപ്പിക കളഞ്ഞുകുളിച്ചു" ഈ വാചകങ്ങൾ തന്നെയാണു് ഡാക്ടർ രാജൻ സ്നേഹിതനു മറുപടിയായി എഴുതി അയച്ചതു്.

# കണിശക്കാരൻ മുതലാളി

സർവ്വോത്തമൻ ബി. എ. പാസ്സായ ഉടനെ കൊച്ചിയിലെ ഒരു വലിയ കയററിറക്കുകമ്പനിയായ പി. കെ. ആൻഡ് കമ്പനിയിൽ മാസം മുപ്പതുറുപ്പിക ശമ്പളത്തിൽ ഒരു ഗുമസ്തനായി ചേൎന്നു ജീവിതയാത്ര ആരംഭിച്ചു. അങ്ങിനെ ഒരു പന്തീരാണ്ടു കഴിഞ്ഞു. സർവ്വോത്തമനു വയസ്സു മുപ്പത്തിരണ്ടായി. ആയാളുടെ വിശ്വസ്തതയോടു കൂടിയ സേവനത്തിൽ സംതൃപ്തനായ മുതലാളി മാസം അറുപതുറുപ്പിക ശമ്പളത്തിൽ ആയാളെ കാഷിയറായി ഉയൎത്തി.

കമ്പനി ഉടമസ്ഥനായ രഘുപതിഷേണായി ഏററവും കണിശക്കാരനായ ഒരുവനാണ്. എങ്കിലും അദ്ദേഹത്തിനു സർവ്വോത്തമൻറ പേരിൽ വലിയ വിശ്വാസവും സ്നേഹവുമുണ്ടായിരുന്നു. ഷേണായിക്ക് പ്രായം ഉദ്ദേശം അയ്മ്പതുവയസ്സുകാണും. പുരുഷായുസ്സിൻെറ മദ്ധ്യത്തിലെത്തിയെങ്കിലും കമ്പനികാൎയ്യങ്ങളിൽ അദ്ദേഹത്തിനു നല്ല ചുറുചുറുക്കും ശുഷ്കാന്തിയുമുണ്ടായിരുന്നു.

ഒരു ദിവസം വൈകുന്നേരം രഘുപതിഷേണായി തൻെറ ആഫീസ്സുമുറിയിൽവെച്ച് പ്രധാനപ്പെട്ട ചില കടലാസ്സുകൾ നോക്കുകയായിരുന്നു. സർവ്വോത്തമൻ മേശപ്പുറത്തു ചില കണക്കുപുസ്തകങ്ങൾ തിരിച്ചുംമറിച്ചും പരിശോധിച്ചുകൊണ്ടിരുന്നു. ഷേണായി പറഞ്ഞു: "സർവ്വോ

ത്തമൻ, കഴിഞ്ഞമാസം ചില്ലറചിലവുകൾക്കുവേണ്ടി നൂറുരൂപ്പികയുടെ ചെക്കു് എഴുതിയിരുന്നുവല്ലോ. ആ സംഖ്യയുടെ ചിലവുവിവരം കാണുകയുണ്ടായില്ല. ചിലവിൻെറ കണക്കു് ഒന്നുരണ്ടുതവണ ഞാൻ ചോദിച്ചപ്പോൾ നീ കണക്കുപുസ്തകങ്ങൾ തുറക്കുകയും കൂട്ടുകയും ചെയ്തതല്ലാതെ ചിലവിൻെറ പട്ടിക തരികയുണ്ടായിട്ടില്ല. ഇതെന്താണു്?"

"ഇല്ലാ, സാർ. ഇതുവരെ ചില്ലറചിലവിൻെറ കണക്കു ബോധിപ്പിച്ചുകഴിഞ്ഞില്ല. ഇതാ ഇപ്പോൾത്തന്നെ ഞാൻ എല്ലാംകൂടിയ കണക്കിൽനിന്നു് അതിൻെറ വിവരം എടുത്തുതരാം."

എന്നു പറഞ്ഞു് സവ്വോത്തമൻ നാലഞ്ചു പുസ്തകങ്ങൾ എടുത്തുനോക്കുവാൻ തുടങ്ങി. ഷേണായിക്കു് അരിശംവന്നു. ആയാൾ ഉത്തരസ്വരത്തിൽ പറഞ്ഞു: "എടോ, ഈ പുസ്തകങ്ങളെല്ലാം എടുത്തു കൊണ്ടുപോകൂ. മണി അഞ്ചടിക്കാറായി. എനിക്കു വീട്ടിലേയ്ക്കു പോകണം. ഞാൻ തീരുമാനം പറയാം. ഇന്നു വെള്ളിയാഴ്ചയാണല്ലോ. നാളെ എനിക്കു ബാങ്കിലേക്കു പോകണം. മററന്നാൾ ഞായറാഴ്ചയായി. തിങ്കളാഴ്ച കാലത്തു പത്തുമണിക്കു നീ ചെക്കുപ്രകാരമുള്ള ആ നൂറുരൂപ്പികയുടെ ചിലവുകണക്കു എന്നെ ബോധ്യപ്പെടുത്തണം. മനസ്സിലായില്ലേ?"

രഘുപതിഷേണായി കോട്ടും തലപ്പാവും ധരിച്ചു പുറത്തു തയ്യാറായി നിന്നിരുന്ന കാറിൽ കയറി വീട്ടിലേയ്ക്കു തിരിച്ചു. ആഫീസ്സു് അടയ്ക്കുവാനുള്ള സമയമായി. കാഷിയർ സവ്വോത്തമൻ കണക്കുപുസ്തകങ്ങളെല്ലാം എടുത്തു

യഥാസ്ഥാനം വെച്ചതിന്നുശേഷം ആഫീസ്സിലെ സിൽബന്ധികളോടുകൂടി വീട്ടിലേയ്ക്കു പുറപ്പെട്ടു. അയാളുടെ മുഖത്തു് എന്തോ ഒരു വലിയ ചിന്തയുടെ നിഴലോടിയിരുന്നു.

പതിവുപോലെ അന്നു സർവ്വോത്തമൻ പൂത്തെരുവിലേയ്ക്കു പോകയോ, ജമന്തിപ്പൂ വാങ്ങുകയോ ഉണ്ടായില്ല. ആഫീസ്സു വിട്ട ഉടനെ വീട്ടിലേയ്ക്കു തിരിക്കുകയാണു ചെയ്തതു്. പതിവിൽനിന്നു വ്യത്യസ്തമായി മുഖം തീരെ വിവർണ്ണവും ഉന്മേഷരഹിതവുമായിത്തീർന്നിരുന്നു.

ആഫീസ്സിൽനിന്നു് ഉദ്ദേശം ഒന്നരമൈൽ അകലെയുള്ള തന്റെ വീട്ടിൽ ചെന്നുചേരുന്നതുവരെ സർവ്വോത്തമന്നു നല്ല സ്വബോധമുണ്ടായിരുന്നുവോ എന്നു സംശയമാണു്. കഴിഞ്ഞ പന്ത്രണ്ടുകൊല്ലം അത്യദ്ധ്വാനംചെയ്തു സമ്പാദിച്ച പണത്തിൽ ചിലവുകഴിച്ചു മിച്ചം പിടിച്ചുവന്ന സംഖ്യകൊണ്ടു് ആയാൾ ഒരു ചെറിയ വീടു വാങ്ങിയിരുന്നു. അതിനുവേണ്ടി സഹകരണബാങ്കിൽനിന്നു വാങ്ങിയ കടം ഇനിയും വീട്ടിയിട്ടില്ല. ഇൻഷ്വറൻസ് മുതലായതിന്നു അതാതു ഗഡുവുകളിൽ പണം അടക്കേണ്ടതുമുണ്ടു്. ഈ വക ചിലവുകൾ കഴിപ്പാൻ ആയാളുടെ ശമ്പളംകൊണ്ടു സാധിച്ചിരുന്നില്ല.

വീട്ടിൽ എത്തിയതോടുകൂടി സർവ്വോത്തമന്റെ ചെവികളിൽ അകത്തു കുട്ടികൾ ചിരിച്ചുകളിക്കുന്ന ശബ്ദം കേൾക്കുമാറായി. പാതി ചാരിവെച്ചിരുന്ന വാതിൽ തുറന്നുകൊണ്ടു് ആയാൾ അകത്തേയ്ക്കു കടന്നു. വാതിൽ തുറക്കുന്നതിന്റേയും കാൽപ്പെരുമാറ്റത്തിന്റേയും ശബ്ദംകേട്ടു് അകത്തുനിന്നു സർവ്വോത്തമന്റെ ഭാര്യ വിശാലം ധൃതി

പ്പെട്ടുവന്നു. ആറുവയസ്സുള്ള രാമുവും, മൂന്നുവയസ്സായ തങ്കവും അമ്മയോടൊപ്പം ഓടിയെത്തി. വിശാലത്തിനു സർവ്വോത്തമനേക്കാൾ അഞ്ചുവയസ്സു കുറവായിരുന്നു. കാഴ്ചയിൽ നല്ല മുഴുമുഴുപ്പും ലാവണ്യവുമുള്ള ആകൃതി, ആകൃതിക്കൊത്ത സ്വഭാവഗുണം എന്നിവ തികഞ്ഞ ആ ഗൃഹനായിക ഒരു ഗൃഹലക്ഷ്മിതന്നെ ആയിരുന്നു.

"ഇന്നെന്താ ഇത്ര താമസം?" എന്ന ചോദ്യത്തോടുകൂടി വിശാലം ഭർത്താവിനെ സ്വാഗതംചെയ്തു. അകത്തുള്ള ഹാളിലേയ്ക്കു കടന്നപ്പോൾ ഭർത്താവിൻെറ കയ്യിൽ പതിവായി കാണാറുള്ള ജമന്തിപ്പൂ കാണപ്പെട്ടില്ല. ഭാര്യയുടെ ചോദ്യത്തിനു മറുപടിയൊന്നും പറയാതെ സർവ്വോത്തമൻ ഹാളിലുള്ള ചാരുകസാലയിൽ ചെന്നിരുന്ന് "ഹാവൂ" എന്ന് ആശ്വാസംപൂണ്ടു.

അപ്പോഴേയ്ക്കും കുട്ടികൾ "അച്ഛൻ വന്നു അച്ഛൻ വന്നു" എന്നൊക്കെ പറഞ്ഞുകൊണ്ട് സർവ്വോത്തമൻെറ ചുററും എത്തിക്കഴിഞ്ഞു. കറുത്ത മിഴികളും, കുഴിഞ്ഞ കവിളുകളും, ചുവന്ന മേനിയും, കറുത്തുചുരുണ്ട തലമുടിയുമുള്ള തങ്കം ഓടിച്ചെന്നു "ഞാനാണ് ഇന്ന് അച്ഛൻെറ മടിയിൽ ആദ്യം കേറാൻ" എന്നു പറഞ്ഞു, രാമുവിനെ തള്ളിനീക്കി അച്ഛൻെറ മടിയിൽ കയറി വിജയഭാവത്തിൽ ഒന്നു ചിരിച്ചു. തങ്കത്തെ വാത്സല്യത്തോടുകൂടി അണച്ചുപിടിച്ചപ്പോൾ സർവ്വോത്തമൻെറ മനസ്സിൽകിടന്നു തിരിഞ്ഞിരുന്ന ചിന്താഭാരത്തിനു തെല്ലൊരാശ്വാസം തോന്നി. അപ്പോൾ വിശാലം അടുക്കൽനിന്നുകൊണ്ട് "ഇന്നെന്താണ് മുഖം വല്ലാതെ വാടിയിരിക്കുന്നത്? വല്ല സുഖക്കേടുമുണ്ടോ?" എന്നു ചോദിച്ചു.

സർവ്വോത്തമൻ വീട്ടിൽ വന്നാൽ ഭാര്യയുമായി ചിരിച്ചുകളിച്ച് ഉല്ലസിക്കുന്ന സ്വഭാവക്കാരനായിരുന്നു. നേരംപോക്കും പരിഹാസവും ധാരാളമുള്ളവനുമാണ്. വിശാലത്തോട് ഒരുകാര്യവും ആയാൾ മറച്ചുവെച്ചു സംസാരിക്കയില്ല. എങ്കിലും ഇന്ന് അവളുടെ ചോദ്യത്തിന്ന് ആയാൾ ശരിക്കു മറുപടി പറഞ്ഞില്ല: "വിശേഷിച്ചൊന്നുമില്ല. ഇന്നു ജോലി അധികമായിരുന്നു. ഉച്ചയ്ക്കു ടിഫിൻ കഴിക്കുവാൻപോലും ഇടകിട്ടിയില്ല. കുറച്ചൊരു തലവേദനയും ഉണ്ട്. മറ്റൊന്നുമില്ല." എന്നാണ് ആയാൾ പറഞ്ഞത്.

തൻെറ ഭർത്താവ് ഇങ്ങനെ പറയുക പതിവില്ലായ്കയാൽ വിശാലത്തിൻെറ മനസ്സിൽ കുറച്ചൊരുവിചാരം സംഭവിച്ചു. അവൾ വീണ്ടും ചോദിച്ചു: "എന്ത്? ദേഹത്തിന്നു സൌഖ്യമില്ലേ?" ഇങ്ങനെ ചോദിച്ചുകൊണ്ട്, അടുത്തുചെന്നു നെറ്റിയിൽ കൈവച്ചുനോക്കി അവൾ തുടർന്നു: "ഉടുപ്പ് അഴിച്ചുവെയ്ക്കൂ. കോട്ട് ഞാൻ സ്റ്റാൻഡിൽ തൂക്കാം. അടുപ്പത്തു പാൽ തിളച്ചുകിടക്കുന്നുണ്ട്. ചൂടോടുകൂടി ഒരു കോപ്പ ചായ കൊണ്ടുവരാം. വിശപ്പും ദാഹവും കൊണ്ടാണു തലവേദനിക്കുന്നത്. ഊണ് ഉടനെ തയ്യാറാകും. കാലും മുഖവും കഴുകിയാൽത്തന്നെ കുറച്ചു സുഖം കിട്ടും."

മടിയിൽ കയറിയിരിക്കുന്ന തങ്കം, "അച്ഛ, എപ്പോഴാണു സിനിമയ്ക്കു പോവുക?" എന്നു ചോദിച്ചുകൊണ്ട് അച്ഛൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു. തങ്കവും രാമുവും സർവ്വോത്തമന്നു പ്രാണനേക്കാൾ പ്രിയപ്പെട്ടവരാണ്. ആയാൾ അവളെ പതുക്കെ മടിയിൽനിന്നിറക്കി പറഞ്ഞു:

“നാളെ തങ്കവും, രാമുവും, അമ്മയും, ഞാനുംകൂടി സിനിമയ്ക്കുപോകും. പോ കുട്ടീ, ചേട്ടനോടുകൂടി പുറത്തുപോയി കളിച്ചോ.” ഇതു കേട്ടതോടെ കുട്ടികൾ രണ്ടുപേരും പോയി കളിക്കുവാൻ തുടങ്ങി.

വിശാലം ഒരു പാത്രത്തിൽ ചുടുചായയുമായി വന്നു്, “ഇതാ ചായ. ചൂടോടെ കുറച്ചു കഴിക്കൂ.” എന്നു സ്നേഹത്തോടെ പറഞ്ഞു. ആയാൾ അതു വാങ്ങി അവളുടെ മുഖത്തുനോക്കാതെ അധോമുഖനായി കുടിച്ചു് പാത്രം താഴെ വെച്ചു. പിന്നീടു് അയാൾ പറഞ്ഞു: “ഇപ്പോൾ തലവേദനയ്ക്കു കുറച്ചാശ്വാസമുണ്ടു്. അകത്തുപോയി ഭക്ഷണം തയ്യാറാക്കൂ.” വിശാലം അകത്തേയ്ക്കുപോയ ഉടനെ സർവ്വോത്തമൻ മേശപ്പുറത്തുകിടന്നിരുന്ന ഒരു പത്രം എടുത്തു വായിക്കുവാൻ തുടങ്ങി.

അവരുടെ ഓമനമകളായ തങ്കം അപ്പോൾ കളിച്ചുക്ഷീണിച്ചു സുഖമായി തൊട്ടിലിൽ കിടന്നുറങ്ങുകയായിരുന്നു. വാത്സല്യഭാജനമായ ആ പെൺകുട്ടിയുടെ അരികിൽ ചെന്നുനിന്നു് വിശാലം, “കുട്ടി വേണ്ടതുപോലെ ആഹാരം കഴിച്ചുതുടങ്ങീട്ടു് പത്തു ദിവസമേ ആയുള്ളൂ. ഇപ്പോൾ സുഖക്കേടെല്ലാം മാറി എന്നുപറയാം. നല്ല ഉറക്കമാണു്.” എന്നു പറഞ്ഞു് മാതൃസ്നേഹംനിറഞ്ഞ കണ്ണുകൾകൊണ്ടു് ആ കിടാവിനെനോക്കി അതിന്റെ ഓമനനെറ്റിയിൽ ഒരു ചെറുചുംബനമർപ്പിച്ചു.

അമ്മയുടെ വാത്സല്യം കണ്ടു് ആഹ്ലാദംപൂണ്ട സർവ്വോത്തമൻ പതുക്കെ എഴുന്നേറ്റു് അടുത്തുചെന്നു തങ്കത്തിന്റെ പ്രസന്നമായ മുഖം കുറച്ചുനേരം നിർന്നിമേഷനായി നോക്കിനിന്നു. അതുകണ്ടു് വിശാലം പറഞ്ഞു:

"കഴിഞ്ഞ മാസത്തിൽ ഈ കുട്ടിയുടെ ജീവനെ കിട്ടുവാൻ വേണ്ടി പ്രാൎത്ഥിക്കുകയായിരുന്നുവല്ലോ നമ്മൾ. അന്നു് ആ ഓപ്പറേഷൻ ചെയ്തിരുന്നില്ലെങ്കിൽ ഇന്നിവളെ കാണുവാൻ കഴിയുമായിരുന്നുവോ? വെള്ളക്കാരനായ ആ സർജൻ പണത്തിൻെറ കാൎയ്യത്തിൽ എത്ര കണിശക്കാരനാണു്! നൂറുറുപ്പികയിൽ ഒരു കാശുകുറഞ്ഞാൽ താൻ ഓപ്പറേഷൻ നടത്തുകയില്ലെന്നു ഡാക്ടർ ഉറപ്പിച്ചുപറഞ്ഞുവല്ലോ. എന്തോ പോകട്ടെ. അദ്ദേഹം കുട്ടിയെ രക്ഷിച്ചുതന്നില്ലേ? എൻെറ തങ്കത്തിൻെറ ജീവനെ ഈശ്വരൻതന്നെയാണു് രക്ഷിച്ചതു്. നമ്മുടെ കയ്യിൽ ഒരു കാശുപോലുമില്ല; വീടിൻെറ കടം തീൎന്നില്ല. എൻെറ വളകളും കഴുത്തിലെ ചെയിനും ബാങ്കിൽ പണയമാണു്. ഡാക്ടൎക്കു കൊടുക്കുവാൻ ഒരു നിവൃത്തിയുമില്ലാതെ വന്നപ്പോൾ ആഫീസ്സിലെ മുതലാളി സഹായിച്ചതു നമ്മുടെ ഭാഗ്യംതന്നെ. അദ്ദേഹത്തിന്നു നന്മവരട്ടെ"

"മുതലാളിയുടെ സഹായമുണ്ടായിട്ടാണോ തങ്കം രക്ഷപ്പെട്ടതു്?" എന്നു പതുക്കെ ചോദിച്ചു സൎവ്വോത്തമൻ ഒരു നെടുവീൎപ്പുവിട്ടു. അദ്ദേഹം അടുത്തുവന്നു നില്ക്കുന്നതു വിശാലം കണ്ടിരുന്നില്ല. നെടുവീൎപ്പിൻെറ ശബ്ദംകേട്ടപ്പോൾ പരിഭ്രമിച്ചു പിന്നോക്കം തിരിഞ്ഞുനോക്കി. അപ്പോൾ അദ്ദേഹത്തിൻെറ മുഖം ചിന്താപാരവശ്യത്താൽ മുമ്പിലത്തെപ്പോലെ മ്ലാനമായി കാണപ്പെട്ടു. അദ്ദേഹം പിന്നീടവിടെ നില്ക്കാതെ ഉമ്മറത്തേയ്ക്കുപോയി ഇരിക്കുകയാണുണ്ടായതു്. അതുകണ്ടു് വിശാലം ഭൎത്താവിൻെറ അടുക്കൽ ചെന്നിരുന്നു. അദ്ദേഹം തൻെറ മനസ്സിലുള്ള വ്യ

സന്തത്തെക്കുറിച്ചു തന്നോടു പറയുമെന്നു് അതേവരെയും വിശാലം കരുതിയിരുന്നു. അങ്ങിനെ പറയാതിരുന്ന കാരണത്താൽ ആ സാധ്വിയുടെ ഹൃദയം പിടച്ചു. ഏതുവിധത്തിലെങ്കിലും ഭർത്താവിൻെറ വ്യസനത്തിനുള്ള കാരണം അറിഞ്ഞേ കഴിയൂ എന്നുറച്ചു് വിശാലം മൃദുസ്വരത്തിൽ ചോദിച്ചു: "എന്തിനാണിങ്ങിനെ വ്യസനിക്കുന്നതു്? അങ്ങയുടെ മനസ്സിനെ അലട്ടുന്ന സംഗതി ഇന്നതാണെന്നു എന്നോടു പറഞ്ഞുകൂടയോ?" അവൾ കണ്ണീർ നിറഞ്ഞ കണ്ണുകളോടുകൂടി അദ്ദേഹത്തിൻെറ മുഖത്തുനോക്കി.

അതേവരെ സർവ്വോത്തമനു തൻെറ ദുഃഖം അടക്കി വെയ്ക്കുവാൻ കഴിഞ്ഞു. എന്നാൽ ഭാര്യയുടെ പ്രേമപൂർവ്വമായ നോട്ടവും പ്രിയഭാഷണവും അദ്ദേഹത്തിൻെറ ക്ഷമക്കു പൂർണ്ണവിരാമമിട്ടു.

"വിശാലം, അതു ഞാനെങ്ങനെ പറയേണ്ടു? രണ്ടു ദിവസത്തിനുള്ളിൽ ഞാൻ എവിടെയായിരിക്കുമെന്നു് അറിയാമോ? ജയിലിൽ, കുററക്കാരെ പാർപ്പിക്കുന്ന ജയിൽ മുറിയിൽ." എന്നു പറഞ്ഞു കൈകൊണ്ടു മുഖംമറച്ചു് സർവ്വോത്തമൻ തുടൎന്നു: "അയ്യോ, കഷ്ടം! ദൈവത്തിൻെറ വിധി ഇങ്ങനെയായല്ലോ. നിന്നേയും കുട്ടികളേയും അശരണരാക്കി ഞാൻ പോകുമല്ലോ. ഇതേവരേയും ആഫീസ്സിൽചെയ്ത പ്രയത്നവും, യജമാനൻെറ മുമ്പിൽ കിട്ടിയ നല്ലപേരും ഇപ്പോൾ പോയ്പോകും, നിശ്ചയം."

സർവ്വോത്തമൻ വിക്കിവിക്കി കരഞ്ഞുതുടങ്ങി. അതു കണ്ടു് വിശാലത്തിൻെറ ഹൃദയം എരിപൊരികൊണ്ടു. കുറച്ചുനേരത്തേയ്ക്കു് അവൾ ഒന്നും പറയുവാൻ ശക്തയായി

ച്ചു. അല്പം കഴിഞ്ഞപ്പോൾ സമാധാനത്തോടുകൂടി ചോദി ച്ചു: "എന്തു്? എന്താണുണ്ടായതു്? തെററായവിധത്തിൽ യാതൊന്നും ചെയ്യുന്ന ആളല്ലല്ലോ അങ്ങു്. സംഗതി എന്തായാലും എന്നോടു പറയുവാൻ മടിക്കരുതു്."

"എന്നാൽ ഞാൻ പറയാം. കഴിഞ്ഞ മാസത്തിൽ തങ്കത്തിൻെറ ഓപ്പറേഷന്നുവേണ്ടി പെട്ടെന്നു ഞാൻ നൂറു രൂപ്പിക കൊണ്ടുവന്നില്ലേ? അതാണു് ഇതിന്നെല്ലാം കാരണം."

"ആ ഉറുപ്പിക കമ്പനിമുതലാളിയായ ഷേണായി തന്നതാണെന്നല്ലേ പറഞ്ഞതു്? അതിനെന്താ മാസംതോ റും കുറച്ചുകുറച്ചായി കൊടുത്തുതീർത്താൽ പോരേ?"

"അങ്ങിനെയല്ല. അപ്പോൾ ഞാൻ അങ്ങിനെ പ റഞ്ഞുവെന്നേയുള്ളു. കഠിനഹൃദയനായ മുതലാളി നൂറുറു പ്പിക സഹായിക്കുവാൻ സന്നദ്ധനാകുമോ? കമ്പനിയിൽ അടിയന്തരമായ ചില്ലറ ചിലവുകൾക്കുവേണ്ടി അദ്ദേഹം എൻെറ പേരിൽ നൂറുറുപ്പികയുടെ ഒരു ചെക്കെഴുതിത്ത ന്നിരുന്നു. ആ ചെക്കുമാററിയ പണമാണു് തങ്കത്തിൻെറ ഓപ്പറേഷന്നു കൊടുത്തതു്."

"ഈ സംഗതി മുതലാളി അറിഞ്ഞിട്ടില്ലേ?"

"ഇല്ല, ചില്ലറ ചിലവുകളുടെ കണക്കു സാധാരണ യായി അദ്ദേഹം നോക്കാറില്ല. ആറുമാസത്തെ കണക്കു് ആഡിററർ പരിശോധിക്കുമ്പോഴേ ചില്ലറ ചിലവുകളുടെ കണക്കു കാണുകയുള്ളു. അതിന്നു ആറുമാസത്തെ ഇടയുള്ള തുകൊണ്ടു്, ചില്ലറ ചിലവുകൾ കയ്യാൽ നടത്താമെന്നും, നൂറുറുപ്പിക തികഞ്ഞാൽ കണക്കു ശരിപ്പെടുത്താമെന്നുമാ

ണ്ടു് ഞാൻ കരുതിയതു്. എന്റെ നിർഭാഗ്യത്തിന്നു്, എന്തു വിചാരിച്ചിട്ടെന്നറിഞ്ഞില്ല, ചില്ലറചിലവിന്റെ കണക്കു കൊണ്ടുവരുവാൻ മുതലാളി ഇന്നലെ ആവശ്യപ്പെട്ടു. സമയം അതിക്രമിച്ചതുകൊണ്ടു തിങ്കളാഴ്ച എങ്ങനെ ആയാലും കണക്കു ഹാജരാക്കണമെന്നു കല്പിച്ചു് അദ്ദേഹം പോകയും ചെയ്തു. എനിക്കിനി രക്ഷയില്ല."

"മുതലാളിയോടു് ഈ സംഖ്യ കടമായി ചോദിക്കാമായിരുന്നില്ലേ? എന്നാലദ്ദേഹം തരുമായിരുന്നുവല്ലോ"

"കടം ചോദിക്കുകയോ? ആ വിദ്യയൊന്നും എന്റെ മുതലാളിയോടു പററുകയില്ല"

"എന്നാൽ ഇനി എന്തുചെയ്യാനാണു് വിചാരിക്കുന്നതു്? ഭാവിയെപ്പററി ഗൗരവമായി ചിന്തിക്കേണ്ട സമയമായി. തിങ്കളാഴ്ചയെന്നു പറയുന്നതു അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു."

"എന്താണു് ചെയ്യേണ്ടതെന്നു് നീതന്നെ പറയുക. ഒന്നു നിശ്ചയമാണു്. മുതലാളി തീരെ നിർദ്ദയനാകുന്നു. തന്നെ ആരെങ്കിലും വഞ്ചിപ്പാൻ നോക്കുന്നതായി അറിവു കിട്ടിയാൽ അദ്ദേഹം ഉടനടി ആ ആളെ പിരിച്ചു കളയും. ഉണ്ടായ സംഗതികൾ തുറന്നുപറഞ്ഞു് അപേക്ഷിച്ചാൽ ഒരു പക്ഷെ ഉദ്യോഗത്തിൽനിന്നു പിരിക്കുന്നതോടുകൂടി സൊല്ല തീർന്നുവെന്നുവരാം. കമ്പനിയിലെ ഉള്ളുകള്ളികൾ പുറത്തുവരരുതെന്നു മുതലാളിക്കു നിർബ്ബന്ധമുണ്ടു്. പണം തിരിമറി ചെയ്യുക മുതലായ വിഷയങ്ങൾ പരസ്യമായാൽ കമ്പനിക്കു ചീത്തപ്പേരുണ്ടാകും. അതിനാൽ തിങ്കളാഴ്ചെന്നു വാസ്തവം തുറന്നുപറയുവാനാണു് ഞാനുദ്ദേശിക്കുന്നതു്. അങ്ങിനെ ചെയ്താലദ്ദേഹം ഉദ്യോഗം രാജിവെയ്ക്കുവാൻ പറയും"

വിശാലം കുറച്ചുനേരം ആലോചിച്ചതിനുശേഷം പറഞ്ഞു: "അതാണു നല്ലതെന്നാണെനിക്കും തോന്നുന്നതു്."

വിശാലവും തൻെറ അഭിപ്രായത്തോടു യോജിച്ചപ്പോൾ സർവ്വോത്തമനു സ്വല്പം സമാധാനം തോന്നി. പിറേറ ദിവസം പതിവുപോലെ അദ്ദേഹം ആഫീസ്സിൽ പോയിവന്നു. അന്നു ശനിയാഴ്ചയായിരുന്നു. വിശാലത്തിനു് അടിയന്തരമായി ഒരു സ്നേഹിതയെ ചെന്നു കാണേണ്ടതുണ്ടെന്നും, മടങ്ങിവരുവാൻ രാത്രി ഏഴുമണിയാകുമെന്നും, കുട്ടികളെ സിനിമയ്ക്കു കൂട്ടിക്കൊണ്ടു പോകണമെന്നും അവൾ ഭർത്താവിനെ പറഞ്ഞേല്പിച്ചിരുന്നു. അതുകേട്ടപ്പോൾ അദ്ദേഹം ഇങ്ങനെ വിചാരിച്ചു: "സ്ത്രീകളുടെ മനസ്സു മഹാകഠിനംതന്നെ! ഭർത്താവിനു് വലിയ സങ്കടം നേരിട്ടിരിക്കുമ്പോൾകൂടി അവൾക്കു് ആ വിചാരമില്ല."

തിങ്കളാഴ്ച സർവ്വോത്തമൻ ആഫീസ്സിലേയ്ക്കു പുറപ്പെട്ടപ്പോൾ വിശാലം അദ്ദേഹത്തോടു് ഉണ്ടായ പരമാത്ഥമെല്ലാം മുതലാളിയുടെമുമ്പിൽ തുറന്നു പറയണമെന്നു ഓമ്മപ്പെടുത്തുകയുണ്ടായി. മണി പത്തടിച്ചപ്പോൾ കൃത്യമായി സർവ്വോത്തമൻ മുതലാളിയുടെ മുറിയിൽ ഹാജരായി.

"സർവ്വോത്തമൻ, ആ നൂറുറുപ്പികയുടെ ചിലവുകണക്കു തയ്യാറായോ?" രഘുപതിഷേണായി ഗൗരവത്തിൽ ചോദിച്ചു.

"ഉവ്വു്, തയ്യാറായിരിക്കുന്നു, സാർ"

"വളരെ നല്ലതു്. കൊണ്ടുവരൂ, കാണട്ടെ."

"കൊണ്ടുവരുവാനൊന്നുമില്ല. ഞാൻ സത്യം പറയുവാനാണു് തീരുമാനിച്ചതു്. പിന്നെ കണക്കുപുസ്തകം എന്തിനാണു്?"

“എനിക്കു മനസ്സിലാകുന്നില്ല, നീ പറയുന്നതെന്താണെന്നു”

“ഞാൻ വ്യക്തമായി ബോധിപ്പിക്കാം. ആ നൂറുറുപ്പിക എൻെറ സ്വന്തം ചിലവിനുവേണ്ടി ഞാനെടുക്കുകയാണു് ചെയ്തതു്. ഇതു സത്യമാകുന്നു.”

സർവ്വോത്തമൻ തങ്കത്തിൻെറ സുഖക്കേടിനേയും അതിന്നു ഓപ്പറേഷൻ നടത്തുവാൻ ഡാക്ടർ വിട്ടുവീഴ്ചകൂടാതെ നൂറുറുപ്പിക ആവശ്യപ്പെട്ടതിനേയും, വേറെ ഒരു വഴിയുമില്ലായ്കയാൽ താൻ ആ ഉറുപ്പിക എടുത്തതിനേയും പററി വിശദമായും ദയനീയമായ വിധത്തിലും പറഞ്ഞുധരിപ്പിച്ചു. അതു മുഴുവൻ കേട്ടതിന്നുശേഷം മുതലാളി ശാന്തനായി ചോദിച്ചു: “ശമ്പളത്തിൽ യാതൊന്നും കരുതിവെക്കാൻ നോക്കാറില്ലേ?”

“കരുതി വെക്കണമെന്നു വിചാരിക്കാറുണ്ടു്. പക്ഷെ സാധിക്കാറില്ല. വീട്ടുവകയ്ക്കു മാസംതോറും കൊടുക്കേണ്ടതും മററടിയന്തരച്ചിലവുകളും കഴിച്ചാൽ ശമ്പളത്തിൽ ഒന്നും ബാക്കിയുണ്ടാകാറില്ല.”

“ശരി, നീ വളരെ കൊല്ലത്തെ സർവ്വീസ്സുള്ളവനാണു്. നല്ല പേരു സമ്പാദിച്ചവനുമാണു്. കഴിഞ്ഞ മൂന്നു കൊല്ലമായി കാഷിയറായി ജോലിനോക്കുകയും ചെയ്യുന്നു. ഈ സ്ഥിതിക്കു കുടുംബത്തിൽ ഒരടിയന്തരച്ചിലവു് വേണ്ടിവന്നാൽ എന്നോടു ചോദിച്ചു സംഖ്യ കടംവാങ്ങാമായിരുന്നില്ലേ?”

സർവ്വോത്തമൻ സവിനയം പറഞ്ഞു: “അങ്ങിനെ ചെയ്യാമായിരുന്നു. പക്ഷെ കടം ചോദിച്ചാൽ കഴിഞ്ഞ

മാസത്തിൽ സീതാരാമനുണ്ടായ അനുഭവംതന്നെ എനി
ക്കുമുണ്ടാകയില്ലേ എന്നു ഞാൻ ഭയപ്പെട്ടു."

"അങ്ങിനെ ഭയപ്പെടേണമോ? സീതാരാമനേപ്പോ
ലെയുള്ള പാഴ്ചിലവുകൾ നിനക്കില്ലല്ലോ. കടം ചോദി
ച്ചതുകൊണ്ടല്ലാ, നടപടി ശരിയല്ലാത്തതിനാലാണ് സീ
താരാമനെ ജോലിയിൽനിന്നു പിരിച്ചതു്. നീ മര്യാദ
ക്കാരനാണ്. നിൻെറ സങ്കടം എന്നെ അറിയിക്കാതെ
ഇങ്ങനെ ചെയ്തതു നന്നായില്ല. അതു പോകട്ടെ. ഈ സം
ഗതി നിൻെറ ഭാര്യ അറിഞ്ഞിട്ടുണ്ടോ?"

"ഉവ്വ്, അറിഞ്ഞിട്ടുണ്ട്"

"എന്നിട്ട് എന്തു ചെയ്വാനാണ് ആ സ്ത്രീ നിന്നെ
ഉപദേശിച്ചതു്?"

"യജമാനനോട് വാസ്തവം പറഞ്ഞു കുററം സമ്മതി
ക്കുവാൻ ഉപദേശിച്ചു."

സർവ്വോത്തമൻെറ വാക്കുകൾകേട്ടു മുതലാളി കുറച്ചു
നേരം ചിന്താമഗ്നനായി സ്ഥിതിചെയ്തു. അദ്ദേഹത്തി
ൻെറ മനസ്സിനെ ഒരു നേരിയ സ്മരണ പിടിച്ചുകുലുക്കുന്നു
ണ്ടായിരുന്നു. പതിനഞ്ചു സംവത്സരംമുമ്പു അദ്ദേഹത്തി
ൻെറ കുട്ടിക്കു രോഗം പിടിപെട്ടു. രോഗം പരിശോധി
ച്ച ഡോക്ടർ വലിയൊരു സഖ്യ ഫീസായി ആവശ്യപ്പെട്ടു.
പിശുക്കനായ മുതലാളി അതു കൊടുക്കാൻ സമ്മതിച്ചില്ല.
അപ്പോൾ ഭാര്യ ഭർത്താവിനെ അറിയിക്കാതെ കഴുത്തിലെ
ചെയിൻ വിററു ഡാക്ടൎക്കു പണം കൊടുത്തു. എന്നാൽ
സമയം തെററിപ്പോയതുകൊണ്ടു കുട്ടി രക്ഷപ്പെടുകയുണ്ടാ
യില്ല. പണസംബന്ധമായ പിടിവാദംകാരണം ആ കുട്ടി
യുടെ ജീവൻ പോകുവാനിടയായതിനെപ്പററി പലപ്പോഴും

അദ്ദേഹം വ്യസനിക്കാറുണ്ടു്. പിന്നീടു് അദ്ദേഹത്തിനു സന്താനം ഉണ്ടായതുമില്ല. തന്റെ പ്രിയപ്പെട്ട കുട്ടി മരിച്ചുപോയതിനെക്കുറിച്ചുള്ള സ്മരണ മനസ്സിൽ ഉദിച്ചതോടുകൂടി കണിശക്കാരനായ രഘുപതിഷേണായിയുടെ ഹൃദയം ഇളകിവശായി എങ്കിലും അതു പുറത്തുകാണിക്കാതെ അദ്ദേഹം പറഞ്ഞു: "സർവ്വോത്തമൻ, നിന്നെ ഇപ്പോൾ പോലീസ്സിൽ ഏല്പിക്കുകയാണു് വേണ്ടതു്. അങ്ങിനെ ചെയ്താൽ കമ്പനിക്കു ദുഷ്പേരിന്നിടയാകും. അതിനാൽ ആ പ്രവൃത്തിക്കു ഞാനൊരുക്കമില്ല. ആഡിററരുടെ പരിശോധനയിൽ ഈ സംഖ്യ എന്തുചിലവായിട്ടാണു് കണക്കിൽ കാണിക്കേണ്ടതെന്നു ആലോചിക്കുകയാണു് ഞാൻ. നിന്റെ പ്രവർത്തി തികച്ചും കുററമാണു്. കുററക്കാരനെ സഹായിക്കുന്നതായാൽ ഞാനും കുററംചെയ്തതായിവരും. എങ്കിലും ഇതു വല്ലവിധത്തിലും തീർത്തു ശരിപ്പെടുത്തേണമെന്നു എനിക്കാഗ്രഹമുണ്ടു്."

കുറെ ആലോചിച്ചതിനു ശേഷം മുതലാളി തുടർന്നു: "ശരി. 'ആഫീസ്സുദ്യോഗസ്ഥന്മാരുടെ സഹായനിധി' എന്നൊരു പുതിയകണക്കു കഴിഞ്ഞമാസംമുതൽക്കു ആരംഭിക്കുക. ഇന്നലെ നമ്മുടെ ആഫീസ്സുദ്യോഗസ്ഥന്മാരിൽ ഒരുവന്റെ ഭാര്യ എന്റെ ഭാര്യയുടെ അടുക്കൽവന്നു തന്റെ കുട്ടിക്കു ദേഹസൗഖ്യമില്ലെന്നു പറഞ്ഞു ചികിത്സക്കുവേണ്ടി പണം ആവശ്യപ്പെടുകയുണ്ടായി. നീ ചെക്കു മാററി എടുത്ത സംഖ്യ ആവകക്കുകൊടുത്തതായി കണക്കിൽ കാണിക്കുക. മേലിൽ ഇങ്ങനെവരാതിരിപ്പാൻ മനസ്സിരുത്തുകയും ചെയ്യുക."

# പഠിപ്പുകാരിയായ ഭാൎയ്യ

"പുരുഷന്മാൎക്കു പിണയുന്ന അബദ്ധങ്ങളിൽ വെച്ചു പ്രധാനമായിട്ടുള്ളതു് പഠിപ്പുള്ള സ്ത്രീകളെ തങ്ങളുടെ ജീവിതത്തിൽ കൂട്ടുകാരികളായി കൂട്ടുന്നതാണു്." ഇതായിരുന്നു വിജയന്റെ മനസ്സിൽ ഒരു കാലത്തു സുദൃഢമായ അഭിപ്രായം. അന്നു് അവൻ പ്രസിഡൻസി കോളേജിൽ ബി. എ. ഓണേഴ്സിന്നു പഠിക്കുകയായിരുന്നു.

സ്ത്രീകൾ പുരുഷന്മാരെപ്പോലെ സാഹിത്യം മുതലായവയിൽ അറിവു സമ്പാദിക്കരുതെന്നല്ല വിജയന്റെ ആശയം. എന്നാൽ അവർ ഷേക്സ്പിയരുടേയോ മിൽട്ടന്റേയോ കവിതകൾ പഠിപ്പാൻ തുടങ്ങുന്നതിന്നു മുമ്പുതന്നെ വേറെ ഒന്നു പഠിക്കുന്നുണ്ടു്. അതായതു പാശ്ചാത്യപരിഷ്കാരം. പാശ്ചാത്യപരിഷ്കാരത്തിൽ ഇന്ത്യയിലെ സ്ത്രീകൾ ഭ്രമിച്ചുപോകുന്നതിലാണു് വിജയന്നു ആക്ഷേപമുള്ളതു്.

വിജയനോടൊപ്പം പഠിച്ചുവന്ന എല്ലാ സ്ത്രീകളും പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയ മഹിളാമണികളായിരുന്നു. അവർ പരിഷ്കൃതമായി ഉടുപ്പുധരിച്ചു്, പരിമളം വീശുന്ന ശരീരത്തോടുകൂടി ക്ലാസ്സിലേക്കു കടന്നുവരുന്നതും, അലക്ഷ്യഭാവത്തോടേ സഹപാഠികളായ വിദ്യാൎത്ഥികളുടെ മുഖത്തു കടക്കണ്ണെയയ്ക്കുന്നതും വിജയൻ ധാരാളം കണ്ടറിഞ്ഞിട്ടുണ്ടു്.

ആയാൾക്കു പലപ്പോഴും മനസ്സിൽ തോന്നാറുണ്ടു്: "ഇരുതോളുകളിലും മുട്ടുന്ന ആ ഭയങ്കരമായ ലോലാക്കുകൾ ധരിച്ചിരുന്നില്ലെങ്കിൽ മിസ്സ് ലീലയുടെ സൗന്ദര്യം എത്രയധികം പ്രകാശിക്കുമായിരുന്നു! വിശാലത്തിൻെറ സ്വാഭാവികമായ കറുപ്പുനിറത്തിന്നു ഒന്നര ഇഞ്ചു് പൗഡർ പൂശിയതു എത്ര വികാരം വരുത്തിയിരിക്കുന്നു! കമല ദേഹത്തിൽ പൂശിയിട്ടുള്ള സെൻറിൻെറ പരിമളം എനിക്കു തലവേദനയുണ്ടാക്കുന്നു."

"പഠിപ്പുള്ള സ്ത്രീകൾ വലിയ വായാടികളായിത്തീരും." ഈ അഭിപ്രായം ജനിക്കുവാൻ കാരണം മിസ്സ് കൌസല്യയായിരുന്നു. ഒരിക്കൽ അവൾ, പുരുഷന്മാരോ സ്ത്രീകളോ മേലെ എന്ന വാദത്തിൽ സ്ത്രീകളുടെ ഭാഗം പിടിച്ചു വാദിക്കുകയുണ്ടായി. സ്ത്രീകളും പുരുഷന്മാരും ചേൎന്ന സാഹിത്യസമാജത്തിൻെറ ആഭിമുഖ്യത്തിലാണു് ഈ വാദം നടന്നതു്. പുരുഷന്മാരാണു് മേലെ എന്നു വാദിച്ചവൻ വിജയനായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

വിജയനെതിരായി മിസ്സ് കൌസല്യ സ്ത്രീകളുടെ മേന്മയെ സ്ഥാപിച്ചുകൊണ്ടു് പ്രൗഢമായി പ്രസംഗിച്ചു. സ്വതേ വായാടിയായ കൌസല്യ വിജയൻ പറഞ്ഞ ഒരോ അഭിപ്രായങ്ങളേയും ഖണ്ഡിച്ചും ആക്ഷേപിച്ചും മറുപടി കൊടുത്തു. വിജയനു് അവളുടെ പേരിൽ കലശലായി അരിശമുളവായി. ക്ഷുഭിതഹൃദയനായിത്തീൎന്ന ആയാൾ സ്ത്രീകളെപ്പററി ഹീനമായി പലതും സംസാരിച്ചു.

കൌസല്യയുടെ നക്ഷത്രതുല്യങ്ങളായ കണ്ണുകൾ കോപാഗ്നികൊണ്ടു് അത്യുജ്ജ്വലമായി കാണപ്പെട്ടു. അ

വരം വിജയൻ പ്രസംഗിക്കുന്നതിന്നിടയിൽ പലപ്പോഴും "ആ അഭിപ്രായം ശരിയല്ല; അതു വെറും ഭോഷ്ക്കാണ്; ലജ്ജാവഹം, ലജ്ജാവഹം." എന്നെല്ലാം വിളിച്ചു പറഞ്ഞു് അയാളെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. തന്റെ അഭിപ്രായത്തിന്നു സാധകമായി ഇംഗ്ലീഷുഭാഷയിലുള്ള റസ്കിൻ മുതലായവരുടെ പുസ്തകങ്ങളിൽനിന്നു് അവരം പല ഭാഗങ്ങളും ഉദ്ധരിക്കുകയും ചെയ്തു. ഇതുകേട്ടു് സഭയിൽ കൂടിയിരുന്ന സ്ത്രീകളെല്ലാം കരഘോഷം മുഴക്കി. അന്നത്തെ വാദത്തിൽ വിജയൻ തീരെ പരാജിതനായി. അന്നു മുതൽക്കു കൌസല്യയെ കണ്ടാൽ തുണ്ടുതുണ്ടായി മുറിച്ചുകളയുവാൻ തക്കവിധം ആയാരക്കവളുടെനേരെ ദ്വേഷമുണ്ടായി. മററു കാൎയ്യങ്ങളിൽ വിജയനെ സംബന്ധിച്ചിടത്തോളം ഒരു കുറവും പറയുവാനില്ല. ആയാളുടെ അച്ഛൻ മൈസൂരിൽ ഒരു ഇഞ്ചിനീയരായിരുന്നു. വളരെപ്പണം സമ്പാദിച്ചിരുന്നു. അദ്ദേഹം വലിയ വില കൊടുത്തു മദ്രാസ്സിൽ ഒരു വീടുവാങ്ങി കുടുംബസമേതം താമസിച്ചുവന്നു. വിജയൻ അദ്ദേഹത്തിന്റെ ഏകപുത്രനാണ്.

അക്കൊല്ലം കോളേജ് പൂട്ടിയ കാലത്തു വിജയൻ മററു ജോലിയൊന്നും കൂടാതെ വീട്ടിൽ താമസിക്കുമ്പോരം, അവന്റെ മുത്തശ്ശി, പൌത്രനെ സംസാരസാഗരത്തിൽ ആഴ്ത്തിയാലല്ലാതെ തന്റെ ആത്മാവിന്നു നിർവൃതിയുണ്ടാകയില്ലെന്നു കരുതി അവനോടു പലതും സംസാരിച്ചു. വിജയന്റെ അച്ഛനും അവന്റെ വിവാഹം സംബന്ധിച്ചു ചില ആലോചനകളെല്ലാം നടത്തിയിരുന്നു.

ഒരു ദിവസം വൈകുന്നേരം വിജയൻ സായന്തന

മാരുതനെ സേവിച്ചുകൊണ്ടു് എന്തോ ഒരാലോചനയിൽ മുഴുകിയിരിക്കയായിരുന്നു. അപ്പോൾ അവന്റെ അമ്മയായ ലക്ഷ്മി അടുത്തുചെന്നു. അമ്മയുടെ വരവുകണ്ടപ്പോൾ വിജയൻ വിചാരിച്ചു, അവരെന്തോ ഒരു പുതിയ വൎത്തമാനവും കൊണ്ടാണു് വന്നിട്ടുള്ളതെന്നു്.

"വിജയാ, ഇന്നലെ മധുരയിൽനിന്നു് അച്ഛന്റെ ഒരു സ്നേഹിതൻ ഒരു സ്ത്രീജാതകം അയച്ചിട്ടുണ്ടായിരുന്നു. പൊരുത്തം നന്നായിട്ടുണ്ടെന്നു് അതുകണ്ടു് അച്ഛൻ പറകയുണ്ടായി. അദ്ദേഹം മൈസൂരിൽ ഉദ്യോഗത്തിലിരുന്ന കാലംമുതല്ക്കേ അച്ഛനുമായി സ്നേഹപ്പെട്ടവനാണു്. പെട്രോൾ കച്ചവടത്തിൽ വളരെ പണം സമ്പാദിച്ചവനുമാണു്. കഴിഞ്ഞകൊല്ലം അദ്ദേഹത്തിന്റെ മൂത്തമകൾ മരിച്ചുപോയി. അതിനാൽ മൈസൂരിലെ സ്വത്തുക്കളെല്ലാം വിറ്റു് മധുരയിൽവന്നു് താമസിക്കുകയാണിപ്പോൾ." അമ്മയുടെ നീണ്ട മുഖവുരയോടുകൂടിയ പ്രസംഗം വിജയനെ അക്ഷമനാക്കിത്തീൎത്തു. അവൻ പറഞ്ഞു: "ആ കഥയെല്ലാം കൈവിട്ടു കാൎയ്യമെന്താണെന്നുവെച്ചാൽ പറയൂ, അമ്മേ."

"അദ്ദേഹത്തിനു് ഇനി ഒരു പുത്രിമാത്രമേ ഉള്ളു. തന്റെ വമ്പിച്ച സ്വത്തുക്കളെല്ലാം അവളുടെ പേരിൽ ഒസ്യത്തെഴുതിവെയ്ക്കുവാനാണു ഭാവം. കുട്ടിയാണെങ്കിൽ വലിയ ലാവണ്യവതിയും. അദ്ദേഹത്തെപ്പോലെ ധനവാനായ ഒരാളുടെ വേഴ്ച ആൎക്കും ആഗ്രഹിക്കത്തക്കതാണു്." ലക്ഷ്മി തന്റെ ഉള്ളിൽ ഗൂഢമായി വെച്ചിരുന്ന കാൎയ്യം ഒരുവിധം പറഞ്ഞൊപ്പിച്ചു.

"അതെല്ലാം പോകട്ടെ. എനിക്കൊരു സംഗതിയേ അറിയേണ്ടതുള്ളു. കുട്ടി പുതിയ വിദ്യാഭ്യാസം സമ്പാദിച്ചവളാണോ?" വിജയൻ ചോദിച്ചു.

"ആ, അതുപറയുവാൻ ഞാൻ മറന്നുപോയി. അവൾ ഇംങ്കിരീസ്സും പരന്തിരീസ്സുമൊക്കെ പഠിച്ചവളും, കോളേജിൽ പോയിരുന്നവളുമാണ്" ലക്ഷ്മി വിജയഭാവത്തിൽ പറഞ്ഞു.

"അമ്മേ, എന്നാൽ എനിക്കവളെ വേണ്ട. അത്ര വലിയ കുടുംബത്തിൽനിന്നു കല്യാണം കഴിക്കുന്നതു് എനിക്കിഷ്ടമല്ല. വേറെ വല്ല സാധാരണകുടുംബത്തിൽനിന്നും നോക്കിയാൽ മതി."

"പണത്തേയും പദവിയേയും കുറിച്ചു് അറിയാത്തിട്ടാണു് നീയിങ്ങനെ പറയുന്നതു്. പണമല്ലേ എല്ലാററിലുംമേലെ? പഠിപ്പും ഇന്നത്തെ കാലസ്ഥിതിക്കു അത്യാവശ്യമല്ലേ?"

"ഒരുകോടി ഉറുപ്പിക കിട്ടുമെങ്കിൽക്കൂടിയും പഠിച്ചു പരിഷ്ക്കാരം സമ്പാദിച്ച ഒരു പെണ്ണിനെ ഞാൻ കല്യാണം കഴിക്കുകയില്ല. ഇതെൻെറ ഒരു പ്രതിജ്ഞയാണു്."

"നീയല്ലാ മറെറാരാളാണു് ഈ വർത്തമാനം കേട്ടിരുന്നതെങ്കിൽ അവൻ ഉടനടി മധുരയിലേയ്ക്കു പുറപ്പെടുകയാണു ചെയ്യുക. നിനക്കിതു പിടിക്കാതെ പോയതു ഭാഗ്യക്ഷയംതന്നെ."

"അമ്മേ, ഞാൻ തീരുമാനം പറയാം. പഠിപ്പും പരിഷ്ക്കാരവുമുള്ള ഒരു പിശാചിനെ കല്യാണംകഴിച്ചു് ജീവിതകാലം മുഴുവനും കഷ്ടപ്പെടുവാൻ ഞാനൊരുക്കമല്ല. അ

റുളുടെ കണ്ണു തെളിയത്തക്കവിധം സ്നേഹവും പൌഢവും വാങ്ങിക്കൊടുക്കുവാൻ എന്നെക്കൊണ്ടു സാദ്ധ്യമല്ല. എന്തിന്നതെല്ലാം പറയുന്നു; ആ പെണ്ണിനെ എനിക്കു വേണ്ട!"

വിജയൻ അധികം സംസാരിക്കാതെ ഇരിക്കുന്നിടത്തുനിന്നു് എഴുന്നേറ്റുപോയി. ലക്ഷ്മി ഇച്ഛാഭംഗത്തോടുകൂടി മടങ്ങുകയും ചെയ്തു. അവൾക്കു മകന്റെ വാശികണ്ടു കലശലായ കോപംവന്നുവെങ്കിലും അതൊരുവിധം ഉള്ളിൽ ഒതുക്കിക്കളഞ്ഞു.

രണ്ടാഴ്ച വിശേഷസംഭവമൊന്നും കൂടാതെ കഴിഞ്ഞു. വിജയന്റെ അച്ഛനും അമ്മയും മകന്റെ വിവാഹത്തിന്നു ഒരു കുട്ടിയെ കാണുവാൻവേണ്ടി ചിദംബരത്തേയ്ക്കുപോയി. രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം അവർ മടങ്ങിവന്നു. വന്നദിവസം രാത്രി, താൻ ചിദംബരത്തിൽ ഒരു പെണ്ണിനെ നോക്കിവരികയാണെന്നും, അവൾ വിജയന്റെ ഇഷ്ടത്തിന്നു പാകത്തിലുള്ളവളാണെന്നും, കണ്ടാൽ നല്ല സുന്ദരിയാണെന്നും ലക്ഷ്മി മകനെ പറഞ്ഞുധരിപ്പിച്ചു. ആ വിവാഹത്തിന്നു വിജയൻ വഴങ്ങിക്കൊടുക്കുകയും ചെയ്തു. അധികം താമസിക്കാതെ ഒരു ശുഭമുഹൂൎത്തത്തിൽ വിജയനും ജയലക്ഷ്മിയും തമ്മിൽ വിവാഹംചെയ്തു ദമ്പതിമാരായി. രണ്ടു മാസത്തിന്നുള്ളിൽ ഗ്രാമീണയുവതിയായ ജയലക്ഷ്മിയെ വിജയൻ തന്റെ ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു.

ജയലക്ഷ്മി നല്ല സൌഭാഗ്യമുള്ള ഒരു കന്യകയായിരുന്നു. അത്യാഡംബരം കൂടാതെയുള്ള അവളുടെ വസ്ത്രാ

ഭരണങ്ങൾ വിജയനു വളരെ ബോധിച്ചു. ജയലക്ഷ്മി വന്നതോടുകൂടി ലക്ഷ്മി അടുക്കളവേലയിൽനിന്നു അടുത്തുൺ പാറി പിരിഞ്ഞു.

പരലോകത്തേയ്ക്കു കാൽനീട്ടിയ മുത്തശ്ശിക്കു ജയലക്ഷ്മിയുടെ ആഗമനം പരമാനന്ദകരമായി പരിണമിച്ചു. അവളുടെ ഇളം കൈകളെക്കൊണ്ടുള്ള ഉപചാരം നിമിത്തം ജീർണ്ണിച്ചുവശംകെട്ടിരുന്ന തന്റെ ദുർബ്ബലശരീരം തഴച്ചു പുഷ്ടിച്ചതുപോലെ മുത്തശ്ശിക്കുതോന്നി.

ജയലക്ഷ്മി കുടുംബജോലികളിൽ വലിയ ജാഗ്രതകാണിച്ചിരുന്നു. എന്തെങ്കിലും ഒരു ജോലിയെടുക്കാതെ ഒഴിഞ്ഞിരിക്കുന്ന സമയംതന്നെ അവൾക്കില്ലായിരുന്നു. കുടുംബത്തിലെ ക്ലാവുപിടിച്ചുകിടന്നിരുന്ന പാത്രങ്ങളെല്ലാം അവളുടെ ഉത്സാഹത്താൽ മിന്നിത്തിളങ്ങുന്നവയായി രൂപാന്തരപ്പെട്ടു. പുതിയ സമ്പ്രദായത്തിലുള്ള കറികളും കൂട്ടങ്ങളും ഭക്ഷിച്ചതുകാരണം വിജയനു പൂർവ്വാധികം ഉന്മേഷവും ആരോഗ്യവും ഉണ്ടായി.

ലക്ഷ്മിയുടെ ഗൃഹപ്രവേശത്തിനുശേഷം വിജയനു മുമ്പിലത്തെപ്പോലെ എട്ടുമണിവരെ കിടക്കയിൽനിന്നു എഴുന്നേല്ക്കാതെ കഴിക്കാൻ സാധിക്കാതെയായി. ആറുമണിക്ക് എഴുന്നേല്ക്കണമെന്നുവന്നു. അങ്ങിനെ ചെയ്യാതിരുന്നാൽ ജയലക്ഷ്മി പൽപ്പൊടിയും, വെള്ളവും, കാപ്പിയും, ഇഡ്ഡലിയും മറ്റും എടുത്തുകൊണ്ടു കിടപ്പറയിൽ വന്നു ശല്യപ്പെടുത്തുവാൻ തുടങ്ങും. കാപ്പികഴിഞ്ഞു, കഴിഞ്ഞില്ല എന്നാകുമ്പോഴേയ്ക്കും കുളിക്കാൻ പോകാം. ചുടുവെള്ളം തെയ്യാറായിട്ടുണ്ട്." എന്നവൾപറയും. മണിപന്ത്രണ്ടടി

ച്ചാൽ ഉച്ചഭക്ഷണത്തിന്നു ജയലക്ഷ്മിവന്നു വിളിക്കും. അപ്പോഠം വിജയൻ വർത്തമാനക്കടലാസ്സു വായിക്കുകയാണെങ്കിൽ അതു മേടിച്ചു മേശപ്പുറത്തുവെച്ചു് അവഠം ആയാളെ കൂട്ടിക്കൊണ്ടുപോയി ഇലയുടെ മുമ്പിൽ ഇരുത്തും. കൃത്യം മൂന്നുമണിക്കു കാപ്പിയും ടിഫിനുമായി ജയലക്ഷ്മി വന്നുചേരും. രാത്രി മണി ഏഴടിക്കുമ്പോഴെക്കും അത്താഴത്തിന്നു തയ്യാറാകും. ഇങ്ങനെ നിത്യവും അവഠം ഭർത്താവിൻെറ കാര്യങ്ങളിൽ ശ്രദ്ധകാണിച്ചു. ഭർത്താവിൻെറ അച്ഛനും അമ്മക്കും ജയലക്ഷ്മിയുടെ ഉപചാരം വലിയ സമാധാനവും സന്തോഷവും നല്കി. തന്നേക്കാഠം ഭാഗ്യവതിയായി മറെറാരു മാതാവില്ലെന്നു ലക്ഷ്മി അഹങ്കരിച്ചു.

ആദ്യം കുറച്ചുകാലത്തേയ്ക്കു ഭാര്യയുടെ ഉപചാരങ്ങഠം വിജയന്നു് വളരെ രസകരമായിത്തോന്നി. ജയലക്ഷ്മിക്കു് പാചകവൃത്തിയേയും വീട്ടുപണികളേയും പററിയല്ലാതെ മറെറാന്നും സംസാരിക്കുവാനില്ല. വഴുതിനങ്ങ പൊരിച്ചു കറിയുണ്ടാക്കിയാൽ എങ്ങനെയിരിക്കുമെന്നും, തക്കാളി ചേർത്തു രസംവെച്ചാൽ എത്ര രുചികരമായിരിക്കുമെന്നും അവഠം ഭർത്താവിനോടു് അതിമധുരമായി സംസാരിക്കാറുണ്ടു്. അപ്പോഴെല്ലാം വിജയൻ അഭിനന്ദനഭാവത്തിൽ തലയാട്ടുകയും ചിരിക്കുകയും ചെയ്യും. എന്നാൽ ആദ്യകാലത്തെ ഈ ആനന്ദമെല്ലാം കുറച്ചുകഴിഞ്ഞപ്പോഠം അവജ്ഞയായി പരിണമിക്കുകയാണുണ്ടായതു്.

ജയലക്ഷ്മിയുടെ അതിരുകടന്ന ശുശ്രൂഷകളിൽ വിജയന്നു ക്രമത്തിൽ വെറുപ്പുതോന്നിത്തുടങ്ങി. അവഠം വന്നു ഭക്ഷണത്തിന്നു വിളിക്കുമ്പോഠം സ്വല്പം ചില വഴക്കുകളും വാഗ്വാദങ്ങളും ഉണ്ടാകുവാൻ തുടങ്ങി. ക്രമത്തിൽ ക്രമ

ത്തിൽ അതു മുറുകിമുറുകിവന്നു. ചില സമയങ്ങളിൽ വിജയൻ ജയലക്ഷ്മിയെ ശകാരിക്കുവാനും അസഹ്യമായ വാക്കുകൾ പറയുവാനും മടിക്കാതെയായി. ആ വക സമയങ്ങളിൽ ലക്ഷ്മി മരുമകളുടെ വക്കാലത്തുപിടിച്ചു സംസാരിച്ചിരുന്നു.

"അമ്മേ ഏതോ ഒരു കാട്ടിൽനിന്നു് ഒരു പെണ്ണിനെ ഇറക്കിക്കൊണ്ടുവന്നു് എന്റെ ജീവിതം തകരാറാക്കി. ഈ മൂധേവിക്കു സാമ്പാറിന്റേയും, രസത്തിന്റേയും, അടിച്ചുതളിയുടേയും, പാത്രംതേപ്പിന്റേയും വിവരമല്ലാതെ എന്തൊരറിവാണുള്ളതു്? കുറെ പഠിപ്പുള്ള ഒരുവളായിരുന്നുവെങ്കിൽ സമയവും സന്ദർഭവുമനുസരിച്ചു പെരുമാറുമായിരുന്നു" എന്നു വിജയൻ ഒരിക്കൽ അമ്മയോടു് ആവലാതിപ്പെട്ടു.

"പഠിപ്പും പരിഷ്ക്കാരവുമുള്ള പെണ്ണിനെ നിനക്കു വേണ്ടെന്നല്ലേ പറഞ്ഞതു്? അതാണു് ജയലക്ഷ്മിയെ കല്യാണം കഴിപ്പിക്കുവാൻ കാരണം. ഇപ്പോൾ നിന്റെ അഭിപ്രായം തീരെ മാറിയതുപോലെ തോന്നുന്നു. ഇനി ഞാൻ എന്താണു ചെയ്യേണ്ടതു്?" ലക്ഷ്മി അനുനയസ്വരത്തിൽ പറഞ്ഞു.

"അതിരുകടന്ന പാശ്ചാത്യപരിഷ്ക്കാരം എനിക്കിഷ്ടമില്ലെന്നുമാത്രമേ ഞാൻ പറഞ്ഞതിനാർത്ഥമുള്ളൂ. പഠിപ്പും അറിവും വേണ്ടെന്നു് ആരെങ്കിലും പറയുമോ? എല്ലാം തെറ്റി; ഇനി പറഞ്ഞിട്ടെന്തു പ്രയോജനം?" വിജയൻ പിറുപിറുത്തു.

അതിന്നിടയിൽ ഒരു ദിവസം വിജയൻ പുതുതായി വിവാഹം ചെയ്ത ഒരു സ്നേഹിതനെ കാണുവാൻ പോക

യുണ്ടായി. തന്റെ ഭാൎയ്യ പഠിപ്പുള്ളവളാണെന്നും, അവൾ വീടു വളരെ വൃത്തിയാക്കിവെയ്ക്കുമെന്നും, പാചകപ്രവൃത്തികളിൽ അവൾക്കു നല്ല അറിവുണ്ടെന്നും, എല്ലാററിനും പുറമെ തനിക്കുവേണ്ട എഴുത്തുകളും മററും ടൈപ്പുചെയ്യുവാൻകൂടി ഭാൎയ്യക്കറിയുമെന്നും സ്നേഹിതൻ വൎണ്ണിച്ചു. ഈ വൎണ്ണന വിജയന്റെ മനസ്സിൽ വലിയ കുണ്ഠിതമുളവാക്കി. താനൊരു വലിയ തെററുചെയ്താലെന്നപോലെ അവന്റെ മനസ്സു വേദനപ്പെട്ടു. അമ്മ പണക്കൊതിനിമിത്തം ഒന്നിനും കൊള്ളരുതാത്ത ഒരു നാട്ടുപെണ്ണിനെ കല്യാണം കഴിപ്പിച്ചതിനെപ്പററി ആയാൾ മനസ്സുകൊണ്ടു ശപിച്ചു. അന്നുമുതല്ക്കു് അമ്മയുടേയും ജയലക്ഷ്മിയുടേയും പേരിൽ വിജയനു കലശലായ വെറുപ്പുതോന്നി.

ഒരു ദിവസം ഉച്ചയ്ക്കു് വിജയൻ വൎത്തമാനക്കടലാസ്സു വായിക്കുന്നതായി നടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജയലക്ഷ്മി പതിവുപോലെ വന്നു് ഉണ്ണുവാൻ വിളിച്ചു. സന്ദൎഭംനോക്കാതെകണ്ടുള്ള അവളുടെ വിളി വിജയനെ ശുണ്ഠികടിപ്പിച്ചു: "ഛീ! വെറുതെ എന്നെ ഉപദ്രവിക്കരുതു്. ഞാൻ പേപ്പർ വായിക്കുകയാണെന്നു് അറിഞ്ഞുകൂടേ? അല്ലെങ്കിൽ പഠിപ്പില്ലാത്ത നാട്ടുപെണ്ണുങ്ങൾക്കു പേപ്പറിനെപ്പററി എന്തറിയാം" ഈ ഒടുവിൽ പറഞ്ഞതു കുറേ ഉരത്ത സ്വരത്തിലായിരുന്നു.

സംഗതി ഇത്രയേ ഉണ്ടായുള്ളു. ജയലക്ഷ്മിയുടെ കണ്ണുകളിൽനിന്നു കണ്ണീർ ധാരധാരയായി ഒഴുകി. അവൾ തേങ്ങിത്തേങ്ങി കരയുവാൻ തുടങ്ങി. അതുകണ്ടു് ലക്ഷ്മി മകന്റെ നേരിട്ടുചെന്നു വക്കാണം ആരംഭിച്ചു.

"ഒരു നിസ്സാരകാൎയ്യത്തിന്നുവേണ്ടി ഇത്രത്തോളം ലഹളകൂട്ടുകയോ? ഇതും കണ്ടുകൊണ്ടു് ഞാൻ ഈ വീട്ടിൽ ഇരിക്കുവാൻ ഭാവമില്ല. കാശിക്കോ രാമേശ്വരത്തേയ്ക്കോ പോവുകയാണു്?"

"എനിക്കും ഇവിടെ കഴിച്ചുകൂട്ടുവാൻ പ്രയാസമായിരിക്കുന്നു. അമ്മ എന്റെ തലയിൽ ഈ ഗ്രഹപ്പിഴ വലിച്ചിട്ടുവല്ലൊ. ഒരു കാൎയ്യത്തിന്നും സ്വൈരമില്ല. രാവിലെ ഇത്തിരി കിടക്കുവാൻ അനുവദിക്കയില്ല. ഉച്ചയ്ക്കാണെങ്കിൽ ഇങ്ങനെയും. ഈ സ്ഥിതിക്കു ഞാനും വല്ല സ്ഥലത്തേയ്ക്കും പോകയേ ഉള്ളൂ." എന്നു പറഞ്ഞു് കോപത്തോടുകൂടി വിജയൻ പുറത്തേയ്ക്കു പോയി.

അന്നു വൈകുന്നേരം ആയാൾ പതുക്കെ വീട്ടിൽ വന്നു ശബ്ദം പുറപ്പെടുവിക്കാതെ മുകളിലുള്ള മുറിയിലേയ്ക്കു ചെന്നു. ആയാളുടെ മനസ്സിൽ കോപവും താപവും ചുററിത്തിരിഞ്ഞിരുന്നു. വെറുപ്പോടുകൂടി മേശപ്പുറത്തു കിടക്കുന്ന ഒരു പുസ്തകം എടുത്തു തുറന്നു. തുറക്കേണ്ട താമസം, അതിൽനിന്നു ഒരെഴുത്തു് പുറത്തേയ്ക്കു ചാടി. ആയാൾ അലക്ഷ്യഭാവത്തിൽ അതിങ്ങനെ വായിച്ചു.

"പ്രിയപ്പെട്ട പിതാവേ,

ഞാനിവിടെ പെടുന്ന കഷ്ടപ്പാടുകൾ എഴുതി അറിയിപ്പാൻ പ്രയാസം. എല്ലാവരേയും സന്തോഷപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി കഴിഞ്ഞ ആറുമാസംകാലം വളരെ ക്ലേശങ്ങൾ സഹിച്ചു. അതെല്ലാം വെറുതെയായിത്തീൎന്നു. ഏതാനും ദിവസമായി അദ്ദേഹത്തിന്റെ പെരുമാററം എന്റെ ആശകൾക്കെല്ലാം അറുതിവരുത്തി. അതിനാൽ അച്ഛൻ വന്നു് എന്നെ കൂട്ടിക്കൊണ്ടുപോ

യാൽ വലിയ ഉപകാരം. മൎയ്യാദകെട്ടതും ക്രൂരവുമായ ഇദ്ദേഹത്തിൻെറ പെരുമാററം എനിക്കു സഹിക്കുവാൻ വയ്യ. ഉടനെ വരുമെന്നു വിശ്വസിക്കുന്നു.

സ്നേഹപൂൎവ്വം,
ജയലക്ഷ്മി."

ഈ എഴുത്തു വായിച്ചപ്പോഠം വിജയൻെറ മട്ടൊന്നു മാറി. എഴുത്തു ശുദ്ധമായ ഇംഗ്ലീഷുഭാഷയിൽ മുത്തുമണികഠംക്കൊത്തവടിവുള്ള അക്ഷരങ്ങളോടുകൂടി എഴുതപ്പെട്ടതായിരുന്നു. വാക്യങ്ങളുടെ ഒതുക്കവും, അക്ഷരങ്ങളുടെ വടിവും, ഭാഷയുടെ ശുദ്ധിയും ആ എഴുത്തെഴുതിയ ആഠം നല്ല പഠിപ്പുള്ളവളാണെന്നു വിശദമാക്കി. വിജയൻ സന്തോഷസാഗരത്തിൽ മഗ്നനായി സ്ഥിതിചെയ്യുമ്പോഠം ജയലക്ഷ്മി മുറിയിലേയ്ക്കു കടന്നുചെന്നു.

അവളെ കണ്ടഉടനെ വിജയൻ ഓടിച്ചെന്നു കൈ പിടിച്ചു ചോദിച്ചു: "ഈ എഴുത്തു നീയെഴുതിയതാണോ?" വിജയൻ കൈ ബലമായി കുലുക്കി. മുമ്പിലത്തെ കോലാഹലം കണ്ടു് അമ്പരന്നുപോയിരുന്ന ജയലക്ഷ്മി സംഭ്രമത്തോടെ പറഞ്ഞു: "അല്ലാ, ഞാനെഴുതിയതല്ല."

"കളവുപറയേണ്ട. നിൻെറ സൂത്രം ഞാൻ മനസ്സിലാക്കിയിരിക്കുന്നു." എന്നു പറഞ്ഞു് അവളെ ബലമായി പിടിച്ചു് വിജയൻ മുകളിൽനിന്നു കീഴ്പ്പോട്ടിറങ്ങി.

ലക്ഷ്മി രാമനാമം ജപിച്ചുംകൊണ്ടിരിക്കയായിരുന്നു. വിജയൻ ഭാൎയ്യയുടെ കൈപിടിച്ചുംകൊണ്ടുതന്നെ ചോദിച്ചു: "അമ്മേ, അമ്മ പറഞ്ഞതുപോലെ ഇവഠം പഠിപ്പില്ലാത്ത പെൺകുട്ടിതന്നെയാണോ? അല്ലെന്നെനിക്കു തോന്നുന്നു. നേരുപറയണം."

ലക്ഷ്മി തൻെറ മകനു എന്തോ ഭ്രാന്തു പിടിപെട്ടതു പോലെ ഭാവിച്ച് മറുപടികൊടുത്തു: "ഞാൻ പറഞ്ഞതു നേരാണ്, മകനേ."

"എല്ലാവരും എന്നോടു കളവുപറയുകയാണ്. നിങ്ങളുടെ തന്ത്രമെല്ലാം ഞാനറിഞ്ഞു. വേറെ ഒരാളുടെ മകളാണെന്നു പറഞ്ഞു നിങ്ങളുടെ ബന്ധുവർഗ്ഗത്തിൽപ്പെട്ട ഒരാളുടെ പുത്രിയെയാണ് എന്നെക്കൊണ്ടു കല്യാണം കഴിപ്പിച്ചതു്. എൻെറ ഊഹം ശരിയാണെങ്കിൽ അതുകൊണ്ടു ദോഷമൊന്നും വന്നിട്ടില്ല." വിജയൻ വികാരത്തോടു കൂടി പറഞ്ഞു

മകൻെറ മനസ്സ് പൂർവ്വസ്ഥിതിയിൽനിന്നു മാറിയിരിക്കുന്നതായി കണ്ടു് അമ്മ സന്തോഷം പൂണ്ടു. എങ്കിലും താൻ പറഞ്ഞതിനു യോജിച്ചവിധത്തിൽ അവർ തുടൎന്നു: "അതെ, അവൾ തന്നെയാണിവൾ."

"ഏതു കോളേജിലാണ് ഇവൾ പഠിച്ചതു്?" വിജയൻ ചോദിച്ചു.

"കോളേജിലും കീളേജിലുമൊന്നും പഠിച്ചിട്ടില്ല. സംഗീതവും, ഇംഗ്ലീഷും, സംസ്കൃതവും സാമാന്യമൊക്കെ പഠിച്ചിട്ടുമുണ്ടു്. അതെല്ലാം പ്രത്യേകം മാസ്റ്റർമാരെവെച്ചു പഠിപ്പിച്ചതാണ്. പഠിപ്പുള്ള പെണ്ണിനെ കല്യാണം കഴിക്കയില്ലെന്നുള്ള നിൻെറ വ്രതം അധികകാലം നിലനില്ക്കുകയില്ലെന്നു ഞങ്ങൾ ഊഹിച്ചു. അതിനാലാണ് ഇങ്ങനെയെല്ലാം പെരുമാറിയതു്. ഇനിയെങ്കിലും ജയലക്ഷ്മിയുടെ മനോരം വിഴക്കടിക്കാതെ സുഖമായി കഴിയണം." അമ്മ സ്നേഹവാത്സല്യങ്ങളോടുകൂടി പറഞ്ഞു.

ഈ ഘട്ടത്തിൽ ജയലക്ഷ്മിയുടെ കണ്ണുകളിൽനിന്നു കണ്ണീർ വീഴുവാൻ തുടങ്ങി. മുമ്പുവീണ കണ്ണീരിൽനിന്നു തീരെ വ്യത്യസ്തമായിരുന്നു ഇതു്. ബാഷ്പാകുലാക്ഷിയായ ഭാൎയ്യയേയുംകൂട്ടി വിജയൻ വീണ്ടും മുകളിലേയ്ക്കുതന്നെ കയറി.

ജയലക്ഷ്മിയെ കൈയ്ക്കുപിടിച്ചു് ഇറക്കിക്കൊണ്ടുവ ന്നതും കയററിക്കൊണ്ടു പോകുന്നതും കണ്ടിട്ടു വിജയന്റെ മുത്തശ്ശി മുറുമുറുത്തു: "എന്തൊരു സമ്പ്രദായമാണിതു്? ഭാൎയ്യയുടെ കൈപിടിച്ചുകൊണ്ടു് എന്തൊക്കെയാണു് ഇ വൻ ചെയ്യുന്നതു്? ഇക്കാലത്തെ ആൺകുട്ടികൾക്കു നാണ മെന്നൊന്നു് അറിഞ്ഞുകൂടാ. വെറുതെ അവർ പെണ്ണുങ്ങ ളെ കുറേറം പറഞ്ഞുകൊണ്ടിരിക്കും."

"ജയം, എന്നോടു പരിഭവംതോന്നരുതെ." വിജ യൻ ലക്ഷ്മിയെ സമാധാനപ്പെടുത്തി.

"എനിക്കാണോ പരിഭവം?" അവൾ കിളിക്കൊ ഞ്ചലിന്റെ മധുര്യത്തോടെ മറുപടിനല്കി.

അന്നുമുതൽക്കു വിജയന്റെ അഭിപ്രായം ആക പ്പാടെ മാറി. പഠിപ്പും പരിഷ്കാരവും സ്ത്രീകൾക്കു ദൂഷണ മല്ലാ, ഭൂഷണമാണെന്നായി ആയാളുടെ പക്ഷം. പിന്നീടു വിജയന്റെ വീട്ടിലേയ്ക്കു് ആരെങ്കിലും ചെന്നാൽ, ജയ ലക്ഷ്മി—നിലക്കണ്ണാടിയുടെ മുമ്പിലിരുന്നു മുഖത്തു പൌ ഡറിടുന്നതും, വിജയൻ ആനന്ദത്തോടുകൂടി അതു നോക്കി ക്കൊണ്ടു നില്ക്കുന്നതും കാണുമാറായി. അതു കണ്ടാൽ തീ ച്ചയാക്കാം, ദമ്പതിമാർ രണ്ടുപേരുംകൂടി എങ്ങോട്ടോ യാത്ര പുറപ്പെടുവാൻ തുടങ്ങുകയാണെന്നു്.

# മേരിജോൺ

ഞാൻ ഡാക്ടർപരീക്ഷയ്ക്കു രണ്ടാമത്തെ കൊല്ലം പഠിക്കുകയായിരുന്നു. മിസ്സ് മേരിജോൺ ഞങ്ങളെ ശരീരശാസ്ത്രം പഠിപ്പിക്കുന്ന ലക്ച്ചറർ ആണ്. ശാസ്ത്രം പഠിപ്പിക്കുന്നതിൽ അവർക്കുള്ള വൈദഗ്ദ്ധ്യം വിദ്യാർത്ഥിലോകത്തിൽ പ്രസിദ്ധമാകുന്നു. അന്നവർക്ക് നാല്പത്തഞ്ചുവയസ്സു പ്രായം കാണും. നല്ല ആരോഗ്യവും ദൃഢതയുമുള്ള ദേഹം. കറുത്ത നിറം. വട്ടമുഖം. മുത്തുമണികൾപോലെ വെളുത്ത പല്ലുകൾ. വെളുവെളെ നരച്ച തലമുടിയുടെ ഇടയിൽ അങ്ങുമിങ്ങുമായി ഒന്നുരണ്ടു കറുത്ത രോമങ്ങൾ കാണപ്പെട്ടിരുന്നു.

മേരിജോൺ അവിവാഹിതയായിട്ടാണ് ജീവിക്കുന്നതു്. വിവാഹം കൂടാതെ നിത്യകന്യകയായി ജീവിതം നയിപ്പാൻ തീരുമാനിച്ചതിന്നു പല കാരണങ്ങളും അവർ പറയാറുണ്ടു്. അവ ശരിയോ അല്ലയോ എന്നു് ആർക്കും അറിഞ്ഞുകൂടാ. എന്നാൽ ഏവർക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ഒരു കാരണമുണ്ടു്. അതു മററൊന്നുമല്ല. മിസ്സ് മേരിക്ക് പുരുഷന്മാരെ കണ്ടാൽ ഇന്നതെന്നു പറവാൻ കഴിയാത്ത എന്തോ ഒരു വെറുപ്പുണ്ടു്. ചില സമയങ്ങളിൽ അതു പുറത്തുകാണിക്കാതെ ഒതുക്കിനിറുത്തുവാൻ അവർ ശ്രമിക്കുകയും പതിവുണ്ടു്.

മെഡിക്കൽകോളേജിലെ വിദ്യാർത്ഥിനികളുടെ ഇടയിൽ ഞാൻ ഹസ്തരേഖാശാസ്ത്രത്തിൽ നിപുണയാണെ

നു പേരെടുത്തിരുന്നു. പലപ്പോഴും ഞാൻ സഹപാഠിനികളുടെ കൈനോക്കി ലക്ഷണം പറയാറുണ്ട്. ചിലരുടെയെല്ലാം കുടുംബചരിത്രങ്ങൾ അവരിൽനിന്നുതന്നെ കേട്ടറിഞ്ഞിരുന്നു. ആ അറിവിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് ഞാൻ ലക്ഷണം പറഞ്ഞിരുന്നത്. സ്വഭാവത്തിലുള്ള ഗുണദോഷങ്ങൾ, വിദ്യാഭ്യാസത്തിലുള്ള സാമർത്ഥ്യം മുതലായവയെക്കുറിച്ചു ഞാൻ പറയുന്ന ലക്ഷണങ്ങൾ കുറിക്കു കൊള്ളാറുണ്ട്. ഈ സൂത്രംകൊണ്ടാണ് ഞാൻ അവരുടെ അഭിപ്രായത്തിൽ ഒരു കൈനോട്ടക്കാരിയായത്. കാരണം എന്തായാലും കോളേജിൽ എനിക്കങ്ങനെ ഒരു പേർ കിട്ടി, നിശ്ചയം.

ഒരുദിവസം മേരിജോൺ എന്നെ അവരുടെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവരുടെ കാറിലുള്ള യാത്ര എനിക്കു രസകരമായി തോന്നി. അതിഥികളെ സല്ക്കരിക്കുന്നതിനുള്ള ഹാളിൽ ഞങ്ങൾ പല വിഷയങ്ങളെപ്പററിയും ഉല്ലാസപൂർവ്വം സംസാരിച്ചുകൊണ്ടിരുന്നു. അതിന്നിടയിൽ അവർ പറഞ്ഞു: "ശ്യാമളേ, നിനക്കു കൈരേഖാശാസ്ത്രം അറിയുമെന്നു ഞാൻ കേട്ടിട്ടുണ്ട്. നിൻെറ സാമർത്ഥ്യം ഞാനൊന്നു കാണട്ടെ. എൻെറ കയ്യൊന്നു പരിശോധിക്കൂ."

ഞാൻ ഈ വക പരീക്ഷകളിലൊന്നും ഭയപ്പെടുന്ന മട്ടുകാരിയല്ല. എനിക്കു നിഷ്പ്രയാസം സിദ്ധിച്ച പേർ കളഞ്ഞുകളിക്കുവാൻ ഇഷ്ടപ്പെടുന്നവളുമല്ല. പുഞ്ചിരിപൂണ്ട മുഖത്തോടുകൂടി ഞാൻ അവരുടെ ഇടത്തുകൈനോക്കി പല ലക്ഷണങ്ങളും പറഞ്ഞു: "നിങ്ങൾക്കു പുരുഷന്മാരുടെ പേ

രിൽ വലിയ വെറുപ്പാണു്. അതിന്നു തക്കതായ ഒരു കാരണവുമുണ്ടു്." എന്നു ഞാൻ കൂട്ടത്തിൽ തട്ടിവിട്ടു.

"ശ്യാമളേ, ഈ വെറുപ്പിന്നുള്ള കാരണം ശരിയായി പറഞ്ഞുവെങ്കിൽ നീ വാസ്തവമായും ഒരു ശാസ്ത്രജ്ഞതന്നെയാണെന്നു ഞാൻ വിശ്വസിക്കാം" മേരിജോൺ സോൽപ്രാസമായി പറഞ്ഞു.

"അതിന്നാണോ പ്രയാസം?" എന്നു മനസ്സിൽ അഹങ്കാരത്തോടുകൂടി ഞാൻ തുടൎന്നു: "ഞാൻ പറയുവാൻ പോകുന്ന കാൎയ്യത്തിൽ നിങ്ങൾക്കു പരിഭവം തോന്നരുതു്. നിങ്ങൾ ചെറുപ്പത്തിൽ ഒരു പ്രണയവഞ്ചനക്കു അധീനയായവളാണു്. അതാണു് ഇപ്പോൾ പുരുഷന്മാരിൽ അടച്ചു ദ്വേഷം തോന്നുവാൻ കാരണം"

മേരി ജോൺ പൊട്ടിച്ചിരിച്ചു. ധവളമായ പല്ലുകൾ പുറത്തുകാട്ടിക്കൊണ്ടു് പറഞ്ഞു: "ശ്യാമളേ, നിന്റെ രേഖാശാസ്ത്രം തനിച്ച 'ഹംബക്കു' ആണെന്നു എനിക്കു മനസ്സിലായി" ഇത്രയും പറഞ്ഞു് അവർ പെട്ടെന്നു്, അഗാധമായ എന്തോ ഒരു ചിന്തയിൽ മഗ്നയായതുപോലെ മുഖം കുനിച്ചു. ഞാൻ പറഞ്ഞ വാക്കുകൾ അവരുടെ മനസ്സിൽ പുകഞ്ഞു മറഞ്ഞു കിടക്കുന്ന എന്തോ ഒരു പഴയ ദുഃഖത്തിന്റെ സ്മരണയെ ഉദ്ദീപിപ്പിച്ചിരിക്കുമെന്നു ഞാൻ ഊഹിച്ചു.

"ഞാൻ തെറ്റായി വല്ലതും പറഞ്ഞുവെങ്കിൽ മാപ്പു തരണം" ഞാൻ അപേക്ഷിച്ചു.

"എനിക്കൊരു പരിഭവവുമില്ല. നിന്റെ വാക്കുകൾ എന്റെ മനസ്സിൽ വളരെക്കാലമായി കുടികൊള്ളുന്ന ര

ഹസ്യമായ ഒരു ദുഃഖാനുഭവത്തിൻെറ സ്മരണയുളവാക്കുവാൻ കാരണമായി" മേരിജോൺ അഭിപ്രായഗർഭമായി പറഞ്ഞു.

ഞാൻ ഒന്നും പറയാതെ ഇരിക്കുന്നതിന്നിടയിൽ അവർ തുടൎന്നു: "ശ്യാമളേ, നീ ഒരു ഡാക്കരാകുവാൻ പോകുന്നവളാകയാൽ ലോകാനുഭവങ്ങളെക്കുറിച്ചു കുറച്ചെല്ലാം അറിയുന്നതു നന്നായിരിക്കും. ലോകത്തിൽ പല കാരണങ്ങളാലും പലവിധം അത്ഭുതസംഭവങ്ങൾ നടക്കുക പതിവാണ്. അവയുടെ ഉദാഹരണങ്ങൾ നിന്നെപ്പോലെയുള്ള വിദ്യാൎത്ഥിനികൾക്കു സഹായകമായിരിക്കും. അതിന്നുവേണ്ടി എൻെറ മനസ്സിൽകിടക്കുന്ന ഒരു രഹസ്യത്തെക്കുറിച്ചു പറയുവാൻ വിചാരിക്കുന്നു. നീയതു സ്വകാൎയ്യമായി വെച്ചാലുംശരി, പരസ്യമാക്കിയാലുംശരി, എങ്ങിനെയായാലും ഞാൻ പറവാൻതന്നെ തീൎച്ചപ്പെടുത്തി."

"രഹസ്യം പരസ്യമാക്കുന്ന ദുസ്സ്വഭാവം എനിക്കില്ല." ഞാൻ അവരുടെ മുഖത്തു ദയനീയമായ നോക്കി.

മിസ്സ് മേരിജോൺ ദീൎഘമായൊന്നു നിശ്വസിച്ചുകൊണ്ടു പറയുവാൻ തുടങ്ങി:

"എൻെറ അമ്മയ്ക്കു ഞാൻ ഒടുവിലത്തെ മകളാണ്. എൻെറ മേലെയുള്ള രണ്ടുപേരും പുരുഷന്മാരാകുന്നു. മൂത്ത ജ്യേഷ്ഠനായ റോബൎട്ട്ജോൺ എൻെറ പത്താംവയസ്സിൽ ഒരു ദിവസം എന്തോ കാരണത്താൽ കോപിച്ചു വീട്ടിൽനിന്നു ചാടിപ്പോയി. രണ്ടാമത്തെ ജ്യേഷ്ഠനായ ആൻറണിജോണുമായിട്ടാണ് എനിക്കധികം ഇടപഴകേണ്ടിവന്നത്. കുട്ടിക്കാലത്തുതന്നെ എനിക്കദ്ദേഹത്തിൻെറ പേരിൽ

വെറുപ്പുതോന്നിയിരുന്നു. സകാരണമായും അകാരണമായും അദ്ദേഹമെന്നെ ദ്വേഷിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ദുശ്ശീലവും സ്വാൎത്ഥതല്പരതയും കണ്ടുകണ്ടു് എനിക്കു വല്ലാത്ത വെറുപ്പുതോന്നി.

എനിക്കു പതിനാലുവയസ്സു പ്രായമായപ്പോഴം ആൻറണി ഡാക്ടർ ബിരുദംനേടി. അന്നു കോയമ്പത്തൂരിൽ വലിയ ധനികനായിരുന്ന റോബെട്ടു് സുന്ദരത്തിൻെറ ഏകപുത്രിയായ ലില്ലിയെ ജ്യേഷ്ഠൻ കല്യാണംകഴിച്ചു. ജാമാതാവിൻെറ സഹായത്താൽ അവിടെ ഒരു ആസ്പത്രി സ്ഥാപിച്ചു് പ്രാക്ടീസുചെയ്യാനും തുടങ്ങി. റോബെട്ടു് സുന്ദരത്തിൻെറ ഓമനമകളായിരുന്നു ലില്ലി. വേറെ സന്താനമൊന്നുമില്ലായ്കയാൽ തൻെറ വമ്പിച്ച സ്വത്തുമുഴുവനും അദ്ദേഹം ലില്ലിയുടെപേൎക്കു് ഒസ്യത്തെഴുതിവെച്ചു.

എൻെറ മാതാപിതാക്കന്മാർ സന്നിപാതജ്വരം പിടിപെട്ടു പെട്ടെന്നു മരിച്ചുപോയി. എനിക്കു ലോകത്തിൽ ആരും ശരണമില്ലെന്നായി. തീരെ ഇണക്കമില്ലാത്ത ആൻറണിയുടെ കൂടെത്തന്നെ താമസിച്ചു കാലംകഴിക്കുവാനുള്ള ദുൎയ്യോഗം എനിക്കു വന്നുചേൎന്നു.

ക്രൂരസ്വഭാവനായ ആൻറണിയുടെ ഗൃഹത്തിൽ ചെന്നാൽ എങ്ങനെയാണു് ജീവിക്കുക എന്ന ഭയം എന്നെ പിടികൂടി. ആൻറണിയുടെ ഭാൎയ്യയായ ലില്ലി ഒരു ക്രൂരരാക്ഷസിയാകുമെന്നു ഞാൻ വിചാരിച്ചു. കല്യാണം നടന്നകാലത്തു് അവരുമായി അടുത്തുപരിചയിക്കുവാൻ ഇടയാകാതിരുന്നതിനാൽ എനിക്കങ്ങനെയൊരു വിചാരം ഉണ്ടായതാണു്. കോയമ്പത്തൂരിൽ ചെന്നപ്പോഴം എന്നെ

സ്വീകരിപ്പാൻ ഗൃഹദ്വാരത്തിൽ ലില്ലി തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു. അവരുമായി അല്പദിവസം ഇടപഴകിയതോടുകൂടി ലില്ലിയുടെ മനസ്സ് ലില്ലീപുഷ്പംപോലെ നിഷ്കളങ്കമാണെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു.

ഏറെത്താമസം വേണ്ടിവന്നില്ല, ഞാനും ലില്ലിയും ഏകോദരസഹോദരിമാരെപ്പോലെ പരസ്പരം സ്നേഹിതമാരായിതീൎന്നു. ജ്യേഷ്ഠൻ എന്നെ കോയമ്പത്തൂരിലെ ഗേൾസ് ഹൈസ്കൂളിൽ കൊണ്ടുപോയി ചേൎത്തു. ലില്ലിക്കു നാട്ടുഭാഷ എഴുതാനും വായിപ്പാനും അറിഞ്ഞിരുന്നതല്ലാതെ വലിയ പഠിപ്പൊന്നും ഉണ്ടായിരുന്നില്ല.

അക്കാലത്തു കോയമ്പത്തൂരിൽ അധികം ഡാക്ടർമാരൊ ആസ്പത്രികളോ ഉണ്ടായിരുന്നില്ല. ഉള്ള ഡാക്ടർമാൎക്കു പിടിപ്പതു സമ്പാദ്യം കിട്ടിയുമിരുന്നു. ഡാക്ടർ ആൻറണിക്കു വരുമാനത്തിന്ന് ഒരു കുറവുമുണ്ടായിരുന്നില്ല. രാവിലെ ഏഴുമണിക്കു വീട്ടിൽനിന്നു പുറത്തുപോയാൽ ഉച്ചതിരിഞ്ഞ് ഒരുമണിക്കേ അദ്ദേഹത്തിന്നു മടങ്ങി എത്തുവാൻ സാധിക്കാറുള്ളു. പുറത്തേയ്ക്കു പോകുന്ന സമയത്തു വലിയ കോലാഹലം നടക്കും. ലില്ലി അതിജാഗ്രതയോടുകൂടി ഭൎത്താവിൻെറ പുറപ്പാടിന്നുള്ള സാമഗ്രികൾ തയ്യാറാക്കും. ബൂട്ട്സ് മുതലായ ഉപകരണങ്ങൾ സ്വന്തം കൈകൊണ്ടുതന്നെ അവർ എടുത്തുകൊണ്ടുപോയികൊടുക്കും.

ഒരുമണിക്കു ഭൎത്താവു മടങ്ങിവരുന്നതുവരെ വിശന്നു വലഞ്ഞുംകൊണ്ട് ലില്ലി കാത്തിരിക്കും. അദ്ദേഹം വന്ന് ഊണു കഴിച്ചതിന്നുശേഷമേ അവർ ജലപാനംകൂടി ചെയ്യു

യുള്ളു. സ്ത്രീധമ്മത്തെ അനുഷ്ഠിക്കുന്നതിൽ പതിവ്രതയായ ഒരു ഹൈന്ദവസ്ത്രീയെപ്പോലും ലില്ലി അതിശയിച്ചിരുന്നു. എന്നാൽ അവർ ധമ്മബുദ്ധിയോടുകൂടി ചെയ്യുന്ന പരിചയ്യകളെക്കുറിച്ച് ആൻറണിക്കു ലേശംപോലും മതിപ്പു തോന്നിയിരുന്നില്ല. അവർ ചെയ്യുന്ന ശുശ്രൂഷകളെ അവളുടെ കത്തവ്യം എന്നനിലയ്ക്കാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. പലപ്പോഴും അലക്ഷ്യമായും മയ്യാദകൂടാതെയും ആൻറണി ഭായ്യയോടു സംസാരിക്കുന്നതു കേൾക്കാം. മററൊരു സ്ത്രീയാണെങ്കിൽ അതു കേട്ടുകൊണ്ടിരിക്കയില്ല നിശ്ചയം. ഞാൻ വിചാരിച്ചിരുന്നു: 'ഈ കള്ളക്കാട്ടാളനു് തൻെറ ജീവനെ സമപ്പിക്കുവാനൊരുങ്ങിയ ലില്ലിതീച്ചയായും ദൈവത്താൽ ശപിക്കപ്പെട്ടവൾ തന്നെ!'

ഒരു ദിവസം ഞാൻ നേരമ്പോക്കായി ലില്ലിയോടു ചോദിച്ചു: "പ്രിയസോദരി, ജ്യേഷ്ഠനെ നിങ്ങൾ കണക്കിലധികം ഭയപ്പെടുന്നുവല്ലോ. ജ്യേഷ്ഠൻ നാലുമൈൽ അകലത്തെത്തുമ്പോഴേക്കുതന്നെ നിങ്ങളുടെ ഹൃദയം കിടുകിടവിറക്കുന്നു. നിങ്ങളെപ്പോലെ ഒരുവളെ ഞാൻ സ്ത്രീലോകത്തിൽ കണ്ടിട്ടില്ല"

ലില്ലി പുഞ്ചിരിയോടുകൂടി മറുപടിപറഞ്ഞു: "പ്രിയപ്പെട്ട മേരി, അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനേക്കാൾ അധികം ആനന്ദകരമായി എനിക്കു മററൊന്നുമില്ല. ഭത്താവിൻെറ മനസ്സിൽ സന്തോഷമുണ്ടാക്കുകയാണ് ഒരു ഉത്തമസ്ത്രീയുടെ കത്തവ്യമെന്നു എനിക്കു നല്ലപോലെ അറിയാം"

"ആട്ടെ, ഞാനൊന്നുചോദിച്ചോട്ടെ. ഉത്തമനായ

ഒരു ഭൎത്താവിന്നു തന്റെ ഭാൎയ്യയോടും ചില കൎത്തവ്യങ്ങളൊക്കെ ഇല്ലേ?”

“ഇല്ലെന്നു ഞാൻ പറഞ്ഞില്ലല്ലോ”

“ലില്ലി, നിങ്ങൾക്കും നിങ്ങളുടെ ഭൎത്താവിന്നുമിടയിൽ സ്വഭാവത്തിൽ അഗാധമായ ഒരുൾക്കടൽ കിടക്കുന്നുണ്ട്. യഥാൎത്ഥത്തിൽ നിങ്ങൾ ചെയ്യുന്ന ശുശ്രൂഷകളെ സ്വീകരിപ്പാൻ ആൻറണിക്ക് അൎഹതയില്ല” അല്പം കടുത്തസ്വരത്തിലാണ് ഞാനിതുപറഞ്ഞത്.

“മേരി, നീ സൽസ്വഭാവമുള്ളവളാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തെക്കുറിച്ചു നീ പറഞ്ഞ അഭിപ്രായം എന്റെ മനസ്സിനെ ശല്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ചിലവിൽ ഇരുന്നുംകൊണ്ട് നീ ഇങ്ങനെ സംസാരിച്ചതു ദൈവം സഹിക്കുകയില്ല. മേലിൽ എന്നോടു ഇത്തരം വാക്കുകൾ പറയുന്നതായാൽ ഞാൻ നിന്റെ മുഖത്തുനോക്കുകപോലും ചെയ്കയില്ല. വിവേകമില്ലാത്ത ഒരു കുട്ടിയാണല്ലോ എന്നുകരുതി ഇപ്പോൾ പറഞ്ഞതിന്നു മാപ്പുതരാം” ലില്ലിയുടെ സ്വരംഉയൎന്നു.

ഞാൻ ആകപ്പാടെ നടുങ്ങിപ്പോയി. ഞാൻ പറഞ്ഞതെങ്ങാനും അവർ ജ്യേഷ്ഠന്റെ അടുക്കൽ പറഞ്ഞുവെങ്കിൽ എന്റെ ഗതി എന്താകുമെന്നു എനിക്കുഭയംതോന്നി. പക്ഷെ, ഗുണവതിയായ ലില്ലി അങ്ങിനെചെയ്തില്ല. ഈ സംഭവത്തിന്നുശേഷം ലില്ലിയുമായി സംസാരിക്കുമ്പോൾ ഞാൻ വളരെ കരുതലോടുകൂടിയേ വാക്കുകൾ പ്രയോഗിക്കാറുള്ളു.

ഞാൻ മട്രിക്കുലേഷൻപരീക്ഷയിൽ വിജയിനിയായി. ഉടനെ ഉപരിവിദ്യാഭ്യാസത്തിനായി ആൻറണി എന്നെ മദ്രാസ്സിലേയ്ക്കയച്ചു. പഠിപ്പിൽതന്നെ എപ്പോഴും മനസ്സിരുത്തിക്കൊണ്ടിരിപ്പാൻ ഞാൻ നിഷ്കർഷയായി. എങ്കിലും ലില്ലിയെക്കുറിച്ച് ഒരിക്കലും എനിക്കു സ്മരിക്കാതിരിപ്പാൻകഴിഞ്ഞില്ല. ചെറിയ കുട്ടികൾ എഴുതുന്നതുപോലെയുള്ള എഴുത്തുകൾ ലില്ലി എനിക്കയയ്ക്കാറുണ്ട്. ഞാനവയ്ക്കെല്ലാം മറുപടിയും എഴുതാറുണ്ട്. കുട്ടികൾ നിഷ്കളങ്കമായ സ്നേഹത്തെ പ്രദർശിപ്പിക്കുന്നതുപോലെ ലില്ലി തൻെറ എഴുത്തുകളിൽ നിർവ്യാജമായ സ്നേഹവാത്സല്യങ്ങൾ കാണിച്ചിരുന്നു. പഠിപ്പുകൊണ്ട് അവർ എന്നോടൊക്കാൾ വളരെതാഴെയാണ്. പക്ഷേ അവരുടെ എഴുത്തുകളിൽ ഓളംതുളുമ്പുന്ന സ്നേഹാതിശയം എൻെറ മറുപടികളിൽ കാണുകയില്ല.

ആൻറണി എൻെറ പഠിപ്പിനുള്ള ചിലവുവകക്കു മാസംതോറും പണമയച്ചുകൊണ്ടിരുന്നു. എന്നാൽ പഠിപ്പിൽ മനസ്സിരുത്തേണ്ടതിനെക്കുറിച്ച് അദ്ദേഹം ദുർല്ലഭമായെ എഴുതിയിരുന്നുള്ളു. ഞാനങ്ങോട്ടും ആ രീതിതന്നെ തുടർന്നുവന്നു. ഒന്നാമത്തെ കൊല്ലം കോളേജുപൂട്ടിയപ്പോൾ കോയമ്പത്തൂരിൽചെന്നു ഞാൻ ലില്ലിയെ കാണുകയുണ്ടായി. കണ്ടപ്പോൾ എനിക്കുണ്ടായ വ്യസനം പറഞ്ഞറിയിപ്പാൻ പ്രയാസം. കൊല്ലം ഒന്നേ കഴിഞ്ഞുള്ളുവെങ്കിലും ലില്ലി ഒരു പതിനഞ്ചുവയസ്സു പ്രായംകൂടിയതുപോലെ വാടിപ്പോയിരുന്നു. ഇത്രയധികം ക്ഷീണിക്കുവാൻ കാരണമെന്തെന്നു ഞാൻ ചോദിക്കാതിരുന്നില്ല: "ദേഹത്തിന്നെ

ന്തോ നല്ല സൗഖ്യമില്ല." എന്നു മാത്രമായിരുന്നു മറുപടി.

എന്നാൽ ആ ഒഴിവുകാലത്തെ താമസത്തിന്നിടയിൽ ജ്യേഷ്ഠൻെറ നടവടിയിൽ സംഭവിച്ച ഒരു വലിയ മാററം ഞാൻ കണ്ടുപിടിച്ചു. അദ്ദേഹം അടിക്കടി നാഗപട്ടണത്തിലേയ്ക്കു പോയ്ക്കൊണ്ടിരുന്നു. നാഗപട്ടണത്തിൽ ജ്യേഷ്ഠനെന്താണു് കാൎയ്യം എന്നു ഞാൻ ലില്ലിയോടു ചോദിച്ചു. അവിടെ ഒരു വീട്ടുപണയമായി അദ്ദേഹം കുറെസംഖ്യ കടംകൊടുത്തിട്ടുണ്ടെന്നും, അതുസംബന്ധിച്ച കാൎയ്യങ്ങൾക്കു് അടിക്കടി നാഗപട്ടണത്തിലേയ്ക്കു പോകേണ്ടിവരുന്നുവെന്നും ലില്ലി എന്നോടുപറഞ്ഞു.

കോളേജുതുറന്നപ്പോഴെയ്ക്കും ഞാൻ മദ്രാസ്സിലേയ്ക്കുതന്നെ തിരിച്ചുപോയി. ആ കൊല്ലവും ആദ്യത്തെ കൊല്ലംപോലെതന്നെ കഴിഞ്ഞുകൂടി. വൎഷാന്തപരീക്ഷകഴിഞ്ഞു കോയമ്പത്തുരിൽ ഞാൻ വന്നുചേൎന്നപ്പോൾ ലില്ലി രോഗശയ്യയിൽ കിടക്കുന്നതായിട്ടാണു് കണ്ടതു്. അവർ ക്ഷയരോഗത്താൽ പീഡിതയായി കിടക്കുകയാണെന്നറിഞ്ഞു് ഞാൻ അത്യധികം വ്യസനിച്ചു.

ഞാൻ ലില്ലിയുടെ ശയ്യയ്ക്കരികിൽ ചെന്നിരുന്നു വളരെ വ്യസനത്തോടുകൂടി: "ഗുണവതിയായ നിങ്ങൾക്കു് ഇങ്ങനെ ഒരു രോഗം വന്നുവല്ലോ" എന്നുപറഞ്ഞതിന്നു ലില്ലിയുടെ മറുപടി ഇതായിരുന്നു: "എല്ലാം ദൈവകല്പിതംപോലെനടക്കും. ഒട്ടും പരിഭ്രമിക്കാനില്ല. നീ പരീക്ഷയ്ക്കു നല്ലവണ്ണം എഴുതിയില്ലേ?"

ഞങ്ങൾ താമസിച്ചിരുന്ന വീട്ടിൽ ഒരു കുളിമുറിയുണ്ടായിരുന്നു. ഒരു ദിവസം കാലത്തു ഞാൻ ആ കുളിമുറി

യിൽ കുളിക്കുവാൻപോയി. മുറിയുടെവാതിൽ അകത്തുനി ന്നു സാക്ഷയിട്ടിരുന്നതായി കാണപ്പെട്ടു. ആരും കുളിക്കു ന്നശബ്ദം കേൾക്കാതിരുന്നതിനാൽ അകത്താരാണെന്നുള്ളതെ ന്നു ഞാൻ വാതിൽപ്പഴുതിലൂടെ എത്തിനോക്കി. അ പ്പോൾ ജ്യേഷ്ഠൻ ആൻറണി ഏതോ ഒരെഴുത്ത് വെള്ളം ചൂടുപിടിപ്പിക്കുന്നതിനുള്ള അടുപ്പിൽവെച്ച് തീ കത്തി ക്കുന്നതായികണ്ടു. ഞാൻ അത്ഭുതപ്പെട്ടുപോയി. അദ്ദേ ഹം ഗൂഢമായിചെയ്യുന്ന ഈ പ്രവൃത്തി ഞാൻ നോക്കുന്നു ണ്ടെന്ന് അറിഞ്ഞാൽ അദ്ദേഹം കോപിക്കുമെന്നുഭയപ്പെട്ടു നിശ്ശബ്ദമായി ഞാനവിടെനിന്നു മടങ്ങിപ്പോന്നു. ജ്യേഷ്ഠൻ പുറത്തുവന്നഉടനെ ഞാൻ തിടുക്കപ്പെട്ടുകൊണ്ട്. കുളിമുറി യിലേയ്ക്കുചെന്നു. ചിതറിക്കിടന്നിരുന്ന വിറകുകൊള്ളികൾ പെറുക്കി സൂക്ഷ്മമായി ഒരു പരിശോധന നടത്തിയപ്പോൾ ഏതാനും കത്തിപ്പോയ ഒരു കടലാസ്സുകാണപ്പെട്ടു. അ തൊരു കത്തായിരുന്നു. തുടിക്കുന്ന ഹൃദയത്തോടുകൂടി കുളി മുറിയുടെ വാതിൽ അകത്തുനിന്നടച്ച് ഞാൻ ആ കത്തു വായിച്ചു:

“പ്രേമമേ,

നമുക്കിങ്ങനെ എത്രകാലം പിരിഞ്ഞിരിക്കേണ്ടിവ രും? നമ്മുടെ ജീവിതമാർഗ്ഗത്തിൽ കുത്തുമുള്ളുകൾ തറച്ചി രിക്കുന്ന ലില്ലിയുടെ ബാധയൊഴിക്കുവാൻ ഒരു വഴിയുമി ല്ലേ? അന്നു ഞാൻ പറഞ്ഞതുപോലെ ‘ആർസനിക്’ ഉ പയോഗിച്ചിട്ടെങ്കിലും കഥകഴിച്ചുകൂടയോ? എങ്ങനെയാ യാലും അവൾ അധികകാലം ജീവിപ്പാൻ പോകുന്നില്ല. ഈ സംഗതി ആരും അറിവാനിടയാകാതെ ഈ എഴുത്തു

കിട്ടിയ ഉടനെ നശിപ്പിച്ചേക്കണം. മറുപടിക്കു കാത്തു കൊണ്ടു്,

കോമളം"

എഴുത്തു വായിച്ചുതീൎന്നപ്പോഠം ലോകം ആകപ്പാടെ ചുററിക്കറങ്ങുന്നതുപോലെ എനിക്കുതോന്നി. ആൻ്റണി നാഗപട്ടണത്തിലേയ്ക്കു പോകുന്നതിൻെറ രഹസ്യം വ്യക്തമായി.

അതാ ജ്യേഷ്ഠൻ വിളിക്കുന്നു! എനിക്കു പരിഭ്രമം കലശലായി. എന്താണു ചെയ്യേണ്ടതെന്നറിയാതെ മനസ്സു കിടന്നു പിടയ്ക്കുവാൻതുടങ്ങി. കയ്യിലുണ്ടായിരുന്ന എഴുത്തു് അടുപ്പിനടുത്തുള്ള ഒരു പിഞ്ഞാണപ്പെട്ടിയിൽ ശ്രദ്ധയായി വെച്ചു് ഞാൻ ജ്യേഷ്ഠൻെറ അടുക്കലേയ്ക്കു് ഓടി. പിന്നീടു ചെന്നുനോക്കിയപ്പോഠം ആ എഴുത്തു കണ്ടെത്തുവാൻ കഴിഞ്ഞില്ല. പെട്ടിയിൽ അനേകം ഒഴിഞ്ഞ കുപ്പികഠം അടുക്കിവെച്ചിട്ടുണ്ടായിരുന്നു. എഴുത്തു് അവയുടെ അടിയിൽ പെട്ടതുകൊണ്ടു് കണ്ടെത്തിയില്ല. പോകട്ടെ. ഇനിയൊരിക്കൽ തിരഞ്ഞുനോക്കാം എന്നു കരുതി ഞാൻ മൗനം ഭജിച്ചു.

ലില്ലിയുടെ രോഗം ക്രമത്തിൽ അധികമായി വന്നു. ചുമയ്ക്കുമ്പോഠം കഫവും ചോരയുംകൂടി ധാരാളം പുറത്തു വന്നിരുന്നു. അവരുടെ ആ കഷ്ടാവസ്ഥ കണ്ടുകൊണ്ടിരിപ്പാൻ എനിക്കു വയ്യാതെയായി: "ദൈവമേ! ശുദ്ധഹൃദയയായ ലില്ലിയെ കഴിയുന്ന വേഗത്തിൽ അവിടത്തെ തൃപ്പാദങ്ങളിൽ ചേൎക്കേണമേ" എന്നു ഞാൻ ദിവസന്തോറും പ്രാൎത്ഥിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം രാത്രി സമയം മൂന്നുമണിയായി. എന്തുകാരണത്താലോ, എനിക്കു് ഉറക്കംവന്നില്ല. പെട്ടെന്നു് എന്തോ ഒരു ശബ്ദംകേട്ടു് ഞാൻ കിടക്കുന്നിടത്തുനിന്നു് എഴുന്നേററിരുന്നു. എൻെറ കിടപ്പറയുടെ അടുത്തായിരുന്നു ആൻറണിയുടെ ഡിസ്പെൻസറിമുറി. ചെറിയകുപ്പികഠം 'ടക്‌ ടക്' എന്നിങ്ങനെ മേശപ്പുറത്തു വെയ്ക്കുന്ന ശബ്ദം കേഠംക്കുമാറായി. മെഡിക്കൽ കോളേജിൽ പഠിക്കുന്ന എനിക്കു്, എന്തോ ഒരു മരുന്നു തയ്യാറാക്കുന്ന ഒരു ശബ്ദമാണു് ആ കേട്ടതെന്നു് അറിവാൻ പ്രയാസമുണ്ടായില്ല അദ്ധരാത്രിയിൽ അത്ര അടിയന്തരമായി മരുന്നുതയ്യാറാക്കുന്നതു കണ്ടപ്പോഠം 'അതു് ആക്കുവേണ്ടിയായിരിക്കും' എന്നു ഞാൻ തന്നത്താൻ ചോദിച്ചു. ഒരുപക്ഷെ ലില്ലിക്കുവേണ്ടിയായിരിക്കുമോ? അങ്ങിനെയാകുന്നതായാൽ...........' എൻെറ ഉടൽ നഖശിഖാന്തം വിറച്ചു. ഞാൻ എന്തുചെയ്യണമെന്നറിയാതെ ഒരു പ്രതിമപോലെ നിശ്ചലയായി തീൎന്നു.

അല്പനിമിഷങ്ങഠംക്കുള്ളിൽ ആൻറണി ആ മുറിയിൽനിന്നു പുറത്തേയ്ക്കുപോകുന്നതായി കാൽപ്പെരുമാററം കൊണ്ടു് മനസ്സിലാക്കി. അപ്പോഠം ഞാൻ വളരെ വെമ്പലോടുകൂടി എഴുന്നേററു് മുറിയിലേയ്ക്കു ചെന്നു. മേശയ്ക്കരികിൽചെന്നു മങ്ങിയവെളിച്ചത്തിൽ മേശപ്പുറത്തിരിക്കുന്ന കുപ്പികളും ട്യൂബുകളും ഞാൻ സൂക്ഷിച്ചുനോക്കി. ഒരു ട്യൂബുനോക്കിയപ്പോഠം അതിന്മേൽ 'അർസനിക്' എന്നു് എഴുതിയിരിക്കുന്നതു കാണപ്പെട്ടു. അർസനിക എന്നതു് ഒരു വിഷദ്രാവകമാണല്ലോ. അടക്കുവാൻവയ്യാത്ത അമ്പരപ്പോടുകൂടി ഞാൻ ആ ട്യൂബും കയ്യിലെടുത്തു ലില്ലിയുടെ കിടപ്പറയിലേയ്ക്കുകുതിച്ചു. അപ്പോഠം ലില്ലി ശയ്യ

യിൽകിടന്നുകൊണ്ടു് ഒരു ഔൺസുഗ്ലാസ്സിലുള്ള മരുന്നുകുടിക്കുന്നതായും ആൻറണി അതുനോക്കിക്കൊണ്ടു് അട്ടക്കൽ നില്ക്കുന്നതായുംകണ്ടു. ആ കാഴ്ചകണ്ടു ഞാൻ സ്തംഭിച്ചു പോയി.

'ജ്യേഷ്ഠാ', ഞാൻ അമർഷംകാരണം തന്നത്താനറിയാതെ ഉറക്കെ വിളിച്ചുപോയി. ആൻറണിയും ലില്ലിയും എന്നെ ഒരേസമയത്തുതന്നെ നോക്കി. ആൻറണി അപ്പോൾ അന്ധനായിനിന്നുപോയി. ലില്ലിചോദിച്ചു: "മേരി, എന്തുവേണം നിനക്കു്"

അവിടെ അധികം സംസാരിക്കുവാൻ നിറുത്താതെ ജ്യേഷ്ഠൻ എന്നെ പതുക്കെപിടിച്ചു മുറിയുടെപുറത്തേയ്ക്കു കൊണ്ടുപോയി. ഞാൻ അരിശത്തോടെ ചോദിച്ചു: "ജ്യേഷ്ഠാ, നിങ്ങൾ ചെയ്തതു ന്യായമായോ? ദൈവം നിങ്ങളെ എന്നെന്നും നരകത്തിൽ ആഴ്ത്തുകയില്ലേ? ഈ ക്രൂരകർമ്മം കാണുന്നതിന്നു ഞാൻകൂടി ഇവിടെവന്നുവല്ലോ" ഞാൻ തലയ്ക്കടിച്ചു തേങ്ങിത്തേങ്ങി കരയുവാൻതുടങ്ങി.

"മേരി, മേരി! ലില്ലി വ്യാധികൊണ്ടു കഷ്ടപ്പെട്ടുന്നതുകണ്ടു സഹിക്കാതെ ഞാനവൾക്കു് ഈ മരുന്നുകൊടുത്തതാണു്. എനിക്കു മാപ്പുതരണം. അങ്ങോട്ടു തിരിഞ്ഞു നോക്കരുതു്" ആൻറണി മുതലക്കണ്ണീരൊഴുക്കികെഞ്ചി.

കാലത്തു പത്തുമണിക്കു ലില്ലി ഇഹലോകവാസം ഉപേക്ഷിച്ചു.

ലില്ലിയുടെശവം അടക്കംചെയ്തതിൻെറ നാലാംദിവസം വൈകുന്നേരം വീട്ടിലെ വേലക്കാരൻ നിലവിളിച്ചുംകൊണ്ടു് ഓടിവന്നു് ആൻറണിയെ പോലീസുകാർ അറസ്റ്റ് ചെയ്തു കൊണ്ടുപോയതായി അറിയിച്ചു. അതുകേട്ടു് എ

നിക്ക് തലയിൽ ഇടിത്തീവീണതുപോലെതോന്നി. ഏറെത്താമസിയാതെ സംഗതിയെല്ലാം വ്യക്തമായി.

കുളിമുറി വെടുപ്പാക്കുന്നതിന്നുവേണ്ടി വേലക്കാർ ഒഴിഞ്ഞകുപ്പികൾ നിറച്ചുവെച്ചിരുന്ന പീഞ്ഞപ്പെട്ടി പുറത്തെടുത്തിട്ടു. പെട്ടിയിലുള്ള കുപ്പികളെല്ലാം പെട്ടവിലയ്ക്ക് അങ്ങാടിയിൽകൊണ്ടുപോയി വില്ക്കുവാൻ ആൻറണി ആജ്ഞാപിച്ചു. കുപ്പികൾനിറച്ച പെട്ടിയിൽ ഒരു കടലാസ്സ് ഒട്ടിപ്പിടിച്ചിരിക്കുന്നതായികണ്ടു സംശയംതോന്നി അതുവാങ്ങിയ കച്ചവടക്കാരൻ ആ കത്ത് പോലീസിലേയ്ക്കയച്ചു. പോലീസുകാർ സംശയിച്ച് അറസ്റ്റ്ചെയ്യുകയുംചെയ്തു. അടക്കംചെയ്തിരുന്ന ലില്ലിയുടെശവം പോലീസുകാർ തോണ്ടിയെടുത്തു പരിശോധിച്ചതിൽ വിഷംനിമിത്തമാണ് അവൾ മരിച്ചുപോയതെന്നു സ്പഷ്ടമായി തെളിഞ്ഞു.

അധികംപറയേണ്ടതില്ലല്ലോ. ലില്ലിയെ വിഷംകൊടുത്തുകൊന്നകുററത്തിന്നു ഡാക്ടർ ആൻറണിയുടെപേരിൽ കേസ്സുനടന്നു. കേസ്സിൽ ആൻറണി കുററക്കാരനാണെന്നു തെളിയുകയാൽ അദ്ദേഹത്തെ നാടുകടത്താൻ വിധിക്കുകയുംചെയ്തു.

അവസാനമായി ഞാൻ ജയിലിൽവെച്ച് ആൻറണിയെകണ്ടപ്പോൾ അദ്ദേഹം പറഞ്ഞതിതാണ്: "മേരി, ഞാൻ ചെയ്തപാപത്തിന്നു തക്കശിക്ഷയാണ് എനിക്കു ലഭിച്ചത്. എനിക്കുവേണ്ടി നീ ദൈവത്തോടു പ്രാർത്ഥിക്കണം" ഇതുപറയുമ്പോൾ ജ്യേഷ്ഠൻെറ കണ്ണുകളിൽനിന്ന് ഇററുവീണ കണ്ണീർത്തുള്ളികൾ കൃത്രിമമായിരുന്നില്ലെന്നെനിക്കുതോന്നി.

ഞാൻ നിരാധാരയായി. ഞങ്ങളുടെ ബിഷപ്പ് എ

ന്നെ സമാധാനിപ്പിക്കുകയും, എൻെറ പഠിപ്പുതുടരുവാൻ വേണ്ടസഹായങ്ങൾ ചെയ്തുതരികയും ചെയ്തു. ഞാൻ വളരെ ശ്രദ്ധയോടുകൂടി പഠിക്കുകയാൽ ഗവൎമ്മെണ്ടുസ്കോളർഷിപ്പുവാങ്ങി വൈദ്യവിദ്യാഭ്യാസം അവസാനിപ്പിച്ചു.

ഞാൻ നല്ലസ്ഥിതിയിൽ എത്തിച്ചേൎന്നതുകണ്ടപ്പോൾ പലയുവാക്കളും എൻെറഅടുക്കൽ പ്രേമയാചനയോടുകൂടി വരികയുണ്ടായി. പക്ഷെ ആ ദുഃഖകരമായ സംഭവത്തിന്നു ശേഷം പുരുഷജാതിയോടടച്ച് എനിക്കൊരുവിധം വെറുപ്പുണ്ടായി. പുരുഷന്മാരെല്ലാം എൻെറ ജ്യേഷ്ഠനെപ്പോലെ ക്രൂരഹൃദയന്മാരായ കിരാതന്മാരാണെന്നബോധം എൻെറമനസ്സിൽ അഗാധമായിപതിഞ്ഞു. ഇതാണ് ഞാൻ നിത്യകന്യകയായി കാലംകഴിക്കുന്നതിൻെറ കാരണം.

* * * *

ഒട്ടും ക്ഷോഭംകൂടാതെ ഈ കഥ മുഴുവൻകേട്ടതിന്നു ശേഷം ഞാൻ മേരിജോണിനോടു പറഞ്ഞു: "എല്ലാപുരുഷന്മാരും ഒരു പോലെയല്ല. പാപികൾ പുരുഷന്മാരിലുമുണ്ടാകും, സ്ത്രീകളിലുമുണ്ടാകും. എന്നാൽ ഇരുകൂട്ടരിലും ചിലർ ഗുണവാന്മാരായും ഗുണവതികളായും ഉണ്ടായിരിക്കും"

"ഉണ്ടായിരിക്കാം. ഒരാൾക്ക് അമൃതമായിത്തോന്നുന്ന സാധനം മററൊരാൾക്കു വിഷമാണെന്നുവരാം. അഭിപ്രായഭേദങ്ങൾ ലോകത്തിൽ സഹജമാകുന്നു. പക്ഷെ, എൻെറ അഭിപ്രായം ഒരിക്കലും മാറീട്ടില്ല; മാറാൻ പോകുന്നതുമില്ല. പുരുഷവൎഗ്ഗത്തെ ഞാനൊരിക്കലും വിശ്വസിക്കയില്ല" മേരിജോൺ തൻെറ ഖണ്ഡിതമായ അഭിപ്രായം തുറന്നുപറഞ്ഞു.

# ഇല്ലാപ്പാട്ട്

"വല്ലാത്തൊരുകാലം! എല്ലാററിന്നും ക്ഷാമം. പുറമെപോയാൽ ജോലിയില്ല; വീട്ടിലായാൽ പണമില്ല; പത്രങ്ങളിൽ സ്ഥലവുമില്ല! ഛീ! മഹായുദ്ധത്തിൻെറ ഫലമായുണ്ടായ ഈ ഇല്ലാപ്പാട്ട് എന്നാണാവോ തീരുക?" സുകുമാരൻ പരിതപിച്ചു.

"ഇന്നൊരെഴുത്തുവന്നുവല്ലോ. അതിലെന്താണ് എഴുതിയിരിക്കുന്നതു്?" എന്നുചോദിച്ചുകൊണ്ടു് ഭാൎയ്യ ഭാൎഗ്ഗവി അയാളുടെ അടുത്തുവന്നുനിന്നു.

"എന്തെഴുതുവാനാണ്? യുദ്ധംകാരണം കടലാസ്സിനുള്ള ക്ഷാമത്താൽ പത്രങ്ങളിൽ സ്ഥലംതീരെ ഇല്ലാതായിരിക്കുന്നു. അതിനാൽ എൻെറ ചെറുകഥ പ്രസിദ്ധപ്പെടുത്തുവാൻ സ്ഥലമില്ലെന്നുപറഞ്ഞു 'കഥാമാലിക' പത്രാധിപർ അതു മടക്കി അയച്ചിരിക്കയാണ്."

"ശ്രീ സുബ്രഹ്മണ്യഭാരതി മുതലായവൎക്കെല്ലാം പത്രത്തിൽ വേണ്ടുവോളം സ്ഥലമുണ്ടു്. നിങ്ങൾക്കുമാത്രം അതില്ലാതായോ? പത്രാധിപരെന്താണ് ഇങ്ങനെ പന്തിയിൽ സിദ്ധാന്തം കാണിക്കുന്നതു്?"

"അതെന്നോടു ചോദിച്ചിട്ടുഫലമുണ്ടോ? പത്രാധിപരോടുതന്നെ ചോദിക്കണം" സുകുമാരൻ ഒരു നെടുവീൎപ്പോടുകൂടി ചാരുകസാലയിൽ ചാഞ്ഞു.

സുകുമാരൻ പുതിയകഥാകൃത്തുകളിൽ ഉയൎന്നുവരുന്ന

ഒരു യുവാവാണു്. ബി. എ. പാസ്സായി ജോലിയൊന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞു്, ഒടുവിൽ കൊച്ചിയിൽ പീയേഴ്സ്ലസ്ലികമ്പനിയിൽ ഒരു ക്ലാക്കായിക്കൂടി, മാസം മുപ്പതുറുപ്പിക ശമ്പളംകൊണ്ടു കഷ്ടിപിഷ്ടിയായി അങ്ങനെ കഴിഞ്ഞുകൂട്ടുകയാണു്, കലാശാലയിൽ പഠിച്ചിരുന്ന കാലത്തു്, അനേകം പെൺകുട്ടികളുടെ പിതാവായ ഒരു ധനികൻ മൂവ്വായിരം ഉറുപ്പിക സ്ത്രീധനത്തോടുകൂടി ഭാൎഗ്ഗവിയെ സുകുമാരനു വിവാഹംകഴിച്ചുകൊടുത്തു. പഠിപ്പുകഴിഞ്ഞു് ഉദ്യോഗംലഭിക്കുന്നതിനുമുമ്പായി അച്ഛൻ മരിച്ചുപോയി. അടുത്തസോദരിയായി ഒരു കുട്ടിയുണ്ടായിരുന്നു. അവളെ കല്യാണംകഴിച്ചുകൊടുത്തവകയ്ക്കു അല്പം ഭൂസത്തുണ്ടായിരുന്നതും അവസാനിച്ചു.

വിവാഹംകഴിഞ്ഞു നാലുസംവത്സരം തികയുന്നതിനുമുമ്പായി ഭാൎഗ്ഗവി മൂന്നുകുട്ടികളുടെ അമ്മയായി. സുകുമാരന്റെ ജോലിയാണെങ്കിൽ സ്ഥിരതയുള്ളതല്ല. സൎക്കാരുദ്യോഗങ്ങൾക്കുതന്നെ സ്ഥിരതയില്ലാത്തകാലത്തു് കമ്പനികളിലെ ഉദ്യോഗങ്ങൾക്കുണ്ടോ ഉറപ്പു്? പ്രതിമാസം കിട്ടുന്ന മുപ്പതുറുപ്പികകൊണ്ടു ഭാൎയ്യ, അമ്മ, മൂന്നുകുട്ടികൾ, പിറന്നവീട്ടിലേയ്ക്കു പാൎക്കുവാൻവരുന്ന സോദരി എന്നിവരുടെയെല്ലാം ചിലവു്കഴിയണം. വെറുതെയാണോ മഹാന്മാർ സംസാരം ഒരു സാഗരമാണെന്നു പറയുന്നതു്?

സുകുമാരനു ചെറുകഥാനിൎമ്മാണത്തിൽ കുറെ വാസനയുണ്ടു്. ഈ വാസന ഉപയോഗിച്ചു് ചെറുകഥകൾ എഴുതി പ്രസിദ്ധപ്പെടുത്തിയാൽ അതിനുകിട്ടുന്ന 'പ്രതിഫലംകൊണ്ടു് ജീവിതം ഒരുവിധം തള്ളിനീക്കാമെന്നു്

ആയാറം കരുതി. ജീവിതക്ലേശങ്ങളെക്കൊണ്ടു് വിവിധ വിചാരങ്ങറക്കടിമപ്പെട്ടു് ആയാളുടെ മനസ്സിൽ പുതിയ കഥകറക്കുള്ള ആശയങ്ങറം പലതും തനിയെ ഉദിച്ചുകൊണ്ടിരുന്നു. എത്രയുംവേഗത്തിൽ ചെറുകഥകറം എഴുതിക്കൂട്ടുവാൻ സുകുമാരനു കഴിവുണ്ടു്. എന്നാൽ അത്രവേഗത്തിൽ അവ പ്രസിദ്ധംചെയ്യാൻ കഥാമാലിക പത്രാധിപക്കു കഴിഞ്ഞിരുന്നില്ല. ഇതുകാരണം, ആദ്യകാലത്തു് ആയാറക്കു വലിയ ഇച്ഛാഭംഗം സംഭവിച്ചു.

"വെള്ളിത്തോണി" എന്ന ചെറുകഥ കഥാമാലികക്കു് അയച്ചുകൊടുത്തു. രണ്ടുമാസം കാത്തിരുന്നതിനുശേഷം പല എഴുത്തുകുത്തുകളും നടന്നതിൻെറ ഫലമായി, "ധൃതിപ്പെടേണ്ട. അടുത്ത ആഴ്ചയിലെ വാരാന്ത്യപ്പതിപ്പിൽ താങ്കളുടെ കഥ പ്രസിദ്ധംചെയ്യുന്നതാണു്" എന്നു പത്രാധിപരുടെ ഒരെഴുത്തു കിട്ടി. ഈ വെള്ളിത്തോണിയായിരുന്നു സുകുമാരൻെറ ചെറുകഥകളിൽ ഒന്നാമതായി പുറത്തുവന്നതു്.

കഥാമാലിക പത്രാധിപക്കു സുകുമാരൻെറ ചെറുകഥകറം ഒരുവിധം പിടിച്ചു. വെള്ളിത്തോണിയെ തുടൻകൊണ്ടു് അടിക്കടി സുകുമാരൻ കഥകറം എഴുതി അയക്കുവാൻ തുടങ്ങി. അവയിൽ അല്പം ചിലതൊഴികെ പത്രത്തിൽ വരികയും ചെയ്തു. പ്രസിദ്ധപ്പെടുത്തിയ കഥകളുടെ പ്രതിഫലമായി മാസംതോറും ഒരു ചെറിയ സംഖ്യ സുകുമാരനു കിട്ടിക്കൊണ്ടിരുന്നു. കമ്പനിയിൽനിന്നു കിട്ടുന്ന ശമ്പളവും കഥകറക്കുള്ള പ്രതിഫലവും കൂടിയാൽ വളരെ അരിഷ്ടിക്കാതെ കുടുംബച്ചിലവുകറം നടത്തുവാൻ സാധിക്കുമെന്ന നിലവന്നു.

എന്നാൽ ഈ സ്ഥിതി അധികകാലം നീണ്ടുനിന്നില്ല മഹായുദ്ധം ആരംഭിച്ചതോടുകൂടി പുതിയ എഴുത്തുകാരുടെ കാൎയ്യം പരുങ്ങലായി. മാസം നാലുപ്രാവശ്യം പ്രസിദ്ധംചെയ്തിരുന്ന സുകുമാരന്റെ ചെറുകഥകൾ രണ്ടുപ്രാവശ്യമേ പ്രസിദ്ധംചെയ്യുയുള്ളു എന്നായി. ക്രമത്തിൽ അതും ചുരുങ്ങി മാസം ഒരു തവണയായി. ഒടുവിൽ മൂന്നു മാസം കഴിയുമ്പോൾ ഒരു പ്രാവശ്യം മാത്രമെന്നും വന്നു.

സുകുമാരനു് ആദ്യമുണ്ടായിരുന്ന ഉത്സാഹമെല്ലാം ക്ഷയിച്ചു. അതോടുകൂടി കഥയെഴുത്തിലുള്ള വേഗവും കുറെ ചുരുങ്ങി. മുമ്പൊക്കെ ഒരുദിവസം ഒരു കഥവീതം എഴുതുവാൻ ആയാൾക്കു പ്രയാസമുണ്ടായിരുന്നില്ല. ഇപ്പോൾ ആഴ്ചയിൽ ഒരു കഥ എഴുതിത്തീൎക്കുവാൻപോലും പ്രയാസംതോന്നി. കടലാസ്സും പേനയുമായി വളരെനേരം തലചൊറിഞ്ഞുംകൊണ്ടിരുന്നാൽ ഒരൊററ ഖണ്ഡികപോലും എഴുതുവാൻ പലപ്പോഴും സുകുമാരനെക്കൊണ്ടു കഴിഞ്ഞിരുന്നില്ല.

ഇങ്ങനെ കഷ്ടപ്പെട്ടു് എഴുതിയുണ്ടാക്കുന്ന കഥകൾ അയച്ചുകൊടുത്താൽ പത്രാധിപരിൽനിന്നു കിട്ടുന്ന മറുപടി ഒട്ടും തൃപ്തികരമായിരുന്നില്ല: “കഥയിൽ ഹാസ്യരസം പോര; കരുണരസം കുറേക്കൂടി പുഷ്ടിപ്പെടണം; തുടക്കം നന്നായില്ല; ഉപസംഹാരം ശരിയായില്ല; ഒന്നുതിരുത്തി അയക്കണം” എന്നിങ്ങനെ ഓരോ റിമാൎക്കുകളോടുകൂടി പത്രാധിപർ മിക്ക കഥകളും തിരിച്ചയയ്ക്കുവാൻ തുടങ്ങി.

സുകുമാരന്റെ ചെറുകഥ ... രു

202675
032:3M79:N4
MUL
202675

ണാദികളായ രസങ്ങാം കുറവായി തോന്നുവാൻ ആയാ ളുടെ കഷ്ടജീവിതത്തിൽ ആവക രസങ്ങാം കുറഞ്ഞുപോ യതോ, അതോ പത്രാധിപരുടെ സുഖജീവിതത്തിൽ അ വ ഏറിപ്പോയതോ കാരണമെന്നറിഞ്ഞുകൂടാ. ഇങ്ങനെ ഇഴഞ്ഞുപിടിച്ച മട്ടിൽ, തീരെ ഇല്ലെന്നും ഉണ്ടെന്നും പ റയുവാൻ വയ്യാത്തവിധം ആയാളുടെ ചെറുകഥകാം കഥാ മാലികയുടെ പംക്തികളിൽ ഇടയ്ക്കിടയ്ക്കു വന്നുകൊണ്ടിരു ന്നു. അതിന്നിടയിൽ പത്രാധിപരുടെ ഒരെഴുത്തുകിട്ടി: "മഹായുദ്ധം നിമിത്തം കടലാസ്സു കിട്ടുവാൻ പ്രയാസം വന്നതിനാൽ താങ്കളുടെ ചെറുകഥകാം ഇനി പ്രസിദ്ധം ചെയ്യുവാൻ സാധിക്കയില്ലെന്നു വ്യസനസമേതം അറി യിച്ചുകൊള്ളുന്നു. ശ്രീ സുബ്രഹ്മണ്യഭാരതി മുതലായവരു ടെ കഥകാംക്കുപോലും സ്ഥലമില്ലാതെയാണിരിക്കുന്നതു്. ഭാരതി തുടർച്ചയായി എഴുതിവരുന്ന കഥകാംക്കു രണ്ടുമാ സം സ്ഥലമനുവദിച്ചിരിക്കുന്നു. അതു കഴിഞ്ഞിട്ടു താങ്ക ളുടെ കാര്യം ആലോചിക്കാം" എന്നായിരുന്നു എഴുത്തു്.

"സുബ്രഹ്മണ്യഭാരതി വലിയൊരു പണക്കാരനാ ണു്. അദ്ദേഹമെന്തിനാണിങ്ങനെ പത്രലോകത്തിൽ കട ന്നു പണം സമ്പാദിക്കുവാൻ ശ്രമിക്കുന്നതു്. ഞാനാണെ ങ്കിൽ കഥാമാലികയിൽ ചെറുകഥകാം എഴുതുവാൻ തുട ങ്ങിയിട്ടു് പത്തുസംവത്സരമായി. ഇനിയെങ്കിലും ഈ ഭാര തിക്കു കഥയെഴുത്തിൽനിന്നു വിരമിച്ചു് എന്നെപ്പോലെയു ള്ള ചെറുപ്പക്കാർക്കു വഴിയൊഴിഞ്ഞു തരരുതേ?" സുകുമാ രൻ തന്നത്താൻ മുറുമുറുത്തു.

"നിങ്ങളും സുബ്രഹ്മണ്യഭാരതിയെപ്പോലെ സാഹി ത്യലോകത്തിൽ പ്രസിദ്ധിയും ലക്ഷക്കണക്കായുള്ള പണ

വുമുള്ളവനായിരുന്നുവെങ്കിൽ നിങ്ങളുടെ കഥകളും കഥാമാലികയിൽ മാസംതോറും തെറ്റാതെ പ്രസിദ്ധപ്പെടുത്തുമായിരുന്നു. ദരിദ്രനായ ഒരു കമ്പനി ക്ലാർക്കിനെ ആരെങ്കിലും വിലവെയ്ക്കുമോ?” ഭാർഗ്ഗവി വൈരാഗ്യത്തോടുകൂടെ ചോദിച്ചു.

“ഞാൻ അപ്രകാരമുള്ള ഒരുവനായിരുന്നുവെങ്കിൽ ഈ പത്രാധിപരെ ആശ്രയിച്ചു ജീവിക്കേണ്ടിവരുമായിരുന്നുവോ? സ്വന്തമായിത്തന്നെ ഒരു കഥാമാസിക ഞാൻ തുടങ്ങുമായിരുന്നില്ലേ? സുകുമാരന്റെ ഇച്ഛാഭംഗവും അഹംബുദ്ധിയും തലയെടുത്തു.

“അങ്ങിനെയായാൽ ഞാൻ ആ മാസികയുടെ സഹപത്രാധിപയായിരുന്നു നിങ്ങളെ സഹായിക്കുമായിരുന്നു” ഭാർഗ്ഗവി ഒരു പരിഹാസച്ചിരിയോടെ പറഞ്ഞു. സുകുമാരൻ ഒരു നിമിഷനേരം മനസ്സിലുള്ള മറ്റു വികാരങ്ങളെല്ലാം മറന്നു് ഭാര്യയുടെ ഹാസ്യപ്രയോഗത്തിലുള്ള രസം ആസ്വദിച്ചുകൊണ്ടിരുന്നു.

“ആ മനുഷ്യനു ചത്തൊഴിവാനു്. ഇനിമേലിൽ സുബ്രഹ്മണ്യഭാരതി ജീവനോടുകൂടിയിരിക്കുന്നകാലത്തു കഥാമാലികയിൽ നമുക്കു സ്ഥലം കിട്ടുകയില്ല. വെറുതെ അതുവിചാരിച്ചു മനസ്സു പുണ്ണാക്കേണ്ട” ഭാർഗ്ഗവി ഭർത്താവിനെ സാന്ത്വനപ്പെടുത്തി.

പലമാസങ്ങളും കഴിഞ്ഞു. പത്രലോകത്തിലെ കടലാസ്സിനുള്ള ക്ഷാമം ഇനിയും തീർന്നിട്ടില്ല. ജാത്യന്ധനായ ഒരുവന്റെ കണ്ണിനു കുറച്ചുകാലം കാഴ്ചയുണ്ടാകയും, പിന്നീടു് അവൻ മുമ്പിലത്തെപ്പോലെ കുരുടനായിത്തീരുകയും

ചെയ്താൽ ഏതു നിലയിലാകുമോ ആ നിലയിലായി സുകുമാരന്റെ അവസ്ഥ. ഗത്യന്തരമില്ലാതെ കമ്പനിജോലിയിൽതന്നെ ഇരുന്നു് അയാഠം നരകിക്കുവാൻ തുടങ്ങി.

ഒരുദിവസം വൈകുന്നേരം പതിവുപോലെ കമ്പനിയിലെ ജോലികഴിഞ്ഞു് സുകുമാരൻ വീട്ടിൽവന്നുചേൎന്നു. വന്നാഉടനെ ചാരുകസാലയിൽ മലൎന്നുകിടന്നു് അരികിലുള്ള മേശമേൽ കിടന്നിരുന്ന പത്രങ്ങളിലൊന്നു കയ്യിലെടുത്തു് അങ്ങുമിങ്ങും കണ്ണോടിച്ചു. പത്രത്തിന്റെ രണ്ടാംഭാഗത്തു വലിയ വെണ്ടയ്ക്കാ അക്ഷരത്തിൽ എഴുതിയ തലക്കെട്ടുകണ്ടു് ആയാാം അത്ഭുതപ്പെട്ടു. ചാരുകസാലയിൽ 'അനന്തശയന'മായി കിടന്നിരുന്ന സുകുമാരൻ എഴുന്നേററിരുന്നു്, ഭാൎഗ്ഗവി, ഭാൎഗ്ഗവി എന്നു് ഉറക്കെവിളിച്ചു.

"നീ പറഞ്ഞതുപോലെ പുള്ളിക്കാരൻ ഇഹലോകവാസം അവസാനിപ്പിച്ചു. ഇതു വായിച്ചുനോക്കു" എന്നു പറഞ്ഞു് അയാഠം ആ കടലാസ്സു ഭാൎയ്യയുടെ കയ്യിലേക്കു നീട്ടി.

"സുപ്രസിദ്ധ കഥാകൃത്തായ സുബ്രഹ്മണ്യഭാരതി ഇന്നലെ രാത്രി ഹൃദയസ്തംഭനം കാരണം നിൎയ്യാതനായിരിക്കുന്ന വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു" ഭാൎഗ്ഗവി ആ വലിയ തലക്കെട്ടിന്റെ അടിയിലുള്ള വാക്യം വായിച്ചു.

"നല്ല ആരോഗ്യവാനായിരുന്നു. അദ്ദേഹത്തിനു് ഇത്രക്ഷണത്തിൽ മരണംനേരിട്ടതു് അത്ഭുതം തന്നെ. ഇനി പക്ഷെ, എന്റെ കഥകഠംക്കു സ്ഥലം കിട്ടിയേക്കും. സുകുമാരൻ സന്തോഷത്തോടും ഉന്മേഷത്തോടും കൂടി പറഞ്ഞു.

മുക്കാലും കെട്ടുകിടന്നിരുന്ന സുകുമാരന്റെ ആശാദീപം വീണ്ടും പ്രകാശിക്കുവാൻ തുടങ്ങി. ഹാസ്യരസംനിറഞ്ഞ ചെറുകഥകൾ പലതും ആയാൾ അടുത്ത ഏതാനും ദിവസങ്ങളിലായി എഴുതിയുണ്ടാക്കി. ആയാളുടെ ചിന്ത ഇങ്ങനെപോയി: "ഇനി സ്ഥലമില്ലെന്ന ഒഴികഴിവു പറയുവാൻ പത്രാധിപൎക്കു സാധിക്കയില്ല. ഒരു കൈ പരീക്ഷിക്കുവാൻതന്നെ ഉറച്ചു."

അടുത്ത ആഴ്ചയിൽവന്ന കഥാമാലികയുടെ ലക്കം ബദ്ധപ്പെട്ടു പൊളിച്ചുനോക്കി ഭാൎഗ്ഗവി പറഞ്ഞു: "ഇന്നത്തെ ലീഡർ സുബ്രഹ്മണ്യഭാരതിയുടെ ചരമഗതിയെക്കുറിച്ചാണു്."

"എവിടെ, നോക്കട്ടെ." എന്നു പറഞ്ഞു് സുകുമാരൻ കൈനീട്ടി. ഭാൎഗ്ഗവി പത്രം കയ്യിൽകൊടുത്തു. പത്രാധിപരുടെ ആ മുഖപ്രസംഗത്തിൽ സുബ്രഹ്മണ്യഭാരതി ആകാശത്തെ വില്ലാക്കിവളയ്ക്കുന്ന സമൎത്ഥനാണെന്നും, മണലുകൊണ്ടു ചാട്ടപിരിക്കുവാൻ നിപുണനാണെന്നും മറ്റും വൎണ്ണിച്ചിരുന്നു. അതു വായിച്ചുകഴിഞ്ഞിട്ടു് സുകുമാരൻ അഭിപ്രായപ്പെട്ടു: "ഓടിപ്പോയ മുയലിന്നു നാലുണ്ടു കൊമ്പു്."

ഉടനെ ആയാൾ അലക്ഷ്യഭാവത്തിൽ പത്രം ഭാൎഗ്ഗവിയുടെ കയ്യിൽതന്നെ കൊടുത്തു. ഭാൎഗ്ഗവി അതിലെ മറ്റൊരു ഭാഗത്തുനോക്കി തിടുക്കത്തിൽ പറഞ്ഞു: "അല്ലാ, ഇതു കണ്ടില്ലേ? വിചാരിച്ച താളമൊക്കെ പിഴച്ചുപോയിരിക്കുന്നു."

"ഹേയ്, എന്താണത്? വായിക്കൂ, കേൾക്കട്ടെ." എന്നു സുകുമാരൻ പറഞ്ഞപ്രകാരം ഭാൎഗ്ഗവി അതിങ്ങനെ വായിച്ചു:

"ശ്രീ സുബ്രഹ്മണ്യഭാരതിയുടെ സ്മാരകമായി അദ്ദേഹം മരിക്കുന്നതിനുമുമ്പ് എഴുതിവെച്ചിട്ടുള്ള ചില തുടൎച്ചയായ കഥകൾ ഈ പംക്തികളിൽ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. അടുത്തലക്കത്തിൽ അദ്ദേഹത്തിന്റെ 'പ്രേമഭിക്ഷ' എന്ന കഥ ആരംഭിക്കുന്നതാണ്. ഭാരതിയുടെ ചെറുകഥകൾ വായനക്കാരുടെ പ്രീതിക്കു പാത്രീഭവിച്ചവയാണെന്നു ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന കഥകൾ സുമാറ് ഒരു കൊല്ലത്തോളം തുടൎച്ചയായി നീണ്ടുനില്ക്കുന്നതാണ്."

"പത്രസ്ഥലത്തിനുള്ള ക്ഷാമം തീരാറായിട്ടില്ല. പണ്ടു ചത്താലും മോരിലെ പുളി പോവില്ല എന്നു പറഞ്ഞപോലെയായി കാൎയ്യം." സുകുമാരൻ ചാരുകസാലമേൽ കിടന്ന് അഗാധമായ ചിന്തയിൽ മഗ്നനായി.

# മുദ്രമോതിരം

ലോകത്തിൽ ചിലർ ജനിക്കുന്നതു് എന്നെന്നും ദുഃഖമനുഭവിക്കുന്നതിന്നായിട്ടാണെന്നാകുന്നു കമലയുടെ അഭിപ്രായം. അങ്ങിനെ നിത്യദുഃഖമനുഭവിക്കുന്നവരിലൊരുവളാണു താനെന്നും അവൾ വിചാരിക്കാറുണ്ടു്. അല്ലാത്തപക്ഷം, കുലംകൊണ്ടും വിദ്യകൊണ്ടും തന്നോടു സമാനയും ബാല്യകാലസഖിയുമായ കല്യാണി ഡിപ്യൂട്ടി സൂപ്രണ്ടിന്റെ ഭാർയ്യയായി കോയമ്പത്തൂരിൽ സുഖമായി ജീവിക്കുമ്പോൾ, താൻ വെറും ഓണംകേറാമൂലയായ അട്ടപ്പാടിയിൽ ഒരു ഗേൾസ് എലിമെന്ററി സ്കൂളിൽ ടീച്ചറായി ചുരുങ്ങിയ ശമ്പളത്തിൽ ജീവിക്കേണ്ടിവരുമോ? നല്ല ബുദ്ധിമാനും പഠിപ്പുള്ളവനുമായ തന്റെ ഭർത്താവു് ശ്രീനിവാസനും ഉയർന്ന ഉദ്യോഗം വല്ലതും കിട്ടുമായിരുന്നില്ലേ? അതുമില്ല. അദ്ദേഹം ബി. ഏ. എൽ. ടി. പരീക്ഷ പാസ്സായിട്ടും അട്ടപ്പാടിയിൽത്തന്നെ ബോയ്സ് സ്കൂളിൽ മാസം മുപ്പത്തഞ്ചുറുപ്പിക ശമ്പളത്തിൽ അദ്ധ്യാപകനായിരിക്കയാണു്. ഹെഡ്മാസ്റ്ററുടെ സ്ഥാനമുണ്ടെന്നുമാത്രം!

വീട്ടുജോലിയും സ്കൂൾവേലയുംകൂടി കമലയെ വല്ലാതെ കഷ്ടപ്പെടുത്തി. കാലത്തു് എഴുന്നേററു കാപ്പിയുണ്ടാക്കി, ചോറും കറിയും തയ്യാറാക്കി, ഭർത്താവിന്റെ ഊണു കഴിപ്പിച്ചു്, തന്റെ ആഹാരവും നിർവ്വഹിച്ചു് അടിയന്തരമായി സ്കൂളിലേയ്ക്കു് ഓടണം. ചങ്കിലെവെള്ളം വററുന്നതു

വരെ ചെറിയ പെൺകുട്ടികൾക്കു പാഠം പറഞ്ഞുകൊടുത്തു് നാലുമണിക്കു വീട്ടിലേയ്ക്കു മടങ്ങണം. എന്നാലുണ്ടോ സൈ്വരം? അത്താഴം വെയ്ക്കുന്നതിന്നു ശ്രമംചെയ്യണം. ഈ ദിനചാൎയ്യക്രമം കമലയ്ക്കു ദുസ്സഹമായിതോന്നി.

അടുക്കളയിൽ വളരെനേരം പുകയോടു പടവെട്ടി ക്കൊണ്ടിരുന്ന കമലയ്ക്കു് അകത്തുള്ള ഘടികാരത്തിൽ മണി ഒമ്പതടിക്കുന്ന ശബ്ദം വലിയ മനോവേദനയുളവാക്കി. "ഇന്നു് അടുപ്പുംകൂടി എൻെറ നേരെ ദുർമ്മുഖം കാട്ടുകയാ ണു്. എന്തു ചെയ്യട്ടെ! തലയിലെഴുത്തു തലോടിയാൽ പോകുമോ?" കമല വിലപിച്ചു.

"എന്താ ഊണു തയ്യാറായില്ലേ?" എന്നു ചോദിച്ചു കൊണ്ടു് ശ്രീനിവാസൻ അടുക്കളയിലേയ്ക്കു ചെന്നു. "ഈ ശൂന്യംപിടിച്ച വീട്ടിൽ പുക പുറത്തേയ്ക്കു പോകുവാൻ പഴു തില്ല. അടുക്കളയിൽ കടന്നാൽ എൻെറ കണ്ണുകലങ്ങാത്ത ദിവസമില്ല. ഇങ്ങനെ കുറെക്കഴിഞ്ഞാൽ കണ്ണുരണ്ടും പൊ ട്ടിപ്പോകും." കമല ആവലാതിപ്പെട്ടു.

ശ്രീനിവാസൻ യാതൊന്നും പറയാതെ കമലയുടെ മുഖത്തുനോക്കി കുറെനേരം ഒരു ശിലാപ്രതിമപോലെ സ്ഥിതിചെയ്തു. കുറച്ചു ദിവസമായി കമലയുടെ മനഃസ്ഥി തി മാറിവരുന്നതു് അദ്ദേഹം ഉറവുനോക്കുന്നുണ്ടായിരുന്നു. മുമ്പു താൻ വിവാഹംകഴിക്കുമ്പോൾ ഉണ്ടായിരുന്ന കമല യല്ല ഇപ്പോഴത്തെ കമലയെന്നു് ആയാൾക്കു തോന്നി.

ഒന്നരക്കൊല്ലംമുമ്പു് ശ്രീനിവാസൻ ഒന്നാമതായി കെറ്റല്ലുകോട്ടെ ഒരു സ്കൂളിൽ ഉദ്യോഗത്തിൽചേൎന്നു. അ വിടെചെന്നിട്ടു രണ്ടു ദിവസമേ ആയിരുന്നുള്ളു. ഉച്ചയ്ക്കു

നല്ല വെയിലുള്ള സമയത്തു് ഗ്രാമത്തിലെ കുളത്തിൽ കുളിക്കകയായിരുന്നു. അപ്പോൾ വൃദ്ധയായ ഒരു സ്ത്രീ കുടവുമെടുത്തു കുളക്കടവിലേയ്ക്കു വന്നു. ഇറങ്ങുമ്പോൾ കാലിടറി കടവിൽ വീണുപോയി. അതുകണ്ടു് ശ്രീനിവാസൻ ഓടിച്ചെന്നു വൃദ്ധയെ പിടിച്ചെഴുന്നേല്പിച്ചു് നിലത്തുകിടന്നിരുന്ന കുടമെടുത്തു വെള്ളം മുക്കിക്കൊണ്ടുപോയി കൊടുക്കുവാൻ ശ്രമിച്ചു.

"അയ്യോ മുത്തശ്ശി! മുത്തശ്ശിയോടാരാണു് വെള്ളം കൊണ്ടുവരാൻ പറഞ്ഞതു്?" എന്നു് ഒരു സ്ത്രീയുടെ കണ്ഠനാദംകേട്ട ശ്രീനിവാസൻ തിരിഞ്ഞുനോക്കി. അപ്പോൾ സുമാറു് ഇരുപതുവയസ്സുള്ള ഒരു കന്യക കുളത്തിൻകരയിൽ നില്ക്കുന്നതായി കണ്ടു.

"കുടം ഇങ്ങോട്ടുതരിക. നിങ്ങൾചെയ്ത ഉപകാരത്തിന്നു വളരെവന്ദനം" എന്നുപറഞ്ഞുകൊണ്ടു് അവൾ ശ്രീനിവാസൻെറ കയ്യിൽനിന്നു കുടംമേടിച്ചു പുഞ്ചിരിയോടുകൂടി ചോദിച്ചു: "നിങ്ങൾ ഇവിടെ പുതിയ ആളാണോ?"

"അതെ ഇന്നലെമുതല്ക്കു് ഇവിടെ ആൺകുട്ടികളുടെ സ്കൂളിൽ മാസ്റ്ററായി വന്നിരിക്കയാണു്. നിങ്ങളോ?"

"ഞാനും ഒരു ടീച്ചർതന്നെയാണു്. പേർ കമല എന്നാകുന്നു. വീട്ടിൽ മുത്തശ്ശിമാത്രമേയുള്ളു. അവൎക്കാണെങ്കിൽ വയസ്സു് എഴുപതില്പരമായി" കമല നെടുവീർപ്പിട്ടുകൊണ്ടു് കിഴവിയുടെ കൈപിടിച്ചു സ്ഥലംവിട്ടു.

രണ്ടുമാസം കഴിഞ്ഞതിന്നുശേഷം ശ്രീനിവാസന്നു വീണ്ടും കമലയുമായി കണ്ടുമുട്ടുവാനിടവന്നു. അവൾ വെള്ളംമുക്കുവാൻ കുളത്തിലേയ്ക്കുവന്നതായിരുന്നു. അപ്പോൾ

അവളെ മുമ്പിലത്തേക്കാൾ വാടിയമുഖത്തോടുകൂടി കാണുകയാൽ സഹതാപംപൂണ്ടു് ശ്രീനിവാസൻ അവളുടെ കുശലമന്വേഷിച്ചു.

“നാലുദിവസമായി മുത്തശ്ശിക്കു ദേഹസൗഖ്യമില്ല. അവൎക്കു വല്ലതും വന്നുപോയാൽ പിന്നെ എനിക്കു് ഈ ലോകത്തിൽ ആരും ശരണമായിട്ടില്ല” കമല ഒരു പിഞ്ചുകുട്ടിയെപ്പോലെ കരയുവാൻതുടങ്ങി. ശ്രീനിവാസൻ നല്ല വാക്കുകൾപറഞ്ഞു് അവളെ സമാധാനിപ്പിക്കുകയും, മുത്തശ്ശിയുടെ സുഖക്കേടുകാണുവാനെന്നു് വ്യാജേന അവളുടെ വീട്ടിലേക്കു ചെല്ലുകയും ചെയ്തു. അന്നത്തെ സന്ദൎശനത്തിൽ അവൎക്കു പരസ്പരം സ്നേഹമുദിച്ചു. മുത്തശ്ശിയുടെ സമ്മതത്തോടും ആശംസയോടുംകൂടി ശ്രീനിവാസനും കമലയുംതമ്മിൽ അടുത്തമാസത്തിൽതന്നെ വിവാഹം നടന്നു. മുത്തശ്ശി മനസ്സമാധാനത്തോടുകൂടി മരണമടയുകയും ചെയ്തു.

കമലയെ കല്യാണംചെയ്തതിനുശേഷം, ശ്രീനിവാസനു് തന്റെ ജീവിതം സ്വൎഗ്ഗതുല്യമായിതോന്നി. എന്നാൽ, എന്തുകാരണത്താലോ എന്നറിഞ്ഞില്ല, കഴിഞ്ഞ ആറുമാസമായി പെട്ടെന്നു കമലയ്ക്കു തല്ക്കാലജീവിതത്തിൽ തൃപ്തിയില്ലാതെയായി. അവൾ അടിക്കടി പരാതിപറകയും, ചിലപ്പോഴൊക്കെ ശുണ്ഠികടിക്കുകയും, പലപ്പോഴും ജീവിതത്തെ ശപിക്കുകയും ചെയ്തുവന്നു.

“ഊണുതയ്യാറായി. എഴുന്നള്ളാം” കമല അധികാരസ്വരത്തിൽ വിളിച്ചു. ആ വിളി ശ്രീനിവാസനെ സ്വപ്നലോകത്തിൽനിന്നു് ഉണൎത്തി. അദ്ദേഹം ബദ്ധപ്പെട്ടുചെ

ന്നു് ഒന്നും മിണ്ടാതെ കമല വിളമ്പിത്തന്ന ചോറു് ധൃതിയോടുകൂടി ഭക്ഷിച്ചു് എഴുന്നേററു.

സ്കൂളിൽ കമല നാല്പതു പെൺകുട്ടികളുടെ ടീച്ചറാണു്. പശു, തെങ്ങു്, ആന മുതലായ പാഠങ്ങളെല്ലാം അവൾ കുട്ടികളെ പഠിപ്പിക്കണം. ഇങ്ങനെ ക്ലാസ്സിൽ വേല ചെയ്യുന്നതിന്നിടയിൽ ഒരു പെൺകുട്ടി മൂക്കു ചീററിക്കൊണ്ടു് ഓടിവന്നു് ഒരെഴുത്തു ടീച്ചറുടെ കൈവശം കൊടുത്തു.

കയ്യക്ഷരം കണ്ടപ്പോൾ അതു കല്യാണിയുടെ കത്താണെന്നു മനസ്സിലായി. അതിയായ സന്തോഷത്തോടുകൂടി അവൾ അതു തുറന്നുവായിച്ചു:

പ്രിയപ്പെട്ട കമലു,

നിന്നോടുകൂടി സംസാരിക്കുവാൻ എന്റെ മനസ്സിൽ എത്രത്തോളം ആഗ്രഹമുണ്ടെന്നു നീ അറികയില്ല. ഈ കൊല്ലം വേനല്ക്കാലത്തു സ്കൂൾ പൂട്ടിയാൽ എന്റെ വീട്ടിൽവന്നു രണ്ടാഴ്ചയെങ്കിലും താമസിക്കേണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു. മെയ്മാസത്തിൽ എന്റെ ഭർത്താവിന്നു ക്യാമ്പു് ആരംഭിക്കും. പിന്നെ അദ്ദേഹം വീട്ടിലുണ്ടായിരിക്കയില്ല. എനിക്കു തനിയെ ഇരുന്നു മുഷിയാതെ കഴിപ്പാൻ നീ നിശ്ചയമായും വരണം.

സ്നേഹപൂർവ്വം,
കല്യാണി.

എഴുത്തു വായിച്ചതിന്നുശേഷം കമലയ്ക്കു് എന്താണു ചെയ്യേണ്ടതെന്നു് അറിയാതെയായി. കല്യാണിയുടെ ഭാഗ്യത്തേയും തന്റെ നിർഭാഗ്യാവസ്ഥയേയും വിചാരിച്ചു് അവൾ ദീർഘശ്വാസം വിട്ടു.

അന്നു കമല സ്കൂളിൽനിന്നു മടങ്ങിവന്നതു് തീരെ സ്വാധീനമല്ലാത്ത മനസ്സോടുകൂടിയായിരുന്നു. വീട്ടിലെ ജോലികൾക്കു കയ്യും കാലും പേരാതെയായി. രാത്രിയിലെ ഭക്ഷണത്തിനു് അരിവെയ്ക്കുവാൻവേണ്ടി അടുപ്പിന്നരികിൽചെന്നു് അവൾ ഊതിത്തുടങ്ങി. അപ്പോൾ പുറത്തുനിന്നൊരു വിളി! "കമലു, ഇവിടെ വരു!" വിളിച്ചതു ശ്രീനിവാസൻതന്നെയായിരുന്നു.

"എന്താണിപ്പോൾ വേണ്ടതു്? ആവശ്യമെന്താണെന്നുവെച്ചാൽ വേഗമങ്ങു ചുടുക. എനിക്കടുക്കളെയിൽ ധാരാളം ജോലിയുണ്ടു്." കമല അകത്തുനിന്നു വിളിച്ചുപറഞ്ഞുകൊണ്ടു് പുറത്തേയ്ക്കു നീങ്ങി.

"ഇവിടെ വരു, പറയാം" ശ്രീനിവാസൻ കെഞ്ചുന്ന സ്വരത്തിൽ വീണ്ടും വിളിച്ചു. അവൾ വിയർത്ത മുഖത്തോടും വിങ്ങിയ കണ്ണുകളോടുംകൂടി ഭർത്തൃസമീപത്തിൽ വന്നുനിന്നു.

കടലാസ്സുകൊണ്ടു പൊതിഞ്ഞ ഒരു സാധനം കയ്യിലെടുത്തുകൊടുത്തു ശ്രീനിവാസൻ പറഞ്ഞു: "കമലു, നിനക്കൊരു സാധനം കൊണ്ടുവന്നിരിക്കയാണു്."

കമല ആ കടലാസ്സുപൊതി ബദ്ധപ്പെട്ടഴിച്ചുനോക്കി. മറ്റൊന്നുമായിരുന്നില്ല, അതൊരു മുദ്രമോതിരമായിരുന്നു. അവൾ അതു കയ്യിലെടുത്തു് അനാദരഭാവത്തിൽ പറഞ്ഞു: "ഇതാണോ അത്രവലിയ സമ്മാനം? വിലയില്ലാത്ത റോൾഡ്ഗോൾഡുകൊണ്ടുള്ള ഈ മോതിരം എന്തിനു വാങ്ങിക്കൊണ്ടുവന്നു? ഒരു മുദ്രമോതിരം കിട്ടിയാൽകൊള്ളാമെന്നു ഞാൻ കെഞ്ചിത്തുടങ്ങിയിട്ടു്

മാസം നാലായില്ലേ? സ്വൎണ്ണംകൊണ്ടുള്ള ഒരു മോതിരം വാങ്ങുവാൻ കഴികയില്ലെങ്കിൽ എനിക്കൊന്നും വേണമെന്നില്ല” അവൾ ആ മോതിരം വലിച്ചൊരേറുകൊടുത്തു.

“കമലേ, ഞാനെന്തുചെയ്യട്ടെ? നമ്മൾ രണ്ടുപേരുടേയും ശമ്പളത്തിൽ ചിലവുകഴിച്ചു അഞ്ചുറുപ്പികപോലും മിച്ചമുണ്ടാക്കുവാൻ കഴിയുന്നില്ലല്ലോ” ശ്രീനിവാസൻെറ സ്വരം ഇടറി.

“ഈ മഹാഭാരതംതന്നെയാണു് മരണംവരെ കേട്ടുകൊണ്ടിരിപ്പാൻ എനിക്കു വിധിച്ചിട്ടുള്ളതു്. ഇതാ നോക്കു, ഇതെൻെറ കളിത്തോഴിയായ കല്യാണിയുടെ കത്താണു്. അവളിപ്പോൾ ഡിപ്യൂട്ടി സൂപ്രേണ്ടിൻെറ പട്ടമഹിഷിയായി കോയമ്പത്തൂരിൽ വലിയ പദവിയിൽ കഴിഞ്ഞുകൂട്ടുന്നു. വെക്കേഷൻ കാലത്തു് അങ്ങോട്ടു ചെല്ലുവാൻ കല്യാണി എന്നെ ക്ഷണിച്ചിരിക്കുന്നു. സുഖമായി കഴിയുന്ന അവളെ കണ്ടിട്ടെങ്കിലും ഞാൻ കൃതാൎത്ഥയാകട്ടെ: ഈ ജീവിതം എനിക്കു വല്ലാതെ മടുത്തു.” കമല മുഖം പൊത്തിക്കൊണ്ടു കരയുവാൻ തുടങ്ങി.

“ശരി. നിൻെറ ഇഷ്ടംപോലെ എവിടെയെങ്കിലും പോകാമല്ലോ. എന്തിനാണിങ്ങനെ വെറുതെ വ്യസനിക്കുന്നതു്?” ശ്രീനിവാസൻ ഭാൎയ്യയെ സമാധാനപ്പെടുത്തി.

കല്യാണിയുടെ വീട്ടിൽ കമലയ്ക്കു് ആഡംബരപൂൎവ്വമായ സല്ക്കാരം ലഭിച്ചു: “ഇതാ, ഈ വൈരംകൊണ്ടുള്ള നെക്ക്ലസ്സ് നീയൊന്നു കെട്ടിനോക്കു, കമലേ! നിൻെറ ചുവന്ന കഴുത്തിന്നു് ഇതു് ബഹുയോജിപ്പായിരിക്കും.” കല്യാണി തൻെറ ആഭരണം അഴിച്ചു കമലയുടെ കഴുത്തി

ലണിയിച്ചു. ആ കണ്ഠാഭരണം അണിഞ്ഞു് കണ്ണാടിയിൽ മുഖം നോക്കിയപ്പോഠം കമലയ്ക്കു സന്തോഷവും സന്താപവും ഒപ്പമുണ്ടായി. കല്യാണിയുടെ സ്നേഹാതിശയത്തിൽ സന്തോഷം; തൻെറ നിർഭാഗ്യസ്ഥിതിയിൽ സന്താപവും. കല്യണിയേയും തന്നേയും ഒരേസൃഷ്ടികത്താവുതന്നെയല്ലേ സൃഷ്ടിച്ചതു്? എന്നവഠം തന്നത്താൻ സമാധാനപ്പെട്ടു.

സ്നേഹിതയുടെ വീട്ടിൽ താമസിച്ച രണ്ടാഴ്ചകാലം കമലയ്ക്കു രണ്ടുനിമിഷംപോലെ തോന്നി. ഇനി ചുടുകാടു പോലെയുള്ള അട്ടപ്പാടിക്കുതന്നെ പോകണമല്ലോ എന്നു കരുതി അവഠം വ്യസനിച്ചു. പോകേണ്ടതിൻെറ തലേദിവസം രാത്രി ശരിക്കുറക്കംതന്നെ വന്നില്ല. തനിക്കു കിടക്കുവാൻ ഒഴിച്ചുതന്ന പട്ടുകിടയ്ക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നുകൊണ്ടുതന്നെ അവഠം രാത്രി കഴിച്ചുകൂട്ടി. അദ്ധരാത്രിയിൽ അടുത്തമുറിയിൽനിന്നു കല്യാണി കോപത്തോടുകൂടി എന്തോ സംസാരിക്കുന്നതു കേട്ടു. സംഗതി എന്താണെന്നു മനസ്സിലായതുമില്ല.

"ഈ അദ്ധരാത്രിസമയത്തു് എവിടന്നാണു വന്നു വീണതു്? ക്യാമ്പിൽ പോകയാണെന്നു പറഞ്ഞു് എങ്ങോട്ടാണു് പോയിരുന്നതു്? കായ്യം ഞാനറികയില്ലെന്നാണോ വിചാരിച്ചതു്? നിങ്ങഠം നാലുദിവസമായി ആ തേവിടിശ്ശിപ്പെണ്ണായ കനകവല്ലിയുടെ വീട്ടിലാണു് ക്യാമ്പടിച്ചിരുന്നതെന്നു വേലക്കാരൻ പറഞ്ഞു." കല്യാണി ഉറക്കെ ഗജ്ജിക്കുന്നതുകേട്ടു.

"നാവടക്കു്. ഞാനെവിടെപ്പോയാൽ നിനക്കെന്തുവേണം? ഒരക്ഷരം മിണ്ടിയാൽ ശേഷമുണ്ടു്. എവിടെ,

ഏടുക്ക് ഇരുമ്പുപെട്ടിയുടെ താക്കോൽ.'' ഉഗ്രമായ ഈ സ്വരം ഒരു പുരുഷൻേറതാണെന്നു വ്യക്തമായിരുന്നു.

"ഇരുമ്പുപെട്ടിയുടെ താക്കോൽ എൻെറ കയ്യിലാണോ? കനകവല്ലിയോടുതന്നെ ചെന്നു ചോദിക്കു.'' കല്യാണി വിട്ടില്ല.

"എടീ, അധികപ്രസംഗി!'' പുരുഷൻെറ സ്വരം പരുഷമായി കേൾക്കപ്പെട്ടു. പിന്നെ അസഭ്യമായി പലതും സംസാരിക്കുന്നതും ചടപടയെന്ന് അടിക്കുന്നതുമായ ശബ്ദവും, കല്യാണിയുടെ നിലവിളിയും തുടൎന്നുകൊണ്ടു കേൾക്കുമാറായി. ഉടൻതന്നെ വാതിലുകൾ തുറക്കുന്ന ഒച്ചയും, അടുത്ത നിമിഷം പടിക്കൽനിന്നു് ഒരു കാർ ഓടുന്ന ശബ്ദവും കാതിൽപെട്ടു. കമലയുടെ ഹൃദയം കിടുകിട വിറച്ചു. ശരീരമാസകലം വിറങ്ങലിച്ചു.

പിറേറദിവസം കാലത്തു കല്യാണിയെ കണ്ടപ്പോൾ കമല അമ്പരന്നുപോയി. അവളുടെ മുഖം വിങ്ങുകയും കണ്ണുകൾ ചുവക്കുകയും ചെയ്തിരുന്നു.

"രാത്രിയിൽ എന്താണുണ്ടായതു്?'' കമല സങ്കോചത്തോടുകൂടി ചോദിച്ചു.

"വിശേഷിച്ചൊന്നുമുണ്ടായില്ല. എൻെറ വീട്ടിൽ അടിക്കടി ഉണ്ടാകാറുള്ള നാടകത്തിൽ ഒരു രംഗം കഴിഞ്ഞ രാത്രിയിലും അഭിനയിച്ചുവെന്നുമാത്രം. പ്രിയപ്പെട്ട കമലേ, എനിക്കു നിന്നെപ്പോലെയാകാമായിരുന്നില്ലേ എന്നു ഞാൻ പലപ്പോഴും വിചാരിക്കാറുണ്ടു്. യഥാൎത്ഥ സ്നേഹമുള്ള ഒരു ഭൎത്താവിനോടുകൂടി മണലാരണ്യത്തിൽ ജീവിക്കുന്നതായാലും സുഖമാണു്. എന്നെക്കുറിച്ചു വലിയ

സ്നേഹമുണ്ടായിരുന്ന ശിവരാമനെ വേണ്ടെന്നു പറഞ്ഞു്, ഈ മനുഷ്യൻെറ പണവും പ്രതാപവും ബങ്കളാവും ഉദ്യോഗവലുപ്പവും കണ്ടു മയങ്ങി ഇദ്ദേഹത്തെ ഞാൻ സ്വീകരിച്ചുപോയി. ഈ മനുഷ്യൻെറ ദുന്നടവടികളെപ്പററി വേലക്കാർ പറഞ്ഞു ചിരിക്കുന്നതു് എനിക്കു കാണുവാൻ കഴിയുന്നില്ല. പണത്തിന്നും സുഖത്തിന്നും തമ്മിൽ ഒരു സംബന്ധവുമില്ലെന്നു ഞാൻ പഠിച്ചുകഴിഞ്ഞു." കല്യാണി കണ്ണീർ വാർത്തു.

കല്യാണിയുടെ വീട്ടിൽനിന്നു കമല അട്ടപ്പാടിയിൽ മടങ്ങിയെത്തിയപ്പോഠം ശ്രീനിവാസൻ കുടത്തിൽ വെള്ളമെടുത്തു ചീരയ്ക്കു നനയ്ക്കുകയായിരുന്നു: "അല്ലാ, ഇത്ര വേഗം മടങ്ങിപ്പോന്നുവോ?" എന്നദ്ദേഹം ചോദിച്ചതിനു് "സഹായത്തിന്നാരുമില്ലാതെ നിങ്ങഠം കഷ്ടപ്പെടുമല്ലോ എന്നു കരുതി ഞാൻ വേഗത്തിൽ തിരിച്ചുപോന്നു" എന്നായിരുന്നു കമലയുടെ മൃദുസ്വരത്തിലുള്ള മറുപടി.

"ഇതാ നോക്കു, കമലു, നിൻെറ ഇഷ്ടപ്രകാരമുള്ള സാധനം ഞാൻ വാങ്ങിവെച്ചിരിക്കുന്നു." ശ്രീനിവാസൻ നീലക്കടലാസ്സുകൊണ്ടു പൊതിഞ്ഞു ഭദ്രമായി സൂക്ഷിച്ചിരുന്ന മുദ്രമോതിരമെടുത്തു ഭാർയ്യയ്ക്കു സമ്മാനിച്ചു. അതു കയ്യിൽ കിട്ടിയപ്പോഠം കമലയ്ക്കു് അടക്കുവാനാകാത്ത വ്യസനമുണ്ടായി. ഇത്ര സ്നേഹമുള്ള ഭർത്താവിനോടു് താൻ ധിക്കാരത്തോടുകൂടി പെരുമാറിയല്ലോ എന്നു കരുതിയാണു് അവഠം വ്യസനിച്ചതു്. മനസ്സിലെ വ്യസനം കണ്ണീർകണങ്ങളായി പുറത്തേയ്ക്കു പ്രവഹിച്ചു.

"എന്തിനാണു കരയുന്നതു്? മോതിരത്തിൻെറ ഭാ

ഷ നന്നായില്ലെന്നാണോ വിചാരം? ഈ മോതിരത്തിനു് എഴുപതുറുപ്പികയാണു വില. കയ്യിലുള്ള പണം മുഴുവനും കൊടുത്തിട്ടാണു് ഇതു വാങ്ങിയതു്. പ്രമോഷൻ കിട്ടട്ടെ. എന്നാൽ നിന്റെ ഇഷ്ടംപോലെ എല്ലാം വാങ്ങിത്തരാം" ശ്രീനിവാസൻ കമലയുടെ അരികത്തണഞ്ഞിരുന്നു സ്നേഹത്തോടുകൂടി അവളെ ആലിംഗനം ചെയ്തു.

"വേണ്ട, ഇവിടുത്തെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കുവാൻ എനിക്കർഹതയില്ല. ഞാനിവിടത്തെ മനസ്സിനെ വല്ലാതെ ശല്യപ്പെടുത്തിപ്പോയി. അതിന്നെനിക്കു മാപ്പുതരണം." കമല വീണ്ടും കരയുവാൻ തുടങ്ങി.

ഭാര്യയുടെ മാനസാന്തരത്തിന്നു കാരണമെന്തെന്നറിയാതെ ശ്രീനിവാസൻ ആലോചനാമഗ്നനായി. അദ്ദേഹം സന്തോഷത്തോടുകൂടി, "സാധുപ്പെണ്ണു്, വെറുതെ കരയുന്നു" എന്നു പറഞ്ഞുകൊണ്ടു് അവളുടെ കണ്ണീർ തുടച്ചു. കമല ഭർത്താവിന്റെ തോളിൽ തലചായ്ച്ചു് ലോകത്തിൽ നടക്കുന്നതൊന്നും അറിയാതെ ആനന്ദസാഗരത്തിൽ ലയിച്ചുപോയി.

# ഇണക്കവും പിണക്കവും

കൃഷ്ണമന്നാടിയാരും കണ്ണമന്നാടിയാരും പാലക്കാട്ടു താലൂക്കിലെ ശ്രുതിപ്പെട്ട രണ്ടു ജന്മിമാരാണു്. തറവാടുകളിൽ ധാരാളം അംഗങ്ങളുള്ള അവർ, കാര്യംനോക്കുവാൻ കാര്യസ്ഥന്മാരെ നിശ്ചയിച്ചു്, ഭാര്യാപുത്രന്മാരോടുകൂടി സുഖമായിരിക്കുവാൻ സ്വന്തമായി ഓരോ ബങ്കളാവു പണിയിച്ചു്, 'കുടുംബശല്യ'ത്തിൽനിന്നു് ഒഴിഞ്ഞിരിക്കുകയാണു്. നടുവിൽക്കൂടെ മദ്രാസ്സിൽനിന്നുവരുന്ന ട്രങ്കു്റോഡു്, ഇരുവശങ്ങളിലും മന്നാടിയാർമാരുടെ ബങ്കളാവുകൾ. ധനംകൊണ്ടും പദവികൊണ്ടും ഏകദേശം ഒരേകിടക്കാരായ അവരിരുവരുടേയും ബങ്കളാവുകൾ അവർക്കുതമ്മിലുള്ള സാമ്യത്തെ നിരക്ഷരം വ്യഞ്ജിപ്പിക്കുന്നവയാകുന്നു.

കൃഷ്ണമന്നാടിയാരുടെ ഭാര്യ മീനാക്ഷിഅമ്മയും, കണ്ണമന്നാടിയാരുടെ കുടുംബിനി ദാക്ഷായണിഅമ്മയും പരസ്പരം ഉറച്ചസ്നേഹമുള്ളവരാണു്. എന്നാൽ സ്ത്രീസ്വഭാവത്തിന്റെ വക്രതകാരണം, ഏതോ ഒരു നിസ്സാരസംഗതിക്കു്, അവർതമ്മിൽ വിരോധത്തിലായി. രണ്ടുപേരും തമ്മിൽക്കണ്ടാൽ മിണ്ടാതെയായി.

സ്ത്രീകൾ എളുപ്പത്തിൽ പിണങ്ങുന്നവരാണു്; പുരുഷന്മാരാകട്ടെ അങ്ങിനെയല്ല. ഭാര്യമാർക്കുതമ്മിൽ നല്ലസുഖമില്ലെന്നറിഞ്ഞിട്ടും മന്നാടിയാർമാർ മുമ്പുള്ള സ്നേഹത്തെ കൈവിട്ടില്ല. കൃഷ്ണമന്നാടിയാർ അയൽവീട്ടിലെ

പൂമുഖത്തുചെന്നു പതിവായി വളരെനേരം സംസാരിച്ചുകൊണ്ടിരിക്കും; കണ്ണമന്നാടിയാർ സ്നേഹിതൻെറ വീട്ടിൽ ചെന്നു നിത്യവും ശീട്ടുകളിക്കുകയും ചെയ്യും.

കൃഷ്ണമന്നാടിയാരുടെ മൂത്തമകൾ അമ്മുവും, കണ്ണമന്നാടിയാരുടെ സീമന്തപുത്രി അമ്മിണിയും കല്യാണപ്രായത്തിൽ കാലെടുത്തുവെച്ചു. അവൎക്കു രണ്ടുപേൎക്കും ഉചിതന്മാരായ വരന്മാരെ രണ്ടുവീട്ടുകാരും അന്വേഷിക്കുവാൻതുടങ്ങി. അതിൽവെച്ചു് ഇരുഗൃഹങ്ങളിലേയും നായകന്മാർതമ്മിൽ അല്പം ഉരസലാരംഭിച്ചു. പുത്രിമാരുടെ കല്യാണത്തിനു് ആലോചിക്കുന്ന വരനെപ്പററി രണ്ടുപേരും പരസ്പരം സംസാരിക്കുകയില്ല. സംസാരിച്ചുവെങ്കിൽ തങ്ങളുടെ ആലോചനകളിൽ എതിരാളി ഇടംകോലിടുമോ എന്നു് ഇരുവരും സംശയിച്ചു.

ഇതിന്നിടയിൽ കൃഷ്ണമന്നാടിയാരുടെ മകൾക്കു വിവാഹം നിശ്ചയിച്ചതായി മനസ്സിലായി. അതോടുകൂടി ദാക്ഷായണിഅമ്മ കണ്ണമന്നാടിയാൎക്കു് ഇരിക്കപ്പൊറുതിയില്ലാതാക്കി. എന്തിന്നുപറയുന്നു, കണ്ണമന്നാടിയാരുടെ ഓമനമകളായ അമ്മിണിക്കും അതേമാസത്തിൽതന്നെ വിവാഹം നിശ്ചയിച്ചു. രണ്ടുവീട്ടുകളിലേയും കല്യാണങ്ങൾ ആഡംബരസമേതം ആഘോഷിക്കപ്പെടുകയും ചെയ്തു.

ഈ സംഭവത്തിനുശേഷം മന്നാടിയാർമാരുടെ വീട്ടുകാർ പരസ്പരം എന്തെന്നില്ലാത്ത ഒരു മത്സരംതുടങ്ങി. എന്തുകാൎയ്യത്തിലും അവർ മല്ലിടുവാൻ ആരംഭിച്ചു. ഈ മല്പിടുത്തത്തിൽ തഞ്ചവും തരവുംനോക്കി പ്രേരണനല്കിയതു മീനാക്ഷിഅമ്മയും ദാക്ഷായണിഅമ്മയുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

കൃഷ്ണമന്നാടിയാർ നാലേക്കർസ്ഥലത്തു കരിമ്പുകൃഷി ചെയ്യാൻപോകുന്നതായി കേട്ടപ്പോൾ കണ്ണമന്നാടിയാർ ഭാര്യയുടെ പ്രേരണകാരണം എട്ടേക്കർസ്ഥലത്തു് അതേ കൃഷിതന്നെ ചെയ്തു. ആ കൊല്ലത്തിൽ കരിമ്പിൻെറവില വളരെ ഇടിഞ്ഞുപോയതുകൊണ്ടു് രണ്ടുപേരുടേയും കൃഷി ആയിരക്കണക്കായ നഷ്ടത്തിലാണു് കലാശിച്ചതു്.

കൃഷ്ണമന്നാടിയാരുടെ ഏകപുത്രനായ വിശ്വം ബി. എ. പാസ്സായി ഉദ്യോഗമൊന്നുംകിട്ടാതെ വീട്ടിൽ സ്വസ്ഥമായിരിക്കുകയായിരുന്നു. കണ്ണമന്നാടിയാരുടെ രണ്ടാമത്തെമകൾ ഗൗരിക്കുട്ടിക്കു കല്യാണത്തിനുള്ള പ്രായവുമായി. രണ്ടുവർഷം അന്വേഷിച്ചിട്ടും തക്കതായ ഒരു വരനെ കണ്ടുകിട്ടിയില്ല.

"എന്തിനാണിത്ര ബുദ്ധിമുട്ടുന്നതു്? അയൽവീട്ടിലെ വിശ്വത്തിനു കല്യാണം കഴിച്ചുകൊടുക്കരുതേ? രണ്ടുപേരുംതമ്മിൽ ബഹുയോജിപ്പായിരിക്കും" ദാക്ഷായണിഅമ്മയുടെ മാതാവായ ശ്രീദേവിഅമ്മ ചോദിച്ചു.

"അതു വേണ്ട വേണ്ട, പഠിച്ചുപാസ്സായിട്ടു വെറുതെ തിണ്ടാടുന്നവനല്ലേ? പോരാത്തതിനു് ആ മീനാക്ഷിഅമ്മയെയല്ലേ ബന്ധുവായിട്ടു് കിട്ടുവാൻപോകുന്നതു്? ആ യമഘാതകി എൻെറമകളെ കഷ്ടത്തിലാക്കും" ദാക്ഷായണിഅമ്മയുടെ ക്ഷോഭം പുറത്തുചാടി.

"എന്താ മീനു, അയൽവീട്ടിലെ ഗൗരിക്കുട്ടിക്കു നമ്മുടെ വിശ്വത്തെക്കൊണ്ടു് താലികെട്ടിച്ചാലെന്താണു്. വിശ്വം നല്ല തറവാടിത്തമുള്ള ഒരു കുട്ടിയാണു്" മീനാക്ഷിഅമ്മയുടെ ജ്യേഷ്ഠത്തിയായ രുഗ്മണിഅമ്മ ചോദിച്ചു.

"കൊള്ളാം, നല്ലപുള്ളിതന്നെ. പെണ്ണിന്നുവയസ്സ പതിനെട്ടായി. കണ്ടാലൊരു കാക്കക്കൊറത്തി. വല്ലാത്ത വായാടിയും! വേണ്ടേവേണ്ട. വിശ്വത്തെ കിട്ടുമെങ്കിൽ നാലായിരമോ അയ്യായിരമോ തരുവാൻ പലവീട്ടുകാരും പാട്ടുകിടക്കുന്നുണ്ട്" മീനാക്ഷിഅമ്മ ചൊടിച്ചു.

"ആകാശം അപ്പടി പൊട്ടിവീണാലുംശരി, അയൽവീട്ടുമായിട്ടുള്ള സംബന്ധം അഭികാമ്യമല്ല" എന്നു രണ്ടു ഗൃഹക്കാരും ദൃഢനിശ്ചയംചെയ്തു.

ദാക്ഷായണിഅമ്മ ദിവസംതോറും ഭർത്താവിൻെറ ചെവിയിൽ മന്ത്രിക്കും: "ഗൗരിക്കുട്ടിക്കു യോഗ്യനായ ഒരു വരനെ കിട്ടുന്നതുവരെ വിശ്വത്തിൻെറ കല്യാണം നടക്കരുത്. നടന്നാൽപിന്നെ നമ്മൾക്കു തലപൊക്കുവാൻ വയ്യാതെയാകും."

മീനാക്ഷിഅമ്മ തൻെറ ഭർത്താവിനോടും പതിവായി തലയിണമന്ത്രം പ്രയോഗിക്കാറുണ്ട്: "ഗൗരിക്കുട്ടിയുടെ കല്യാണം കഴിയുന്നതിനുമുമ്പ് വിശ്വത്തെക്കൊണ്ട് ഒരു കുട്ടിക്കു പുടവകൊടുപ്പിക്കണം. പിന്നെ ദാക്ഷായണിഅമ്മ എൻെറമുഖത്തു നോക്കുവാൻ ധൈര്യപ്പെടുമോ?"

ഒരു ദിവസം വൈകുന്നേരം കണ്ണമനാടിയാർ ഭാര്യയോടു പറഞ്ഞു: "വിശ്വത്തിൻെറ കല്യാണം അടുത്തിരിക്കുന്നതുപോലെതോന്നുന്നു. അവനെ കാണുവാൻ എറണാകുളത്തുനിന്നോമറ്റോ ഒരു പെണ്ണിൻെറ ബന്ധുക്കൾ നാളെവരാൻ വെച്ചിട്ടുണ്ടത്രെ."

"ഉവ്വുവ്വ്! അതുനടക്കാൻപോകുന്നതുതന്നെ! കഴിഞ്ഞകൊല്ലം എത്രപേർ വരികയും പോകയുംചെയ്തു? കഴി

ഞ്ഞാൽ കഴിഞ്ഞുവെന്നുപറയാം" ദാക്ഷായണിഅമ്മ അലക്ഷ്യഭാവത്തിൽ പറഞ്ഞു.

"ഇത്തവണ കാര്യം അങ്ങിനെയല്ല. തെക്കെ മഠത്തിലെ വൈത്തിയാണെന്നോടു പറഞ്ഞതു്. പെണ്ണിന്റെ വീട്ടിൽനിന്നു വിശ്വത്തെ കാണുവാൻ നാളെ ആളു വരുന്നുണ്ടു്. കണ്ടിട്ടു പിടിച്ചുവെങ്കിൽ ഈ മാസത്തിൽതന്നെ കല്യാണം നടക്കും. ഇഷ്ടപ്രകാരം കല്യാണം കഴിഞ്ഞുവെങ്കിൽ വിശ്വത്തിനു മാന്യമായ ഒരുദ്യോഗം ഉണ്ടാക്കിക്കൊടുക്കുവാൻകൂടി വധൂഗൃഹക്കാർ ഒരുക്കമാണത്രെ. അവരുടെ വീട്ടിൽ വലിയ ഉദ്യോഗങ്ങൾ വഹിക്കുന്ന പലരുമുണ്ടു്. അവർക്കിതിൽ ഒരു പ്രയാസവും നേരിടുകയില്ല." കണ്ണമന്നാടിയാർ തുടർന്നു.

"അതുപോകട്ടെ. വൈത്തിയും കൃഷ്ണമന്നാടിയാരും തമ്മിൽ കഴിഞ്ഞകൊല്ലം എന്തോ കാരണത്താൽ മുഷിച്ചിലായല്ലൊ. വൈത്തി ഒന്നു മനസ്സുവെച്ചാൽ ഈ കല്യാണക്കാർ നിഷ്പ്രയാസം അലസിപ്പിരിയുവാൻ ഇടയാകും. എന്താ അങ്ങിനെയല്ലേ?" ദാക്ഷായണി പുതിയൊരു കണ്ടുപിടുത്തം ഉപന്യസിച്ചു.

പിറ്റെദിവസം പത്തുമണിക്കു് കണ്ണമന്നാടിയാരുടെ ബംഗളാവിൻപടിക്കൽ ഒരു കാർ വന്നുനിന്നു. മദ്ധ്യവയസ്കനായ ഒരു പുരുഷനും പരിഷ്കൃതയായ ഒരു പതിനാറുകാരിയും കാറിൽനിന്നിറങ്ങി. വീട്ടിലെ വരാന്തയിൽ ഒളിച്ചുനിന്നുകൊണ്ടു് ദാക്ഷായണി അമ്മ ഈ നവാതിഥികളെ സൂക്ഷിച്ചുനോക്കി. അവർ വെമ്പലോടെ പറഞ്ഞു: "ഇതൊന്നു നോക്കണേ; കാണാത്ത പൂരമല്ലേ കാണുന്നതു്? വരനെ കാണുവാൻ വധുവാണത്രെ വന്നിരിക്കുന്നതു്!"

"ഇക്കാലത്തു് അങ്ങിനെയൊന്നുമില്ല. പരിഷ്ക്കാരം മൂത്തുമൂത്തു് തറവാട്ടുമയ്യാദയും മാമൂലുമൊക്കെ തകരാറാക്കിയിരിക്കുന്നു. പണ്ടൊക്കെ വധുവിനെ കാണുവാൻ വരനാണു പോവുക പതിവു്. ഇപ്പോളതു നേരെമറിച്ചായിരിക്കുന്നു. ഉം—ലോകം അങ്ങനെ നടക്കട്ടെ." കണ്ണമന്നാടിയാർ അവജ്ഞയെ പ്രദശിപ്പിച്ചു.

"പെണ്ണിനെ കണ്ടാൽ വയസ്സു പതിനെട്ടായെന്നു തോന്നും. വിശപത്തിന്നു് ഇവ൦ ചേൎന്നവളല്ല." ദാക്ഷായണിഅമ്മ പൊരുത്തമില്ലായ്മയെ സൂചിപ്പിച്ചു.

"അതും ശരിയാണു്. പക്ഷെ, പണക്കാരല്ലേ? ഉദ്യോഗം കിട്ടുന്നകാൎയ്യമല്ലേ? കൃഷ്ണമന്നാടിയാരും മീനാക്ഷിഅമ്മയും യേസ്സമൂളും, നിശ്ചയം." കണ്ണമന്നാടിയാർ തലയാട്ടി പറഞ്ഞു.

"ഈ കല്യാണം ഏതു വിധമെങ്കിലും തകരാറാക്കുവാൻ ദാക്ഷായണിഅമ്മ സന്നദ്ധയായി. ആയമ്മയുടെ വാശിയും പ്രേരണയും കാരണം കണ്ണമന്നാടിയാരും അതിൽ കുടുങ്ങി.

വരനെ കാണുവാൻ വന്നവർ ആളെ പിടിച്ചുവെന്നും, സംഖ്യയുടെ കാൎയ്യം തീച്ചപ്പെടുത്തി അറിവുതരാമെന്നും നിശ്ചയിച്ചു് കാറിൽകയറി പാലക്കാട്ടേയ്ക്കു തിരിച്ചു.

വധുവും വധുപിതാവും തീവണ്ടികയറുവാൻ ശീട്ടുവാങ്ങി റയിൽവെ സ്റ്റേഷനിൽ കാററു "കൊണ്ടുംകൊണ്ടു" ംകാത്തുന്നു. തത്സമയം "ഉങ്കൾ റയിൽവര നാഴികയാകും പോൽ ഇരിക്കു. എന്ത ഊരോ?" എന്നു ചോദിച്ചുകൊണ്ടു

കയ്യിൽ ഒരു ചെറിയ സഞ്ചിയുമായി വൈത്തി അവരുടെ അടുത്തുവന്നുനിന്നു. മൂന്നുപേരും ഇരുന്നു ചെറിയൊരു സംഭാഷണം നടത്തി.

"ഞങ്ങൾ എറണാകുളത്തുകാരാണ്. ഒലവക്കോട്ടുവരെ വണ്ടിക്കു ശരിയായ സമയമില്ലെന്നു തോന്നുന്നു. ഇനിയും അരമണിക്കൂർ താമസമുണ്ടത്രെ." വധുവിൻെറ പിതാവു പറഞ്ഞു.

"ഓഹോ, നിങ്കൾ കൃഷ്ണമന്നാടിയാർ പിള്ളയെ പാക്കവന്ത ആസാമിയാ? ഉങ്കളുക്കു പാറികമ്പനികാഷിയർ രാമസ്വാമിയെ തെരിയുമാ? അവൻ എറണാകുളത്തുക്കു പുതിശല്ലയെ." വൈത്തി പറഞ്ഞു.

"ശരി, അദ്ദേഹത്തെ ആരാണറിയാത്തതു്?" എന്നു പറഞ്ഞു. വധൂപിതാവു ചോദിച്ചു: "കൃഷ്ണമന്നാടിയാരുടെ മകൻ വിശ്വം എന്തു സ്വഭാവക്കാരനാണു്? മന്നാടിയാക്കു വാസ്തവത്തിൽ എത്ര സ്വത്തുണ്ടു്?"

"പത്തായിരത്തിക്കു് കുറയാമൽ കടൻ ഇരുക്കിറതാക കേൾവി. പയ്യൻ ഒരുമാതിരി. കൊഞ്ചം മരുന്തുകിരുന്തെല്ലാം വേണ്ടും. കല്യാണം ചെയ്തുവിട്ടാൽ എല്ലാം അടങ്കിപ്പോയിവിടും!" വൈത്തി കൊത്തിവിട്ടു.

"അരലകാരത്തിൻെറ ആസ്തിയുണ്ടെന്നാണല്ലോ കേട്ടതു്. മകൻ സദ്വൃത്തനും തികഞ്ഞ മര്യാദക്കാരനുമാണെന്നും കേട്ടു. വാസ്തവം ഇങ്ങനെയാണോ?" പെണ്ണിൻെറ അച്ഛൻ നെററിചുളിച്ചു.

"അതുക്കെന്ന. ശൊൽകിറവർ ഒൻറു എൻറാൽ

ഒമ്പതു എൻപാർകൾ. നാലുവഷ്ത്തുക്ക മുമ്പ ഒരു ലക്ഷത്തുക്ക ഇരുന്തതു്. മൂത്ത പെണ്ണിൻ കല്യാണവകയിൽ പത്തായിരംപോൽ ചെലവഴിത്തു പോയിററു്. കരിമ്പു പയിർ പോട്ടതിൽ കൊഞ്ചം നഷ്ടമും ഏപ്പെട്ടതു്. പുള്ളയെ പടിക്കവൈത്തതിൽ മികുതിയും ചിലവാച്ചു." വൈത്തി തൻെറ ആററംബോംബ് എടുത്തുപ്രയോഗിച്ചു.

"ഇങ്ങനെയാണോ കാര്യം? എന്നാൽ എനിക്കബദ്ധം പിണഞ്ഞു. പരീക്ഷ സാരമില്ല. കുട്ടിയെ ബോധിച്ചുവെന്നും പണസംബന്ധമായ കാര്യങ്ങൾക്ക് എഴുതയക്കാമെന്നും മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. അതിനാൽ എനിക്കീ കുടുക്കിൽനിന്നു തടിയൂരുവാൻ പ്രയാസമില്ല."

"അപ്പടിയാ! ഇതു മുതലിലേ തെരിന്തിരുന്താൽ മങ്കളകാരിയം നടക്കപ്പോകിറസമയത്തിൽ അബദ്ധമാക ഇതെല്ലാം ശൊല്ലിയിരുക്കമാട്ടേൻ. പയ്യൻ ബുദ്ധിശാലി; എപ്പടിയാവതു പിഴൈകൊൾവാൻ. നടത്തെമട്ടും ഒരു മാതിരി. എല്ലാം അന്ത പട്ടണംപോയ് പടിത്തതിനാൽ വന്തതു്." വൈത്തി തൻെറ നിർദ്ദോഷിതയെ പ്രകാശിപ്പിച്ചു.

വണ്ടി വന്നതോടുകൂടി വൈത്തി തൻെറ പ്ലാററുഫോറംടിക്കററു വലിച്ചെറിഞ്ഞു മഠത്തിലേയ്ക്കുതന്നെ തിരിച്ചു പോയി.

ഒരാഴ്ചയ്ക്കുശേഷം "ജാതകത്തിന്നു് ഒട്ടും ചേച്ചയില്ല എന്നു വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു" എന്നു്.എറണാകുളത്തുനിന്നു കൃഷ്ണമന്നാടിയാക്ക് എഴുത്തുവന്നു.

പക്ഷെ കണ്ണമന്നാടിയാരും വൈത്തിയുംകൂടി ഗൂഢാലോചന ചെയ്തു് ഈ കല്യാണക്കാര്യം അലസിപ്പിച്ചതായ വിവരം എങ്ങനെയോ കൃഷ്ണമന്നാടിയാരുടെ ചെവിട്ടിൽ പെട്ടു. കേൾക്കേണ്ട താമസം, അദ്ദേഹം വാശിയോടെ പ്രതിജ്ഞചെയ്തു: “ഇരിക്കട്ടെ, ആയാളുടെ മകൾക്കും കല്യാണം വേണമല്ലോ. അതു നടക്കുമോ ഇല്ലയോ എന്നു ഞാനൊന്നു നോക്കട്ടെ. ഗൗരിക്കുട്ടിയുടെ കല്യാണം നടന്നുവെങ്കിൽ, ഇതാ ഇങ്ങനെ വിളിച്ചോളു.” കൃഷ്ണമന്നാടിയാർ തൻെറ വലത്തുകയ്യിൻെറ പെരുവിരലും കഴുവിരലും കൂട്ടി ഒന്നുരണ്ടു മിടിച്ചു.

പിന്നത്തെ കഥ വളരെ വിചിത്രമെന്നേ പറയേണ്ടു. കണ്ണമന്നാടിയാരുടെ പെണ്ണിനെ കാണുവാൻ ആരെങ്കിലും വന്നുപോയാൽ പിറെറ ദിവസംതന്നെ അയാൾക്കു് ഊരും പേരുമില്ലാത്ത ഒരെഴുത്തുകിട്ടും. അതിൽ കണ്ണമന്നാടിയാൎക്കും മകൾക്കും ഇല്ലാത്ത കുററങ്ങളും കുറവുകളും കെട്ടിയുണ്ടാക്കി, സത്യമാണെന്നു തോന്നത്തക്കവിധം എഴുതിയിരിക്കും. മന്നാടിയാൎക്കു കിട്ടുന്നതു്: “സ്ത്രീജാതകത്തിനു പൊരുത്തമില്ല” എന്ന മറുപടിയായിരിക്കും.

രണ്ടുസംവത്സരം തികച്ചും ഇങ്ങനെ കഴിഞ്ഞു. ഗൗരിക്കുട്ടിയെ കാണുവാൻ വരുന്നവരെ കൃഷ്ണമന്നാടിയാരും; വിശ്വാസവുമായി വിവാഹാലോചന ചെയ്യുന്നവരെ കണ്ണമന്നാടിയാരും, അകററിക്കളഞ്ഞുകൊണ്ടിരുന്നു. അവരിരുവരും പറഞ്ഞു പരത്തിയ കെട്ടുകഥകൾ കേട്ടു് അവസാനം ആരും തന്നെ ആ വീടുകളിലേക്കു കാലെടുത്തുവെയ്ക്കാതെയായി.

'മകഠംക്ക പ്രായം അതിക്രമിച്ചുപോയല്ലോ. എന്താ ണിനി ചേയ്യേണ്ടതു്?' എന്നു കണ്ണമന്നാടിയാർ വ്യസനി ച്ചുകൊണ്ടിരിക്കുമ്പോഠം: "വൈവാഹികം—കന്യകയെ ആവശ്യമുണ്ട്" എന്നൊരു പരസ്യം ഒരു പത്രത്തിൽ കാ ണപ്പെട്ടു.

"പുരുഷനു വയസ്സ് ഇരുപത്തെട്ടു്. സ്ത്രീയുടെ സൗ ന്ദയ്യമല്ല സൽസ്വഭാവമാണു് ആവശ്യം" എന്നു് ആ പ രസ്യത്തിൽ വിശദമായി കാണിച്ചിരുന്നു.

ഈ പരസ്യം കണ്ട ഉടനെ കണ്ണമന്നാടിയാർ ത ൻെറ മകളുടെ യോഗ്യതാഭാഗങ്ങളെ വിസ്തരിച്ചെഴുതി ഒരു മറുപടി കൊടുത്തു.

രണ്ടു ദിവസത്തിനുശേഷം തങ്ങഠംക്കുവന്ന എഴുത്തു കഠം വായിച്ചപ്പോഠം മന്നാടിയാർമാർ രണ്ടുപേക്കും അത്യാ ശ്ചയ്യമുളവായി. പരസ്യത്തിൽ കാണിച്ച വധൂവരന്മാർ ഗൗരിക്കുട്ടിയും വിശ്വവുമല്ലാതെ മററാരുമായിരുന്നില്ല. ഇ താണു് അവരുടെ അത്ഭുതത്തിന്നു കാരണമായതു്.

അവസാനം കണ്ണമന്നാടിയാർ മുമ്പു കഴിഞ്ഞ കാർയ്യ ങ്ങളെല്ലാം വിസ്തരിച്ചു് തൻെറ പൂവ്വമിത്രമായ കൃഷ്ണമ ന്നാടിയാരുടെ വീട്ടിലേക്കു ചെന്നു.

"കഴിഞ്ഞ രണ്ടുകൊല്ലമായി നിങ്ങളും ഞാനും മക്ക ളുടെ വിവാഹകായ്യത്തിൽ വളരെ ശ്രമം ചെയ്തുവല്ലോ. വെണ്ണ കയ്യിലുണ്ടായിട്ടു നെയ്യിനുവേണ്ടി പുറമെ പോയി തേടുന്നവരുടെ സ്ഥിതിയിലായി നമ്മഠം. പോകട്ടെ. കഴി ഞ്ഞതെല്ലാം മറക്കുക. വിശ്വവും ഗൗരിക്കുട്ടിയും തമ്മിൽ

കല്യാണം നിശ്ചയിക്കുക. അങ്ങിനെ ചെയ്യുന്നതിന്നു വിരോധമുണ്ടോ? "കണ്ണമന്നാടിയാർ ചോദിച്ചു.

രണ്ടുപേരും പൊട്ടിച്ചിരിച്ചു. ആ ചിരിയില്ലൂടെ അവരുടെ ഉള്ളിൽ കിടന്നിരുന്ന വൈരവും വൈരാഗ്യവുമൊക്കെ ആകാശത്തു പറന്നു.

ഒരുമാസം കഴിഞ്ഞു. കണ്ണമന്നാടിയാരുടെ ഭാര്യ ദാക്ഷായണിഅമ്മയും കൃഷ്ണമന്നാടിയാരുടെ പത്നി മീനാക്ഷിഅമ്മയും തമ്മിൽ പണ്ടത്തെപ്പോലെ ആപ്തമിത്രങ്ങളായി. വിശ്വവും, ഗൗരിക്കുട്ടിയും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവെച്ചു ബന്ധുമിത്രാദികളുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ പല മാന്യന്മാരുടെ സാന്നിദ്ധ്യത്തിലും ആഘോഷമായി നടത്തപ്പെടുകയും ചെയ്തു.

# സ്വഭാവമാററം.

‘വായ കല്പിച്ചിട്ടുണ്ടെങ്കിൽ ഇരയും കല്പിച്ചിട്ടുണ്ടാകും’ എന്ന വിശ്വാസത്തോടെ ജീവിച്ചുപോരുന്ന കന്യകമാരുടെ കൂട്ടത്തിലൊരുവളായിരുന്നു പത്മാവതി. അവൾക്കു ശരിക്കു പതിനെട്ടുവയസ്സു പ്രായമായി. ഇരുപത്തിരണ്ടായെന്നാണു് നാട്ടുകാർ പറയുന്നതു്. എന്നാൽ അവളുടെ അച്ഛൻ എഴുതിവെച്ചിട്ടുള്ള ജാതകപ്രകാരം ഇന്നും പതിനാലുവയസ്സേ പ്രായമായിട്ടുള്ളു.

പത്മാവതി കാഴ്ചയിൽ വലിയൊരു സുന്ദരിയുമല്ല, അധികം വിരൂപയുമല്ല. ഒരിടമട്ടുകാരിയായിരുന്നു. സാമാന്യത്തിലധികം വലുപ്പമുള്ളതായ ശരീരം അവളുടെ സൗന്ദര്യത്തെ വളരെ കുറച്ചിരിക്കുന്നുവെന്നാണു് വീട്ടുകാർ പറയാറുള്ളതു്. മുഖത്തു പൂത്തരിച്ചുണങ്ങളുടെ വലുപ്പത്തിലുള്ള കുരുക്കൾ പരന്നിട്ടുണ്ടു്. അതുകൊണ്ടുള്ള വൈരൂപ്യംമറയ്ക്കുന്നതിനുവേണ്ടി ഒന്നരഇഞ്ചുകനത്തിൽ അവൾ പൗഡർ പൂശാറുണ്ടു്. കൂടാതെ സ്നോ, ക്രീം മുതലായവയും ധാരാളം ഉപയോഗിക്കുക പതിവാണു്. വീട്ടിൽ ഒഴിഞ്ഞ ‘സ്നോബോട്ടിലു’കൾ പലസ്ഥലങ്ങളിലും കിടക്കുന്നതുകാണാം. അവയെടുത്തു് അവളുടെ അമ്മ പെരുങ്കായച്ചെപ്പായും, അച്ഛൻ ഭസ്മക്കുടുക്കയായും; ഇളയസഹോദരൻ കളിപ്പാട്ടമായും ഉപയോഗിച്ചിരുന്നു.

പത്മാവതി വളരെയധികം കേശവർദ്ധനതൈലങ്ങളും സുഗന്ധതൈലങ്ങളും ഉപയോഗിക്കുക പതിവുണ്ടു്.

എന്നിരുന്നാലും അവളുടെ തലമുടി കഴുത്തിന്നുകീഴ്പ്പോട്ടിറങ്ങുവാൻ വിസമ്മതിച്ചു. അതുകാരണം അവൾക്ക 'വാർമുടിയുടെ സഹായം തേടേണ്ടിവന്നു.

തെക്കെ ഇന്ത്യയിലെ സിനിമാതാരങ്ങളെപ്പോലെ അവൾ കാലണവട്ടത്തിലുള്ള കുങ്കുമപ്പൊട്ടു നെററിയിൽ തൊടാറുണ്ട്. കഴുത്തിൽ സാധാരണ സമ്പ്രദായത്തിലുള്ള ഒരു ചെയിൻ മാത്രമേ ധരിക്കുക പതിവുള്ളു.

തിരുവള്ളൂർ ജമിന്ദാർ മഹാദേവയ്യരുടെ അരുമക്കുമാരിയാണ് പത്മാവതി. അടുത്തുള്ള ഹൈസ്കൂളിൽ മൂന്നാം ഫാറംവരെ പഠിച്ചതുമാത്രമാണ് അവളുടെ വിദ്യാഭ്യാസം. അതിന്നുമേൽ പഠിപ്പിക്കുന്നതിൽ ജമിന്ദാൎക്കു യാതൊരു വിരോധവുമില്ല. എന്നാൽ "പതിനെട്ടുവയസ്സായ ഒരു പെൺകുട്ടി നാലാംഫാറത്തിൽ പഠിക്കുന്നതു കേട്ടാൽ ആളുകൾ ചിരിക്കയില്ലേ?" എന്നു പറഞ്ഞു് അവൾതന്നെ അച്ഛനെ അതിൽനിന്നു പിൻവലിപ്പിച്ചു. അധികം പഠിക്കാത്തതുകൊണ്ടുള്ള കുറവുതീൎക്കുന്നതിന്നായി അച്ഛൻ ട്യൂഷൻമാസ്റ്റർ മുഖേന അവൾക്കു ലൌകികവിഷയങ്ങൾ പലതും പഠിപ്പിക്കുകയും, ആകപ്പാടെ അവളെ 'കൾച്ചേഡ്' എന്നു പറയത്തക്കവിധം ഉയൎത്തുകയും ചെയ്തു.

വീട്ടിൽവെച്ചു നാലുകൊല്ലക്കാലം സംഗീതം അഭ്യസിച്ചു. തുന്നൽപ്പണികളിൽ പത്മാവതിയേക്കാൾ നിപുണയായി ആ നാട്ടിൽ ആരുംതന്നെ ഇല്ലെന്നു മഹാദേവയ്യർ പലപ്പോഴും പുകഴ്ത്തിപ്പറയാറുണ്ട്. ചുരുക്കത്തിൽ സാമാന്യവിദ്യാഭ്യാസം, സംഗീതം, തുന്നൽ, വീട്ടുജോലികൾ മുതലായവ അറിയാമെങ്കിൽ പിന്നെ ഒരു സ്ത്രീക്കു മറെറന്തു പഠിപ്പാണ് ആവശ്യമുള്ളതു്?

പത്മാവതി ഒരു വലിയ വായാടിയാണെന്നു നാട്ടുകാരുടെ ഇടയിൽ പ്രസിദ്ധിസമ്പാദിച്ചു. ചിലർ അവളെ രാക്ഷസിയെന്നും, ഭദ്രകാളിയെന്നും പുച്ഛിച്ചുപറയാറുണ്ടായിരുന്നു. എന്നാൽ മഹാദേവയ്യരുടെ ധർമ്മപത്നി—"എൻെറ മകളെപ്പോലെ സാധുവായിട്ടു് ലോകത്തിൽ ഒരു പെൺകുട്ടിയുമില്ല." എന്നു ദൃഢമായി വിശ്വസിക്കുകയും പറയുകയും ചെയ്യുവന്നു. കുറെക്കാലം പഠിച്ചു ജോലിയൊന്നുമില്ലാതെ തെണ്ടിത്തിരിയുന്ന യുവാക്കന്മാർ ആ നാട്ടിൽ ചിലരുണ്ടായിരുന്നു. അവരിലൊരുവൻപോലും പത്മാവതിയെ കല്യാണംകഴിക്കുവാൻ ഒരുങ്ങിയില്ല. "നാലായിരം ഉറുപ്പിക സ്ത്രീധനമായി കിട്ടുന്നതിനെകൊതിച്ചു് പത്മാവതിയെ കല്യാണം കഴിക്കുന്നതായാൽ അവളോടുകൂടി ജീവിതംനയിക്കുവാൻ ആരെക്കൊണ്ടുസാധിക്കും?" എന്നായിരുന്നു എല്ലാ യുവാക്കന്മാരുടേയും അഭിപ്രായം.

പത്മാവതിക്കു തുല്യയായി പത്മാവതിയല്ലാതെ മററാരുമുണ്ടായിരുന്നില്ല. മഹാദേവയ്യരുടെ ബങ്കളാവിന്നടുത്തു വാടകക്കുകൊടുക്കാനുള്ള ഒരു വീടു പൂട്ടിക്കിടന്നിരുന്നു —"പത്മാതിയുടെ പാട്ടുകേട്ടു സഹിക്കായ്കയാലാണു് ആ വീടു വാടകക്കെടുക്കാൻ ആരുംതന്നെ വരാതിരിക്കുന്നതു്" എന്നു നാട്ടുകാർ തമ്മിൽതമ്മിൽ പറഞ്ഞിരുന്നു. അതെത്രത്തോളം ശരിയാണെന്നു നിശ്ചയമില്ല. ജനശ്രുതിയെ വിശ്വസിക്കാതെ, ആ നാട്ടിലേയ്ക്കു പുതുതായി സ്ഥലം മാററപ്പെട്ട ഹൈസ്കൂൾ ഹെഡ്മാസ്റ്ററും അദ്ദേഹത്തിൻെറ ഭാൎയ്യയും ആ പൂട്ടിക്കിടക്കുന്ന വീടു വാടകക്കെടുത്തു താമസം തുടങ്ങി. ഹെഡ്മാസ്റ്റർക്കു് ഉദ്ദേശം അമ്പതുവയസ്സു

പ്രായം കാണും; ഭാൎയ്യക്കും ഏതാണ്ടത്രത്തോളമായി. ദമ്പതിമാർ രണ്ടുപേരുംകൂടി വൈകുന്നേരം വീട്ടിൽ മുകളിലെ വരാന്തയിലിരുന്നു സംസാരിക്കാറുണ്ടു്.

മഹാദേവയ്യരുടെ വീട്ടിന്റെ മുകൾത്തട്ടിൽ ജനവാതിൽക്കലിരുന്നു നോക്കിയാൽ അടുത്തവീട്ടിലെ വരാന്തയിൽ നടക്കുന്നതെല്ലാം നല്ലപോലെ കാണുവാൻകഴിയും. ആ വീട്ടിൽ ആൾപ്പാൎപ്പുതുടങ്ങിയതിനുശേഷം പത്മാവതിക്കു് അവരെക്കുറിച്ചു പരിഹാസംപറഞ്ഞു സമയംപോക്കുവാൻ സൗകൎയ്യമായി: "അടുത്തവീട്ടിലെ കിഴവനും കിഴവിയും അതാ മാളികപ്പുറത്തുകാററുകൊള്ളുവാൻ വന്നിരിക്കുന്നു." എന്നു തന്നെത്താൻ പറഞ്ഞു് അവൾ ചിരിക്കുക പതിവായി.

എന്നാൽ അപ്രകാരമുള്ള പരിഹാസത്തിന്നു പാത്രീഭവിച്ച ആ വൃദ്ധദമ്പതികൾ ഒരു ദിവസം പെട്ടെന്നു പത്മാവതിയുടെ സ്നേഹബഹുമാനങ്ങൾക്കു ഭാജനമായിതീൎന്നു. അതിന്നുകാരണം വെക്കേഷൻകാലത്തു വീട്ടിൽവന്നിരുന്ന അവരുടെപുത്രൻ രാമചന്ദ്രനായിരുന്നു. അവൻ അണ്ണാമല സൎവ്വകലാശാലയിലാണു് പഠിച്ചിരുന്നതു്.

ഒരു ദിവസം കാലത്തു് അയൽവീട്ടിലെ പടിക്കൽ ഒരു വണ്ടിവന്നുനിന്നു. പത്മാവതി അതിലാരാണു് വന്നിരിക്കുന്നതെന്നു ഓടിച്ചെന്നുനോക്കി. വണ്ടിയിൽനിന്നിറങ്ങിയതു രാമചന്ദ്രനായിരുന്നു. ആയാളെ കണ്ടതോടുകൂടി പത്മാവതിയുടെ ഹൃദയം വേഗത്തിൽ സ്പന്ദിക്കുവാൻ തുടങ്ങി. ആ യുവാവു് അവളുടെ മനസ്സിനെ ആകൎഷിച്ചുകളഞ്ഞു!

രാമചന്ദ്രനെപ്പോലെ സാധുവായിട്ടു മറെറാരു ചെറുപ്പക്കാരൻ ഉണ്ടാകുമോ എന്നു സംശയമാണു്. വീട്ടിൽവന്ന ഒരാഴ്ചയായിട്ടും അവനെ ആരും പുറത്തുകണ്ടിട്ടില്ല; അകത്തുനിന്നു് അവൻ സംസാരിക്കുന്നതു് ആരും കേട്ടിട്ടുമില്ല. സായന്തനവേളകളിൽ അവൻ തനിയെ വരാന്തയിൽ ചാരുകസാലയിലിരുന്നു വല്ലതും വായിക്കുക പതിവാണു്. ആ സമയത്തു പത്മാവതി തൻെറ വീട്ടിൻെറ മുകൾത്തട്ടിൽ വന്നു് ജനവാതിലുകളിലൂടെ നോക്കിക്കൊണ്ടിരിക്കും. അപൂർവ്വമായി വല്ലപ്പോഴും രാമചന്ദ്രൻെറനോട്ടം താനിരിക്കുന്നേടത്തേയ്ക്കു പതിഞ്ഞാൽ പത്മാവതി ആനന്ദമൂർച്ഛയിൽമഗ്നയാകും. അവളുടെ കവിൾത്തടങ്ങൾ അപ്പോൾ പെട്ടെന്നു തുടുക്കും. ഉടനെ അവൾ കീഴ്പ്പോട്ടിറങ്ങി നിലക്കണ്ണാടിയിൽ തൻെറ മുഖസൗന്ദര്യം പരീക്ഷിക്കും. മുഖത്തുകുറെക്കൂടി പൗഡർപൂശി ഒട്ടുംതാമസിയാതെ മുകളിലേയ്ക്കുതന്നെ ഓടുകയുംചെയ്യും.

രാമചന്ദ്രൻ പ്രകൃത്യാ വലിയൊരു ഭീരുവാണു്: "ഞാനങ്ങോട്ടുനോക്കിയതിനാലായിരിക്കുമോ അവൾ കീഴെ ഇറങ്ങിപ്പോയതു്?" എന്നുവിചാരിച്ചു് അവൻ ഉടൻതന്നെ വരാന്തയിൽനിന്നു മാറിക്കളയും. ഇതുകണ്ടു പത്മാവതിക്കു് ഇന്നവിധമെന്നു പറയുവാൻവയ്യാത്ത ഒരു വികാരം ഉളവാകും. ഇങ്ങനെ ഒന്നുരണ്ടുതവണ കഴിഞ്ഞു. പിന്നീട്ടു് ഒരു തവണ പത്മാവതി ഇറങ്ങിപ്പോയപ്പോൾ രാമചന്ദ്രനും വരാന്തയിൽനിന്നുമാറി. അതിനുശേഷം ആയാൾ വായിക്കുന്നതിന്നു വരാന്തയിലേയ്ക്കു വരാതേയുമായി.

ഒരു ദിവസം മഹാദേവയ്യരുടെ ഭാര്യ, ഏതോ ഒരു പാട്ടക്കാരൻ കാഴ്ചയായി കൊണ്ടുവന്നുകൊടുത്ത ഒരു ചക്ക

മുറിച്ചു കറികഷ നുറുക്കുവാൻ തുടങ്ങി. അതുകണ്ടു പത്മാവതി പറഞ്ഞു: "അമ്മ, അയൽവീട്ടിലെ അമ്മായിക്കു് ഒരു തുണ്ടം കൊടുക്കൂ. പാവം, അവർ ഈ അപൂർവ്വസാധനം കണ്ടിട്ടുണ്ടായിരിക്കയില്ല." അടുത്ത വീട്ടിലെ ഗൃഹനായികയുടെ പേരിൽ മകഠംക്കുള്ള ആദരവുകണ്ടു് അവളുടെ അമ്മ "ശരി, നീതന്നെ ഒരു തുണ്ടം കൊണ്ടുപോയി കൊടുത്തുവാ" എന്നു പറഞ്ഞു. അതു കേഠംക്കേണ്ട താമസം, ആ വലിയ ചക്കയുടെ പകുതിയോളം വരുന്ന തുണ്ടവുമെടുത്തു്, സിനിമയിലെ കഥാനായികയെപ്പോലെ കുതികുതിച്ചു് പത്മാവതി അയൽവീട്ടിലേക്കോടി.

"അമ്മായി, അമ്മ പറഞ്ഞു, ഇതു നിങ്ങഠംക്കു കൊണ്ടുവന്നുതരുവാൻ." അടുത്ത മുറിയിലിരിക്കുന്ന രാമചന്ദ്രനു കേഠംക്കത്തക്കവിധം പത്മാവതി ഉറക്കെ പറഞ്ഞു.

അന്നുമുതല്ക്കു ദിവസംതോറും എന്തെങ്കിലും ഒരു കാരണമുണ്ടാക്കി ചുരുങ്ങിയതു രണ്ടുപ്രാവശ്യമെങ്കിലും പത്മാവതി അടുത്ത വീട്ടിലേയ്ക്കു പോകാതിരിക്കുകയില്ല.

"അമ്മായി, നിങ്ങഠംക്കു തലവേദനയുണ്ടോ? വേണമെങ്കിൽ ഞാൻ കാപ്പിയുണ്ടാക്കിത്തരാം" എന്നും മറവുമുള്ള അവളുടെ സഹായവാഗ്ദാനങ്ങഠം ഹെഡ്മാസ്റ്ററുടെ ഭാര്യയ്ക്കു് ആനന്ദമുളവാക്കി.

അയൽവീട്ടിലേയ്ക്കു പോകുമ്പോഠം പത്മാവതി പുതിയപുതിയ ഉടുപ്പുകളാണു് ധരിച്ചിരുന്നതു്. ഒരു ദിവസം പച്ചജാക്കറ്റാണെങ്കിൽ പിറേറദിവസം നീലജാക്കററു്; അടുത്തദിവസം മഞ്ഞസില്ക്കു ജാക്കററു്! ഇങ്ങനെ നാടകത്തിലെ സ്ത്രീപ്പാർട്ടുപോലെ വേഷംചമഞ്ഞു ശൃംഗാ

രഭാവം നടിച്ച് ആടിക്കുഴഞ്ഞു രാമചന്ദ്രന്റെ മുമ്പിൽ ചെന്നുനിന്നാൽക്കൂടിയും ബുദ്ധിഹീനനായ ആ ചെറുപ്പക്കാരൻ ഒരിക്കലെങ്കിലും അവളുടെ മുഖത്തുനോക്കി ഒന്നു ചിരിക്കുകയുണ്ടായില്ല.

പത്മാവതിക്കു തീരെ മടുത്തു. എന്തുവിദ്യ പ്രയോഗിച്ചാലും രാമചന്ദ്രനെ ആകർഷിക്കുവാൻ സാധിക്കുന്നില്ല. ഇച്ഛാഭംഗത്തിൽപെട്ട അവൾ ഒടുവിൽ ഒരു മൂലയിൽ വെറുതെ കിടന്നിരുന്ന ഫിഡിൽ കയ്യിലെടുത്തു തനിക്കറിയുന്നതും അറിയാത്തതുമായ പല പാട്ടുകളും വായിക്കുവാൻ തുടങ്ങി. അതുകേട്ട് രാമചന്ദ്രൻ അമ്മയോടിങ്ങനെ ചോദിച്ചു: "അമ്മേ, നായയും പൂച്ചയും തമ്മിൽ ശണ്ഠകൂടുന്ന ശബ്ദമാണോ ആ കേൾക്കുന്നതു്?" അമ്മ പറഞ്ഞപ്പോഴാണ് അടുത്തവീട്ടിലെ പെൺകുട്ടിയുടെ കയ്യിൽ അകപ്പെട്ട ആ ഭാഗ്യഹീനയായ ഫിഡിലിന്റെ അഭയയാചനയാണ് താൻ കേട്ടതെന്ന് അവൻ മനസ്സിലാക്കിയതു്.

പത്മാവതിയുടെ ഫിഡിൽവായനയുടെ മാധുര്യം സഹിപ്പാൻ ശക്തനാകാതെ രാമചന്ദ്രൻ അടുത്തുള്ള തോടിന്റെ വക്കത്തു നിന്നിരുന്ന അശ്വത്ഥവൃക്ഷത്തിന്റെ ചുവട്ടിൽ പോയി വായിക്കുവാൻ തുടങ്ങി. അവൻ അതിക്കിൽ അപരിചിതനാകയാൽ തോട്ടുവക്കത്തോളം തനിച്ചു പോകുവാൻ ഭയപ്പെട്ട് അയൽവീട്ടിലെ രാശുവിനെ സഹായത്തിന്നു കൂട്ടിയിട്ടാണ് പോയതു്. രാമചന്ദ്രൻ വീട്ടിൽതന്നെ ഉണ്ടെന്നു കരുതി പത്മാവതി ദിനംതോറും തിരുതകൃതിയായി ഫിഡിൽ വായിച്ചുകൊണ്ടിരുന്നു. തനിക്കു രസമാകു

ന്നതിന്നുവേണ്ടി ഒരു ആത്മാവു് ഇങ്ങനെയെല്ലാം കഷ്ടപ്പെടുന്ന വിവരം അറിവാൻ കഴിയാതെ പരമമൂഢനായ രാമചന്ദ്രൻ ആ അരശുമരത്തിന്റെ ചുവട്ടിൽ പുസ്തകവും കയ്യുമായി കഴിയുവാൻ തുടങ്ങി.

ഒരാഴ്ച കഴിഞ്ഞപ്പോഴാണു് തന്റെ ഫിഡിൽവായന വെറും വനരോദനമായിരുന്നുവെന്നും, അതു് ആർ കേൾക്കേണമെന്നു കരുതിയിരുന്നുവോ ആ മനുഷ്യൻ വീട്ടിലുണ്ടാകാറില്ലെന്നും പത്മാവതിക്കു മനസ്സിലായതു്. രാമചന്ദ്രന്റെ വായന തോട്ടിൻവക്കത്തേക്കു മാറിയതായി അവൾ അന്വേഷിച്ചറിഞ്ഞു. ഒരുദിവസം അമ്മായിക്കുവേണ്ടി നല്ലവെള്ളം കൊണ്ടുവരുവാനായിട്ടു് ഒരു കുടവുമെടുത്തു പത്മാവതി തോട്ടിലേക്കു യാത്രയായി. അവിടെ അരശുമരത്തിന്റെ ചുവട്ടിലിരുന്നു് രാമചന്ദ്രൻ വായിക്കുന്നതുകണ്ടപ്പോൾ താൻ ചെന്നതു തെറ്റിപ്പോയെന്നു അവൾ വിചാരിച്ചു. ഒക്കത്തുവെച്ചിരുന്ന ജലകുംഭം ഇരിപ്പുറക്കാതെ കീഴ്പ്പോട്ടു വീഴുവാൻ ഭാവിച്ചു. അതു ബലമായി പിടിച്ചു് അവൾ തന്റെ വരവു് രാമചന്ദ്രനെ അറിയിക്കുന്നതിന്നുവേണ്ടി മൃദുസ്വരത്തിൽ പാട്ടുപാടിക്കൊണ്ടാണു് ചെന്നതു്.

തന്റെ തപസ്സിളക്കുവാൻ പാട്ടും ആട്ടവും ചെയ്യുന്ന അപ്സരസ്ത്രീയുടെ മോഹനാസ്ത്രത്തിന്നു പാത്രമാകാതെ കഴിക്കുവാൻ മനസ്സിരുത്തുന്ന ഒരു താപസനെപ്പോലെ രാമചന്ദ്രൻ പത്മാവതിയുടെ സംഗീതസാഹസത്തിൽ ശ്രദ്ധ ചെലുത്താതെ പുസ്തകത്തിൽതന്നെ മനസ്സിരുത്തിക്കൊണ്ടിരുന്നു. പക്ഷെ പത്മാവതി അതുകൊണ്ടൊന്നും നിരാ

ശയായില്ല. അവഠം അന്നുമുതൽക്കു ദിവസവും പത്തുപ്രാവശ്യമെങ്കിലും വെള്ളം മുക്കുവാൻ തോട്ടിലേയ്ക്കു പോകുതുടങ്ങി.

അവഠം പറയും, "അമ്മേ, തമലയിലെ വെള്ളത്തിൽ ഒരു ഗൗളി വീണിരിക്കുന്നു. ഈ വെള്ളം ഉപയോഗിക്കുവാൻ കൊള്ളില്ല" എന്നു്. ഉടനെ നല്ലവെള്ളം കൊണ്ടുവരുവാൻ തോട്ടിലേയ്ക്കോട്ടം. ഇങ്ങനെ എത്രതവണ വെള്ളം കൊണ്ടുവന്നാലും അവഠംക്കു മതിവരികയില്ല.

ഒടുവിൽ പത്മാവതിയുടെ പ്രേമനാടകത്തിൻെറ അവസാനാംശമായി. ഒരു ദിവസം പതിവുപോലെ വെള്ളമെടുക്കുവാൻ ചെന്ന പത്മാവതി, 'ഇന്നു് എങ്ങിനെയെങ്കിലും രാമചന്ദ്രനെക്കൊണ്ടു രണ്ടുവാക്കെങ്കിലും പറയിച്ചേ വിടൂ' എന്നു ദൃഢനിശ്ചയം ചെയ്തു.

"മേൽഭാഗത്തിറങ്ങിക്കുളിച്ചു തോട്ടിലെവെള്ളം കലക്കരുതേ, രാശ്രു" എന്നു് അവഠം രാശ്രുവിനോടായി പറഞ്ഞു. രാശ്രു അപ്പോഠം വെള്ളത്തിൽ കളിക്കുകയായിരുന്നു. വേറെആരും അവിടെ ഉണ്ടായിരുന്നതുമില്ല. 'അപ്പോഠം രാമചന്ദ്രൻ എൻെറപേരിൽ ദയവിചാരിച്ചു രാശ്രുവിനെ ശാസിക്കാതിരിക്കയില്ല. അങ്ങിനെയായാൽ എന്നോടും വല്ലതും പറയും' എന്നവഠം ആശിച്ചു.

അവളുടെ ആശ വിഫലമായില്ല. "അടങ്ങിയിരിക്കൂ, രാശ്രു" എന്നുപറഞ്ഞുകൊണ്ടു് രാമചന്ദ്രൻ പത്മാവതിയുടെ മുഖത്തുനോക്കി. ആ നോട്ടത്തോടുകൂടി രാമചന്ദ്രൻ അവളുടെ സൗന്ദര്യത്തിൽ മയങ്ങിപ്പോയി. പത്മാ

വതി ഒന്നുംപറയാതെ ലജ്ജാനമ്രമുഖിയായി വീട്ടിലേയ്ക്കു പോകയുംചെയ്തു.

കാമദേവൻെറ അസ്ത്രപ്രയോഗത്തിലുള്ള രഹസ്യം ആക്കും അറിഞ്ഞുകൂടാ. ആരും വിചാരിക്കാത്തവിധത്തിൽ ചില നിസ്സാരകാരണങ്ങളെക്കൊണ്ടു സ്ത്രീപുരുഷന്മാക്കുതമ്മിൽ അനുരാഗമുദിക്കും. സൗന്ദയ്യവുംവേണ്ടാ, സാരസ്യവുംവേണ്ടാ, കടാക്ഷശാസ്ത്രത്തിലുള്ള പയറവുംവേണ്ടാ അതിന്നു്. അങ്ങനെയാണു് രാമചന്ദ്രനു പത്മാവതിയിൽ അനുരാഗമുളവായതു്.

അന്നുമുതൽക്കു രാമചന്ദ്രൻെറ സ്വഭാവത്തിലും ചേഷ്ടകളിലും അസാധാരണമായ മാററംകണ്ടുതുടങ്ങി. ആയാൾ ദിവസന്തോറും മുടങ്ങാതെ തോട്ടവക്കത്തേയ്ക്കുപോകും. വൈകുന്നേരമായാൽ 'ഡ്രസ്സ്' ധരിച്ചു് സായാഹ്നസഞ്ചാരത്തിനു പുറപ്പാടാകും. ഈ മാററംകണ്ടു് രാമചന്ദ്രൻെറ അച്ഛനമ്മമാർ അത്ഭുതപ്പെട്ടു.

രാമചന്ദ്രൻെറ പെരുമാററം മഹാദേവയ്യരും മനസ്സിലാക്കാതിരുന്നില്ല. അവൻെറ ജാതകം തനിക്കൊന്നു നോക്കണമെന്നു് അദ്ദേഹത്തിനുതോന്നി. ജാതകത്തിന്നു നല്ലയോജിപ്പുണ്ടായിരുന്നുവെന്നു വിശേഷിച്ചു് പറയേണ്ടതില്ലല്ലോ.

ഒരു മാസംകഴിഞ്ഞു. മഹാദേവയ്യരുടെ ഗൃഹത്തിൽ കമനീയമായൊരു കല്യാണപ്പന്തൽ ഉയന്നു. അടുത്തവട്ടത്തുള്ളവരൊക്കെയും പത്മാവതിയുടെ കല്യാണത്തിനുള്ള ഒരുക്കമാനംകണ്ടു് അത്ഭുതപ്പെട്ടു. അവളെ വിവാഹംചെ

യ്യാന്തറച്ച ധീരപുരുഷൻെറപേരിൽ അവൎക്കെല്ലാം വലിയ സഹതാപംതോന്നി. അയ്യായിരംഉറുപ്പിക സ്ത്രീധനത്തോടുകൂടി മഹാദേവയ്യർ പത്മാവതിയെ രാമചന്ദ്രന്നു വിവാഹംകഴിച്ചു കൊടുത്തു.

കല്യാണം കഴിഞ്ഞതിന്നുശേഷം അതേവരെ തനിച്ച് വായാടിയായിരുന്ന പത്മാവതി, വെറും പെട്ടിപ്പാമ്പായിമാറി. രാമമൂൎത്തിയാകട്ടെ, നേരെമറിച്ച് വലിയവായാടിയായുംതീൎന്നു. പത്മാവതിക്ക് ഇങ്ങനെ സ്വഭാവമാററംവരുമെന്നു മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ മഹാദേവയ്യൎക്ക് അയ്യായിരംഉറുപ്പിക നഷ്ടപ്പെടാതെ കഴിക്കാമായിരുന്നു എന്ന് അയൽവക്കത്തുള്ള ചെറുപ്പക്കാർ തമ്മിൽ തമ്മിൽ പറഞ്ഞു.

## കാമിനിമൂലം

സമയം സന്ധ്യയോടടുത്തു. അന്തിക്കതിരവൻ ദിക്കുകളുടെ മുഖങ്ങളിൽ ചെഞ്ചായം പൂശുവാൻ തുടങ്ങി. ഇളംകാററു് സാഹാഹ്നസഞ്ചാരത്തിന്നു പുറപ്പെട്ടു. ഈ സമയത്തു്, പുഞ്ചപ്പാടത്തെ നടുവരമ്പിലൂടെ, ഓമല ഇളകുന്ന അവയവങ്ങളോടുകൂടി പതുക്കെ നടന്നുവരികയായിരുന്നു. കാർകൂന്തലിലെ ചെറുമക്കളായ കുറുനിരകൾ കാററേററാടി നെററിമേൽ നൃത്തംവെയ്ക്കുന്നു. നെററിയിലെ കുങ്കുമപ്പൊട്ടു് അസ്തമയസൂൎയ്യന്റെ അരുണകിരണങ്ങളേററു് മിന്നിത്തിളങ്ങുന്നു. തലയിൽ ചുമന്നിട്ടുള്ള കൊട്ട ഒരു കൈകൊണ്ടു താങ്ങിയും, മററേ കൈ അരക്കെട്ടിൽ ഊന്നിയും ഉല്ലാസഭരിതയായി നടക്കുന്ന ഓമലയെ കണ്ടാൽ കാന്തിമതിയായ ഒരു പൊൻപാവ ജീവൻവെച്ചുനടന്നുവരികയാണോ എന്നു തോന്നും.

'ഓമ്മു' എന്നു് ആരോ ഒരാൾ ഗൂഢസ്വരത്തിൽ വിളിച്ചതുകേട്ടു് ഓമല വഴിമദ്ധ്യത്തിൽ നിലവായി. തിരിഞ്ഞുനോക്കി ആളെ മനസ്സിലായപ്പോൾ അവളുടെ മുഖം സന്തോഷാധിക്യത്താൽ പ്രസന്നമായി. വയലിൽ പണിയെടുത്തു തളൎന്നു വേൎപ്പണിഞ്ഞ മുഖത്തോടുകൂടി പിന്നിൽ വരുന്ന ചാത്തനെകണ്ടു് ഓമല നാണിച്ചു മുഖം താഴ്ത്തി.

"ഇന്നെന്തേ നീതന്നെ പണിക്കുപോയതു്? തന്ത ചാളയിൽ കിടപ്പല്ലേ? അതെങ്ങനെ ഇരിക്കണു?" ചാത്തൻ കുശലപ്രശ്നംചെയ്തു.

"അധികൊന്നുല്യ. മോന്തിക്ക് അടിപിഴച്ചുവീണ കാലിൻെറ ഞെരിയാണിക്ക് ഒരു ഉളുക്ക്. നടക്കാൻ ഇത്തിരി ഞെരുക്കമൊണ്ടെന്നുമാത്രം. അതേ, ഞാൻ പാടത്തേയ്ക്കു പുറപ്പെട്ടതു്." ഓമല മറുപടിപറഞ്ഞു.

"നീയ്യിങ്ങനെ പാടത്തുപോയി പാടുപെടണതു കണ്ടിട്ടു് ൻെറ നെഞ്ഞു വേവുന്നു. ഇരിക്കട്ടെ. ഇരുട്ടുന്നതിനുമുമ്പു് ഞാനങ്ങട്ടുവരും. തന്തയോടു പറഞ്ഞേയ്ക്കു" ചാത്തൻ അവളെ സ്നേഹംതുളുമ്പുന്ന കണ്ണുകളെക്കൊണ്ടുനോക്കി. ഓമലയുടെ മുഖം തനിയെ താണു.

"നേരം വൈകി. തന്ത തനിച്ചേയുള്ളു. വേം അങ്ങട്ടു് പോ." ചാത്തൻ ശാസിച്ചു. മനമില്ലാമനസ്സോടുകൂടി അവൾ നടക്കുവാൻ തുടങ്ങി.

ഓമല ചാത്തപ്പൻെറ—അതാണവളുടെ പിതാവിൻെറ പേർ—ഏകപുത്രിയാണു്. ചെറുപ്രായത്തിൽത്തന്നെ അമ്മ മരിച്ചുപോയി. വൃദ്ധനായ ചാത്തപ്പനു മകൾ ഓമലയും, ജീർണ്ണിച്ച ഒരു ചെറിയ ചാളയും മാത്രമേ മുതലായിട്ടുള്ളു. അന്നന്നു വയലിലും പറമ്പിലും പോയി പണിയെടുത്തു കിട്ടുന്ന കൂലിയുംകൊണ്ടു് ചാത്തപ്പൻ ചാളയിൽ വരും. അതുകൊണ്ടു് ഓമല ആ ചെറുകുടുംബത്തിൻെറ ചിലവുകൾ നടത്തിവന്നു.

പാതിരിക്കുന്നുദേശത്തെ വയൽവേലക്കാരായ ചെറുമക്കളിൽ, കുറച്ചു 'പശിമ'യുള്ളവൻ മുണ്ടൻ മാത്രമാണു്. ഓമലയെ കെട്ടുവാൻ മുറപ്രകാരം അവകാശിയും അവൻ തന്നെയാണു്. മുണ്ടൻെറ വസൂരിക്കലകൾ നിറഞ്ഞ മുഖവും, മദ്യലഹരിയാൽ കോവയ്ക്കപോലെ ചുവന്ന കണ്ണുക

ളും കണ്ടാൽ ഓമല ഭയപ്പെട്ടുപോകും. എന്നാൽ മുണ്ടൻ ഓമലയുടെമേൽ കണ്ണുവെച്ചിട്ടുണ്ടെന്നു ചാത്തപ്പന്നറിയാം. നാട്ടിൽ തികഞ്ഞ പോക്കിരിയായ അവനു തൻെറ ഓമനമകളെ കൊടുക്കുവാൻ ചാത്തപ്പന്നു തീരെ മനസ്സില്ല. ചാത്തൻ കയ്യിലൊരു കാശുമില്ലാത്തവനാണെങ്കിലും, നല്ല പ്രയത്നക്കാരനും ഗുണവാനുമാണു്. അവൻ കള്ളു തൊടുകയില്ല; യാതൊരു ദുസ്സ്വഭാവവും ചെയ്യുകയുമില്ല. ഓമലയ്ക്കു അവൻെറ പേരിൽ സ്നേഹമുണ്ടെന്നു് ഏതാണ്ടു മനസ്സിലായിട്ടുണ്ടു്. മുണ്ടനേയും ചാത്തനേയും മാറിമാറി വിചാരിച്ചു ധർമ്മസങ്കടത്തിൽ പെട്ടിരിക്കയാണു കിഴവൻ ചാത്തപ്പൻ.

അന്നുരാത്രി ചാത്തൻവന്നു് കിഴവനോടു പറഞ്ഞു: "കാരണോരേ, ഓമലയെ കെട്ടുവാൻ ഞാനാണു്. നിങ്ങൾ ഇത്തിരി മനസ്സുവെച്ചുച്ചാൽ ഇമ്മാസംതന്നെ അടിയന്തിരം നടത്താം."

ചാത്തപ്പൻെറ മനസ്സിൽ വളരെ സന്തോഷം തോന്നി. എങ്കിലും അതു പുറത്തു ഭാവിക്കാതെ അയാൾ പറഞ്ഞു: "മോനേ, കാളിയാവിൽ വേലല്ലേ വരാൻപോണതു്. അതങ്ങട്ടു് കയിയട്ടെ. വേലയടുത്താൽ നാട്ടില് പെണ്ണുകെട്ടും മററും പാടില്ലാന്നു് മൺമറഞ്ഞോര് പറഞ്ഞു കേട്ടിട്ടുണ്ടു്."

ചാത്തൻ വൃദ്ധൻെറ അഭിപ്രായത്തോടു യോജിച്ചു. ഈ സംഭാഷണം മുഴുവനും മറഞ്ഞുനിന്നു കേട്ടിട്ടു് ഓമലയുടെ മനസ്സു തണുത്തു. കാളികാവിലെ വേല വേഗംവരട്ടെയെന്നു് അവൾ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.

വേലദിവസം രാത്രി നിലാവു പകൽവെളിച്ചംപോ ലെ തിളങ്ങുന്നു. വേലവാണിഭത്തിൽ വാങ്ങിയ സാമാന ങ്ങൾ ചുമന്നു സംഘം സംഘമായി ഓരോന്നു പറഞ്ഞു ചിരിച്ചുകൊണ്ടു് ചെറുമക്കൾ താന്താങ്ങളുടെ വസതിക ളിലേയ്ക്കു പോയിക്കൊണ്ടിരുന്നു.

"ഓമൂവെ കാണാനില്ലല്ലോ! അവളെക്കൂട്ടാതെചെ ന്നാൽ വയസ്സൻചാത്തപ്പൻ കലമ്പും" ഒരുവൾ പറഞ്ഞു.

"അതിനിപ്പം ന്താ്കാട്ട്ാ. ഇവിടേങ്ങ്നെ തവതര രിച്ചുനിന്നാ ഓമൂവെ കാണോപാ? നടക്ക്, തലചുട്ണ്." മറെറാരുവൾ പറഞ്ഞു.

"ഓമൂവും ചാത്തനും തമ്മിലു് ഈ മാതം കഴിയുംമു മ്പു് കല്ലാണമുണ്ടെന്നു കേട്ട്ല്ലേ? ചാത്തപ്പൻെറ മരുവ നും മുറപ്പടി അവകാശിയുമായ മുണ്ടൻ അതങ്ങുകണ്ടോ ണ്ടിരിക്യോ" പ്രായംചെന്ന ഒരുവൾ ചോദിച്ചു.

"അതെന്തോ? കിളവൻ അങ്ങനെ ഉറച്ചൂന്നാകേട്ട് തു്. അതു നേരാണെങ്കില് വമ്പിച്ച വഴക്ക്ണ്ടാകും നിച്ച യം. പാവപ്പെട്ട ചാത്തൻ ഓമൂവെ കെട്ട്ണതു് മുണ്ടൻ കണ്ടുപൊറുപ്പ്പോനല്ല" വൃദ്ധയായ മറെറാരുവൾ അഭിപ്രാ യപ്പെട്ടു.

ഇങ്ങനെ പലതും സംസാരിച്ചു് പോകുന്നവരുടെ പി ന്നിൽ അല്പം അകലെയായി ഓമല വരുന്നുണ്ടായിരുന്നു. തന്നെപ്പററി പലരും പറയുന്നവാക്കുകൾ അവൾ കേട്ടില്ല. മുമ്പുപോകുന്നവരുടെ കൂട്ടത്തിൽ എത്തിച്ചേരുവാൻ അ വൾ കുതിച്ചുനടന്നു. അവർ വളരെയകലെപെട്ടാൽ ത നൊററയ്ക്കാകുമെന്നു് ഓമല ഭയപ്പെട്ടു.

ചാന്തവാണിഭത്തിൽ വാങ്ങിയ ഉറിയപ്പം പൊട്ടിച്ചു കടിച്ചുകൊണ്ടു് ഓമലയുടെപിന്നിൽ കുറച്ചകലെയായി മുണ്ടൻ നടന്നുവരുന്നുണ്ടായിരുന്നു. തൻെറമുമ്പിൽ പോകുന്നപെണ്ണു് ആരാണെന്നു് ആ നിലാവെളിച്ചത്തിൽ മുണ്ടന്നു് അറിവാൻസാധിച്ചു. അറിഞ്ഞഉടനെ അവൻ ഓടി ഓമലയുടെ അടുത്തെത്തി.

ഓമലയുടെ കാലുകൾ പേടികൊണ്ടു് ഇടറുവാൻതുടങ്ങി. അവൾപറഞ്ഞു: "ഏട്ടാ, ൻറ പിന്നാലെ വര്ണ്ടാ. ആരെങ്കിലും കണ്ടാല് എന്താ തോന്നാ"

"ആര്ക്ക് എന്ത് തോന്ന്യാലെന്താ? നീയ് എനിക്ക് അവകാശമുള്ളോളല്ലേയ്? ഉറപ്പിച്ച്പറയ്, ചാത്തനെ കെട്ടില്ലാന്നും, എന്നെത്തന്നെ കെട്ടുംന്നും" മുണ്ടൻ ഉരുമ്മികൊണ്ടു് അവളുടെ കൈ കടന്നുപിടിച്ചു.

ഓമല ഉച്ചത്തിൽ നിലവിളിച്ചു. ആ ശബ്ദം ആകാശംപിളക്കുമാറു് എങ്ങുംമുഴങ്ങി. മുമ്പിൽപോകുന്നവർ പിന്തിരിഞ്ഞുനിന്നു. പിന്നാലെവരുന്നവർ ഊക്കോടെ ഓടിയടുത്തു. പലരുംകൂടി മുണ്ടനും ഓമലയും നില്ക്കുന്നസ്ഥലത്തു് പെട്ടന്നുചാടിവീണു.

"നായിൻെറമോനെ! കള്ളിൻെറമിടുക്ക് പെണ്ണോളത്തിയോടാ കാണിക്ക്ണ്? എൻെറ നേക്കവാടാ, ഒരു കള്ള്പൊരുതാം." ചാത്തൻ ഗജ്ജിച്ചുകൊണ്ടു് മുണ്ടനെ കടന്നുപിടിച്ചു.

"കരുത്തംകെട്ടനായെ! അടക്ക്ടാ അൻെറവായ. അമ്മാമൻെറ മകളോട്ടു് എനിക്കെന്തും പറ്യാം. അതില് ചോദ്യംനടത്താൻ നീയ്യാരാണു്?" മുണ്ടൻ കഴിച്ചില്ല.

“ചേട്ടാ, മുണ്ടനെതൊട്ണ്ട. അവനെ വിട്ടേക്കിൻ. തന്തകേട്ടാല് സുകാവില്ല” ഓമല കരഞ്ഞുകൊണ്ടു് കെഞ്ചി.

“എടാപോസ്കിരി! അമ്മാമന്റെ മോളാണന്ന് ച്ച് തോന്ന്യാസംകാട്ട്ണ്ട. ഓളെന്നെ കെട്ടാനുറച്ചിരിക്കാന്ന് ആലോസിച്ച തവതാരിച്ചോ” ചാത്തൻ കൈവിട്ട് താക്കീതുനല്കി.

“അട്ടാ! നീയ്കെട്ട്ണ്ത്ത് ഞാനൊന്ന് കണ്ടോണ്ട് ര്ക്കോ. മുണ്ടനോട്ട കളിക്കാണ്ട പോവ്വാ അനക്ക്നല്ലത്” മുണ്ടൻ പുച്ഛഭാവത്തിൽ ചിരിച്ചു. ചാത്തനു കോപം തലയിൽകയറി. അവൻ മേലുംകീഴുംനോക്കാതെ മുണ്ടന്റെനേക്കു ചാടി.

മുണ്ടനും ചാത്തനുംതമ്മിൽ പിടിയുംവലിയുമായി. തട്ടുംമുട്ടും അടിയുംഇടിയും ഓട്ടവുംചാട്ടവുംകൂടി വലിയ ബഹളമായി. രണ്ടുപേരുംതമ്മിൽ പൊത്തിപിടിച്ചു നിലത്തു വീണുരുണ്ടു. എന്താപത്താക്കെയാണാവോ വരികയെന്നു വിചാരിച്ച് ഓമല ഉറക്കെ നിലവിളിച്ചു. മര്യാദക്കാരായ പലരും ഇടയിൽകടന്നു ചാതികാരെൻ പിടിക്കുവാൻ ചെന്നു.

ഈ സമയത്തു് മുണ്ടന്റെ ചങ്ങാതിയായ ഒരുവൻ കുടിച്ചുകൂത്താടിക്കൊണ്ടു് ഓടിയെത്തി. നല്ലതടിമിടുക്കുള്ള അവൻ ചാത്തനോടുനേരിട്ടു. ചാത്തന്റെ മുതുകത്തു് അവൻ ഊക്കോടെ ഒന്നുകൊടുത്തു. ചാത്തൻ ഈറവുപാമ്പിനെപ്പോലെ കയർത്തു ചീറിക്കൊണ്ടു് തന്നത്താനറിയാതെ എതിരാളിയെപിടിച്ചു വട്ടത്തിൽചുററി മേല്പോട്ടൊന്നു കൊടുത്തു. അവൻ ‘പിധീം’ എന്നു് നിലത്തുവീണു വീ

ഴ്ചയിൽ തല ഒരു കല്ലിന്മേൽ അടിക്കുകയാൽ തൻേറടംവിട്ടുപോയി. ചെറുമക്കൾ പലരുംകൂടി അവനെ പിടിച്ചുകൊണ്ടുപോയി. തലയിൽപററിയ പരുക്കിനു് ആഴംകൂടുകയാൽ കിണ്ടിയുടെ മുരലിൽനിന്നു വെള്ളംവീഴുംപോലെ ചോര ചാടിക്കൊണ്ടിരുന്നു. അതുകണ്ടു് എല്ലാവരും ഭയപ്പെട്ടു.

പരുക്കേററവനെ അവൻെറ ആൾക്കാർ എടുത്തുകൊണ്ടുപോയി. മാമൂൽപ്രകാരം പോലീസ്സ്റ്റേഷനിൽ വിവരമറിയിച്ചു. പോലീസുകാർ ചാത്തനെ പിടിച്ചു സ്റ്റേഷനിൽ കൊണ്ടുപോയി അവരുടെ മാമൂലുകൾ നടത്തി. ഓമല സങ്കടം സഹിക്കാതെ ഉറക്കെ നിലവിളിച്ചു.

പരുക്കേററപുള്ളി രണ്ടുദിവസത്തിനുള്ളിൽ മരിച്ചുപോയതിനാൽ ചാത്തൻെറമേൽ കൊലക്കുററം ചുമത്തി കേസ്സുനടന്നു. കേസ്സിൽ താൻ പിടിച്ചഭാഗം ജയിക്കുവാൻ മുണ്ടൻ തൻെറ സവ്വസ്വവും ചിലവഴിച്ചു. അവസാനം കേസ്സുതെളിയുകയും ചാത്തനെ ശിക്ഷിക്കുകയും ചെയ്തു. തനിക്കു പന്ത്രണ്ടുകൊല്ലം കഠിനതടവു വിധിച്ചതായി കേട്ടപ്പോൾ ചാത്തൻ മോഹാത്സ്യപ്പെട്ടുപോയി.

ചാത്തൻ ജയിലിൽ കിടക്കുന്നകാലത്തു് ഒരിക്കൽ ഓമല അവനെ കാണുവാൻ ചെന്നു. അവൾ പറഞ്ഞു: "ചേട്ടാ, ന്നെ ഒന്നുനോക്കു! നിങ്ങള് തുറുങ്കില്നിന്നു വരുന്നതു്വരെ ഏൻ കാത്തിരിക്കും. വിചാരപ്പെടരുതു്. ഏനാണല്ലോ ഇതിനൊക്കെ കാരണം. അതിനാല് ഏൻ പറയുണു, ചേട്ടൻ വരുംവരെ ഏൻ ആരേയും കെട്ടില്ല." ഇതുകേട്ട ചാത്തൻ സമാധാനം പൂണ്ടു.

പന്ത്രണ്ടുകൊല്ലം കഴിഞ്ഞു. തടിച്ചുകൊഴുത്തു ദൃഢഗാത്രനായിരുന്ന ചാത്തൻ ജയിൽവാസം നിമിത്തം മെലിഞ്ഞു ചടച്ചു കവിളൊട്ടി കണ്ണു കണ്ടിൽപോയി കണ്ടാലറിയാത്തവിധത്തിൽ രൂപാന്തരപ്പെട്ടു. ജയിലിൽ കഠിനവേലകഠം ചെയ്തിരുന്നതിനാൽ കൈകഠം മരടിച്ചു. ജയിൽജീവിതത്തിൻെറ സ്മാരകമെന്നോണം മുഖത്തു പല വരകളും വീണു. തലരോമങ്ങഠം മുഴുവനും വെഞ്ചാമരംപോലെ വെളുത്തു. കാഴ്ചയിൽ ഇങ്ങനെ പല മാററങ്ങളും വന്നുവെങ്കിലും മനസ്സിന്നു യാതൊരു ഭേദഗതിയും സംഭവിച്ചിരുന്നില്ല. ജയിൽമുറിയിൽനിന്നു പുറത്തുവന്ന ഉടനെ അവനുറച്ചു, എത്രയും വേഗത്തിൽ ഓമലയെ ചെന്നുകാണണമെന്നു്.

ഒരു പന്തീരാണ്ടായി സ്വദേശത്തുനിന്നു പിരിഞ്ഞിരിക്കുന്ന ചാത്തൻ തുടിക്കുന്ന ഹൃദയത്തോടുകൂടി നാട്ടിൽ ചെന്നുചേൎന്നു അവനിവിടെ ഇല്ലാതിരുന്നകാലത്തു് നാടടക്കം പല മാററങ്ങളും സംഭവിച്ചിട്ടുണ്ടായിരുന്നു. തൻെറ ശരീരംപോലെ തൻെറ നാട്ടും മുമ്പു കണ്ടിട്ടുള്ളവൎക്കു തിരിച്ചറിവാൻ വയ്യാത്തവിധമായി തീൎന്നുവെന്നു് അവന്നു തോന്നി.

സൂൎയ്യൻ അസ്തമിച്ചു. ആകാശം കാർമേഘങ്ങളാൽ ആവൃതമായി. മഴപെയ്യുവാനുള്ള ലക്ഷണങ്ങഠം കാണപ്പെട്ടു. മിന്നലും ഇടിയും ഭയങ്കരമായുണ്ടായി. ഘോരമായ കാററടിക്കുകയാൽ മരങ്ങഠം വേർ പറിഞ്ഞുവീണു. കാററും ഇടിയും മിന്നലും എല്ലാംകൂടി പ്രളയകാലം അടുത്തതുപോലെ തോന്നി.

“ചാത്തപ്പൻെറ മകളു് ഓമല എവിടെയാണിി

പ്പോഴ്?" ചാത്തപ്പൻ ഇടറിയസ്വരത്തിൽ ഗ്രാമവാസികളായ ചെറുമക്കളോട്ട് ചോദിച്ചു.

"വടക്കുഭാഗത്തു പുളിംകുട്ടത്തിന്നടിയിലുള്ള ഒരു കുടിലിൽ ഓമലയെന്നൊരുത്തിണ്ട്. ആരടെ മോളാണവളെന്നു് അറിഞ്ഞൂടാ. പോയ് ചോദിച്ചോക്കിൻ" എന്നു് ഒരുവറം പറഞ്ഞു.

കാററിനേക്കാറം വേഗത്തിൽ ചാത്തൻ ആ സ്ഥലത്തേയ്ക്കു് ഓടി. താൻ ചോദിച്ചറിഞ്ഞ കുടിൽ വാതിലടച്ചു ബന്ധിച്ചുകിടക്കുന്നതായി കണ്ടു. ചാത്തൻ ആവേശത്തോടെ വാതിലിന്മേൽ ഒരു ചവിട്ടുകൊടുത്തു. വാതിൽ 'ചടപട'യെന്നു പൊളിഞ്ഞുവീണു. ഇരുട്ടത്തു് അതിനുള്ളിലുള്ള ആളാരാണെന്നു തിരിച്ചറിവാൻ പ്രയാസമായിരുന്നു. അവളുടെ മുഖം അസ്പഷ്ടമായി കാണപ്പെട്ടപ്പോറം ചാത്തൻെറ ഹൃദയം സന്തോഷത്താൽ തുള്ളിച്ചാടി.

"അകത്തേയ്ക്കു വരാം." ഓമല മൃദുസ്വരത്തിൽ പറഞ്ഞു.

ചാത്തൻ സംഭ്രമത്തോടുകൂടി അകത്തുചെന്നു ചോദിച്ചു: "ഓമു, എന്നെ മനസ്സിലായോ?"

ഓമല ആളെ അറിവാൻ കഴിയാതെ അമ്പരന്നു നില്ക്കുമ്പോറം ചാത്തൻ തുടൻറു: "എന്താണിതു്, ഓമു!"

"ആര്, ചേട്ടൻ ചാത്തനോ?" ഓമല പേപിടിച്ചു ഭാവത്തോടെ ചോദിച്ചു.

കുടിലിലെ മങ്ങിയ വെളിച്ചത്തിൽ, കരുണരസം തന്നെ ഉടലെടുത്തതുപോലെ, എല്ലും തോലുമായി ഒരു സ്ത്രീരൂപം നില്ക്കുന്നതു ചാത്തൻെറ ദൃഷ്ടിയിൽപെട്ടു. പ

ണ്ടത്തെ ഓമലയാണവളെന്നു പറഞ്ഞാലേ അറിവാൻ സാധിക്കു. ഒരു പന്തീരാണ്ടുകൊണ്ടു്, ചുരുങ്ങിയതു് ഒരിരുപത്തഞ്ചുകൊല്ലം പിന്നിട്ടാലെന്നപോലെ അവൾ ശോഷിച്ചിരുന്നു.

“അമ്മാ” എന്നു ആരോ പതുക്കെ വിളിക്കുന്നതു കേട്ടു. ചാത്തൻ പരിഭ്രമത്തോടെ തിരിഞ്ഞുനോക്കിയപ്പോൾ കുടിലിൻെറ ഒരു മൂലയിൽ കിടന്നിരുന്ന അസ്ഥിമയമായ ഒരു കുട്ടി എഴുന്നേററുവന്നു: “ഓമ്മ, ആരാണതു്?” എന്നു ചോദിച്ചു് അമ്പരന്നുനില്ക്കുന്ന ചാത്തനു്, “അതെൻെറ കിടാത്തനാണു്. വിശപ്പു സഹിക്കാതെ കിടക്കുകയാണു്” എന്നായിരുന്നു ഓമലയിൽനിന്നു കിട്ടിയ മറുപടി.

“ഓമ്മ, അങ്ങിന്യാണെങ്കില്യ് നിന്റ്..........” ചാത്തനെക്കൊണ്ടു വാക്യം മുഴുമിപ്പാൻ സാധിച്ചില്ല. അവൻെറ മുഖം ഒരു ഭ്രാന്തൻേറതുപോലെ ഭയങ്കരമായി പരിണമിച്ചു.

“ചേട്ടൻ ചൊടിക്കരുതു്. നിങ്ങള് ജേലില് പോയതില്പിന്നെ മൂന്നുകൊല്ലം ഏൻ കാത്തിര്ന്നു്. തന്ത മരിച്ചേപ്പിന്നെ വയറുപിഴക്കുവാൻ വഴിയില്ല്യാതെ വളരെ കഷ്ടപ്പെട്ടു്. മൂണ്ടൻ ഏന്നെ ‘കെട്ടണം, കെട്ടണം’ ന്നു് ദിവസോം വന്നു് തൊയിരം കെടുത്തുവാൻ തൊടങ്ങി. വേറെ ഒരു ബഴി കാണാഞ്ഞയാല് ഏനതിന്നു വയിപ്പെട്ടു്. അവൻ കുടിച്ചുകുടിച്ചു് കജ്ജിലുള്ളതെല്ലാം മുടിച്ചു്. ഏനും കിടാത്തനും പട്ടിണിയായി. ചേട്ടൻ കോപിക്കരുതു്” ഓമല കരഞ്ഞുകൊണ്ടു് അപേക്ഷിച്ചു.

"ഓമ്മ, നീയ്യെന്നോട് ത്ത്യംചെയ്തത് മറന്ന് ഏ ൻെറ മാററാനായ മുണ്ടനെ കെട്ടീയില്ലേ?" ചാത്തൻ ഉഗ്ര സ്വരത്തിൽ ചോദിച്ചു. ഓമല തേങ്ങിത്തേങ്ങി കരഞ്ഞു.

"ഓമ്മ, ന്നെത്തന്നെ ബിസാരിച്ച് പന്ത്രണ്ടുകൊ ല്ലം ഏൻ തുറുങ്കില് കയിച്ചുകൂട്ടി. നീയുണ്ടല്ലോ എന്ന ബിസാരംകൊണ്ടാണ് അതെനക്ക സാതിച്ചത്. ബിട്ട ഉടനെ മററെങ്ങും പോവാതെ ഏനിങ്ങോട്ട് ഓടിപ്പോന്നു. നീയിങ്ങനെ ശെയ്യുന്ന് ബിസാരിച്ചില്ല." ചാത്തൻ വെ റുപ്പോടുകൂടി ഉടനെ പുറത്തേയ്ക്കുപോയി. ഓമല തടുത്തി ട്ടും അവൻ അവിടെ നിന്നില്ല.

* * * *

തടവുപുള്ളിയായ ചാത്തൻ ജയിലിൽനിന്നു പുറത്തു വന്ന ഉടൻതന്നെ ഒരു വീട്ടിൽകടന്നു കൊള്ളചെയ്യാൻ ശ്രമിക്കുകയും വീട്ടിൻെറ വാതിൽ ചവുട്ടിപ്പൊളിക്കുകയും ചെയ്തതായി കുററം ചുമത്തി അറസ്ററു ചെയ്യപ്പെട്ടു; ഈ വത്തമാനം കാട്ടുതീപോലെ നാട്ടിൽ പരന്നു. ഇതിൽ ആ ശ്ചയ്യകരമായ ഒരു സംഗതികൂടിയുണ്ട്. സാധാരണ കള്ള ന്മാർ ഓടിയൊളിപ്പാൻ ശ്രമിക്കാറുള്ളതുപോലെ ചാത്തൻ ജീവനെ രക്ഷിക്കുവാൻവേണ്ടി ഓടുകയുണ്ടായില്ല. ഇതു കേ ട്ടവക്കെല്ലാം അത്ഭുതംതോന്നി.

കായ്യങ്ങഠം നിയമംപോലെ നടന്നു. ചാത്തൻ വീ ണ്ടും രണ്ടുകൊല്ലം കഠിനതടവിന്നു ശിക്ഷിക്കപ്പെട്ടു. ശി ക്ഷാവിധിയെ ചിരിക്കുന്നമുഖത്തോടുകൂടിയാണ് ചാത്തൻ സ്വീകരിച്ചത്.

UNIVERSITY LIBRARY
27 AUG 1964
MADRAS

# മൃഗതൃഷ്ണ

കാലത്തു കിടക്കയിൽനിന്നെഴുന്നേററഉടനെ പല്ലുകൂടിതേയ്ക്കാതെ രാമചന്ദ്രൻ തൻെറ സ്നേഹിതനായ ശ്രീനിവാസനു് എഴുത്തെഴുതുന്ന ജോലിയിൽ ഏൎപ്പെട്ടു. അതുകണ്ടു് അദ്ദേഹത്തിൻെറ ഭാൎയ്യയായ സീതാദേവിയുടെ മുഖം കറുത്തു.

"ഇന്നു് ആഫീസ്സിലേയ്ക്കു പോകണമെന്നു് ഓൎമ്മയില്ലാതായോ? എഴുത്തെഴുതുന്ന തിരക്കിൽ അതു മറന്നിരിക്കാം" അരിശവും പരിഹാസവും കലൎന്നസ്വരത്തിൽ സീതാദേവി പറഞ്ഞു.

"സീതേ, നേരംപുലൎന്നഉടനെ എന്നോടുശുണ്ഠികടിക്കേണ്ട. ആഫീസ്സിലേയ്ക്കുപോകുവാൻ എനിക്കറിയാം. നീ പോയി നിൻെറ ജോലിനോക്കു്" രാമചന്ദ്രൻ കയൎത്ത സ്വരത്തിൽ മറുപടികൊടുത്തു.

"ആ ശ്രീനിവാസൻ നശിച്ചുപോട്ടെ" എന്നു് ശപിച്ചുകൊണ്ടു് സീതാദേവി അടുക്കളയിലേയ്ക്കുതിരിച്ചു.

ശ്രീനിവാസനും രാമചന്ദ്രനും ഒരേഗ്രാമത്തിൽ ജനിച്ചുവളൎന്നവരാണു്; പോരാത്തതു് ഒരുമിച്ചുപഠിച്ചവരും. രണ്ടുപേരും ബാല്യംമുതൽക്കേ ഇണപിരിയാത്ത സ്നേഹിതന്മാരായിരുന്നു. എന്നാൽ ഭാഗ്യദേവത ഇരുവരേയും ഒരുപോലെയല്ലാ കടാക്ഷിച്ചതു്. ശ്രീനിവാസൻ ബി. എ. പരീക്ഷയിൽ ഒന്നാംക്ലാസ്സായി ജയിക്കുകയും, വക്കീൽ വ

രദരാജയ്യരുടെ മകളായ ഗോമതിയെ വിവാഹം കഴിക്കുകയുംചെയ്തു. ശ്വശുരൻെറ ശിപാശികൊണ്ടു് ആയാറാക്കു് മദ്രാസ്സിലെ ഒരു ബാങ്കിൽ ഉദ്യോഗവും ലഭിച്ചു. സവ്വീസ്സും കാലഗുണവുംകാരണം ക്രമത്തിൽ ആയാറാം ബാങ്കു മാനേജരുടെ സ്ഥാനത്തേയ്ക്കുയന്നു.

രാമചന്ദ്രനാകട്ടെ, നേരെമറിച്ചു് ബി. എ. പരീക്ഷയിൽ മൂന്നുതവണ പരാജയമടഞ്ഞു. നാലാമത്തെപ്രാവശ്യം കഷ്ടിപിഷ്ടിയായി ജയിച്ചു. തൻെറ പരാജയത്തിന്നെല്ലാം കാരണം സീതാദേവിയുടെ ജാതകദോഷമാണെന്നു് ആയാറം വിശ്വസിച്ചുവന്നു. അവളെ കല്യാണംകഴിച്ചതുമുതല്ക്കുതന്നെ രാമചന്ദ്രനു് അവളിൽ കുറേശ്ശവെറുപ്പു തോന്നിത്തുടങ്ങി.

സീതാദേവിക്കാണെങ്കിൽ രാമചന്ദ്രനല്ലാതെ യാതൊരു ശരണവുമില്ല. അവരം അച്ഛനമ്മമാരുമില്ലാത്ത ഒരനാഥയാണു്. ഭത്താവിനെ അതിശ്രദ്ധയോടുകൂടി വിശ്വസിച്ചും സ്നേഹിച്ചും ശുശ്രൂഷിച്ചും കഴിയുന്ന സീതയെ രാമചന്ദ്രൻ തെല്ലുപോലും വിലവെച്ചിരുന്നില്ല. ബി. എ. ബിരുദംനേടിയതിന്നുശേഷം അനേകംസംവത്സരം ജോലികിട്ടാതെ തെണ്ടിത്തിരിഞ്ഞു് അവസാനം തൃശ്ശിനാപ്പള്ളിയിലെ ഒരു ബാങ്കിൽ ഗുമസ്ഥനായിചേന്നു. ശമ്പളം മാസം മുപ്പത്തഞ്ചുറുപ്പികമാത്രമായിരുന്നു.

ദമ്പതിമാക്കു് എത്രതന്നെ വെറുപ്പും വിരോധവുമുണ്ടായാലും ബ്രഹ്മാവു് തൻെറ ജോലിക്കു മുടക്കംവരുത്തുകയില്ല. വളരെ കഷ്ടപ്പെട്ടും വെറുപ്പോടുകൂടിയുമാണു് രാമചന്ദ്രൻ ഭാര്യയെ പരിപാലിച്ചുവന്നതെങ്കിലും സീതാദേ

വി ഇതിന്നിടയിൽ മൂന്നുകുട്ടികളുടെ അമ്മയായിത്തീൎന്നു. മൂത്തമകൾ വിമലയ്ക്കു് എട്ടും, രണ്ടാമത്തെമകൾ രമണിയ്ക്കു് ആറും വയസ്സായി. മൂന്നാമത്തെ സന്താനമായ രഘുപതിയും നാലാം വയസ്സിൽ പ്രവേശിച്ചു. രഘുപതി ആകൃതിയിലും പ്രകൃതിയിലും വളരെ നല്ലവനാണു്. കാഴ്ചയിൽ തനിത്തങ്കംതന്നെ. അവന്റെ കോമളവിഗ്രഹവും മനോഹരമായ കളികളുംകണ്ടു് മാതാവായ സീതാദേവി ജീവിതത്തിലുള്ള വിഷമതകളും മനഃശ്ശല്യങ്ങളും മറന്നു് ഒരുവിധം കാലംകഴിച്ചുവന്നു. ദുഃഖസാഗരത്തിൽ മുങ്ങിപ്പൊങ്ങുന്ന അവൾക്കു് ആ പിഞ്ചുകുമാരൻ മാത്രമായിരുന്നു ഏകാവലംബം. ഭൎത്താവിന്റെ അലക്ഷ്യമായ പെരുമാററവും ക്രൂരവചനങ്ങളും സീതാദേവി സഹിച്ചുപോന്നതു് രഘുപതിയെ വിചാരിച്ചിട്ടു മാത്രമാണു്.

രാമചന്ദ്രൻ തന്റെ കുടുംബവൎത്തമാനങ്ങളും സുഖദുഃഖങ്ങളുമെല്ലാം വിവരിച്ചുകൊണ്ടു് സ്നേഹിതനായ ശ്രീനിവാസനു് നെടുനെടുങ്കൻ കത്തുകൾ എഴുതി അയയ്ക്കും. എന്നാൽ അവയ്ക്കു ശ്രീനിവാസനിൽനിന്നു പല മാസങ്ങൾ കഴിഞ്ഞു് ഒന്നോ രണ്ടോ വരിയിലുള്ള മറുപടി മാത്രമേ വരികപതിവുള്ളു. അയാൾ വലിയ ബാങ്കുമാനേജരല്ലേ? ഇങ്ങനെയുള്ള എഴുത്തുകൾക്കെല്ലാം മറുപടി എഴുതുവാൻ ആയാൾക്കു സമയമുണ്ടാകുമോ? സ്നേഹമില്ലാഞ്ഞിട്ടല്ല, സമയമില്ലാഞ്ഞിട്ടാണു് ശ്രീനിവാസൻ എഴുത്തുകുത്തുകളിൽ അജാഗ്രത കാണിക്കുന്നതെന്നു രാമചന്ദ്രൻ വിശ്വസിച്ചുവന്നു. എന്നാൽ ശ്രീനിവാസനു് എഴുത്തയയ്ക്കുന്നതും അതിന്നു മറുപടി കിട്ടാതിരിക്കുന്നതുമായ വിവര

മൊന്നും ആയാൾ സീതാദേവിയെ ധരിപ്പിക്കാറില്ല. അ വൾ തൻെറ ജീവിതത്തെ ദുഃഖമയമാക്കിത്തീക്കുവാൻ തീ ൎന്ന ഒരു പിശാചാണെന്നാണല്ലോ അയാളുടെ വിചാരം.

സീതാദേവിക്കു ചിലസമയങ്ങളിൽ ഭത്താവിൻെറ പേരിൽ വെറുപ്പുതോന്നാറുണ്ട്: "വീട്ടിൽനിന്നു പുറത്തെ ങ്ങാനുംപോയി വല്ലവരുടേയും ഗൃഹങ്ങളിൽ പാചകപ്ര വൃത്തി ചെയ്യുകയാണു് ഇതിൽ ഭേദം" എന്നവൾ ചില പ്പോഴൊക്കെ വിചാരിക്കും. അവളെപ്പോലെ സങ്കടപ്പെടു ന്ന സ്ത്രീജനങ്ങൾക്കു് ദൈവം ഒരഭയസ്ഥാനം കല്പിച്ചിട്ടു ണ്ട്. അതു സ്നേഹത്തിൻെറ ഉറവിടമായ പിറന്ന ഗൃഹമാ കുന്നു. ഭത്താവുമായി സുഖവിരോധം വരുന്ന സമയങ്ങളി ലോ, അല്ലെങ്കിൽ കുറെ വിശ്രമവും ആശ്വാസവും വേണ മെന്നു തോന്നുമ്പോഴോ സ്ത്രീകൾ സാധാരണ പിറന്ന ഗൃ ഹത്തിലേയ്ക്കു പോകയാണു പതിവു്. എന്നാൽ സീതാദേ വിക്കു് അങ്ങനെയൊരഭയസ്ഥാനവും ഈശ്വരൻ കല്പിച്ചു കൊടുത്തിട്ടില്ല.

ഭാഗ്യഹീനയായ സീതാദേവി രഘുപതിയെ മടിയി ലെടുത്തുവെച്ചു ചിലപ്പോൾ പറയാറുണ്ട്: "അച്ഛനു് എ ന്നെ കണ്ടാൽ വലിയ പിടുത്തമില്ല. നിനക്കെങ്ങനെയാ ണു് മകനേ?" തൻെറ കുട്ടി താൻ പറഞ്ഞതിൻെറ അ ൎത്ഥം ഗ്രഹിക്കുമെന്നുകരുതി അവൾ ഭത്താവിൻെറ പേരിൽ വെറുപ്പോടുകൂടി ചിരിക്കും. മനസ്സിൽ വല്ലാതെ സങ്കടം തോന്നുന്നസമയത്തു് ഇങ്ങനെ ചെയ്യുന്നതു സീതാദേവി ക്കു കുറെ ആശ്വാസം തോന്നിച്ചിരുന്നു.

രാവിലെ ആറുമണിക്കു് എഴുത്തെഴുതുവാൻ തുടങ്ങിയ രാമചന്ദ്രൻ എട്ടുമണിയോടുകൂടി ഒരുവിധം അതു മതിയാക്കി പല്ലുതേയ്ക്കുവാൻ പോയി. സീതാദേവി യാതൊന്നും പറയാതെ ആറിപ്പോയ കാപ്പി ചൂടുപിടിപ്പിച്ചു കൊണ്ടുവന്നു കൊടുത്തു. അതു വാങ്ങിക്കുടിച്ചു മേൽമുണ്ടെടുത്തു തോളിലുമിട്ടു് അദ്ദേഹം പുറത്തേയ്ക്കുപോയി. തലേദിവസം വാങ്ങിയിരുന്ന ശമ്പളം ആയാളുടെ കൈവശമുണ്ടായിരുന്നു. നേരെ മാർക്കറ്റിൽചെന്നു് ഒന്നാന്തരം സേലം മാമ്പഴം അയ്മ്പതെണ്ണം വാങ്ങി ഒരു കൊട്ടയിലാക്കി ചുമന്നുകൊണ്ടു് ആയാൾ വീട്ടിൽ വന്നുചേൎന്നു.

മാമ്പഴത്തിന്റെ മധുരമായ വാസന വിമലയുടേയും രമണിയുടേയും മൂക്കുകളിൽ തുളച്ചുകയറി. ഒരു മാമ്പഴം എടുത്തുതിന്നാൽകൊള്ളാമെന്നു് അവൎക്കെത്രയോ ആശ തോന്നി. പക്ഷെ അച്ഛന്റെ സ്വഭാവം അവൎക്കു് അറിയാം. സമ്മതംകൂടാതെ ഒറ്റമാമ്പഴംപോലും തൊട്ടുപോയാൽ അച്ഛൻ തല്ലി തോലുപിളൎക്കും. അവർ പലപ്പോഴും അതിന്റെ സ്വാദ് ധാരാളം അനുഭവിച്ചിട്ടുണ്ടു്. ഇതു കാരണം പെൺകുട്ടികൾ രണ്ടുപേരും മാമ്പഴക്കൊട്ടയിലേയ്ക്കു ദൃഷ്ടിപതിപ്പിക്കാതെ അടങ്ങിയൊതുങ്ങിയിരുന്നു.

രാമചന്ദ്രൻ കുളിയും ജപവുമൊക്കെ വളരെ ബദ്ധപ്പെട്ടു് ഒരുവിധം കഴിച്ചതിനുശേഷം ധൃതിയിൽ കുറച്ചു ഭക്ഷണം കഴിച്ചുവെന്നുവരുത്തി അടിയന്തരമായി ആഫീസ്സിലേയ്ക്കു പുറപ്പെട്ടു. ഒരിക്കലും അവധിയെടുക്കുക പതിവില്ലാത്ത അദ്ദേഹം ഒരാഴ്ച അവധിക്കു് അപേക്ഷയെഴുതുന്നതുകണ്ടപ്പോൾ സഹപ്രവൎത്തകന്മാരായ ഗുമസ്ഥന്മാൎക്കു്

ആശ്ചര്യംതോന്നി. ആഫീസ്സിൽനിന്നു വൈകുന്നേരം വീടെത്തിച്ചേൎന്ന ഉടനെ ദൂരയാത്രയ്ക്കുള്ള സാമാനങ്ങളെല്ലാം എടുത്തു ഭാണ്ഡംകെട്ടുന്നതിൽ അദ്ദേഹം വ്യാപൃതനായി. ആ സമയത്തു കുട്ടിയായ രഘുപതി ഒരു മാമ്പഴം എടുത്തു കടിച്ചുതിന്നുവാൻ തുടങ്ങി. യാത്രയ്ക്കൊരുക്കുന്നതിൽതന്നെ മനസ്സിരുത്തിയിരുന്നതിനാൽ രാമചന്ദ്രൻ അതു കണ്ടില്ല. കുറച്ചുകഴിഞ്ഞപ്പോൾ കുട്ടിയുടെ 'സാഹസം' ആയാളുടെ കണ്ണിൽപെട്ടു. മൂപ്പൎക്കു പൊറുക്കുവാൻവയ്യാത്ത കോപം തോന്നി. രഘുപതിയുടെ മുതുകത്തു് അരിശത്തോടുകൂടി നാലഞ്ചു വീക്കുകൊടുത്തു. കുട്ടി വേദന സഹിക്കാതെ കരയുവാൻ തുടങ്ങി. അവൻെറ കരച്ചിൽകേട്ടു സീതാദേവി അടുക്കളയിൽനിന്നു് ഓടിയെത്തി. മക്കളുടെ വേദന മാതാവു് അറിയുന്നതുപോലെ മററാരും ഗ്രഹിക്കുകയില്ല.

"അയ്യോ, കുട്ടിക്കു രണ്ടുദിവസമായി ദേഹത്തിനു തീരെ സുഖമില്ല. അതാലോചിക്കാതെ എന്തിനാണിങ്ങനെ അടിച്ചതു്?" എന്നു ദീനസ്വരത്തിൽ പറഞ്ഞു് അമ്മ പുത്രനെ എടുത്തു സമാധാനപ്പെടുത്തി.

"അടികൊണ്ടാൽ കുട്ടികൾ ചത്തുപോകയില്ല. ഞാൻ മദ്രാസ്സിലേയ്ക്കു കൊണ്ടുപോകുവാൻ കണക്കാക്കി വാങ്ങിക്കൊണ്ടുവന്ന മാമ്പഴമാണിതു്. അതിൽനിന്നു നിൻെറ കുട്ടികൾ ഓരോരുത്തരും ഓരോന്നെടുത്താൽ ബാക്കിയെത്രയുണ്ടാകും?" രാമചന്ദ്രൻ അട്ടഹസിച്ചു.

"ഇതാ നിങ്ങളുടെ മാമ്പഴം; ഇതും എടുത്തോളു. ഇതിനുവേണ്ടി പനിപിടിച്ചുവലയുന്ന കുട്ടിയെ തല്ലി കൊല്ലേണ്ട" എന്നു കുറച്ചു കോപത്തോടുകൂടി പറഞ്ഞു്

സീതാദേവി രഘുപതിയുടെ കയ്യിലുണ്ടായിരുന്ന മാമ്പഴം മേടിച്ച് ഭർത്താവിൻെറ മുമ്പിലേക്കെറിഞ്ഞു. കുട്ടി ചുണ്ടു പൊളുത്തി കരയുവാൻ തുടങ്ങി: അവനെ അമ്മ തോളി ലെടുത്ത് "അമ്മയ്ക്ക് എൻെറ ഓമന മാമ്പഴത്തേക്കാരം മധുരമാണ്. നിനക്കെന്തിനാ ആ ചീത്തമാമ്പഴം മക നോ? എന്നു സങ്കടത്തോടുകൂടി അവരം പതുക്കെ പറഞ്ഞു. വണ്ടിക്കു സമയം അതിക്രമിച്ചിരിക്കയാൽ തല്ക്കാലം ഭാ ര്യയോടു വക്കാണത്തിന്നു രാമചന്ദ്രൻ ഒരുങ്ങിയില്ല. ഉ ള്ളിൽ തിങ്ങിവിങ്ങി പുറത്തേയ്ക്കു പൊങ്ങുവാൻ തുടങ്ങിയ കോപത്തെ ആയാരം പല്ലുകടിച്ച് ഒരുവിധം അടക്കി.

വൈകുന്നേരം ശരിക്ക് ഭക്ഷണംകൂടി കഴിക്കാതെ രാമചന്ദ്രൻ രാത്രിയിലെ വണ്ടിക്കു ശ്രീനിവാസനു കാഴ്ച കൊടുപ്പാനുള്ള മാമ്പഴവുമായി മദ്രാസ്സിലേയ്ക്കു പുറപ്പെട്ടു. വണ്ടിയിൽ കയറിയിരുന്നതിന്നുശേഷമേ അയാരംക്കു ശരി ക്കു മനസ്സമാധാനം വന്നുള്ളു. വണ്ടിയിൽ കയറിയപ്പോ ഴാണു വിട്ടുചിലവിന്നു സീതാദേവിയുടെ കയ്യിൽ പണ മെന്നും കൊടുത്തിട്ടില്ലെന്ന കഥ അയാരംക്കോൎമ്മവന്നതു്.

"കഷ്ടമായിപ്പോയി. അവളെന്താണു ചെയ്യുക? കുട്ടി ക്കു സുഖക്കേടുമാണ്. അടിയന്തിരമായി വല്ല ചിലവും വേണ്ടിവന്നാൽ കഷ്ടത്തിലാകുമല്ലൊ" രാമചന്ദ്രൻ വ്യസ നത്തോടുകൂടി വിചാരിച്ചു. "അല്ലെങ്കിൽ മടങ്ങിവരുന്നതി ന്നുമുമ്പ് അത്ര അടിയന്തിരമായി എന്തുചിലവു വരുവാ നാണു?" അയാരം തന്നത്താൻ സമാധാനിക്കയും ചെയ്തു.

കാലത്തു കൃത്യസമയം തെറ്റാതെ വണ്ടി എഗ്മൂർ സ്റ്റേഷനിൽ എത്തിച്ചേൎന്നു. സ്നേഹിതൻ ശ്രീനിവാസൻ

റയിൽവെസ്റ്റേഷനിൽവന്നു തന്നെ സ്വീകരിപ്പാൻ തയ്യാറായി നില്ക്കുന്നുണ്ടായിരിക്കുമെന്നു് ആയാൾ വിചാരിച്ചിരുന്നു. പക്ഷേ ശ്രീനിവാസന്നു് ആ വിഡ്ഢിത്തം പിണഞ്ഞില്ല. ഈ അനുഭവംകൊണ്ടു് പുത്തരിയിൽ കല്ലുകടിച്ചതുപോലെയാണു് രാമചന്ദ്രന്നു തോന്നിയതു്.

“ആയാൾക്കു വല്ല സുഖക്കേടും നേരിട്ടിരിക്കും. അല്ലാത്തപക്ഷം എന്റെ എഴുത്തു കിട്ടിയാൽ സ്റ്റേഷനിൽ വരാതിരിക്കുമോ?” എന്നു തന്നത്താൻ സമാധാനിച്ചുകൊണ്ടു രാമചന്ദ്രൻ തിരിയെ മൈലാപ്പൂരിൽ ചെന്നുചേൎന്നു.

ശ്രീനിവാസന്റെ ഉദ്യോഗവലുപ്പത്തെ ആയാൾ പാൎക്കുന്ന ബങ്കളാവുതന്നെ വിളിച്ചുപറയുന്നുണ്ടായിരുന്നു. ബങ്കളാവിന്റെ ഉമ്മറത്തു കെട്ടിയിട്ടിരുന്ന പട്ടി ഉഗ്രസ്വരത്തിൽ കുരക്കുവാൻ തുടങ്ങി. അതു സാരമാക്കാതെ രാമചന്ദ്രൻ ബങ്കളാവിനുള്ളിലേയ്ക്കു കടന്നുചെന്നു. ആ സമയത്തു തന്റെ സ്നേഹിതൻ വന്നുചേരുമെന്നു ശ്രീനിവാസൻ കരുതിയിരുന്നില്ല. ആയാൾ മദ്രാസ്സിലേയ്ക്കു വരുവാൻ താല്പൎയ്യമുള്ളതായി പലപ്പോഴും എഴുതാറുള്ളതുപോലെ ഇപ്പോഴും എഴുതിയതായിട്ടേ ബാങ്കുമേനേജർ വിചാരിച്ചിരുന്നുള്ളു. രാമചന്ദ്രന്റെ വരവുകണ്ടപ്പോൾ ശ്രീനിവാസൻ അമ്പരന്നുപോയി. എങ്കിലും മനസ്സിനെ പിടിച്ചൊതുക്കി വളരെ സ്നേഹഭാവത്തോടുകൂടി ആയാളെ സ്വീകരിച്ചു കുശലപ്രശ്നം ചെയ്തു. രാമചന്ദ്രൻ കൊണ്ടുവന്നിരുന്ന മാമ്പഴം ഒരു വേലക്കാരൻ എടുത്തു് അകത്തുകൊണ്ടുപോയിവെച്ചു. രാമചന്ദ്രന്നു് അന്നേദിവസം സമയം പോയതു് അറിയുവാൻതന്നെ കഴിഞ്ഞില്ല. ധാടിയും മോടിയു

മുള്ള ആ ബങ്കളാവ് തൻെറ സ്വന്തം ഗൃഹംപോലെയാണെന്നു കരുതി അയാഠം ഉല്ലസിച്ചുകൊണ്ടു് അങ്ങുമിങ്ങും ലാത്തി. വൈകുന്നേരം സ്നേഹിതൻ എന്തോ ഒരടിയന്തിരകാൎയ്യത്തിന്നുവേണ്ടി പുറത്തേയ്ക്കു പോയപ്പോഠം രാമചന്ദ്രൻ കാററുമേററുകൊണ്ടു് തോട്ടത്തിൽ മുഴുവൻ നടന്നുനോക്കി. അപ്പോഠം തോട്ടത്തിൻെറ ഒരു മൂലയിലിരുന്നു ബങ്കളാവിലെ ഒരു വേലക്കാരനും വേലക്കാരിയും തമ്മിൽ സംസാരിക്കുന്നതു് ആയാളുടെ ചെവിയിൽ പതിച്ചു.

"ഇന്നാത്തെ കണി നന്നായി. നേരം പുലൎന്നപ്പോഠം കുറുക്കനെയാണോ കണികണ്ടതു്?" വേലക്കാരൻചോദിച്ചു.

"ഒന്നും പറയേണ്ട. യജമാനന്നു് ഇന്നു നല്ല മനസ്സു തോന്നിയിരിക്കുന്നു. എനിക്കദ്ദേഹം പത്തു മാമ്പഴം സമ്മാനിച്ചു. നിനക്കും സൂക്ഷിച്ചുവെച്ചിട്ടുണ്ടു്. പോയി വാങ്ങിക്കോ." വേലക്കാരി സന്തോഷസൂചകമായ സ്വരത്തിൽ പറഞ്ഞു.

"യജമാനന്നു നന്മവരട്ടെ. അദ്ദേഹത്തിൻെറ മനസ്സിൽ സ്നേഹവും ദയയും കാണുന്നതു് ഇതാദ്യമാണു്."

"നമ്മുടെ ചെറിയകുട്ടിക്കു രണ്ടുദിവസമായി നല്ലസുഖമില്ല. കണ്ണിൽകണ്ട മാമ്പഴമെല്ലാം തിന്നാൽ വല്ലരോഗവും പിടിപെട്ടേക്കും" എന്നു പറഞ്ഞാണു് യജമാനൻ മാമ്പഴം വേലക്കാൎക്കു സമ്മാനിക്കുവാൻ കല്പിച്ചതു്."

ഈ സംഭാഷണം കേട്ടപ്പോഠം രാമചന്ദ്രൻെറ തല കറങ്ങുവാൻതുടങ്ങി. താനിപ്പോഠം ഭൂമിയിലോ ആകാശത്തിലൊ ഇരിക്കുന്നതെന്നു് അദ്ദേഹത്തിന്നു സന്ദേഹം തോന്നി. അദ്ദേഹം വിചാരിച്ചു: "ഛീ! ഞാനെന്തു മൂഢ

നാണു്? എൻെറ കുട്ടി ഒരു മാമ്പഴം എടുത്തതിന്നുന്നതി നു് അവനെ അടിച്ചു. ഇവിടെ ഈ വേലക്കാർ പത്തുംപ തിനഞ്ചും മാമ്പഴംവീതം പങ്കിട്ടെടുത്തു് തിന്നുകയല്ലേ ചെയ്യുന്നതു്?" രാമചന്ദ്രൻെറ മനസ്സിൽ വല്ലാത്ത വേദ നതോന്നി. താൻ സ്നേഹവാത്സല്യങ്ങളോടുകൂടി കൊണ്ടുവ ന്ന ഉപഹാരത്തെ തൻെറ സ്നേഹിതൻ തെല്ലും വകവെ യ്ക്കാതെ മാമ്പഴംമുഴുവൻ വേലക്കാക്കെടുത്തുകൊടുത്തതു വി ചാരിച്ചപ്പോഠം ആയാഠംക്കു ശ്രീനിവസനെക്കുറിച്ചു വലി യ വെറുപ്പുതോന്നി. താനങ്ങോട്ടു സ്നേഹിക്കുന്ന മനുഷ്യൻ തന്നെ ഇങ്ങോട്ടും സ്നേഹിക്കേണ്ടതു് അത്യാവശ്യമാണെ ന്നു് ഇപ്പോഴാണു് രാമചന്ദ്രൻ പഠിച്ചതു്.

ഉടനെ ആയാഠംക്കു സീതാദേവിയുടെ ഓമ്മവന്നു. താനവളെ എത്രവെറുക്കുന്നുണ്ടെങ്കിലും അവഠംതന്നെ ഏ റവും സ്നേഹിച്ചും വിശ്വസിച്ചുമാണു് ജീവിക്കുന്നതെന്നു് ആയാഠം ഓത്തു. ആ ഓമ്മയോടുകൂടി രാമചന്ദ്രനു സീതാ ദേവിയിൽ യഥാത്ഥമായ പ്രേമം ഉല്പന്നമായി. മുമ്പില ത്തെ വെറുപ്പെല്ലാം ഇപ്പോഠം സ്നേഹമായിമാറി. രഘുപ തിയുടെ സുഖക്കേടു് എങ്ങനെയിരിക്കുന്നുവെന്നു് അറിയാ ഞ്ഞിട്ടു് ആയാഠംക്കവിടെ ഇരിക്കപ്പൊറുതിയില്ലാതെ യായി.

അന്നുരാത്രിതന്നെ രാമചന്ദ്രൻ തൃശ്ശിനാപ്പിള്ളിക്കുമ ടങ്ങി. വീട്ടിൽവന്നപ്പോഠം രഘുപതിക്കു കലശലായ പ നി: സീതാദേവി കുട്ടിയുടെ അടുക്കൽ ശുശ്രൂഷിച്ചുകൊണ്ടി രിക്കുന്നു. രാമചന്ദ്രൻ അഭൂതപൂവ്വമായ വാത്സല്യത്തോടു കൂടി രഘുപതിയുടെ അടുത്തുചെന്നിരുന്നു് പലപ്രാവശ്യം

പേർചൊല്ലിവിളിച്ചു. കുട്ടി മോഹാലസ്യപ്പെട്ടു് കണ്ണുതുറക്കുവാൻകഴിയാതെ അസ്പഷ്ടമായി പറഞ്ഞു: "മാമ്പഴം. മാമ്പഴം!"

രാമചന്ദ്രന്നു അപ്പോഴുണ്ടായതുപോലൊരു മനോവേദന മുമ്പെപ്പോഴും ഉണ്ടായിട്ടില്ല. ആയാൾ വെറുമൊരു ഭ്രാന്തനെപ്പോലെ ഡാക്ടരുടെ വീട്ടിലേയ്ക്കു് ഓടി. ഡാക്ടർ വന്നു പരിശോധിച്ചു് കുട്ടിക്കു് കഠിനമായ ന്യൂമോണിയയാണെന്നും, രാത്രികഴിയുന്നതുവരെ ഒന്നും നിശ്ചയിച്ചുപറവാൻ സാദ്ധ്യമല്ലെന്നും അഭിപ്രായപ്പെട്ടു. ആ രാത്രിയിൽ കുട്ടിയുടെ ജീവൻ വീണ്ടുകിട്ടുന്നതിന്നുവേണ്ടി രാമചന്ദ്രൻ സ്മരിക്കാത്ത ക്ഷേത്രമില്ല, വഴിവാടുനേരാത്ത ദേവന്മാരുമില്ല. കാപ്പിപോലുംകഴിക്കാതെ ആയാൾ മാക്കററിലേയ്ക്കോടിപ്പോയി നല്ലതരത്തിൽപെട്ട പത്തുമാമ്പഴം വാങ്ങിക്കൊണ്ടുവന്നു.

വൈകുന്നേരം കുട്ടി കണ്ണമിഴിച്ചു് എല്ലാവരേയും ഒന്നുനോക്കി. അമ്മ, "രഘു! അച്ഛൻ ഓമനയ്ക്കു രണ്ടുമാമ്പഴം കൊണ്ടുവന്നിട്ടുണ്ടു് ഇതാനോക്കു" എന്നുപറഞ്ഞു രണ്ടു മാമ്പഴംഎടുത്തു് കാണിച്ചു. കുട്ടി തന്റെ പിഞ്ചുകൈകൾ നീട്ടി അത്യാശയോടുകൂടി ആ മാമ്പഴങ്ങൾവാങ്ങി തന്റെ അരികത്തുവെച്ചു.

"എന്റെ മാമ്പഴമാണിതു്, ആക്കും ഞാൻ തരികയില്ല" എന്നു പേപറഞ്ഞു് രഘുപതി ഒരിക്കൽകൂടി എല്ലാവരുടെ മുഖത്തും ഒന്നുനോക്കി. ഉടനെ കണ്ണടയ്ക്കുകയും ചെയ്തു. പിന്നീടൊരിക്കലും അവൻ കണ്ണുതുറക്കുകയുണ്ടായില്ല.

# കൃഷ്ണാർപ്പണം

“അതേയ്, ആരാ അകത്ത്? ഇവ്ടോന്ന് കാണ്ടെ” ചിത്രൻപട്ടേരി പൂമുഖത്തുനിന്നു വിളിച്ചു.

“എന്താപ്പൊ വേണ്ടതു്? വല്ല്യ സമ്മാനോംണ്ടോ?” നങ്ങേലി അന്തർജ്ജനം വാതില്ക്കൽ തലകാട്ടിക്കൊണ്ടു് ചോദിച്ചു.

“സമ്മാനം വെച്ചിരിക്ക്ണു്. സാപ്പാടിന്നുതന്നെ പാടുപെടുന്ന കാലം. വെയ്‌ലത്ത് നടന്ന് എനിക്കിണീക്കാൻവയ്യ. വേം ഇത്തിരി കാപ്പിണ്ടാക്കു.”

“കാപ്പീയും കീപ്പീയും ഒക്കെ എങ്ങനെണ്ടാക്കും! ചോത്രയെ കറക്കാൻ ചെന്നപ്പോ അവിട്ടില്ല് ഒരു തുള്ളി പാലില്ല്യ. പുവാലീണ്ടു് കുട്ടിയെ നക്കിക്കുടിപ്പിച്ചു നിക്കു്ണു. എള്ളേമ്പൂരാരുടെ തോന്ന്യാസം വല്ലാതെ മൂത്താൽ ഇങ്ങനൊക്കെണ്ട്ാവും.”

“ഇന്നെന്തേ വിശേഷിച്ചു്. അസമയത്തു പയ്യിനെ കറക്കാനും മററും എന്താ കാരണം?”

“പുറത്തെ മാളികേല് ആരൊക്കെയോ വിരുന്നുവന്നൂത്രെ. കോങ്കിരസ്സോ കമ്മ്യൂണിസ്സോ ആണെന്നാ കുഞ്ചു പറഞ്ഞു്. കോഴിക്കോട്ടുകാരൻ ഒരു വക്കീലുംണ്ടത്രെ!”

“ഓഹോ! അസാരൊക്കെ മനസ്സിലായി. അവക്കു് കാപ്പീണ്ടാക്കാൻ പയ്യിനെ കറന്നതാ. നിക്കു വല്ലാതെ വലയുണു. ഇത്ത്‌രി കഞ്ഞ്യേങ്കിലും ണ്ട്ാക്കണം. കുട്ട്യോള്

പട്ടിണ്യാവര്‍തെന്നു് നിരീച്ച് മൂക്കററം വെലകൊടുത്തു് നൂറുപറനെല്ലു് വാങ്ങിട്ടതു് സക്കാരിലേയ്ക്കു് കൊടുക്കണംത്രെ. ആരുമറിയാത്ത ഈ നെല്ലിൻെറ കാൎയ്യം സക്കാരിൽ അറിയിച്ചതു് അനിയൻ ശങ്കരനാണത്രെ. അവനും വേണം ഉണ്ണാനെന്നു കരുതീലല്ലോ. ഞാൻ പോയി റേഷൻ ഇൻസ്പെക്ടരെ കണ്ടു് താണു പറഞ്ഞോക്കി. ഫലമുണ്ടായില്ല. നാളെ നെല്ലളന്നില്ലെങ്കില് കാല്ക്കു ചങ്ങല പിണയും."

"ഹാവൂ! ആ നെല്ലുംകൂടി ല്ല്യാണ്ട്യാൽ അടുപ്പില് തീകൂട്ടണ്ട."

ചിത്രൻപട്ടേരി ഏറനാട്ടുതാലൂക്കിലെ ഭേദപ്പെട്ട ജന്മികളിൽ ഒരുവനാണു്. കിഴക്കിനിയകത്തു പട്ടേരിഇല്ലം എല്ലാവരും ബഹുമാനിച്ചുപോന്നിരുന്ന ഒരു ബ്രാഹ്മണകുടുംബമാകുന്നു. ആഭിജാത്യംകൊണ്ടു് പത്തരമാറ്റു് (പത്തുംതികഞ്ഞ) മഹാബ്രാഹ്മണരാണു് കിഴക്കിനിയകത്തുകാർ. 'പത്തുപന്ത്രണ്ടോളം' പാട്ടംകിട്ടുന്ന ജന്മസ്വത്തുള്ളവരുമാണു്. പണ്ടൊക്കെ പട്ടേരിയുടെ പേർ കേട്ടാൽ നാട്ടുകാർ ഞെട്ടിപ്പോകും. അത്ര പ്രതാപശാലികളായിരുന്നു അവർ. സാമൂതിരിയുടെ അരിയിട്ടുവാഴ്ചയിൽ എതിൎക്കുവാൻ ചെന്ന തോന്നിയിൽനായർ കിഴക്കിനിയകത്തു പട്ടേരിയുടെ കാൽപിടിച്ചു ആശീൎവ്വാദം വാങ്ങീട്ടാണത്രെ പടപുറപ്പെട്ടതു്. ചിത്രൻ പട്ടേരിയുടെ അച്ഛനുണ്ടായിരുന്ന കാലത്തു് കിഴക്കിനിയകത്തെ കല്പനയ്ക്കു് അപ്പീലില്ലായിരുന്നു. അദ്ദേഹത്തിൻെറ ആദ്യത്തെ വിവാഹത്തിൽ ചിത്രൻപട്ടേരിയും ഒരു പുത്രിയും മാത്രമേ ഉണ്ടായുള്ളു. രണ്ടാമത്തുവേളികഴിച്ചതിൽ

മൂന്നു പുത്രന്മാരുണ്ടായി. അവർ മൂന്നും മൂന്നുതന്നെയാണ്. 'മുച്ചീപ്പൻ തോട്ടം മുടിയ്ക്കും' എന്ന ചൊല്ലു വാസ്തവമാക്കിത്തീർപ്പാൻ അവർ മതിയായവരാണ്.

അനുജന്മാർ വളൎന്നുവന്നപ്പോഴെക്കും സാധുമാരുടെ ഭരണത്തിൻെറ അവസാന രംഗമായി. ജാതിയും ആചാരവും ഒന്നും വകവെയ്ക്കേണ്ടെന്നായി. നാട്ടുകാർ പലേ കക്ഷിക്കാരുമായി പിരിഞ്ഞു. അടുത്ത അനുജൻ വാമനൻ കോൺഗ്രസ്സുകാരനാണ്; രണ്ടാമൻ ശങ്കരൻ കമ്മ്യൂണിസ്റ്റുകാരനും; മൂന്നാമൻ രാമൻ സോഷ്യലിസ്റ്റുകാരനുമാകുന്നു. രാമൻ പട്ടേരി സ്വജാതി വിവാഹം ചെയ്യണമെന്നുറച്ച് ശ്രമം തുടങ്ങിയപ്പോൾ മാമൂൽക്കാരനായ കാരണവർ അതു പാടില്ലെന്നു നിഷേധിച്ചു. ജ്യേഷ്ഠന്മാർ വേൾക്കാതെ അനുജൻ വേൾക്കുന്നതു പരിവേദനമാണെന്നും, അതു ചെയ്താൽ തറവാടു നശിച്ചുപോകുമെന്നും അദ്ദേഹം വാദിച്ചു. എന്നാൽ, "കാരണവരുടെ മകൾ തിരണ്ടിരിക്കയാണല്ലോ. താത്രി സാധുവായൊരു കുട്ടിയുമാണ്. താത്രിയെ കൊടുക്കുന്നതിന്നു മാറ്റമായി വേളി കഴിപ്പാനാണ് ഞാനുറച്ചിരിക്കുന്നതു" എന്നു രാമൻ പട്ടേരി പറഞ്ഞപ്പോൾ പരിവേദനത്തിൻെറ പാപവും തീൎന്നു, ചിത്രൻ പട്ടേരിയുടെ കോപവും ശമിച്ചു. രാമൻ പട്ടേരി ഇഷ്ടപ്രകാരം വിവാഹവും കഴിച്ചു.

രണ്ടാമൻ ശങ്കരൻപട്ടേരി തൻെറ വിവാഹം മററാരും കഴിച്ചിട്ടില്ലാത്തവിധം കഴിക്കുവാനാണ് തീർച്ചയാക്കിയതു്. മിശ്രവിവാഹമായിട്ടുതന്നെ തൻെറ വേളി നടത്തണമെന്ന് അദ്ദേഹം തീർച്ചയാക്കി. ശങ്കരൻ പട്ടേരി കമ്മ്യൂ

ണിസ്റ്റുകാരുടെ ഇടയിൽ സഖാവു് 'കിഷ്ടിൻ' എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. കിഴക്കിനിയകം എന്ന ഇല്ലപ്പേർ റഷ്യൻ സമ്പ്രദായത്തിൽ മാററിയിട്ടാണു് കിഷ്ടിൻ എന്നു പേരുണ്ടായതു് കണ്ണൂരിലെ വലിയൊരു കച്ചവടക്കാരനും ധനികനുമായ സർ കൃഷ്ണന്റെ മകളെ ആനിയിൽ ആയാൾ കണ്ണുവെച്ചിരിക്കയാണു്. മൂത്ത അനുജൻ വാമനൻപട്ടേരി ഒന്നോ രണ്ടോ മക്കളുള്ള ഒരു നമ്പൂരി വിധവയെയാണു് വിവാഹം ചെയ്തതു്.

മൂന്നാമന്റെ അന്തർജ്ജനം പരിഷ്കാരംകൊണ്ടു് ബഹിർജ്ജനം പോലെയാണെങ്കിലും കിഴക്കിനിയകത്തെ നാലകത്തു തന്നെയാണു് പെരുമാറുന്നതു്. അവരുടെ പേരിൽ ചിത്രൻപട്ടേരിക്കും പത്നിക്കും വലിയ സുഖക്കേടൊന്നുമില്ല. കാരണമെന്തെന്നു പറയേണ്ടതില്ലല്ലോ. വാമനൻ പട്ടേരി വിധവയായ ഭാര്യയെ സ്വജനങ്ങളിൽ പലരുടേയും നിഷേധമുണ്ടായിട്ടും ഇല്ലത്തേയ്ക്കു തന്നെ കൂട്ടിക്കൊണ്ടുവന്നു. നാട്ടുപ്രമാണികളും അംശം അധികാരിയും ഇടപെട്ടു് ആ സ്ത്രീയെ പുറത്തെ മാളികയിൽ പാർപ്പിച്ചാൽ മതിയെന്നും, അകത്തേയ്ക്കു സ്പർശിക്കരുതെന്നും പറഞ്ഞതു് പട്ടേരി ഒരുവിധം സമ്മതിച്ചു. അനുജന്മാരുടെ താന്തോന്നിത്തവും മുഷ്ക്കും സഹിക്കാതെ കാരണവർ കഷ്ടത്തിലായി. കോൺഗ്രസ്സുകാരായും, കമ്മ്യൂണിസ്റ്റുകാരായും, സോഷ്യലിസ്റ്റുകാരായുമുള്ള പലരും അതിഥികളായി വരും. അവർക്കൊക്കെ ഊണും കാപ്പി പലഹാരങ്ങളും വേണം. അതിനു മാത്രം വരുമാനം ഇല്ലത്തെക്കൊട്ടില്ലതാനും. കൺട്രോളും റേഷനും നെല്ലെടുപ്പും കൊണ്ടുപിടിച്ചു നടക്കുന്നതിനാൽ

പാട്ടക്കാരുടെ കയ്യിൽനിന്നു മുമ്പിലത്തേപ്പോലെ നെല്ലു കിട്ടാതെയായി. അക്കൊല്ലം, പന്തീരായിരം പിരിയാനു ള്ള പട്ടേരിഇല്ലത്തു പാട്ടക്കാരളന്നനെല്ല് ആയിരത്തില ധികം വരികയില്ല. വിഷു കഴിഞ്ഞപ്പോഴേക്കും പത്തായം ഒഴിഞ്ഞു. പിന്നെ പാട്ടു രണ്ടര ഉറുപ്പികപ്രകാരം വില കൊടുത്ത് ആരും അറിയാതെ, ഉപായത്തിൽ, അർദ്ധരാ ത്രി സമയത്ത്, നാലഞ്ചു ദിവസങ്ങളിലായി നൂറുപറ നെ ല്ല് കൊണ്ടുവരുവിച്ച് പട്ടേരി അകത്തെ പത്തായത്തിൽ സൂക്ഷിച്ചു. പാവപ്പെട്ട തൊഴിലാളികൾ ഭക്ഷണം കൂടാ തെ കഷ്ടപ്പെടുമ്പോൾ വലിയ ജന്മിയായ ചിത്രൻപട്ടേരി കളവായി നെല്ലു ശേഖരിച്ചുവെച്ചു കരിഞ്ചന്തയിൽ വ്യാ പരിക്കുകയാണെന്നും, ഇല്ലത്തു ചെന്നു പത്തായം മുദ്രവെ ച്ചാൽ സംഗതി വെളിപ്പെടുമെന്നും കമ്മ്യൂണിസ്റ്റുകാരൻ ശങ്കരൻപട്ടേരി റേഷൻ ആഫീസർക്ക് എഴുതി അയച്ചു. ആ നൂറുപറ നെല്ലു പത്തായംവിട്ടു പുറത്തിറങ്ങുവാൻ ഇ നി താമസമില്ല. ഇങ്ങനെയാണ് കഥനടന്ന കാലത്ത് കിഴക്കിനിയകത്തില്ലത്തിന്റെ യഥാർത്ഥ ചിത്രം.

സമയം രാത്രിയായി. ചിത്രൻപട്ടേരി കുളിയും തേവാ രവും ഊണും കഴിഞ്ഞ് പൂമുഖത്തു വിശ്രമിക്കുന്നു. അ പ്പോൾ ഒരു ദൂതൻവന്ന് കയ്യിൽ ഒരെഴുത്തു കൊടുത്തു. അ തു വക്കീൽ ജഗന്നാഥയ്യരുടെ എഴുത്തായിരുന്നു.

"കിഴക്കിനിയകത്തു മനയ്ക്കൽ ചിത്രൻ പട്ടേരി അ വർകൾക്ക്.

താങ്കളുടെ അനുജന്മാരുടെ ആവശ്യപ്രകാരം തമ്മിൽ പറഞ്ഞു കാര്യം കലാശിപ്പിക്കുന്നതിന്നായി ഇന്നു രണ്ടു

മണിക്കു ഞാനിവിടെ എത്തി. പുറത്തെ മാളികയിലാണു താമസം. ജ്യേഷ്ഠൻ കെട്ടുകാൎയ്യക്കാരനാണെന്നും, തറവാട്ടിൽ സ്വതന്ത്രനായിട്ടും തങ്ങൾക്കു വേണ്ടതു തരുന്നില്ലെന്നും, ഭാഗത്തിന്നു കേസ്സുകൊടുക്കാതെ ഉള്ള മുതൽ എല്ലാവൎക്കും ഭാഗിച്ചു കൊടുക്കണമെന്നും അവർ എന്നോടു ആവശ്യപ്പെട്ടിരിക്കുന്നു. ഈ കാൎയ്യം സംസാരിച്ചുതീൎക്കുന്നതിന്നാണു് ഞാൻ വന്നിരിക്കുന്നതു്. രാത്രി പത്തുമണിക്കു് ഞാൻ കക്ഷികളോടുകൂടി അവിടെ വരും. കാൎയ്യം ഇന്നുതന്നെ കലാശിപ്പിക്കുവാൻ ഒരുങ്ങിയിരിക്കണമെന്നു താല്പൎയ്യപ്പെടുന്നു."

എഴുത്തു വായിച്ചിട്ടു് ചിത്രൻ പട്ടേരി എന്താണു ചെയ്യേണ്ടതെന്നറിയാതെ കുറേനേരം അമ്പരന്നിരുന്നുപോയി. അദ്ദേഹം പറഞ്ഞു: "വക്കീൽ ജഗന്നാഥയ്യർ എനിക്കും വേണ്ടപ്പെട്ടവനാണു്. നമ്പൂരാരു് എന്തും കാട്ടുമെങ്കിലും പട്ടന്മാൎക്കു ജാതിയും ആചാരവുമൊന്നും ഇല്ലായ്കയില്ല. ഇല്ലത്തുവന്നിട്ടു് ഒരു ബ്രാഹ്മണൻ അത്താഴപ്പട്ടിണി കിടക്കുന്നതു വെടിപ്പല്ല. അതുകൊണ്ടു് അദ്ദേഹത്തോടു വേഗം ഉണ്ണാൻ വരാൻ പറയു്. മനസ്സിലായില്ലേ? ആരാതു് കിട്ടുണ്ണിയല്ലേ? പോ ചെന്നു പറ."

ജഗന്നാഥയ്യർ വിവരമറിഞ്ഞു് ഉടൻതന്നെ ഇല്ലത്തേക്കു ചെല്ലുകയും, ചിത്രൻപട്ടേരി അദ്ദേഹത്തെ ഉചിതംപോലെ സല്ക്കരിക്കുകയുംചെയ്തു. രാത്രി പത്തുമണിക്കു ശേഷം അനുജന്മാരായ പട്ടേരിമാരും എത്തിച്ചേൎന്നു. എല്ലാവരുംകൂടി പൂമുഖത്തുവെച്ചു കാൎയ്യം സംസാരിക്കുവാൻ തുടങ്ങി.

വക്കീൽ: നാം എന്തിനാണിപ്പോൾ ഇവിടെ കൂടിയിരിക്കുന്നതെന്ന് എന്റെ എഴുത്തുകൊണ്ടുതന്നെ പട്ടേരി അവർകൾ അറിഞ്ഞിരിക്കും. അനുജന്മാർ മൂന്നുപേരും, കാരണവർ കൈകാര്യത്തിന്നു പോരെന്നും, ഇല്ലത്ത് കടം വന്നുതുടങ്ങിയെന്നും കേസ്സുംകൂട്ടവുമൊന്നും കൂടാതെ കാര്യം സംസാരിച്ചു സ്വത്തുക്കൾ ഭാഗിപ്പിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. എന്താ, അങ്ങിനെ ചെയ്കയല്ലേ?

ചിത്രൻപട്ടേരി: ഭാഗിക്കുന്നതിന്ന് എനിക്കു വിരോധമൊന്നും ഇല്ല. പക്ഷെ എന്നെ കെട്ടുകാര്യസ്ഥനാക്കുന്നത് ശരിയല്ല. കുടുംബസ്വത്തിൽ ഒരുമണിനെല്ലോ, ഒരു പൈപോലുമോ ഞാൻ അനാവശ്യമായി നശിപ്പിച്ചിട്ടില്ല. നാശംവന്നതിന്നും കടംവരുന്നതിന്നും കാരണക്കാർ അനന്തരോമ്മാർതന്ന്യാണ്. ഇവർ തറവാട്ടേയ്ക്കുവേണ്ടിയാതൊന്നും ചെയ്യിണില്ല്യെന്നുമാത്രോംല്ല്യാ, വരവിൽ കവിഞ്ഞു ചെലവിടാൻ ഇടവരുത്തും ചെയ്യുന്നു. ഗാന്ധിക്കാരും കമ്മ്യൂണിക്കാരും സോഷ്യലന്മാരുമായി അഞ്ചോ ആറോ ആൾ പുറമെല്ലാത്ത ദിവസല്ല്യ. അവർക്കൊക്കെ ഊണുവേണം, കാപ്പിവേണം, പലഹാരംവേണം! ഇതിനൊക്കെ ഇവടെണ്ടോവക? ഞാനൊന്നും മിണ്ടാണ്ടിരിക്ക്യാണ്. മിണ്ടിയാൽ അതേള്ളു. എനിക്കിനി എന്താവാനുള്ളത്? ഷഷ്ടിപൂർത്തി കഴിഞ്ഞില്ലേ? അവരായി, അവര്ടെ പാടായി.

വാമനൻപട്ടേരി: ഞാൻ കുടുംബദ്രോഹമായിട്ട് ഒന്നും ചെയ്തിട്ടില്ല. ഒരു പെൺകൊട കഴിപ്പിച്ചിട്ടുകൂടിണ്ട്. യഥാർത്ഥമായ ഗാന്ധിസത്തിൽ വിശ്വസിക്കുന്നവനാണ് ഞാൻ. ഭൂരിപക്ഷ ഭൂരിസുഖം, സഹകരണസമ്പ്രദായത്തി

ലുള്ള പ്രജാധിപത്യം, പൗരപ്രാതിനിദ്ധ്യത്തോടുകൂടിയ ഭരണം ഇതെല്ലാമാണ് എന്റെ ആദർശം. വല്ലപ്പോഴും വല്ല അതിഥികളും വന്നാൽ സൽക്കരിക്കേണ്ടതു് ഭാരതീയരുടെ, കേരളീയരുടെ, വിശേഷിച്ച നമ്പൂരാരുടെധർമ്മമാണ്. അതിൽ കവിഞ്ഞൊന്നും ഞാൻ ചെയ്യാറില്ല.

ശങ്കരൻപട്ടരി: കെട്ടകാര്യസ്ഥന്മാരല്ലേ നാട്യം? അമ്പലപ്പുറത്തുനിന്നു ദേവരുടെ വിഗ്രഹം ഇല്ലത്തേയ്ക്കു കൊണ്ടുവന്നതെന്തിനാണ്? ആ വകയ്ക്കു് ആയിരത്തിൽപുറം ഉറുപ്പിക ചിലവായില്ലേ! ആരുപറഞ്ഞു അതിന്നു? ക്ഷേത്രപ്രവേശം നിയമപ്രകാരം നടപ്പായപ്പോൾ അയിത്തപ്പിശാച് ആവേശിക്കുമെന്നുള്ള ഭയംകൊണ്ടല്ലേ അതു ചെയ്തതു്? ഇങ്ങനെ എത്രവേണമെങ്കിൽ പറയാനുണ്ട്. ദേവസ്സേവ, വെടിപ്പാക്കൽ, വാരം, പൂരം, തേങ്ങ, മാങ്ങ ഇങ്ങനെ ഓരോ പേരുപറഞ്ഞു് എത്ര പണമാണ് പാഴാക്കുന്നതു്? ഈ വൃഷിണാം, ഈ കുതിരകയറാം, ഈ ജന്മിമന്നസ്ഥിതി മേലിൽ നടക്കുവാൻപോകുന്നില്ല. സ്വത്തുക്കൾ എല്ലാവക്കുംകൂടി ഉള്ളതാണ്. നാലേക്രയിൽ കവിഞ്ഞു് ഒരാൾക്കും ഭൂമി കൈവശം വെയ്ക്കാൻ പാടില്ലെന്നു നിയമംമൂഖേന നിർബ്ബന്ധിക്കാൻ പോകുന്നു. പാവപ്പെട്ട തൊഴിലാളികൾ ഇരിക്കാൻ വീടില്ലാതെ, കുടിക്കാൻ കഞ്ഞിയില്ലാതെ, അരമറയ്ക്കാൻ തുണിയില്ലാതെ കിടന്നു നരകിക്കുന്നു. കാരണോരും ഭാര്യയും പഴയമട്ടിൽ ഉണ്ടിരുന്നു സുഖിക്കുന്നതു് ഇനി പററില്ല. ഉള്ള മുതലെല്ലാം പങ്കിടണം.

രാമൻപട്ടരി: കോൺഗ്രസ്സും കമ്മ്യൂണിസവും സോ

ഷ്യലിസവുമൊക്കെ പുറമെ പറയുമ്പോഴേ വ്യത്യാസപ്പെട്ടിരിക്കുന്നുള്ളു. കാൎയ്യംകൊണ്ടു് എല്ലാം ഒരുപോലെയാണു്. നമ്പൂരാരുടെ മാമൂൽസമ്പ്രദായങ്ങൾ യോഗക്ഷേമസഭയുടെ സാരംഭത്തോടുകൂടിത്തന്നെ അസ്തമിച്ചു. ഇപ്പോൾ ജാതിയും ആഭിജാത്യവും ആചാരവും ഏട്ടിൽമാത്രമേ ഉള്ളുവെന്നായി. ആചാരം തെററിനടന്നവർ മററാരാനുമാണെങ്കിൽ അവരുടെ അഹമ്മതിയും വാശിയും കാണേണ്ടതാണു്. മക്കളോ മക്കളുടെ ആവശ്യത്തിനുവേണ്ടിയോ എന്തുചെയ്താലും അവൎക്കു ചോദ്യമില്ല. ഞാൻ സ്വജാതിവിവാഹത്തിനു ശ്രമിച്ചപ്പോൾ പരിവേദനം പാടില്ലെന്നു കാരണവർ നിഷേധിച്ചു. മകളെക്കൊടുക്കാൻ മാററമായിട്ടാണെന്നുവന്നപ്പോൾ പരിവേദനത്തിന്റെ പാപം പറപറന്നു. വലിയജ്യേഷ്ഠൻ വിധവയെ വിവാഹംചെയ്തതിന്റെ കാൎയ്യംഒന്നും പറയണ്ട. അനാഥകളായ വിധവകൾകിടന്നു കഷ്ടപ്പെടുമ്പോൾ അവരെ സഹായിക്കേണ്ടതു കഴിവുള്ളവരുടെ ചുമതലയാണു്. എന്നെക്കൊണ്ടധികം പറയിക്കേണ്ട.

ചിത്രൻപട്ടേരി: അറിയും; എല്ലാവരുടെ യോഗ്യതയും ഞാൻ ക്ഷ, അറിയും. പരിവേദനത്തിന്റെ കാൎയ്യം അത്രനോക്കാനില്ല. അതിപ്പോൾ പരക്കെ നടപ്പായിരിക്കുന്നു. അങ്ങിനെയാണോ വിധവയെ വേളികഴിക്കുന്നതു്? പരശുരാമൻ നിശ്ചയിച്ചതു നമ്പൂരിമാരിൽ മൂത്തജേഷ്ഠൻ മാത്രേ ഗൃഹസ്ഥനാകാവൂ എന്നാ ആ നിശ്ചയം എന്നു തെറ്റിയോ അന്നുതുടങ്ങീതാ നമ്പൂരാൎക്കു അധഃപതനം. ഇപ്പോ സ്വജാതിയിൽ വേളികഴിക്കാത്ത നമ്പൂരില്ല, ഭാഗി

ക്കാത്ത ഒരു ഇല്ലോല്ല്യ. എല്ലാം താറുമാറായി. ഈട്ടംകൂട്ടിയ സ്വത്തെല്ലാം നശിച്ചുപോയി. പലരും പാപ്പരായി പാളയെടുത്തു. ഇങ്കിരീസ്സുപഠിപ്പും പരിഷ്കാരോം ആണ് ഇതിനൊക്കെ കാരണം. ഭാഗിച്ചുകളയാം. എനിക്ക് ഈ സൈ്വരക്കേടൊന്നും സഹിച്ചിരിപ്പാൻ വയ്യേവയ്യ.

വക്കീൽ: നല്ലകാര്യമാണ് പട്ടേരിഅവർകഠം പറഞ്ഞതു്. കാലംകൊണ്ടു് സമുദായനീതികഠം നടന്നുപോകാൻ പ്രയാസം. ഗവർമ്മേണ്ടുതന്നെ അടിയുറയ്ക്കാത്തമട്ടിലാണ്. പുതിയപുതിയ നിയമങ്ങഠം ഓരോന്നോരോന്നായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അനവധി ഭൂസ്വത്തുക്കഠം ആൎക്കും ഇനി കൈവശംവെയ്ക്കാൻ സാധിക്കുമെന്നു തോന്നിന്നില്ല. 'രാജാകാലസ്യകാരണം' എന്നു കേട്ടിട്ടുണ്ടു്. ശരിയായ ഭരണാധികാരികഠം ഇല്ലെങ്കിൽ ജനങ്ങളുടെകാര്യം പരുങ്ങലിൽതന്നെ. എല്ലാവൎക്കും ഭാഗംകൊടുക്കുവാൻ തയ്യാറായതിൽ പട്ടേരിഅവർകളെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

ചിത്രൻപട്ടേരി: എന്നാൽ വക്കീൽ ഇവിടത്തെ ഭാഗം നേരെയാക്കി ആധാരം റജിസ്റ്റാക്കിച്ചേ പോകാവൂ. കണക്കുകളെല്ലാം കാര്യസ്ഥൻ ശാമു എഴുതിവെച്ചിട്ടുണ്ടു്. നാലുദിവസം താമസിച്ചു് കണക്കെല്ലാംനോക്കി ഭാഗപത്രം തയ്യാറാക്കിച്ചേക്കുക.

വക്കീൽ: അങ്ങിനെതന്നെ. എന്റെ ഫീസ്സ് എത്രയാണ് വിചാരിക്കുന്നതു്?

ചിത്രൻപട്ടേരി: എന്താ എല്ലാരടേം അഭിപ്രായം?

വാമനൻപട്ടേരി: ആറുറുപ്പിക! എന്താ പോരേ?

ശങ്കരൻ: നൂററമ്പതു് ആക്കിക്കൂടേ? കാലം ഇതല്ലേ?

രാമൻ: ചുരുങ്ങിയതു് ഇരുനൂറുറുപ്പികയെങ്കിലുമി ല്ലാതെ ശ്രീ. ജഗന്നാഥയ്യരെപ്പോലെയുള്ള ഒരു വക്കീൽ ഇതിന്നുമിനക്കെടുമോ?

വക്കീൽ: ശരിക്കു് അഞ്ഞൂറുറുപ്പിക ഫീസ്സുതരാ മെങ്കിൽ ഞാനിതുശരിപ്പെടുത്താം.

ചിത്രൻപട്ടേരി: യാതൊരുതരക്കേടുമില്ല. കാട്ടിലെ മരം, തേവരുടെ ആന, വലിയെടാവലി എന്നാണു് ഇവി ടത്തെമട്ടു്. കണ്ടവർതിന്നുന്നതു് ഒരു ബ്രാഹ്മണൻ അനു ഭവിക്കട്ടെ. ജഗന്നാഥയ്യക്കു് വക്കാലത്തും കുറെ കുറവാണ ല്ലോ. ഇല്ലത്തെകാര്യം നേരെയാകുന്നതിന്നു് ആയിരം ഉ റുപ്പിക ചിലവായാൽകൂടി എനിക്കുവിരോധമില്ല.

വക്കീൽ: നല്ലകാര്യം! ഒന്നാന്തരം മര്യാദ!

ഒരാഴ്ചക്കുള്ളിൽ കിഴക്കിനിയകത്തെ ഇളകുന്നതും ഇ ളകാത്തതുമായ സകലസ്വത്തുക്കളും കണ്ടെഴുതി പട്ടിക ത യ്യാറാക്കി ഭാഗപത്രം ശരിപ്പെടുത്തി. എല്ലാംകൂടി പങ്കിട്ടുവ ന്നപ്പോൾ കടംകഴിച്ചു് ഓരോരുത്തൎക്കും ആയിരംഉറുപ്പിക വീതം കിട്ടുവാനേഉള്ളുവെന്നു വന്നു. അപ്പോൾ കോൺഗ്ര സ്സുകാരൻ കണ്ണുതുറിച്ചു; കമ്മ്യൂണിസ്റ്റുകാരൻ നാവുകടിച്ചു; സോഷ്യലിസ്റ്റുകാരൻ നെററിചുളിച്ചു. ചിത്രൻപട്ടേരി ഭാ ഗപത്രംഎടുത്തു് മാറത്തും തലയിലുംവെച്ചു് പറഞ്ഞു: "കൃഷ്ണാൎപ്പണമസ്തു"

# രാജാമണി

ബാബു രാമചരൻബാനർജി ഹുഗ്ലിയിലെ വലിയ ധനവാന്മാരിൽ ഒരുവനാകുന്നു. അദ്ദേഹത്തിന്റെ ഭാൎയ്യ രേണുകാദേവി സൗന്ദൎയ്യംകൊണ്ടും സൗശീല്യംകൊണ്ടും അദ്ദിക്കിൽ ശ്രുതിപ്പെട്ട ഒരു സതീരത്നമാണു്. ബാനർജിക്കു ഭാൎയ്യയെ വലിയ സ്നേഹവും വിശ്വാസവുമുണ്ടു്. എങ്കിലും ആ സ്ത്രീയുടെ ആചാരനിഷ്ഠയും, ഈശ്വരസേവയും, പുരാണപാരായണവും മറ്റും മൂപ്പൎക്കു് അത്ര പിടിച്ചിട്ടില്ല. കൂട്ടുകാരുമായി ശീട്ടുകളിച്ചു വിനോദിച്ചും, പരിഷ്കാരത്തിന്റെ ചിഹ്നങ്ങളായ നാനാപ്രവൃത്തികളിൽ ഏൎപ്പെട്ടും ബാനർജി രാത്രി പത്തുമണിവരെയും കഴിച്ചുകൂട്ടും. അതിനു ശേഷമേ രേണുകാദേവിക്കു ഭൎത്താവിനെ കാണുവാനും സംസാരിക്കുവാനും സൗകൎയ്യം കിട്ടാറുള്ളു.

ഒരുദിവസം രേണുകാദേവി ബങ്കളാവിന്റെ അകത്തു് പതിവുപ്രകാരമുള്ള പുരാണവായന കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ബങ്കളാവിലെ പരിചാരകന്മാർ പുറത്തുനിന്നു വിളിച്ചുപറയുന്നതുകേട്ടു: "പുഴക്കടവിൽ ഒരുകുട്ടി ഒലിച്ചുവന്നു കയറിയിരിക്കുന്നു. ചത്തുകഴിഞ്ഞില്ല. ജീവിക്കുന്ന കാൎയ്യം സംശയവുമാണു്."

ഇതുകേട്ടു് രേണുകാദേവി വായന മതിയാക്കി ഭൃത്യജനങ്ങളോടൊന്നിച്ചു് പുഴക്കടവിലേയ്ക്കോടി. കുട്ടിയെ അവിടെനിന്നു് എടുപ്പിച്ചു് ബങ്കളാവിലേയ്ക്കു കൊണ്ടുവരുവി

ക്കുകയും, അടിയന്തിരമായി ഡോക്ടരെ വരുത്തി ചികിത്സ ചെയ്യിക്കുകയും ചെയ്തു. ഒരാഴ്ചകൊണ്ടു് ആ ബാലൻ പൂർണ്ണസുഖം പ്രാപിച്ചു.

രേണുകാദേവിക്കു സമ്പൽസൗഖ്യവും ഭർത്തൃസൗഖ്യവും ധാരാളമുണ്ടെങ്കിലും സന്താനസൗഖ്യം സിദ്ധിച്ചിട്ടില്ല. പ്രായം ഇരുപത്തഞ്ചിൽ കുറയുകയില്ല. പുത്രലാഭത്തിന്നു ഭാഗ്യം വരായ്കയാൽ പല സൽക്കർമ്മങ്ങൾ ചെയ്തും, വഴിവാടുകൾ നേൎന്നും, കണ്ടുകിട്ടുന്ന കുട്ടികളെയെല്ലാം നല്ലവസ്ത്രങ്ങൾ കൊടുത്തു പ്രീതിപ്പെടുത്തിയും അവർ സന്തതിയുണ്ടാകുന്നതിന്നു കളമൊരുക്കികൊണ്ടിരിക്കുകയാണു്. ഈ കാരണം പുഴക്കടവിൽനിന്നു കളഞ്ഞുകിട്ടിയ കുമാരനിൽ അവൎക്കു് അതിരററ സ്നേഹവാത്സല്യങ്ങളുണ്ടായി.

രാജാമണി—ഇതായിരുന്നു ആ കുട്ടിയുടെ പേർ. ആറുവയസ്സിലധികം പ്രായമാകായ്കയാൽ അവൻെറ അച്ഛനാരെന്നും അമ്മയാരെന്നും കുടുംബസ്ഥിതി എന്താണെന്നും അവൻ പറഞ്ഞറിയുവാൻ സാധിച്ചില്ല. "ഏതു കുടുംബത്തിൽ പെട്ടവനെങ്കിലും ആയ്ക്കൊള്ളട്ടെ, ഇവനെ ഞാൻ എൻെറ മകനെപ്പോലെയാണു് വിചാരിക്കുന്നതു്. എത്ര നല്ലൊരു കുട്ടി! പ്രസന്നസുഭഗമായ ഈ മുഖംതന്നെ പറയുന്നുണ്ടു്, ഇവനൊരു കുലീനനാണെന്നു്. ഒന്നുമില്ലാത്ത ഈ ഭാഗ്യഹീനയ്ക്കു് ഇങ്ങനെയൊരുകിടാവിനെയെങ്കിലും ദൈവം തന്നുവല്ലോ!" എന്നു സമാധാനിച്ചു് രേണുകാദേവി രാജാമണിയെ വളൎത്തിവന്നു.

രാജാമണി രേണുകയുടെ ലാളനമേററുകൊണ്ടു് ക്രമത്തിലങ്ങനെ വളൎന്നുവന്നു. അതോടുകൂടി ആ കുട്ടിയുടെ

പേരിൽ രേണുകയ്ക്കുള്ള സ്നേഹവും വളൎന്നുകൊണ്ടേ ഇരുന്നു. 'രാജാമണി, രാജാമണി' ഇതേ ആ ഗൃഹനായികയ്ക്കു് എപ്പോഴും വിചാരമുള്ളൂ. അവൻ എന്തു വികൃതികാണിച്ചാലും ഒരു ചോദ്യവുമില്ല. കുട്ടിയാണെങ്കിൽ വല്ലാത്ത മട്ടുകാരനും! അവൻ വീട്ടിലൊക്കെ ഓടിനടക്കും. കണ്ണിൽ കണ്ട സാധനങ്ങളെല്ലാം ഇഷ്ടംപോലെയെടുത്തു തലങ്ങും വിലങ്ങും എറിഞ്ഞുപൊട്ടിക്കും. തോട്ടത്തിൽചെന്നു ബാനൎജിക്കും പത്നിക്കും പ്രിയപ്പെട്ടവയായ ചെടികൾ മുറിച്ചുകളയും. പിടിക്കുവാൻ ചെല്ലുന്ന പരിചാരകന്മാരോടു വക്കാണിക്കും. ആരും കാണാതെ പുഴക്കടവിലേയ്ക്കു് ഓടിപ്പോകും. മരങ്ങളിൽ കയറി അവയുടെ കൊമ്പുകുലുക്കിയും കായ പൊട്ടിച്ചും അഹങ്കരിക്കും. ഇതൊക്കെക്കണ്ടാലും രേണുക അവനേ പരുഷഭാവത്തിൽ ഒന്നു നോക്കുകയോ, മുഖം കറുപ്പിച്ചൊരു വാക്കുപോലും പറയുകയോ ചെയ്കയില്ല. കുട്ടിയുടെ ദുശ്ശീലത്തെപ്പററി കുടുംബനാഥനായ ബാനൎജിയും മനസ്സിലാക്കുവാനിടയായി. പക്ഷേ, ഭാൎയ്യയ്ക്കു വളരെ പ്രിയപ്പെട്ട കുട്ടിയാകയാൽ അദ്ദേഹം അതിന്നു് അവനോടൊ, അവനെ പോററിവരുന്ന രേണുകയോടൊ അഹിതമായി ഒന്നും സംസാരിച്ചില്ല.

ഒരുദിവസം ബാനൎജിയുടെ കോട്ടിൻെറ പോക്കററിൽനിന്നു് അദ്ദേഹം പതിവായി ഉപയോഗിക്കുന്നതും വിലപിടിച്ചതുമായ ഫൗണ്ടൻപേന രാജാമണിയെടുത്തു വലിച്ചെറിഞ്ഞു പൊട്ടിച്ചു. ബാനൎജി എന്തോ ആവശ്യത്തിനുവേണ്ടി പേനനോക്കിയപ്പോൾ കാണാനില്ല. അദ്ദേഹം അരിശംകൊണ്ടു് അലറി: "വല്ലാത്ത മാരണമായല്ലോ ഇതു്; നാടും വീടും അറിയാതെ എവിടയോ കിടക്കു

ന്ന ഒരു പിച്ചക്കാരൻെറ ചെറുക്കനെ ഇവിടുത്തെ യജമാനത്തി എടുത്തു വളർത്തി തലയിൽ കയററി ഇരുത്തി. അതിൻെറ ഫലമായി ഇവിടെ എന്തെല്ലാം നാശങ്ങളാണു് വന്നുചേർന്നിരിക്കുന്നതു്? രേണുകേ, ഇത്രത്തോളം ഒന്നു വരൂ."

രേണുകാദേവി വന്നപ്പോൾ ബാനർജി രാജാമണിയുടെ തെമ്മാടിത്തത്തെപ്പററി സുഖമില്ലാതെ സംസാരിക്കുകയും മേലിൽ ഇങ്ങനെ വല്ലതും ചെയ്തുപോയാൽ താനവനെ വെറുതെ വിടുകയില്ലെന്നു മുന്നറിയിപ്പു നല്കുകയും ചെയ്തു. പക്ഷേ, രേണുക അവനെ അതിന്നു ശാസിക്കയോ, ശിക്ഷിക്കയോ ചെയ്തില്ല.

പിന്നീടൊരിക്കൽ രാജാമണി മേശപ്പുറത്തിരുന്നിരുന്ന സ്വർണ്ണവാച്ച് കയ്യിലെടുത്തു ഭംഗിപരിശോധിക്കുകയും, അതു് അവൻെറ കയ്യിൽനിന്നു നിലത്തുവീണു തകർന്നുപോകുകയും ചെയ്തു. ഏറെത്താമസിയാതെ ഈ വിവരം രേണുകയ്ക്കു് അറിവുകിട്ടി. അവർ ഉടനെ ചെന്നു ദാസിയെക്കൊണ്ടു വാച്ചിൻെറ തകർന്ന ചില്ലുകളെല്ലാം പെറുക്കിക്കളയിച്ചു് സ്ഥലം വെടുപ്പാക്കി. വാച്ചുടച്ച വിവരം ഭർത്താവറിഞ്ഞാൽ വലിയ കോലാഹലമാകുമല്ലോ എന്നു വിചാരിച്ചു് അവർ ഭയപ്പെട്ടു. ഭർത്താവു വന്നു് തൻെറ വാച്ചെവിടെ എന്നു ചോദിച്ചപ്പോൾ രേണുകാദേവി പറഞ്ഞു: "മേശയുടെ അകത്തുനിന്നു് ഒരു പുസ്തകം എടുക്കുവാൻ ഞാനതുതുറന്നപ്പോൾ വാച്ചു താഴെ വീണു തകർന്നുപോയി. പരിഭവം തോന്നരുതു്."

"നീ ഇപ്പറഞ്ഞതു ശുദ്ധമേ വ്യാജമാണു്. നിൻെറ ആ കുരുത്തംകെട്ട ചെക്കനായിരിക്കും ഇതു പൊട്ടിച്ചതെ

ന്നു ഞാൻ വിശ്വസിക്കുന്നു. അവനെ എന്നുമുതല്ക്കു നീ ലാ ളിക്കുവാൻ തുടങ്ങിയോ അന്നുമുതല്ക്കു തുടങ്ങി ഇവിടെ നാശം. സന്തതിയില്ലാത്ത അമ്മയല്ലേ എന്നു വിചാരിച്ച് ഇതേവരെയും ഒന്നും പറയാതെ ഞാൻ അടങ്ങിയിരുന്നു. ഇനി ഇതു പൊറുത്തുകൊണ്ടിരിപ്പാൻ വയ്യ. എവിടെ ആ കഴവേറി? അവന്റെ ദേഹത്തിലെ തോൽ ഞാൻ വെച്ചേയ്ക്കുകയില്ല."

"ഇവിടുന്നു് ഇങ്ങനെ കോപിക്കുന്നതിന്റെ അൎത്ഥ മെന്താണു്? ഇഷ്ടമില്ലാത്ത ആളുകൾ തൊട്ടതൊക്കെ കു റമായേ വരികയുള്ളു. രാജൻ കുറെ വികൃതിയാണെങ്കിലും അവൻ ഇതു ചെയ്യുവനല്ല. വെറുതെ ഒരു കുട്ടിയെ ഇങ്ങ നെ ശകാരിക്കുകയോ? ഇതു ദൈവത്തിന്നു പൊറുക്കുമോ?"

"നീയും നിന്റെ ദൈവവും! എനിക്കു ദൈവത്തെ ക്കുറിച്ചുതന്നെ നിന്റെ മാതിരി ഭയമൊന്നുമില്ല. നല്ലതു ചെയ്താലേ ദൈവവും സന്തോഷിക്കുകയുള്ളു. നിന്റെ പേ രിലുള്ള സ്നേഹംകൊണ്ടു് ഇപ്പോൾ ഞാൻ മാപ്പുതരുന്നു. ഇനി ഈവക വല്ലതും സംഭവിച്ചാൽ ആ ചെക്കനെ ഞാൻ ഹൂഗ്ലിനദിയിൽതന്നെ എറിഞ്ഞുകളയും. നല്ല ഓ ൎമ്മയിരിക്കട്ടെ."

ഈ സംഭവത്തിന്നുശേഷം രേണുകാദേവി രാജാമണി യുടെ കാൎയ്യത്തിൽ കുറച്ചധികം ശ്രദ്ധവെയ്ക്കുവാൻ തുടങ്ങി. ശരിയായൊരു ഗുരുവിനെവെച്ച് കുട്ടിയെ പഠിപ്പിക്കേണ മെന്നും, പഠിപ്പുകൊണ്ടു് ഒന്നും മനസ്സിലായില്ലെങ്കിൽ കൂടി കുട്ടിക്കു വികൃതികാട്ടുവാൻ സമയംകിട്ടാതെയാകുമെ ന്നും വിചാരിച്ചു രേണുക അയൽപ്രദേശത്തുള്ള ഒരു പെൻ ഷൻഡ്മാസ്റ്ററെ വരുത്തി കുട്ടിയെ പഠിപ്പിക്കുവാൻ ഏ

പ്പാടുചെയ്തു. മാസ്റ്റർ പതിവായി കാലത്തു് എട്ടുമണിക്കു വരും. കുട്ടിയെ പഠിക്കുവാൻ വിളിച്ചാൽ അവനുണ്ടോ വരുന്നു? അവനെപ്പോഴും വലിയ ജോലിത്തിരക്കാണു്. ബങ്കളാവിലെ കാപ്പിക്കോപ്പകഠം ഉടയ്ക്കണം; അടുക്കളയിൽ വെപ്പുകാരോടു കലമ്പൽകൂട്ടണം; തോട്ടത്തിൽ പൂച്ചെടികഠം അരിഞ്ഞുകളയണം; ബാനർജിയുടെ മുറിയിൽ കടന്നുകൂട്ടുവാൻ ശ്രമിക്കണം—ഇങ്ങനെ എത്രയോ ഭാരപ്പെട്ട ജോലികഠം രാജാമണിക്കു നടത്തേണ്ടതായിട്ടുണ്ടു്!

മാസ്റ്ററുടെ അത്യദ്ധ്വാനംകൊണ്ടു് ദിവസന്തോറും ഒന്നുരണ്ടുമണിക്കൂർസമയം രാജാമണിയെ തൻെറ മുമ്പിൽ ഇരുത്തി വല്ലതും പഠിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. പക്ഷെ, ആ വികൃതിക്കുട്ടിയുടെ മനസ്സു വിദ്യാഭ്യാസത്തിലേയ്ക്കു് പ്രവേശിക്കുവാൻ താല്പര്യമുള്ളതായിരുന്നില്ല. മാസ്റ്റർക്കു് ഉച്ചയ്ക്കു ഭക്ഷണവും, രണ്ടുനേരം കാപ്പിയും, മാസം പത്തുറുപ്പികവീതം ശമ്പളവും കിട്ടുവാൻ മാത്രമേ അദ്ദേഹത്തിൻെറ അദ്ധ്യാപനസാഹസം പ്രയോജനപ്പെട്ടുള്ളു.

രേണുക സമാധാനിച്ചു: "ചെറിയ കുട്ടിയല്ലേ? കുറെ കഴിയുമ്പോഠം ഈ ദുശ്ശീലവും വികൃതിയുമൊക്കെ തനിയെ മാറും. ശ്രീകൃഷ്ണൻതന്നെ കുട്ടിക്കാലത്തു് എത്ര വികൃതിയായിരുന്നു! വെണ്ണയും പാലും കട്ടുകവരുന്നതിൽ കൃഷ്ണൻ ഏപ്പെട്ടിരുന്നില്ലേ? അതുകൊണ്ടു വളൎന്നപ്പോഠം വല്ല കെടുതിയും സംഭവിച്ചുവോ? അതുപോലെത്തന്നെ എൻെറ രാജാമണിയും ക്രമത്തിൽ സത്സ്വഭാവക്കാരനാകും."

എന്നാൽ രാജാമണിയുടെ സ്ഥിതി ഇതിൽനിന്നു നേരെ വിപരീതമായിട്ടാണു വന്നതു്. അവൻ ബങ്കളാ

വിലെ യജമാനനെപ്പോലെ നടിച്ചു പരിചാരകവൎഗ്ഗത്തെ ശകാരിക്കും. നിസ്സാരകാൎയ്യങ്ങൾക്കുവേണ്ടി അമ്മയോടുതന്നെ വക്കാണംതുടങ്ങും. തന്റെ ഇഷ്ടത്തിന്നു വിരുദ്ധമായി ആരെങ്കിലും വല്ലതും പറഞ്ഞുപോയാൽ കുട്ടി ഉടനെ പുഴവക്കത്തേയ്ക്കു് ഓടിക്കളെയും. അറിവും ആലോചനാശക്തിയുമില്ലാത്ത അവൻ അബദ്ധമായി പുഴയിൽ ചാടിക്കളെയുമോ എന്നു ഭയപ്പെട്ടു ബങ്കളാവിലെ ഭൃത്യജനങ്ങൾ അവനെ മുഷിപ്പിക്കാതെ കഴിപ്പാൻ ശ്രദ്ധിച്ചുവന്നു.

രാമചരൻബാനർജിയുടെ ജ്യേഷ്ഠനായ കാന്തിഭൂഷണബാനർജിക്കു് നാലഞ്ചു പുത്രന്മാരുണ്ടു്. അവരെ രാമചരനും രേണുകാദേവിക്കും വലിയകാൎയ്യമാണു്. ഒടുവിലത്തെ മകനായ ശശിഭൂഷണനെ അവർ വിശേഷിച്ചും സ്നേഹിച്ചുവരുന്നുണ്ടു്. ശശിഭൂഷണൻ കല്ക്കത്തയിൽ ബി. എ. ക്ലാസ്സിൽ പഠിക്കുകയാണു്. കോളേജുപൂട്ടിയകാലത്തു് ഇളയച്ഛന്റേയും ഇളയമ്മയുടേയും വീട്ടിൽവന്നു ശശിഭൂഷണൻ താമസിക്കുക പതിവാണു്. അതുപ്രകാരം അവൻ കല്ക്കത്തയിൽനിന്നു് രാമചരൻ ബാനർജിയുടെ വസതിയിൽവന്നു താമസംതുടങ്ങി. ശശിഭൂഷണന്നു് പ്രഥമദൎശനത്തിൽതന്നെ രാജാമണിയേപ്പററി നല്ല അഭിപ്രായം തോന്നിയില്ല. സ്വല്പദിവസത്തെ പെരുമാററംകൊണ്ടു് ആ ദുരഭിപ്രായം വൎദ്ധിക്കുകയുംചെയ്തു. രാജാമണി എപ്പോഴും ശശിഭൂഷണന്റെകൂടെപ്പം വന്നിരിക്കും. അവൻ വായിക്കുന്ന പുസ്തകങ്ങൾ തട്ടിപ്പറിക്കുകയും, പെട്ടിതുറന്നുകണ്ടാൽ അതിന്നകത്തുള്ള സാധനങ്ങൾവലിച്ചു് പുറത്തിടുകയും ചെയ്യും. രേണുകാദേവി ഇതുകണ്ടാൽ അവനെ വിലക്കുകയോ

ശാസിക്കുകയോ ചെയ്കയില്ല. ഇളയമ്മയുടെ ഈ മട്ടു് ശശിഭൂഷണന്നു് അത്ര പിടിച്ചില്ല.

ശശിഭൂഷണൻ: അമ്മേ, അമ്മയ്ക്കു് കളഞ്ഞുകിട്ടിയ കുട്ടി വലിയൊരു കള്ളനാണു്. കള്ളന്മാരുടേയും താന്തോന്നികളുടേയും കോലവും ശീലവും ഇവന്നുണ്ടു്. ഇവനെക്കൊണ്ടു് അമ്മയ്ക്കുതന്നെ ആപത്തായിവരുമോ എന്നു് ഞാൻ ഭയപ്പെടുന്നു.

രേണുക: കുട്ടികളാകുമ്പോൾ കുറെവികൃതിയൊക്കെ കാട്ടും. അതിന്നു് അവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതു സാഹസമല്ലേ? നളിനിജ്യേഷ്ഠത്തി പറയാറുണ്ടു്, തൻെറ മൂത്തമകൻ കുട്ടിക്കാലത്തു് വലിയതെമ്മാടിയായിരുന്നുവെന്നു്, എന്നിട്ടെന്താ തരക്കേടുണ്ടായതു്? അവനിപ്പോൾ വലിയ ഇഞ്ചിനീയരായി ഇരിക്കുന്നില്ലേ?

ശശിഭൂഷണൻ: അങ്ങിനേയും ചിലരുണ്ടാകാം. എന്നാൽ രാജാമണിയുടെ ദുശ്ശീലം കാണുമ്പോൾ അവൻ വഴിപിഴച്ചാണു് പോകുന്നതെന്നു് എനിക്കു തോന്നുന്നു. അമ്മക്കു് അപ്രിയം തോന്നരുതു്. കോളേജുതുറന്നാൽ ഞാൻ പോകുമല്ലോ. അതുവരെ ഇവൻെറ വികൃതികൾ ശമിപ്പിക്കുവാൻ ശ്രമിച്ചുനോക്കാം.

രേണുക: അങ്ങിനെ പറയൂ. അതല്ലേ മുതിൻ്ന്നകുട്ടികളുടെ ചുമതല!

ശശിഭൂഷണൻ അവിടെ താമസിക്കുന്ന കാലമത്രയും രാജാമണിയുടെ സ്വഭാവം നന്നാക്കിത്തിക്കുവാൻ ശ്രമം ചെയ്തു. ആയാൾ രസകരമായ പലകഥകളും അവനെ പറഞ്ഞു് ധരിപ്പിച്ചു. വൈകുന്നേരം നടക്കുവാൻ പോകുമ്പോൾ അവനെ തൻെറകൂടെ കൊണ്ടുപോയിനോക്കി. അ

ങ്ങിനെ കൊണ്ടുപോയപ്പോൾ ഒരുദിവസം കുട്ടി ഒരു കല്ലെടുത്തു് റോട്ടിൻറെ കരത്തുള്ള ഇലക്ട്രിക്കവിളക്കിൻെറ ബൾബ് എറിഞ്ഞുപൊട്ടിക്കുകയുണ്ടായി. അതിന്നുശേഷം സായാഹ്നസഞ്ചാരത്തിന്നു ശശിഭൂഷണൻ അവനെ കൊണ്ടുപോകാറില്ല. ഹൂഗ്ലിനദിയിൽ ചിലദിവസങ്ങളിൽ ശശിഭൂഷണൻ തോണികളിപ്പാൻ പോകാറുണ്ടു്. കൂടെ രാജാമണിയേയും ചിലപ്പോൾ കൂട്ടിക്കൊണ്ടുപോകും. ഒരു ദിവസം അവൻ തോണിയുടെ ഒരു പള്ളയ്ക്കിരുന്നു് തോണികുലുക്കി വെള്ളത്തിലാഴ്ത്തുവാൻ ശ്രമിച്ചു. ശശിഭൂഷണൻ ദ്വേഷ്യം സഹിക്കാതെ അവൻെറ മുതുകത്തു് രണ്ടുപൊട്ടിക്കുകയും, വിനോദംമതിയാക്കി ഉടനെ ബങ്കളാവിലേയ്ക്കു തിരിക്കുകയുംചെയ്തു. രാജാമണിയെ നന്നാക്കുവാൻ ശശിഭൂഷണൻ ചെയ്ത ഭഗീരഥപ്രയത്നമെല്ലാം വിഫലമായി.

വെക്കേഷൻ അവസാനിക്കുകയും, ശശിഭൂഷണന്നു കല്ക്കത്തയിലേയ്ക്കു പോകേണ്ട സമയമാകയുംചെയ്തു. പിറെറ ദിവസംതന്നെ യാത്രപുറപ്പെടേണ്ടതിനാൽ ശശിഭൂഷണൻ തൻെറ സാമാനങ്ങളെല്ലാം അടുക്കിവെച്ചു് തയ്യാറാകുവാൻതുടങ്ങി. പെട്ടിയിലെ സാധനങ്ങൾ അടുക്കിവെയ്ക്കുന്നതിന്നിടയിൽ അതിന്നകത്തുണ്ടായിരുന്ന 'മണിപേഴ്സ്' കാണുവാനില്ല. രാജാമണിയെവിളിച്ചു് പെട്ടിയിൽനിന്നു മണിപേഴ്സ് എടുത്തുവോ എന്നുചോദിച്ചപ്പോൾ അവൻ ശരിയായ സമാധാനമൊന്നും പറകയുണ്ടായില്ല. ഈ കേസ്സു് നിസ്സാരമായിതള്ളുവാൻ പാടില്ലെന്നുകരുതി ശശിഭൂഷണൻ ഇളയമ്മയെ വിളിച്ചു് രാജാമണിയേയും മുമ്പിൽനിറുത്തി വിസ്തരിക്കുവാൻ തുടങ്ങി.

“രാജാമണി, എൻെറ പെട്ടിയിൽവെച്ചിരുന്ന മണിപേഴ്സ് നീ എടുത്തുവോ? നേരുപറഞ്ഞോ. എന്നാൽ നിന്നെ ഒന്നും ചെയ്കയില്ല. ഇല്ലാത്തപക്ഷം നിന്നോടു കാണിക്കേണ്ടതെന്തെന്ന് എനിക്കറിയാം.” ശശിഭൂഷണൻ തെല്ലുറക്കെ പറഞ്ഞു.

“രാജം, നീ പെട്ടിയിൽനിന്നു വല്ലതും എടുത്തുവെങ്കിൽ അങ്ങോട്ടു കൊടുത്തേയ്ക്കു്. അല്ലെങ്കിൽ അടികൊള്ളും. ചേട്ടൻ ശുണ്ഠിക്കാരനാണു്” രേണുക നയത്തോടെ പറഞ്ഞു.

“ഞാനൊന്നും ഇവിടന്നു് എടുത്തിട്ടില്ലമ്മേ. ഇഷ്ടമില്ലെങ്കിൽ വല്ലേടത്തും കടന്നുപോകും. അമ്മയ്ക്കും തോന്നുണ്ടോ എന്നോടു ദേഷ്യം” രാജാമണി ചൊടിച്ചു.

രാജാമണിയല്ലാതെ ആരും പെട്ടിക്കകത്തുവെച്ചിരുന്ന പേഴ്സ് എടുക്കുകയില്ലെന്നു ശശിഭൂഷണനറിയാം. അവനെപ്പററി വല്ലതും സാഹസമായി പറയുകയോ പ്രവത്തിക്കുകയോ ചെയ്തുപോയാൽ അമ്മയ്ക്കു സുഖമാകയില്ലെന്നും അയാൾക്കറിയാം. അതിനാൽ ശശിഭൂഷണൻ പറഞ്ഞു: “അമ്മേ, മണിപേഴ്സ് പോയതുകൊണ്ടു പരിഭ്രമിക്കാനൊന്നുമില്ല. അയ്മ്പതുറുപ്പികയിൽ കുറവായ സംഖ്യയേ പോയിട്ടുള്ളു. രാജാമണിയെ ഈ നിലയിൽ വെച്ചുകൊണ്ടിരുന്നാൽ ഇതിലും വലിയ നാശത്തിന്നിടയാകും. അതുവിചാരിച്ചാണു് എനിക്കു പരിഭ്രമം” ശശിഭൂഷണൻ അനുനയസ്വരത്തിൽ പറഞ്ഞു.

“ശശി, ഞാൻ വല്ലാതെ വിഷമിച്ചു. രാജാമണിയെപ്പററി എനിക്കെത്ര സ്നേഹമുണ്ടെന്നു പറഞ്ഞറിയിപ്പാൻ കഴികയില്ല. ഒരു പിഞ്ചു പൈതലിൻെറ മുഖംകണ്ടു് ആ

നന്ദിക്കുവാൻ ഭാഗ്യമില്ലാത്ത എനിക്കു് ഒരു ദിവസം ദൈവം കനിഞ്ഞു് സമ്മാനിച്ചതാണു് ഈ കുട്ടി. ഇവനെ ഞാൻ എന്റെ ഒരു പെററമകനെപ്പോലെ സ്നേഹിച്ചും ലാളിച്ചും വന്നു. ഇവന്റെ ദുശ്ശീലംകൊണ്ടു് എനിക്കിരിക്കപ്പൊറുതിയില്ലാതായി. എന്നിട്ടും ഇവനെ ശാസിപ്പാനോ ശിക്ഷിപ്പാനോ ഞാൻ ശക്തയാകുന്നില്ല. എന്തു ചെയ്യാം! നിന്റെ ഇളയച്ഛനാണെങ്കിൽ രാജാമണി ചതുർത്ഥീചന്ദ്രനാണു്. ഇവൻകാരണമായിട്ടു് എന്റെ പേരിൽ തന്നെ അദ്ദേഹം പരിഭവിച്ചിരിക്കുന്നു.” രേണുകാദേവി തന്റെ ധർമ്മസങ്കടത്തെ അറിയിച്ചു.

പിറേറദിവസം ശശിഭൂഷണൻ കല്ക്കത്തയിലേയ്ക്കു യാത്രയായി. കുറച്ചുകാലമായി ആഹ്ലാദത്താലും ഉന്മേഷത്താലും പുളകിതമായിരുന്ന ബങ്കളാവു് ആകപ്പാടെ മരവിച്ചപോലെയായി. ശശിഭൂഷണന്റെ വേർപാടുകൊണ്ടു വിഷണ്ണയായി സ്ഥിതിചെയ്യുന്ന രേണുകാദേവിയെ പരിചാരകന്മാരിലൊരുവൻ ചെന്നറിയിച്ചു: “ഇന്നു രാജാമണിയെ എങ്ങും കാണുന്നില്ലല്ലോ. പതിവായി പാലും പലഹാരവും കിട്ടാൻ വൈകിട്ടു് വളരെ നേരത്തെതന്നെ അടുക്കളയിൽചെന്നു വഴക്കുകൂട്ടാറുണ്ടു്. ഇന്നു് വെപ്പുകാരൻ അവനെ വിളിച്ചുകൊണ്ടു് ബങ്കളാവിൽ മുഴുവനും തിരഞ്ഞുനടന്നു. കുട്ടിയെ കാണാനില്ല.”

ഇതുകേട്ടിട്ടു് രേണുകാദേവി ഇടിവെട്ടേററാലെന്നപോലെ നിശ്ചേഷ്ടയായിതീർന്നു. പലവിധമുള്ള അപായശങ്കകളും ആ ശുദ്ധഹൃദയയുടെ മനസ്സിൽ അലതല്ലുവാൻ തുടങ്ങി: “രാജൻ ഇന്നലെയുണ്ടായ സംഭവത്തിൽ മുഷിഞ്ഞു് വല്ല ദിക്കിലും ഓടിപ്പോയിരിക്കുമോ? അങ്ങനെ ചെയ്യുമെ

ന്നതിന്റെ ഒരു സൂചന അവന്റെ വാക്കിൽ ഉണ്ടായിരു ന്നു. അതോ തീരെ ആലോചനകൂടാതെ പുഴയിലേയ്ക്കോടി തന്നത്താൻ ജീവനെ നശിപ്പിച്ചിരിക്കുമോ? അങ്ങിനെ വ ല്ലതും നേരിട്ടുവെങ്കിൽ അവനെക്കുറിച്ച് ഇതേവരെ വിചാ രിച്ചതും ചെയ്തതുമൊക്കെ വെറുതെയായി. അവന്റെ അ കൃത്രിമമായ മുഖകാന്തിയും മന്ദഹാസത്തോടുകൂടിയ 'അ മ്മേ' എന്ന വിളിയും കാണാം അവന്റെ ശീലക്കേടുക ളെല്ലാം ഞാൻ മറന്നുപോയിരുന്നു. ഇനി എന്റെ രാജ നെ തിരിച്ചുകിട്ടുമോ? കിട്ടിയില്ലെങ്കിൽ ഞാനെന്തിന്നു ജീ വിച്ചിരിക്കുന്നു?"

രാജാമണി എവിടെയാണെന്ന് ആരും അറിഞ്ഞില്ല. അവനെപ്പററി യാതൊരു വിവരവും ആക്കുമുണ്ടായില്ല. അവനെ വിചാരിച്ചു വിചാരിച്ചു രേണുകാദേവി കഠിനമാ യി വിഷാദിച്ചു. വിഷാദം ക്രമത്തിൽ ആധിയായി മാ റി. ആധിപോയി വ്യാധിയായിത്തീൻ. ആ വ്യാധി സാ ധാരണ രോഗങ്ങളുടെ മാതിരി ശരീരത്തെയല്ലാ ബാധി ച്ചതു്, മനസ്സിനെയാണ്. അല്പദിവസം രേണുക വിഷ യവിരക്തയായ ഒരു താപസിയെപ്പോലെ എപ്പോഴും മൗ നമവലംബിച്ചുകൊണ്ടിരുന്നു. ഊണില്ല, ഉറക്കമില്ല, സാ ധാരണ ദിനകൃത്യങ്ങളൊന്നും ഇല്ല. ആരെങ്കിലും വല്ലതും ചോദിച്ചാൽ അക്ഷരമൊന്ന് ഉരിയാടുകയുമില്ല. ഭാര്യ ഈ ശോച്യസ്ഥിതിയിൽ അകപ്പെട്ടുവാനുണ്ടായ കാരണം ആ 'കുരുത്തംകെട്ട ചെറുക്ക'നാണെന്നു രാമചന്ദ്രൻ മനസ്സിലാ ക്കാതിരുന്നില്ല. പക്ഷെ അവനോടിനി പകരം ചെയ്യുന്ന തെങ്ങനെ? എന്തായാലും ചെയ്യേണ്ടതൊക്കെ ചെയ്യുകതന്നെ

ന്നെ എന്നുകരുതി അദ്ദേഹം ഡോക്ടർമാരെ കൊണ്ടുവന്നു് രേണുകാദേവിയുടെ ദേഹം പരിശോധിപ്പിച്ചു അവൾക്കു ദേഹത്തിനല്ലാ മനസ്സിനാണു് സുഖക്കേടുള്ളതെന്നു പറഞ്ഞു് പല ചികിത്സകളും ചെയ്തുനോക്കി. ഫലമൊന്നുമുണ്ടായില്ല. "അവളുടേയും എൻേറയും ജീവൻ ദൈവത്താൽ ശപിക്കപ്പെട്ടതായിരിക്കാം.", എന്നിങ്ങനെ രാമചരൻ തന്നാത്താൻ സമാധാനിച്ചു.

ഒരാഴ്ചയോളം കാലം മൗനമായി കഴിഞ്ഞതിനുശേഷം രേണുക കേവലം ഒരുന്മാദിനിയായി പരിണമിച്ചു. ആഹാരനിദ്രാദികൾ തീരെയില്ലെന്നുള്ള സ്ഥിതി മാറി. വല്ലപ്പോഴും അല്പാല്പം ഭക്ഷണം കഴിക്കുകയും വല്ലസ്ഥലത്തും കിടന്നു കുറേശ്ശെ ഉറങ്ങുകയും ചെയ്യും. ഉണർന്നിരിക്കുമ്പോഴൊക്കെ അകാരണമായി പൊട്ടിച്ചിരിക്കും. ചിലപ്പോൾ കൈകൊട്ടി ആർക്കും. ആട്ടവും പാട്ടും ഒക്കെ തിരുതകൃതിയായി തുടങ്ങും. രാമചരൻേറ ബങ്കളാവിലും പരിസരപ്രദേശങ്ങളിലുമുള്ളവർക്കു് രേണുകാദേവിയുടെ ശബ്ദം ഉച്ചത്തിലിങ്ങനെ കേൾക്കാം:—

"നാരിമാരും നരന്മാരും മേറിടുന്ന ലോകം
നാരിമാരെ നരകത്തിലിട്ടുതാഴ്ത്തും കാലം
നേരുമില്ലനെറിയുമില്ല ഗുണവുമില്ലമണവുമില്ല
ആരുകണ്ടു തമ്പുരാൻേറ മായയായലീല.
ഹുഗ്ലീനദി ഹുബ്ലിയേവ മേറെയേറെസ്ഥാനം
എൻേറരാജൻ എന്തുചെയ്തു എവിടെപോയികഷ്ടം!
രാജാമണി രാജാമണി! കീജാമണി കുജാമണി!
ഹാഹാ, ഛഛ്ഛ! എന്തുരസം! എന്തുരസം!

# ലേഡിഃഡാക്ടർ

വക്കീൽ ശിവരാമൻനായൎക്കു വയസ്സു് നാല്പതായി. ബാറിൽ സാമാന്യം പ്രസിദ്ധിസമ്പാദിച്ചദ്ദേഹമാകയാൽ ഒരുവിധം സമ്പാദ്യമുള്ള അഭിഭാഷകന്മാരുടെ കൂട്ടത്തിലൊരുവനാണു് അദ്ദേഹം. പരിഷ്കൃതസമ്പ്രദായത്തിലുള്ള ഒരു ബങ്കളാവും, അത്യാവശ്യത്തിന്നുവേണ്ട ദ്രസമ്പത്തും ഉണ്ടുതാനും. അദ്ദേഹത്തിന്നു ഭാൎയ്യയോ മക്കളോ ഇല്ല. ആദ്യം വിവാഹം ചെയ്തിരുന്നുവെങ്കിലും, ആ ഭാൎയ്യ പ്രസവസംബന്ധമായ സുഖക്കേടുകാരണം മരിച്ചുപോയി. കുട്ടിയെ ജീവനോടെ കിട്ടിയതുമില്ല. ഈ അനിഷ്ടസംഭവത്തിന്നുശേഷം ശിവരാമൻനായൎക്കു് വേദാന്തത്തിൻെറ സുഖക്കേടു് കുറേശ്ശ ആരംഭിച്ചു.

ഭാൎയ്യയോടും മക്കളോടുംകൂടി സംസാരസുഖം അനുഭവിച്ചുകൊണ്ടിരിക്കുന്നവരെപ്പററി അദ്ദേഹത്തിന്നു വെറുപ്പാണു്. സംസാരം ഒരു മായയാണെന്നും ആ മായയുടെ മാവിൽനിന്നു മോചനം സിദ്ധിച്ചാലേ ആത്മാവിന്നു യഥാൎത്ഥസുഖം കിട്ടുകയുള്ളുവെന്നും ശിവരാമൻനായർ പലപ്പോഴും പറയാറുണ്ടു്. രാമകൃഷ്ണാശ്രമത്തിലെ ചിലസന്യാസിമാർ പലസമയങ്ങളിൽ പാലക്കാട്ടുള്ള ആശ്രമത്തിൻെറ ശാഖയിൽവന്നു താമസിക്കുക പതിവാണു്. അപ്പോഴൊക്കെ ശിവരാമൻനായർ അവരെപ്പോയി കാണുകയും, അദ്ധ്യാത്മജീവിതത്തെക്കുറിച്ചു് അവരിൽനിന്നു് ഉ

പദേശംവാങ്ങുകയും ചെയ്യാറുണ്ട്. ഗുരുവായൂരിലും മററും മതസംബന്ധമായി കൂടാറുള്ള സഭകളിൽ സംബന്ധിക്കുവാനും മതപണ്ഡിതന്മാരുടെ പ്രസംഗങ്ങൾ കേൾക്കുവാനും അദ്ദേഹം അതിജാഗ്രതക്കാരനാണ്. ഈശ്വരൻ, ഭക്തി, ജ്ഞാനം, യോഗം എന്നിവയെല്ലാം ശിവരാമൻനായക്ക് പ്രിയപ്പെട്ട വിഷയങ്ങളായി പരിണമിച്ചു. ഇംഗ്ലീഷുപഠിച്ച് പരിഷ്കാരം സമ്പാദിച്ച്, 'പണമേജീവിതം' എന്ന ആദർശത്തോടുകൂടി കഴിയുന്നവർ ഭാരതത്തിന്ന് ഒരു ഭാരമായിട്ടാണിരിക്കുന്നതെന്നും, അവരുടെ പരിഷ്കാരവും ആദർശവും അടുത്തഭാവിയിൽ അട്ടിമറിയുമെന്നും ശിവരാമൻനായർ വിശ്വസിക്കുകയും പ്രസംഗിക്കുകയും ചെയ്യാറുണ്ട്. ബാറിലെ ചെറുപ്പക്കാരായ വക്കീലന്മാർ ശിവരാമൻനായരുടെ വേദാന്തത്തെ 'സൃഗാലവേദാന്തം' എന്നു പുച്ഛിച്ച് പറഞ്ഞിരുന്നുവെങ്കിലും, ധീരനായ അദ്ദേഹം അതിനെ അത്ര കണക്കാക്കിയിരുന്നില്ല.

കാലം അങ്ങനെ നീങ്ങിക്കൊണ്ടിരുന്നു. ഭാര്യ മരിച്ചിട്ട് ഉദ്ദേശം രണ്ടുകൊല്ലം കഴിഞ്ഞപ്പോഴേയ്ക്കു വക്കീൽ ശിവരാമൻനായർ അല്പം ചില സുഖക്കേടുകൾക്കു വിധേയനായി. ചോദിച്ചാൽ ഇന്നൊരു രോഗമാണെന്നു പറയുവാൻ വിഷമം; ദേഹത്തിന്നാണെങ്കിൽ സുഖമുള്ള സമയവുമില്ല. പതിവുപോലെ കോടതിയിലേയ്ക്കു പോയാൽ ചില ദിവസങ്ങളിൽ കലശലായ തലവേദന. വക്കീലിൻെറ മുറിയിൽ കോടതി പിരിയുന്നതുവരെ വിശ്രമിച്ചു വെറുതെ വീട്ടിലേയ്ക്കു തിരിച്ചുപോകുവാൻകൂടിയും ചില ദിവസങ്ങളിൽ ഇടയാകാറുണ്ട്. ഈ തലവേദനയ്ക്കു പുതി

യ സമ്പ്രദായത്തിലുള്ള പല ഗുളികകളും സേവിച്ചുനോക്കി. മാമുവൈദ്യരുടെ കൈകണ്ട സിദ്ധൌഷധംകൊണ്ടു നസ്യംചെയ്തുനോക്കി; ഇട്ടീരിമൂസ്സിൻെറ 'സ്നേഹപാനം', പത്ഥ്യം തെറാതെ പരിശീലിച്ചു; വൈദ്യൻ നാരായണൻനായരുടെ 'വമനവിരേചനവിധികളും' ചെയ്തുനോക്കി. ഒന്നുകൊണ്ടും ഫലമുണ്ടായില്ല.

തലവേദനപോലെ മറെറാരു വേദനയും അദ്ദേഹത്തെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ഊണുകഴിച്ചാൽ ശരിയായ ദഹനവും മലശോധനയുമില്ല. ചിലപ്പോൾ വയറു് 'ഭിം' എന്നു തട്ടിവീക്കും; 'പടപട'യെന്നു ശബ്ദിക്കുകയും ചെയ്യും. ഉറക്കമാണെങ്കിൽ വളരെ കഷ്ടി; ഉഷ്ണം തിരുവാതിരഞാററുവേലയിൽകൂടി ശിവരാമൻനായരെ ഒഴിച്ചുവിടാറില്ല. ദേഹത്തിന്നു് എപ്പോഴും കലശലായൊരു വിയപ്പു്. രാത്രിയിൽ ടേബിൾഫാൻ വെച്ചുകൊണ്ടിരുന്നാൽ രണ്ടുമൂന്നു മണിക്കൂറിലെ അതിപ്രയത്നത്തിന്നുശേഷം കുറച്ചൊന്നു മയങ്ങും. ഈ വക സുഖക്കേടുകൾ കാരണം വക്കീലിൻെറ വിരക്തി ക്രമത്തിൽ വർദ്ധിച്ചുവന്നു.

ഒരുദിവസം പാലക്കാട്ടു സബ്ബ്കോടതിയിലെ ബാർ അസോസിയേഷൻ മുറിയിൽ വക്കീലന്മാരെല്ലാംകൂടി ഉച്ചയ്ക്കു വിശ്രമിക്കുമ്പോൾ രസകരമായ ഒരു സംഭാഷണമുണ്ടായി.

രാമയ്യർ: എന്താ ശിവരാമൻനായർക്കു സുഖക്കേടു്? കുറേക്കാലമായി ഒരു കാര്യത്തിലും ഒരു 'പുഷ്' ഇല്ലാതെ കാണുന്നുവല്ലോ.

രാമകുമാർ: അദ്ദേഹം ഇപ്പോൾ ഈ ലോകത്തിൽനിന്നുതന്നെ പെൻഷൻപററി ഇരിക്കുകയാണു്. ഏതുവ

ഴിക്ക ശ്രമിച്ചാലാണു സ്വർഗ്ഗലോകത്തിൽ എത്തുവാൻ കഴിയുക എന്നാണാലോചന. ചുരുക്കത്തിൽ ശിവരാമൻ നായർ ഒരു ഫിലോസഫറായി മാറിയിരിക്കുന്നു.

കൃഷ്ണമേനോൻ: ദാമ്പത്യജീവിതത്തിൽ വിചാരിച്ചിരിക്കാത്ത തകരാറു പിണഞ്ഞതിനാലാണു് ഈ സുഖക്കേടെന്നു് എനിക്കു തോന്നുന്നു. വീണ്ടും ഒരു വിവാഹം ചെയ്താൽ മാറുന്ന രോഗമേ ഇപ്പോഠം ഉള്ളു. അതിനാണു് ഉടനെ ശ്രമിക്കേണ്ടതു്.

നാരായണക്കുറുപ്പു്: കൃഷ്ണമേനോൻെറ അഭിപ്രായത്തിൽ കുറെ കഴമ്പുണ്ടു്. ശിവരാമൻനായക്കു് ഒരു 'മേരിയേജ്' ഉണ്ടായാൽ എരമ്പിച്ചൊരു സദ്യ തരമാകുമെന്നാണു് പുള്ളിക്കാരൻെറ ദീഘാലോചന. അതിലൊന്നും അദ്ദേഹം കുടുങ്ങുമെന്നു തോന്നുന്നില്ല.

ശിവരാമൻനായർ: നിങ്ങളൊക്കെ എന്തുപറഞ്ഞാലും അതു കേട്ടുകൊണ്ടിരിക്കുകയേ എനിക്കു നിവൃത്തിയുള്ളു. തലഃവേദനയും വയററിൽവേദനയും എനിക്കു പലപ്പോഴും ഉണ്ടാകാറുണ്ടു്. ഭാൎയ്യയുടെമരണമാണു് ഇതിന്നു കാരണമെന്നു കണ്ടുപിടിച്ച സ്നേഹിതന്മാർ ബാറിലല്ലാ ആസ്പത്രിയിലാണു് ജോലിചെയ്യാൻ പററിയവരെന്നു് എനിക്കു തോന്നുന്നു. നിങ്ങളുടെയൊക്കെ പരിഹാസവും പുച്ഛവും കേട്ടു പൊറുത്തിരിക്കേണ്ട കാലമാണു് എനിക്കിപ്പോഠം.

കൃഷ്ണമേനോൻ: മിസ്റ്റർ ശിവരാമൻനായർ! നിങ്ങളിങ്ങനെ വിഷയവിരക്തനായി കഴിഞ്ഞുകൂട്ടുന്നതിൽ ഞങ്ങഠക്കെല്ലാംഅതിയായ സുഖക്കേടുണ്ടു്. തക്കതായ ഡോ

ക്ടർമാരെ ആരെയെങ്കിലും കാണിച്ചു് രോഗത്തിൻെറ ചരിത്രം ധരിപ്പിച്ചു് വല്ല ചികിത്സയും ചെയ്യണം. ആത്മാർത്ഥമായിട്ടാണു്, കളിയായിട്ടല്ലാ ഞാനിതു പറയുന്നതു്.

ശിവരാമൻനായർ: ഡോക്ടർമാരുടെ ചികിത്സ എനിക്കു മടുത്തു. ആയുർവ്വേദിക സിസ്റ്റവും കുറെ ചെയ്തുനോക്കി. എല്ലാം ശുദ്ധ ഹംബക്കു്. യഥാർത്ഥമായ സുഖവും സമാധാനവും കിടക്കുന്നതു് ഇവരുടെ ഔഷധപ്രയോഗങ്ങളിലല്ലെന്നു് എനിക്കു ബോദ്ധ്യംവന്നിരിക്കുന്നു. ആത്മാവു് നിത്യനാകുന്നു. പുറത്തുനിന്നുള്ള സമ്മർദ്ദങ്ങളൊന്നും ആത്മാവിനെ ബാധിക്കയില്ല. ആത്മാവിൻെറ നിർവ്വാണത്തിന്നാണു് മനുഷ്യൻ പരിശ്രമിക്കേണ്ടതു്. ആ വഴിക്കാണു് എൻെറ ജീവിതം ഇപ്പോൾ തിരിഞ്ഞിട്ടുള്ളതു്.

കൃഷ്ണമേനോൻ: അതു തരക്കേടില്ല. പക്ഷെ സംസാരത്തിലെ സുഖദുഃഖങ്ങളെല്ലാം അനുഭവിച്ചുണ്ടാകുന്ന വൈരാഗ്യമേ യഥാർത്ഥവൈരാഗ്യമാകയുള്ളവെന്നും, അപ്രകാരമുള്ള വൈരാഗ്യം വന്നാലേ വേദാന്തവും മോക്ഷമാർഗ്ഗവും മനുഷ്യക്കു് അഭയമരുളുകയുള്ളവെന്നും സ്വാമി വിവേകാനന്ദൻെറ ഒരു പുസ്തകത്തിൽ ഞാൻ വായിച്ചിട്ടുണ്ടു്. അങ്ങിനെയൊരു വൈരാഗ്യം വരേണ്ടതിന്നു് ഒരിക്കൽകൂടി സാംസാരികജീവിതം അവലംബിക്കേണ്ടിവരുമെന്നാണു് എൻെറ അഭിപ്രായം.

നാരായണക്കുറുപ്പു്: അതു് ഐഡിയൽ ആയ അഭിപ്രായമാണെന്നുതന്നെ പറയണം. പക്ഷെ തലവേദനയും വയറുവേദനയും ഉള്ളതിന്നു് ഔഷധംകൊണ്ടും ചി

കിത്സകൊണ്ടും പരിഹാരം വരുത്തിയാലല്ലാതെ ഒന്നിനും നിവൃത്തിയില്ല. അതിനാൽ, മിസ്റ്റർ ശിവരാമൻനായർ, ഡോക്ടർമാരുമായി കൺസൾട്ടുചെയ്യുകതന്നെ വേണം. കോടതി പൂട്ടുമ്പോൾ മദ്രാസ്സിലേക്കൊന്നു പോയാൽ വളരെ നന്നു്.

കൃഷ്ണമേനോൻ: എന്തിന്നു മദ്രാസ്സിൽ പോകുന്നു? പാലക്കാട്ടുതന്നെ ഒന്നാന്തരം ഡോക്ടർമാർ ഇല്ലാഞ്ഞിട്ടോ? ഇപ്പോഴത്തെ ലേഡിഡോക്ടർ പുരുഷന്മാരായ ഡോക്ടർമാരേക്കാൾ സാമർത്ഥ്യമുള്ള ഒരു ഡോക്ടരാണു്. ഇങ്ങനെയുള്ള പല സുഖക്കേടുകളും ഡോക്ടർ കമലത്തിൻെറ ചികിത്സകൊണ്ടു് ശമിച്ചിട്ടുമുണ്ടു്. ഒട്ടുംതാമസിക്കാതെ ഡോക്ടർ കമലത്തെക്കണ്ടു് കൺസൾട്ടു് ചെയ്യണം.

സഹപ്രവർത്തകന്മാരായ അഭിഭാഷകന്മാരുടെ അഭിപ്രായങ്ങളൊന്നും ശിവരാമൻനായൎക്കു സ്വീകാൎയ്യമായി തോന്നിയില്ല. എങ്കിലും ഈ സംഭാഷണംകൊണ്ടു് ഒരു ഗുണമുണ്ടായി. പല ദിവസങ്ങളിലും ഉച്ചയ്ക്കു പിടിപെടാറുള്ള തലവേദന പ്രസ്തുതദിവസം ഉണ്ടായില്ല. സുഹൃത്തുക്കളുടെ സരസസംഭാഷണവും നേരംപോക്കുകളും കാരണം മനസ്സിന്നൊരുത്സാഹം തോന്നുകയാലാണു് തലവേദന മാറിക്കളഞ്ഞതെന്നു നിസ്സംശയം പറയാം: പക്ഷെ വലിയ 'ഒപ്ടിമിസ്റ്റാ'യ നമ്മുടെ വക്കീൽ അങ്ങിനെ വിശ്വസിക്കുകയുണ്ടായില്ല.

അന്നുരാത്രി സമയം പത്തുമണി കഴിഞ്ഞിരിക്കുന്നു. കോടതിയിൽവെച്ചു സ്നേഹിതന്മാർ പറഞ്ഞ അഭിപ്രായങ്ങളെ അനുസ്മരിച്ചുംകൊണ്ടു് ശയനഗൃഹത്തിൽ പ്രവേശി

ച്ച ശിവരാമൻനായർ ഉറക്കം വരാതെ വളരെനേരം ക്ലേശിച്ചു. ഒന്നൊന്നര മണിക്കൂർ സമയം കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും ഇടയ്ക്ക് എഴുന്നേററിരുന്നും കഴിച്ചുകൂട്ടി. എന്നിട്ടും സുഖംതോന്നായ്കയാൽ ഭഗവൽഗീതയെടുത്തു കുറെ വായിച്ചു. അതുകൊണ്ടും ഫലമൊന്നമുണ്ടായില്ല. വിചാരങ്ങളാലും മനോവിപ്ലവത്താലും പീഡിതനായ അദ്ദേഹത്തിൻെറ ചിന്താഗതി ഏതാണ്ടിങ്ങനെ തിരിഞ്ഞു: "കൃഷ്ണമേനോൻ പറഞ്ഞ ലേഡിഡോക്ടരെ കണ്ട് ദേഹം ഒന്നു പരിശോധിപ്പിച്ചാലോ? ദൂരയാത്രയോ വലിയ പണച്ചെലവോ വേണ്ടിവരില്ലല്ലോ. കവിഞ്ഞതു് പത്തോ പതിനഞ്ചോ കൊടുക്കേണ്ടിവരുമായിരിക്കാം. ഭാഗ്യത്തിന്നു് അവരുടെ ചികിത്സ ഫലിച്ചുകൂടായ്കയുണ്ടോ? ആരുടെ കൈകൊണ്ടാണു് രോഗം ശമിപ്പാൻ വെച്ചിരിക്കുന്നതെന്നു് ആരുകണ്ടു? നാളെ കാലത്തുതന്നെ ഡോക്ടർ കമലത്തിനെ ഏതായാലും ചെന്നുകാണുകതന്നെ!"

ലേഡിഡോക്ടരെ ചെന്നുകാണുവാനുറച്ചു് വക്കീൽ നിശ്ചിന്തനായി കിടന്നു. അപ്പോഴേയ്ക്കു മണിമൂന്നടിച്ചു. പിന്നെ പുലരുന്നതുവരെ അദ്ദേഹത്തിന്നു നല്ല ഉറക്കം കിട്ടി. പിറെറദിവസം രാവിലെ ഒമ്പതുമണിക്കു വക്കീൽ ശിവരാമൻനായർ ഡോക്ടർ കമലത്തിൻെറ വീട്ടിലേയ്ക്കുപോയി.

ഡോക്ടർ കമലം പാലക്കാട്ടുവന്നു പ്രാക്ടീസ്സു തുടങ്ങീട്ടു് ഏതാണ്ടു് ഒരു കൊല്ലമായി. കോട്ടയത്താണു് അവരുടെ വീടു്. പാലക്കാട്ടുവന്നു് വടക്കന്തറയിൽ വലുതായൊരു മാളിക വാടകയ്ക്കെടുത്തു രോഗികളെ ചികിത്സിച്ചുവരിക

യാണു്. ആ മാളികയിൽ രോഗികളെ കാണുവാനും, ഇഞ്ചെക്ഷൻ മുതലായവ ചെയ്യുന്നതിനും, അത്യാവശ്യം രണ്ടോ മൂന്നോപേരെ കിടത്തി ചികിത്സിക്കുന്നതിനുംവേണ്ട സൗകര്യമുണ്ടു്. ഡോക്ടർ കമലം കാഴ്ചയിൽ നല്ല ആകൃതിഗുണവും, ആകൃതിക്കൊത്ത സ്വഭാവഗുണവും തികഞ്ഞ ഒരു ഭാഗ്യവതിയാണു്. ഇതേവരെയും വിവാഹബന്ധത്തിൽ ഏർപ്പെട്ടിട്ടില്ല. രോഗികളോടുള്ള ഔദാര്യപൂർവ്വമായ പെരുമാററം കാരണം ഡോക്ടർക്ക ധാരാളം പ്രാക്ടീസ്സും സമ്പാദ്യവും ഉണ്ടാകുവാൻ ഇടയായി. വളരെ ദൂരസ്ഥലങ്ങളിൽനിന്നുപോലും രോഗികൾ ഈ ഡോക്ടറെ കാണുവാൻ വരാറുണ്ടു്. പ്രസവക്കേസ്സുകളിൽ അടുത്തവട്ടത്തു പന്ത്രണ്ടുനാഴികയ്ക്കുള്ളിലുള്ള ഒരു വീട്ടുകാരെങ്കിലും ഡോക്ടർ കമലത്തെയല്ലാതെ വിളിക്കാറേ പതിവില്ല.

ഡോക്ടരുടെ കൺസൾട്ടിങ്ങ്മുറിയുടെ പുറത്തുള്ള ബോഡിൽ "ഡോക്ടർ ഔട്ട്" എന്നു കണ്ടതുകൊണ്ടു് വക്കിൽ ശിവരാമൻനായർ പുറത്തുള്ള വിശ്രമമുറിയിൽ ചെന്നിരിപ്പായി. വെറുതെ ഇരിക്കുന്നവർക്ക സമയംപോകുന്നതിനുവേണ്ടി വായിക്കുവാൻ പല പത്രങ്ങളും മാസികകളും ആ മുറിയിലെ മേശപ്പുറത്തുവെച്ചിട്ടുണ്ടു്. ശിവരാമൻനായർ ഒരു പത്രമെടുത്തു വായിച്ചുകൊണ്ടങ്ങിനെ കൂടി.

കൃത്യം പത്തടിച്ചപ്പോൾ ഡോക്ടരുടെ കാർ ഗയിററു കടന്നു് അകത്തേയ്ക്കുവന്നു. കാണാനിരിക്കുന്നവരെല്ലാം ഉപചാരപൂർവ്വം എഴുന്നേററു. ഡോക്ടർ കാറിൽനിന്നിറങ്ങി ആരോടും ഒന്നും സംസാരിക്കാതെ വലിയ ധാടിയിൽ അകത്തേയ്ക്കു കടന്നുപോയി.

ഒരു പത്തുമിനിട്ടിന്നുശേഷം ഡോക്ടർ കമലം തൻെറ കസാലയിൽ വന്നിരുന്നു. അന്നു കാണ്മാൻ വന്നിട്ടുള്ളവരിൽ പ്രധാനപ്പെട്ടവൻ നമ്മുടെ ശിവരാമൻനായരായിരുന്നു. അദ്ദേഹം ഡോക്ടരുടെ എതിർഭാഗത്തായി ഒരു കസാലമേൽ ചെന്നിരുന്നു.

ഡോക്ടർകമലം ചിരിച്ചുകൊണ്ടു് ചോദിച്ചു: "എനിക്കാരാണെന്നു മനസ്സിലായില്ല"

"ഞാനിവിടത്തെ അഭിഭാഷകന്മാരിൽ ഒരുവനാണു്. പേർ ശിവരാമൻനായർ."

"ഓഹോ, മിസ്റ്റർ ശിവരാമൻനായരോ? ധാരാളം കേട്ടപരിചയമുണ്ടു്. എന്താ സുഖക്കേടു്?"

"രണ്ടിൽച്ചിലപാനംകൊല്ലമായി എനിക്കു പലരോഗങ്ങളും വന്നുകൊണ്ടിരിക്കുന്നു. മിക്കദിവസങ്ങളിലും അസഹ്യമായ തലവേദന; ഭക്ഷണംകഴിച്ചാൽ ദഹനമില്ല; ശോധനയും വളരെ കഷ്ടി. വയർ പലപ്പോഴും ശബ്ദിച്ചുകൊണ്ടിരിക്കും. സഹിപ്പാൻവയ്യാത്ത ഉഷ്ണവും വിയപ്പുമുണ്ടു്. ശരിയായിട്ടു് ഉറക്കവും വരാറില്ല."

ഡോക്ടർ തൻെറ സ്റ്റെത്തോസ്കോപ്പു് എടുത്തു മാറിടത്തിൽവെച്ചു് ഹൃദയത്തിൻെറ മിടിപ്പു് പരിശോധിച്ചു. മുഖത്തിൻേറയും ദേഹത്തിൻേറയും നിറമാററം സൂക്ഷിച്ചു നോക്കി. പിന്നെ അകത്തുള്ള ഒരു കട്ടിലിന്മേൽകിടത്തി വയററത്തു് എന്തോചില കുഴലുകളൊക്കെ വെച്ചുനോക്കുകയും, കൈകൊണ്ടു് കൊട്ടി പരിശോധിക്കുകയും ചെയ്തു. തദനന്തരം മുമ്പിരുന്നിരുന്ന കസാലകളിൽതന്നെ അവർ വന്നിരുന്നു.

ഡോക്ടർ പറഞ്ഞു: "മിസ്റ്റർ ശിവരാമൻനായർ! നിങ്ങൾക്ക വിശേഷിച്ച് സുഖക്കേടൊന്നുമില്ല. മനസ്സിനുള്ള പരിഭ്രമമാണ് വലുതായിട്ടുള്ള രോഗം. കമ്പ്ളീററ് റസ്റ്റ് ആൻഡ് പീസ്ഓഫ് മൈൻഡ് (Complete rest and peace of mind) ഉണ്ടായികൊണ്ടിരുന്നാൽ ഇപ്പോഴുള്ള ഉപദ്രവമെല്ലാം ശമിക്കും. പക്ഷെ ചിലകേസ്സുകളിൽ അങ്ങിനെയല്ലാതെയും കണ്ടിട്ടുണ്ട്. നിങ്ങളുടെ മനോവിചാരത്തിന്നു സാധാരണയിൽ കവിഞ്ഞ വല്ല കാരണവുമുണ്ടോ? വീട്ടിൽ ആരെല്ലാമുണ്ട്? ഭാര്യയും കുട്ടികളുമൊക്കെ ഇല്ലേ?"

"ഭാര്യ മരിച്ചിട്ട് രണ്ടരകൊല്ലമായി. പ്രസവത്തിലുള്ള തകരാറുകൊണ്ടാണ് മരണം നേരിട്ടത്. കുട്ടിയുടെ ജീവനും കിട്ടിയില്ല"

"അങ്ങിനെയാണോ? നിങ്ങൾക്ക സുഖക്കേടുതുടങ്ങിയിട്ട് എത്രകാലമായി?"

"സുഖക്കേടിൻെറ ആരംഭം കണ്ടുതുടങ്ങീട്ട് രണ്ടുകൊല്ലമായിക്കാണും"

"അവിടെ വരട്ടെ! അകാലത്തുണ്ടായ ഭാര്യാവിരഹംകൊണ്ട് സംഭവിച്ച വൈരാഗ്യമാണ് നിങ്ങളുടെ രോഗത്തിന്നു കാരണം. അതു ഡോക്ടർമാരെക്കൊണ്ടു ശമിപ്പിക്കുവാൻ കഴിവുള്ളതല്ല. രണ്ടാമതൊരു വിവാഹംകൂടി കഴിച്ച് കുറെസമാധാനത്തോടുകൂടി ഇരുന്നാൽ സുഖമാകും".

ഹാവൂ്! വക്കീൽ ശിവരാമൻനായർ ദീർഘമായൊന്നു നിശ്വസിച്ചു. ഡോക്ടർകമലം സാകൂതമായി ചിരിച്ചുംകൊണ്ട് വീണ്ടും പറഞ്ഞു: "അപ്പഴേ, മിസ്റ്റർ ശിവരാ

മൻനായർ. നിങ്ങളുടെ വൎത്തമാനങ്ങൾ ചോദിക്കുവാൻ വിട്ടുപോയി. നിങ്ങൾ ഈ ദിക്കുകാരൻതന്നെയാണോ? കുടുംബഭാരം മുതലായവ ഉള്ളവനാണോ? വീട്ടിൽ ആരെല്ലാമുണ്ടു്?”

“എന്റെ വീടു് ഇവിടെനിന്നു പത്തുമൈൽ അകലമുള്ള ഒരു സ്ഥലത്താണു്. വീട്ടിൽ കുടുംബങ്ങളും അവൎക്കുകഴിയുവാനുള്ള സ്വത്തുക്കളുമുണ്ടു്. ഞാൻ കുടുംബത്തിൽനിന്നു ഭാഗംവാങ്ങി പിരിഞ്ഞു് പാലക്കാട്ടു് പ്രാക്ടീസ്സുചെയ്യാൻതുടങ്ങിയിട്ടു് കുറെക്കാലമായി. അഭിഭാഷകവൃത്തിയിൽ ഒരമ്പതിനായിരത്തോളം സമ്പാദിച്ചു. ഇവിടെ ഒരു ബങ്കളാവും, കുറച്ചു് ഭൂസ്വത്തുമുണ്ടു്. അതനുഭവിക്കുവാൻ ഞാനല്ലാതെ മററാരുമില്ല. ഡോക്ടരുടെ സ്വദേശംകോട്ടയത്താണെന്നു കേട്ടിട്ടുണ്ടു്. കൂടുതൽ വിവരമൊന്നും അറിഞ്ഞിട്ടുമില്ല.”

“കോട്ടയത്തു് ഒളരിപ്പുറത്തെന്നവീടു് പ്രസിദ്ധമാണു്. ഒളരിപ്പുറത്തുഃപപ്പന്മാർ എന്നുകേൾക്കാത്തവർ ആരുമുണ്ടായിരിക്കയില്ല. അദ്ദേഹത്തിന്റെ മരുമകളാണു് ഞാൻ. അച്ഛനും അമ്മയും പഠിപ്പിക്കുകയാൽ മെഡിക്കൽ കോളേജിൽ ചേൎന്നു് ഒരു ഡോക്ടരാകുവാൻ ഇടയായി. പ്രായം ഇരുപത്തഞ്ചായെങ്കിലും സംസാരബന്ധത്തിലൊന്നും അകപ്പെട്ടിട്ടില്ല. നാട്ടുകാരുടെ ഒത്താശകൊണ്ടു് ഇവിടെ ഒരുവിധം തഞ്ചത്തിലങ്ങനെ കഴിയുന്നു”

ലേഡിഡോക്ടർ ഒന്നു മന്ദഹസിച്ചു. എന്നിട്ടു് എന്തോഒരു മരുന്നുകൊണ്ടുവന്നു ശിവരാമൻനായൎക്കൊരു ഇഞ്ചക്ഷൻകൊടുത്തു. രണ്ടാഴ്ചമുടങ്ങാതെ ഈ ഇഞ്ചക്

ഷൻ നടത്തിക്കൊണ്ടിരുന്നാൽ മനസ്സിന്റെ സ്വസ്ഥതയില്ലായ്മയ്ക്കു കുറെ ശമനം വരുമെന്നും, ചികിത്സ വല്ലതും ചെയ്യണമെന്നു തോന്നിയാൽതന്നെ രണ്ടാഴ്ച കഴിഞ്ഞിട്ടു മതിയെന്നും പറഞ്ഞു ഡോക്ടർ വക്കീലിനെ സമാധാനപ്പെടുത്തി അയച്ചു.

ശിവരാമൻനായർ പിന്നെ പതിവായി ഇഞ്ചെക്ഷനുവേണ്ടി ഡോക്ടരുടെ വീട്ടിലേയ്ക്കു പോയിത്തുടങ്ങി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ, രാവിലെ വലിയ തിരക്കുണ്ടെന്നും വൈകുന്നേരം വരികയാണു് നല്ലതെന്നും ഡോക്ടർ പറഞ്ഞതിനാൽ അങ്ങിനെ ചെയ്യാൻതുടങ്ങി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ സബ്ബ്കോടതിയിലെ വക്കീലന്മാർക്കു് അവിചാരിതമായ ഒരു ക്ഷണപത്രം കിട്ടി. അതു മറ്റൊന്നുമായിരുന്നില്ല. വക്കീൽ ശിവരാമൻനായരും, ഡോക്ടർ കമലവും തമ്മിൽ വിവാഹംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും ഇഷ്ടമിത്രബന്ധുസമന്വിതം ഡോക്ടരുടെ വസതിയിൽ കാലേക്കൂട്ടി എത്തിച്ചേരണമെന്നുമായിരുന്നു ക്ഷണക്കത്തു്. ക്ഷണം കിട്ടിയപ്പോൾ ശ്രീ. കൃഷ്ണമേനോൻ ചിരിച്ചുകൊണ്ടു് പറഞ്ഞു: “കിട്ടേണ്ടതു കിട്ടിയാൽ തോന്നേണ്ടതു തോന്നും!”

# ഹോസ്റ്റൽ ഡിന്നർ

മിസ്സ് ശാരദ കയ്യിൽ പൗഡറെടുത്തു് പരിമളതൈലമാണെന്നു് കരുതി തലയിൽ പുരട്ടി. ശ്രീമതി സുഗുണ, വാസ്‌ലൈൻ എടുത്തു് സ്നോ ആണെന്നു വിചാരിച്ചു മുഖത്തു പൂശി. മനസ്സുഭ്രമിച്ചു് തങ്ങൾ ചെയ്യുന്നതു് എന്താണെന്നറിയാതെ അവർ കാട്ടിക്കൂട്ടിയ ഈവക ഗോഷ്ടികൾക്കെല്ലാം കാരണം അന്നുരാത്രി ഹോസ്റ്റലിൽ നടക്കുവാൻ പോകുന്ന ഡിന്നറല്ലാതെ മറ്റൊന്നുമായിരുന്നില്ല.

"മാലതീ, ഇതുനോക്കു, ഈ സാരി എനിക്കു സൂട്ടാണോ?" മനോന്മനി ചോദിച്ചു.

"എന്താ ചോദിക്കുന്നതു്? നിനക്കു സൂട്ടുചെയ്യാത്ത സാരി വല്ലതുമുണ്ടോ? നിന്നെക്കണ്ടു് ആരെങ്കിലും കൈകടന്നുപിടിച്ചുവെങ്കിൽ അതിന്നു ഞാൻ ഉത്തരവാദിയല്ല." സ്വർണ്ണകുമാരി പരിഹാസസ്വരത്തിൽ പറഞ്ഞു ചിരിച്ചു.

"പോടി! നിനക്കെപ്പോഴും കളിയാണു്. 'സ്ത്രീയാണവൾ വശിയാണു് ശീലവതിയാണു്' എന്നു നീ പറയുന്നതുകേട്ടിട്ടു് എൻെറചെവി തഴച്ചു." മനോന്മനി കോപം നടിച്ചു പറഞ്ഞു.

"മണി എട്ടടിക്കാറായി. ഇനിയും ആരും ചമഞ്ഞു തയ്യാറായില്ല. അവിടെ എല്ലാവരുംവന്നു് നമ്മളുടെ വരവു് കാത്തുകൊണ്ടിരിക്കും. ഈ പെൺകുട്ടികൾ ഡ്രസ്സ്ചെയ്യുവാനും ശൃംഗാരിക്കുവാനും തുടങ്ങിയാൽ അതിന്നൊര

വസാനമില്ല" ഇന്ദിര ഒരു നിമിഷത്തേയ്ക്കു താനൊരു ഒപെ ണ്ണാണെന്ന ഭാവം മറന്നു് കോപംകൊണ്ടു മുറുമുറുത്തു.

എട്ടരമണിയായപ്പോഠം എല്ലാവരും ഒരുവിധം ഉടു ത്തുചമഞ്ഞു് ഹോസ്റ്റലിൽനിന്നു പുറപ്പെട്ടു. ആൺകുട്ടിക ളുടെ ഹോസ്റ്റലിനും മദ്ധ്യത്തിൽ ഒരുവലിയ മൈതാനമു ണ്ടു്. അതിലാണു് ഡിന്നറിന്നുവേണ്ട ഏപ്പാടുകഠം ചെയ്യ പ്പെട്ടിരുന്നതു്. എല്ലാവരും അവരവക്കുള്ള സ്ഥാനങ്ങ ളിൽ ഇരുന്നു.

"പങ്കജം, നോക്കു, ഈ മേശവിരിപ്പുകഠം നിലാവെളി ച്ചത്തിൽ എത്ര മനോഹരമായി മിന്നിത്തിളങ്ങുന്നു?" ഭ വാനി സന്തോഷം പ്രദശിപ്പിച്ചു.

"ബുദ്ധിയില്ലാത്ത പെണ്ണേ! ഇങ്ങനെയുള്ള നിലാ വെളിച്ചം നിൻെറ നാട്ടിൽ മാത്രമേ 'നൂറു കാൻഡിൽപ വ്വറിൽ' പ്രകാശിക്കുകയുള്ളു. ഈ ഡിന്നർ പന്തലിൽ മി ന്നിത്തിളങ്ങുന്നതു് ഇലക്ട്രിക് ലൈററുകളാണെന്നു നിന ക്കു മനസ്സിലായില്ലേ?" രത്നവല്ലി പൊട്ടിച്ചിരിച്ചു.

സ്ത്രീകഠംക്കിരിക്കുവാനുള്ള സ്ഥാനങ്ങളിൽ എല്ലാവ ക്കും ഇരിക്കുന്നതിന്നു കുറച്ചുസമയം വേണ്ടിവന്നു. ധാടിയും മോടിയുംകാട്ടി ആടിക്കുഴഞ്ഞുകൊണ്ടു് നടന്നെത്തുവാൻ സമയം കുറച്ചുവേണമല്ലോ. ഒമ്പതുമണിയായപ്പോഴെക്കു വിദ്യാത്ഥിനികളെല്ലാം ആസനസ്ഥകളായി. പെൺകുട്ടി കഠംക്കിരിക്കുവാൻ നെടുനീളത്തിൽ ഇട്ടിട്ടുള്ള മേശയുടെ എതിർവശത്താണു് ആൺകുട്ടികഠംക്കിരിക്കുവാനുള്ള മേ ശ ഇട്ടിട്ടുള്ളതു്. സ്ത്രീകഠംക്കും പുരുഷന്മാക്കും താന്താങ്ങളു ടെ സ്ഥാനങ്ങളിലിരുന്നാൽ അങ്ങോട്ടുമിങ്ങോട്ടും നല്ലവ

ണ്ണാം കാണുകയും സംസാരിക്കുന്നതു കേൾക്കുകയും ചെ
യ്യാൻ കഴിയും.

"ഛരി, ഇതെന്തുസങ്കടം? പുരുഷന്മാരുടെ മുമ്പിലിരു
ന്നാൽ എന്നെക്കൊണ്ടു മൎയ്യാദയ്ക്കു് ഭക്ഷണംകഴിപ്പാൻ സാ
ദ്ധ്യമല്ല. എനിക്കു് നാണമാകുന്നു. ഡിന്നറിന്നു് ഇങ്ങനെ
ഏൎപ്പാടുചെയ്തവർ തുലഞ്ഞുപോകട്ടെ" കനകവല്ലി നെ
റ്റിചുളിച്ചു് പറഞ്ഞു.

പ്രഭാകരന്നു് ഇതേവരെ തന്റെ 'നെക്‌ടൈ' ശരി
പ്പെടുത്തുവാൻ സമയമുണ്ടായില്ല. ആയാൾ ടൈയിന്റെ
കെട്ടിന്മേൽ കൈവെച്ചു് തിരുപ്പിടിക്കുവാൻ തുടങ്ങി. ഭാ
സ്കരൻ കൈലേസ്സുകൊണ്ടു് പലപ്രാവശ്യം മുഖംതുടച്ചു.
സ്ത്രീകളുടെ മുഖത്തുനോക്കുവാൻ ലജ്ജയുള്ളവനെപ്പോലെ
അതുവരെ സംസാരിച്ചുകൊണ്ടിരുന്ന രാജഗോപാലൻ കമ
ലയുടെ മുഖത്തു് കപടമായി ഏറുകണ്ണിട്ടുനോക്കുന്നതു സ്നേ
ഹിതന്മാർ പലരും കണ്ടുപിടിച്ചു.

സരോജനി അവിടെ നടക്കുന്നതിലൊന്നും ശ്രദ്ധി
ക്കാതേയും, ആരോടുമൊന്നും സംസാരിക്കാതേയും ഗൌരവ
ത്തോടുകൂടി ഇലയിൽ എന്താണു് വിളമ്പുന്നതെന്നു സൂ
ക്ഷിച്ചുകൊണ്ടിരുന്നു. അവൾ ഉണ്ണാനാണു്, കളിക്കാനും
ചിരിക്കാനും കൊഞ്ചാനും കുഴയാനുമൊന്നുമല്ലാ ഡിന്നറി
ന്നു് വന്നിരിക്കുന്നതു്!

സുശീല കുറച്ചു് സഭാകമ്പമുള്ള ഒരു കുട്ടിയാണു്. പു
രുഷന്മാരുടെമുമ്പിൽ ഇരിക്കുവാൻതന്നെ അവൾക്കു നാ
ണമാകുന്നു. അവൾ മേല്പോട്ടും കീഴ്പോട്ടും നോക്കിക്കൊ
ണ്ടും പന്തലിന്റെ ഭംഗിപരിശോധിച്ചുകൊണ്ടും എന്താ
ണു് ചെയ്യേണ്ടതെന്നറിയാതെ ഇരിപ്പായി.

"സുശീലേ, ഇങ്ങനെ അന്തംവിട്ടിരുന്നാൽമതിയോ? ഊണു് തുടങ്ങുകയല്ലേ? വല്ലാത്തവിശപ്പുണ്ടു് എനിക്കു്" സരോജിനി ധൃതികൂട്ടി.

"ആദ്യം നീതന്നെ ആരംഭിക്കുക. എനിക്കു് നാണമാകുന്നു" സുശീല പറഞ്ഞു.

സരോജിനി സൂക്ഷിച്ചുകൊണ്ടു് ഇലയിൽ എന്തൊക്കെയാണു് വിളമ്പിയിരിക്കുന്നതെന്നുനോക്കി. പ്രധാനമായിവേണ്ടതെന്തോ അതുമാത്രംകണ്ടില്ല: "നല്ലഡിന്നർ! ചോറുവിളമ്പുവാൻ മറന്നതു പോലെ തോന്നുന്നു. പോകട്ടെ. പപ്പടമെങ്കിലും ഒന്നുപൊട്ടിച്ചുതിന്നുകതന്നെ" അവൾ ഒരു പപ്പടംപൊട്ടിച്ചു് തിന്നുവാൻതുടങ്ങി.

സരോജിനിക്കു് നേരെഎതിരായി ഇരുന്നിരുന്നവൻ ചന്ദ്രശേഖരനാണു്. അവൻ തൻെറ ഇലയിൽ വിളമ്പിയചോറു് അതിവേഗത്തിൽ കുഴച്ചുകൊണ്ടും ഇടയിലിടയിൽ സരോജിനിയുടെ മുഖത്തെ കണ്ണിട്ടുനോക്കിക്കൊണ്ടും താൻ അവളെക്കാൾ ഒട്ടും മോശക്കാരനല്ലെന്നു വ്യക്തമാക്കി. മേശയുടെ ഒരററത്തിരുന്നിരുന്ന കമല ചോറുവരുന്നതുകാണാഞ്ഞിട്ടു് തക്കാളിപ്പച്ചടിയുമായി പൊരുതിക്കൊണ്ടിരുന്നു. കാമാക്ഷി ഉരുളക്കിഴങ്ങുവറുത്തതു് ഒട്ടുംബാക്കിയില്ലെന്നാക്കി. ചോറു് പുരുഷന്മാരുടെ മേശയിൽ വിളമ്പിക്കഴിഞ്ഞതിന്നുശേഷമേ സ്ത്രീകളുടെ പന്തിയിലേയ്ക്കു് എത്തിയുള്ളു. പുരുഷന്മാർ രസകരമായി ഉണ്ണുന്നതുകണ്ടുകൊണ്ടു് സ്ത്രീകൾ ഇച്ഛാഭംഗത്തോടുകൂടി ഇരിപ്പായി.

"ആ പന്തിയിൽ ചോറുവിളമ്പുന്ന ആൾ ഈ ലേഡീസ്സിൻെറ ഭാഗത്തേയ്ക്കു് എന്താ വരാത്തതു്?" സരോ-

ജിനി വിളമ്പനെ ശപിക്കുന്ന സ്വരത്തിൽ പറഞ്ഞു. ഒടുവിൽ ഒരു ചെറിയ വിളമ്പുകാരൻ. "നിങ്ങൾക്കെന്താണു വേണ്ടതു്?" എന്നു ചോദിച്ചുകൊണ്ടു് സ്ത്രീകളുടെ പന്തിയിലേയ്ക്കു ചെന്നു

ചോദിക്കുന്നതുകേട്ടാൽ എല്ലാം വിളമ്പിക്കഴിഞ്ഞുവെന്നു തോന്നും എന്നു മനസ്സിൽ വിചാരിച്ചു് "ചോറുണ്ടെങ്കിൽ കുറച്ചു കൊണ്ടുവാ" എന്നു സരോജിനി ആജ്ഞാപിച്ചു. ആ അപകടക്കാരനായ ചെറുക്കൻ തേങ്ങ ചിരകിയതു കൂട്ടിക്കലെത്തിയ ഒരുതരം ചോറു് അല്പം എടുത്തുകൊണ്ടുവന്നു് സരോജിനിയുടെ ഇലയിൽ രണ്ടുമൂന്നു സ്പൂൺ വിളമ്പി! തനിക്കു മതിയായില്ലെന്നും കുറേക്കൂടി വിളമ്പണമെന്നും പറയുവാൻ അവൾക്കു തോന്നായ്കയില്ല. പക്ഷെ പുരുഷന്മാരുടെ മുമ്പിൽവെച്ചു് അങ്ങിനെ പറയുന്നതിന്നു കുറച്ചൊരു ലജ്ജ! ഒന്നും പറയാതെ ചിരിച്ചുകൊണ്ടു് അവൾ പച്ചടിയുടേയും മറ്റും സ്വാദുനോക്കി ധൈര്യത്തോടുകൂടി വിശപ്പടക്കിയിരുന്നു.

ഉണ്ണാൻ ഇലയിലൊന്നുമില്ല. കുറച്ചുവല്ലതും സംസാരിക്കുകയെങ്കിലും ചെയ്യാം എന്നു കരുതി ഭവാനി പറഞ്ഞു: "സോദരി, അതാ നോക്കു, ആ ഇരിക്കുന്ന പച്ചനിറമായ ടൈ ധരിച്ച യുവാവിനെ കണ്ടില്ലേ? അവൻ വളരെ ഭംഗിയായി പാടും."

"അതു നിനക്കെങ്ങനെ മനസ്സിലായി?" ശാരദ ചോദിച്ചു.

"കഴിഞ്ഞകൊല്ലം ഞങ്ങളുടെ പരീക്ഷയ്ക്കു മുമ്പുണ്ടായ വിരുന്നിൽ അവനോടു ചിലർ പാട്ടുപാടുവാൻ ആവ

ശ്യപ്പെട്ടു. അവൻ അന്നു് ഒരു സിനിമാപ്പാട്ടു് വളരെ ഭംഗിയായി പാടുകയുണ്ടായി. ഇത്ര ശാരീരമുണ്ടായിട്ടു് പുരുഷന്മാരിലാരെയും ഞാൻ കണ്ടിട്ടില്ല.” ഭവാനി പറഞ്ഞു.

ഭവാനിയും ശാരദയും തമ്മിൽ സംസാരിക്കുന്നതു പച്ച ടൈ കെട്ടിയ ആ വിദ്വാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. തന്നെപ്പററി അവക്കു നല്ല അഭിപ്രായമാണുള്ളതെന്നു് അറിഞ്ഞപ്പോഠം അവൻെറ മനസ്സിൽ വലിയ ഉത്സാഹം തോന്നി. ഉത്സാഹഭരിതനായ അവൻ ഇടത്തെ കൈകൊണ്ടു ക്രോപ്പു ശരിപ്പെടുത്തുന്ന നാട്യത്തിൽ തല തടവിക്കൊണ്ടിരുന്നു.

“പാട്ടിൽ സമത്ഥനായിരിക്കാം. പക്ഷെ, പരീക്ഷയിൽ അങ്ങനെയല്ല. സപ്തെമ്പർ പരീക്ഷയ്ക്കു മാത്രമേ ആയാഠം കഷ്ടിപിഷ്ടിയായി ജയിച്ചുള്ളു.” ശാരദയുടെ അടുത്തിരുന്നിരുന്ന വായാടിയായ ഇന്ദിര അഭിപ്രായപ്പെട്ടു.

താൻ സ്വഗ്ഗത്തിൻെറ വാതില്ക്കലോളം ചെന്നപ്പോഠം അവിടെനിന്നു് ആരോ പിടിച്ചു കീഴ്പ്പോട്ടു തള്ളിയതുപോലെ തോന്നി ആ യുവാവിന്നു്. പച്ച ടൈ കെട്ടിയ ആ മനുഷ്യൻ ഉടനെ മറെറാരിടത്തേയ്ക്കു മുഖം തിരിച്ചു. ആനന്ദഭരിതമായി വികസിച്ചിരുന്ന അവൻെറ കണ്ണുകളിൽ ഇച്ഛാഭംഗവും കോപവും നിഴലിച്ചു. പുരുഷന്മാരുടെ മനസ്സ് എപ്പോഴും ഇളകിക്കൊണ്ടിരിക്കും. അവരെപ്പററി സ്ത്രീകഠം വല്ല കുട്ടിക്കുറുമ്പും പൊട്ടിച്ചുവിട്ടാൽ അതിന്നു മാപ്പുകൊടുക്കുവാൻകൂടിയും പുരുഷന്മാക്കു മടിയുണ്ടാകയില്ല. അല്ലാത്തപക്ഷം താൻ ഒരിക്കൽ വിഡ്ഢിയായതിന്നുശേഷവും ആ യുവാവു് തനിക്കെതിരിലിരിക്കുന്ന

സ്ത്രീകളുടെ മുഖത്തേയ്ക്കു തിരിഞ്ഞുനോക്കുവാനെങ്ങനെ ധൈര്യപ്പെട്ടു?

"സോദരി, 'പുസ്തകം കരണ്ടുതിന്നുന്ന പുഴു'വെന്നു ക്ലാസ്സിൽ പ്രസിദ്ധി സമ്പാദിച്ച രാമകൃഷ്ണൻ ഇരിക്കുന്നതു കണ്ടുവോ?" അല്പം ഉരത്തസ്വരത്തിൽ ഗോമതി പൊട്ടിച്ചുവിട്ടു. എല്ലാവരുടേയും ദൃഷ്ടികൾ ആ പുസ്തകപ്പുഴുവിന്റെ മുഖത്തേയ്ക്കു് ഏകകാലത്തിൽ പതിച്ചു. പക്ഷെ പുള്ളിക്കാരൻ ആ വാക്കും നോട്ടവുമൊന്നും അറിഞ്ഞതേയില്ല. സാപ്പാട്ടുരാമനായ രാമകൃഷ്ണൻ ഇലയിൽ വിളമ്പിയ പദാത്ഥങ്ങൾ അതിവേഗത്തിൽ അകത്താക്കുകയായിരുന്നു.

"പഠിപ്പിലുള്ളതിനേക്കാൾ ഒട്ടും കുറവല്ല ഇയ്യാൾക്കു ഭക്ഷണത്തിലുള്ള ശ്രദ്ധ" സരസ്വതി തന്റെ റിമാക്കു പാസ്സാക്കി.

അകൃത്രിമഗുണം കുറെകുറവായ ഹരിഹരൻ അര ടിൻ കുട്ടിക്കൂറ പൗഡർ ചിലവഴിച്ചു് മുഖം മിനുക്കി ശൃംഗാരിച്ചുകൊണ്ടാണു് വന്നിരുന്നതു്. എന്നിട്ടും തന്റെ മുഖത്തേയ്ക്കു് ഒരു പെൺകുട്ടിയും തിരിഞ്ഞുനോക്കുന്നില്ലെന്നു കണ്ടപ്പോൾ അവന്റെ ഹൃദയം കലശലായി മിടിച്ചു. സ്ത്രീകളുടെ ദൃഷ്ടിയെ തന്റെ ഭാഗത്തേയ്ക്കു തിരിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി ഹരിഹരൻ കഴിഞ്ഞവഷത്തിൽ ഉണ്ടായ തന്റെ സിംലായാത്രയെപ്പററി സംസാരിക്കുവാൻ തുടങ്ങി. സംസാരിക്കുന്നതിന്നു് ആദ്യം തുടങ്ങുമ്പോൾ അവന്നു് അല്പം ബുദ്ധിമുട്ടുണ്ടു്. അക്ഷരങ്ങൾ കണ്ഠത്തിൽ തടഞ്ഞു് പുറത്തേയ്ക്കു പുറപ്പെടുവാൻ ധൈര്യപ്പെടാത്തതുപോലെ ഉ

ള്ളിലേയ്ക്കു പിടിച്ചു വലിക്കും. കഴുത്തിൽ കുറച്ചുനേരം കൈകൊണ്ടു് ഉറക്കെ തിരുമ്മിയാൽ മാത്രമേ അവനു ശരിക്കു സംസാരിക്കുവാൻ കഴികയുള്ളു. അങ്ങനെ തിരുമ്പുന്നതു ശാരദ കണ്ടുപിടിച്ചു. അവൾ പറഞ്ഞു: "ആ മനുഷ്യൻ എന്താ കാണിക്കുന്നതു്? ആയാളുടെ കഴുത്തിൽ ചോറുരുളയെങ്ങാനും തടഞ്ഞുപോയോ?" ഇതുകേട്ടപ്പോൾ ഹരിഹരൻെറ സ്ഥിതി ആവണക്കെണ്ണ സേവിച്ചതുപോലെയായി.

മണി പന്ത്രണ്ടടിച്ചതോടുകൂടി ഡിന്നർ ഒരുവിധം അവസാനിച്ചു. എല്ലാവരും ഹോസ്റ്റലുകളിൽ അവരവർക്കുള്ള മുറികളിലേയ്ക്കു തിരിച്ചുപോയി. "ഇനിമേലിൽ ഞാൻ വല്ലവിരുന്നിനും പോകുന്നതായാൽ എൻെറ പേർ പറയുകയില്ല; എന്നെപ്പോലെയുള്ളവരുടെ സ്ഥിതിക്കു് ഇന്നത്തെ ഡിന്നർ ഒരുവിധവും ചേൎന്നതല്ല" ഭവാനി ശപഥംചെയ്തു.

"ഇത്തരത്തിലുള്ള വിരുന്നുകൾക്കു പോകുന്നതിനേക്കാൾ ഭേദം ഹോസ്റ്റലിൽതന്നെയിരുന്നു നിരാഹാരവ്രതം അനുഷ്ഠിക്കുകയാണു്" ഇന്ദിര ഭവാനിയുടെ അഭിപ്രായത്തോടു യോജിച്ചു.

"ഒന്നാന്തരം വിരുന്നു്! വിശപ്പുമാറുവാൻമാത്രം യാതൊന്നുമില്ല" സരോജിനി തൻെറ ഇച്ഛാഭംഗത്തെ വെളിപ്പെടുത്തി.

"ഈ ഡിന്നറിനെ കരുതി ഞാൻ വൈകുന്നേരം ടിഫിൻതന്നെ ശരിക്കു കഴിച്ചില്ല. വിരുന്നുണ്ടിട്ടു് എൻെറ വയർ എരിയുന്നു. വല്ലതും കുറച്ചു തിന്നാതെ ഉറങ്ങുവാൻ പ്രയാസം" കമല ആവലാതിപ്പെട്ടു.

"ഞാൻ മുഖ്യമായി വയററിലെ വിശപ്പു ശമിക്കുന്നതിനുവേണ്ടിയല്ലാ വിരുന്നിനു പോയതു്. ഹൃദയത്തിന്നൊരു വിശപ്പുണ്ടല്ലോ, അതു തീൎക്കുവാൻ തരമാകുമോ എന്നു കരുതിയാണു്. ഹൃദയത്തെ വിനോദിപ്പിക്കുന്നതിന്നു് ഒന്നും കിട്ടിയില്ല" ശാരദ പരാതിപ്പെട്ടു.

"ഇന്നത്തെ ഡിന്നറിൽ പെൺകുട്ടികൾക്കൊക്കെ വലിയ വെറുപ്പുള്ളതുപോലെ തോന്നുന്നു. കുററമല്ല; അവൎക്കു മൎയ്യാദയ്ക്കു ചോറുകൊടുത്തിട്ടില്ല. ഇതാണോ വിരുന്നു്? എന്നാൽ ഒന്നുണ്ടേയ്, അവരിൽ ഒരുവളെങ്കിലും കാണികളുടെ കണ്ണും കരളും കവരുവാൻ തക്ക ലാവണ്യമുള്ളവളായിട്ടില്ല. നമ്പൂരി പറഞ്ഞപോലെ എനിക്കു 'ക്ഷ' മടുത്തു." രാമചന്ദ്രൻ ഉള്ളിലുള്ളതു വെളിപ്പെടുത്തി.

"പുരുഷന്മാരുടേയും സ്ത്രീകളുടേയും ഹോസ്റ്റലുകൾ സംയോജിച്ചു നടത്തുന്നതായ ഇത്തരം ഡിന്നറുകൾ അവൎക്കു പരസ്പരമുണ്ടാകേണ്ട ബഹുമാനത്തിന്നും പെരുമാററത്തിലുള്ള ആൎജ്ജവത്തിന്നും സഹായകമായി വരണമെന്നു് ഉദ്ദേശിച്ചാണു് നടത്തപ്പെടുന്നതു്. സ്ത്രീപുരുഷന്മാരുടെ സമത്വമാകുന്നു ഇതിൻെറ പരമോദ്ദേശം. അതു മറന്നു് സ്വാൎത്ഥവും ദുരുദ്ദേശവും കരുതി ഡിന്നറിന്നു പോയാൽ അനുഭവം ഇങ്ങനെതന്നെയായിരിക്കും" ഹരിഹരൻ അല്പം വേദാന്തത്തിലേയ്ക്കു കടന്നു സംസാരിച്ചു.

"ശുദ്ധമേ ഹംബക്ക്. മനസ്സിലുള്ളതല്ലോ ഹരിഹരൻ പുറത്തുപറഞ്ഞതു്. ഡിന്നറിൻെറ ഈ സദുദ്ദേശത്തെ മേശയുടെ മുമ്പിലിരിക്കുമ്പോൾ ഇയ്യാൾ മറന്നുപോയോ? എന്തിനുവേണ്ടിയാണു് പാഠപുസ്തകങ്ങളിലെ യാത്രാവിവ

രണംപോലെയുള്ള തൻെറ സിംലായാത്രയുടെ വർണ്ണന ഈയ്യാറ അവിടെവെച്ചു വിളമ്പിയതു്? പുള്ളിക്കാരൻ ബ്ലീച്ചടിച്ചു. അതാണു് സദ്ദേശത്തിലേയ്ക്കും തത്വശാസ്ത്ര ത്തിലേയ്ക്കുംമററും തിരിക്കുവാൻ കാരണം.” രാജൻ മുഖം നോക്കാതെ അഭിപ്രായപ്പെട്ടു.

“ഇമ്മാതിരി ഡിന്നറുകറ വിദ്യാത്ഥികളുടെ സദാ ചാരബോധത്തിന്നു് ഇടിവുണ്ടാക്കുകയല്ലേ ചെയ്യുയെന്നു ഞാൻ ബലമായി ശങ്കിക്കുന്നു. ഡിന്നറിന്നു പോകുന്ന പു രുഷന്മാരിൽ പലരും സ്ത്രീജനങ്ങളുടെ കടാക്ഷവീക്ഷണം ഏല്ക്കുന്നതിന്നുവേണ്ടിയാണു് ചമഞ്ഞുചെല്ലുന്നതു്. സ്ത്രീ കളും അങ്ങിനെതന്നെ. ഹോസ്റ്റൽവിരുന്നു് ‘കടാക്ഷശാ സ്ത്രപ്പയററു’ പഠിപ്പിക്കുന്നതിന്നുള്ള ഒരു രംഗമായിട്ടാണു് ഉദ്ദേശിക്കപ്പെട്ടുന്നതെങ്കിൽ അതു മേലിൽ തുടരാതിരിക്കു കയാണു് ഉത്തമം” രമചന്ദ്രൻ ഉപന്യസിച്ചു.

സ്ത്രീകറക്കും പുരുഷന്മാക്കും ഒരുപോലെ ഇച്ഛാഭംഗ ത്തിന്നിടയാക്കിയ ഈ ‘മിശ്രസൽക്കാരം’ വിജയത്തിലോ പരാജയത്തിലോ പരിണമിച്ചതെന്നു പറയുവാൻ പ്രയാ സമുണ്ടു്.

# പാമ്പാട്ടി.

"ആറണിത്തിരുമുടിയിലാടിടുന്ന പാമ്പേ!
നീറണിത്തിരുവുടലിലോടിയേറും പാമ്പേ!
ആടാടുപാമ്പേ, ആടുപാമ്പേ,—നിന്നെ
തേടിനടപ്പവരാരുപാമ്പേ!
പെരുന്തളിപ്പെരും-കോവിൽ വാഴും
പേരെഴും-പെരുമാൾ
പേരെഴുന്നവനാർ കുറത്തി!
പേരവനെന്തൻ കുറത്തി!
പോററിടുമവൻ കുറവ! കൊററുനല്കുമവൻ കുറവ!
ചേവടിത്താർ പണിവവർക്കു
തേവരവൻതാൻ കുറവ!
വാകുറവ, വരുകുറവ—ഓടിവാ എൻറ കുറവ"

എന്നു പാടിക്കൊണ്ടു് പാമ്പാട്ടി കുറപ്പനും കുറത്തിയും കൂടി പടിക്കലെത്തി. ഈ പാമ്പാട്ടിയെ കാണാത്തവരോ, അവൻറ പാട്ടു കേൾക്കാത്തവരോ പതിനാലുദേശത്തു് ആരുമില്ല. അവൻ എല്ലാവീട്ടിലും ചെല്ലും; എല്ലാവരും വല്ലതും കൊടുക്കുകയും ചെയ്യും. കുട്ടികൾക്കും സ്ത്രീകൾക്കും പാമ്പാട്ടിയുടെ വരവു് വളരെ ആഹ്ലാദകരമാണു്. പക്ഷെ, അവനൊരു നിശ്ചയമുണ്ടു്. മുഖംവീർപ്പിച്ചുകൊണ്ടു് ആരെങ്കിലും എന്തെങ്കിലും കൊടുത്താൽ, അവനതു വാ

ങ്ങുകയില്ല. അങ്ങിനെ കൊടുത്തവരുടെ വീട്ടിൽ അവൻ പിന്നെ കാലെടുത്തുകുത്തുകയുമില്ല. അപ്രകാരം പാമ്പാട്ടി വഞ്ജിച്ചു വാഞ്ഞിട്ടിട്ടുള്ള വീടുകളിലൊന്നായിരുന്നു ആ നാട്ടിൽ സാമാന്യം ഭേദപ്പെട്ട. പുഞ്ചപ്പാടത്തുവീട്.

പുഞ്ചപ്പാടത്തെ പടിക്കലുള്ള ഒരു ചെറുഗൃഹത്തിൽ നിന്നു് പാമ്പാട്ടിയുടെ പാട്ടു് കർണ്ണാനന്ദകരമായ വിധത്തിൽ കേട്ടുതുടങ്ങി. കുഞ്ചിഅമ്മയുടെ ഏകപുത്രിയും സംഗീതത്തിൽ വലിയ വാസനയുള്ളവളുമായ സുശീല പാട്ടു കേട്ടു് പടിക്കലേക്കോടി. പാമ്പിനെ ആടിച്ചു് പാമ്പാട്ടി പടികടന്നപ്പോൾ സുശീല അവനെ മാടിവിളിച്ചു.

“പാമ്പാട്ടീ, നീയെന്താണു് എന്റെ വീട്ടിൽ വരാത്തതു്? അടുത്തവീടുകളിൽ പലപ്പോഴും പാമ്പിനെ ആടിക്കയും പാട്ടുപാടുകയും പതിവുണ്ടല്ലോ” സുശീല പറഞ്ഞു.

“ഒന്നുമല്ല തമ്പ്രാട്ടീ. കരിമുഖംകാണിക്കുന്ന വീട്ടിൽ പാമ്പു് ആടില്ല. അവിടെ അടിയങ്ങൾക്കു പോവാനും പാടില്ല. അതാ കാരണം. വല്ല്യതമ്പ്രാട്ടിക്കു് ഇതിലൊക്കെ അത്രേള്ളു.” കറുപ്പൻ മറുപടികൊടുത്തു.

“അങ്ങിനെ വിചാരിക്കേണ്ട. എനിക്കു നിന്റെ പാട്ടു് വളരെ പിടിച്ചു. എന്റെ വീട്ടിലും പാട്ടും പാമ്പാട്ടവും ഒക്കെ വേണം.” സുശീല വിട്ടില്ല.

കറുപ്പൻ ഒന്നുരണ്ടു വീടുകളിൽക്കൂടി പോയതിന്നുശേഷം മടക്കത്തിൽ പുഞ്ചപ്പാടത്തെ പടിക്കൽചെന്നു. അവന്റെ മധുരസ്വരത്തിലുള്ള പാട്ടു് വീട്ടിന്നുള്ളിൽ സരസമായി കേൾക്കുമാറായി. അപ്പോൾ മകൾ കുഞ്ചിയമ്മ

യോടു പറഞ്ഞു: "അമ്മേ, എത്ര നല്ല പാട്ടാണു് കേൾക്കുന്നതു്? ആ പാമ്പാട്ടി നല്ലൊരു മനുഷ്യനാണു്. അവന്നു വല്ലതും കൊടുക്കണം. സാധു! പാമ്പിനെ ആടിച്ചുകിട്ടുന്ന അരികൊണ്ടാണു് അവന്റെ കുടുംബം പുലരുന്നതു്."

"എനിക്കവന്റെ പാട്ടു പണ്ടേ പിടിക്കാത്തതാണു്. എന്നാലും പടിക്കൽ വന്നാൽ വല്ലതും ഞാൻ കൊടുത്തിരുന്നു. ഭാഗ്യത്തിന്നു കുറേക്കാലമായി വരാറില്ല. കൂടിയേ കഴിയുഎങ്കിൽ പാടിക്കോട്ടെ. ഉരിയോ നാഴിയോ അരി കൊടുക്കാം." അമ്മ പറഞ്ഞു.

"നമ്മുടെ സ്ഥിതിക്കു് അതു മതിയോ അമ്മേ? ഒരിടങ്ങഴി അരിയെങ്കിലും കൊടുക്കണ്ടേ?"

"അതൊന്നും വേണ്ട. കാവിലെ വെളിച്ചപ്പാടിന്നു കൂടി രണ്ടിടങ്ങഴി നെല്ലേ കൊടുക്കാറുള്ളൂ. ഇടങ്ങഴി അരി ഒരു പാമ്പാട്ടിക്കേയ്! നീ ധർമ്മംകൊടുത്തുതുടങ്ങിയാൽ തറവാടുമുടിയാൻ പിന്നെയധികകാലം വേണ്ട."

"അമ്മയുടെ ഇഷ്ടംപോലെ ചെയ്യാം."

എന്നും പറഞ്ഞു് സുശീല പാമ്പാട്ടിയുടെ അടുക്കൽ ഓടിയെത്തി. പാമ്പിനെ ആടിച്ചുകഴിഞ്ഞശേഷം പാമ്പാട്ടിയുടെ കുറത്തി സുശീലയുടെ കൈനോക്കി ലക്ഷണം പറഞ്ഞു. യോഗ്യനായ ഒരു ഭർത്താവുണ്ടാകുമെന്നും, സന്താനസൗഖ്യത്തിന്നു കുറവില്ലെന്നും, പക്ഷെ കല്യാണം കഴിഞ്ഞു് ആറുകൊല്ലത്തിന്നുള്ളിൽ ആയുർഭാഗത്തിന്നു ദോഷമുണ്ടെന്നും കുറത്തി പ്രവചിച്ചു. എങ്കിലും പെരുന്തളിപ്പുരംകോവിലിൽ വാണരുളുന്ന പെരുമാളുടെ കരുണകൊണ്ടു് ആ ആപത്തു കടന്നുകൂടുമെന്നു പാമ്പാട്ടി വരവുംകൊടു

ത്തു. സുശീലയ്ക്കു വളരെ സന്തോഷമായി. അവരം വേഗം അകത്തുപോയി ഒരലക്കിയ മുണ്ടിൽ രണ്ടുമൂന്നിടങ്ങഴി അരി കിഴികെട്ടി കൊണ്ടുവന്നു പാമ്പാട്ടിക്കു സമ്മാനിക്കുകയും ചെയ്തു.

കാലം ഒരു പന്തീരാണ്ടു കഴിഞ്ഞു. സുശീലയെ പാലക്കാട്ടുകാരനായ ഒരു ധനികൻ കല്യാണംകഴിച്ചുകൊണ്ടു പോയി. ഭർത്താവിൻെറ വീട്ടിൽ അദ്ദേഹത്തിൻെറ അമ്മയല്ലാതെ വേറെ ആരുമില്ല. മകൻെറ ഭാര്യയെ അമ്മയ്ക്കു വലിയ കാര്യമാണു്. അവരം കണ്ടകാര്യമേ ആ വീട്ടിലുള്ളു. അങ്ങിനെ ആനന്ദമയമായി കഴിഞ്ഞുകൂടുന്നകാലത്തു് സുശീലയ്ക്കു ഒരപകടം പിണഞ്ഞു. വൈകുന്നേരം അന്തിത്തിരിവെയ്ക്കുവാൻ പാമ്പിൻകാവിലേയ്ക്കു പോയപ്പോരം കാലിൽ എന്തോ ഒന്നു് കടിച്ചു. വീട്ടിലെ കോലായിൽ കയറിയപ്പോഴേയ്ക്കും നടക്കുവാൻ വയ്യെന്നായി. വാലിയക്കാരൻ താങ്ങിയെടുത്തു് തെക്കിനിത്തളത്തിൽ കൊണ്ടുപോയിക്കിടത്തി. സുശീലയുടെ ഭർത്താവു് വിവരമറിഞ്ഞു് നാലഞ്ചുനാഴിക അകലെയുള്ള വിഷവൈദ്യനെ കയ്യോടെക്കൂട്ടിക്കൊണ്ടുവരുവാൻ ആളെ അയച്ചു. വിഷവൈദ്യൻവന്നു പലമരുന്നുകളും മന്ത്രങ്ങളും പ്രയോഗിച്ചുനോക്കി. ഫലമൊന്നുമുണ്ടായില്ല. സുശീലയുടെ ദേഹംമുഴുവൻ നീലവർണ്ണമായി. ബുദ്ധിഭ്രമിച്ചു. ക്രമത്തിൽ ശ്വാസവുംനിന്നു. "ദൈവകല്പനക്കു് എതിരില്ല. കൊച്ചമ്മയുടെ സുഖക്കേടു് ചികിത്സകൊണ്ടു് മാറുന്നതല്ല. വിഷത്തിൻെറശക്തി തലച്ചോറിൽ കയറിക്കഴിഞ്ഞു. എന്നാലും മൂന്നേമുക്കാൽനാഴികകഴിഞ്ഞേ ജീവൻ പോകയുള്ളുവെന്നാണു് ഗുരുനാഥൻ

പായാവുള്ളതു്. എന്നെക്കൊണ്ടിതിൽ ഇനിയൊന്നും സാദ്ധ്യമല്ല” എന്നുപറഞ്ഞു് വിഷവൈദ്യൻ പടികടന്നു.

അതാകേൾക്കുന്നു പാമ്പാട്ടിയുടെ പാട്ടു്. അവൻ ‘ആറണിത്തിരുമുടിയിൽ’ എന്നുപാടി, താളംമുറുകി ‘പെരുന്തളിപ്പെരുംകോവിൽ’ എന്നു് ആടിപ്പാടി, ‘പോററിട്ടമവൻ കുറവ കൊററുനൽകുമവൻ കുറവ’ എന്നു് ലയംവരുത്തി പടികടന്നുചെന്നു. പാമ്പാട്ടിയുടെ പാട്ടിന്നും കുറത്തിയുടെ ആട്ടത്തിന്നും പാകത്തിലുള്ളതായിരുന്നില്ല അവിടത്തെസമയം.

വാലിയക്കാരൻ പാമ്പാട്ടിയോടു് ഓടിപ്പോകുവാൻ ആംഗ്യംകാണിച്ചു. പാമ്പാട്ടി ലക്ഷണക്കാരനായിരുന്നതിനാൽ അവിടെ ഒരു വിഷഭയം നേരിട്ടിട്ടുണ്ടെന്നു് ഊഹിച്ചുകൊണ്ടു് പറഞ്ഞു.

“വലിയതമ്പ്രാനേയോ തമ്പ്രാട്ടിയേയോ വിളിക്കു. പാമ്പുകടിച്ചുകിടക്കുന്ന ആളെ പാമ്പാട്ടിക്കൊന്നു് കാണണം. ജീവനെ രക്ഷിക്കാം. പെരുമാളുടെ കല്പനയാണു്.”

പാമ്പാട്ടി പറഞ്ഞവിവരം വാലിയക്കാരൻചെന്നു് യജമാനനെ ധരിപ്പിച്ചു. ഉടനെ അവനെ സുശീലകിടക്കുന്നോടത്തേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. പാമ്പാട്ടി വളപ്പിൽകടന്നു് എന്തോ ഒരു പച്ചമരുന്നു കൊണ്ടുവന്നു് കയ്യിലിട്ടുതിരുമ്പി സുശീലയുടെ അടിമുതൽ മുടിവരേയും മുടിമുതൽ അടിവരേയും തലോടുകയും; ആ മരുന്നുതന്നെ നടുനെറുകയിൽ ഉരസുകയും, അതുതന്നെ കുറച്ചു മൂക്കിൽ ഊതിക്കയറുകയുംചെയ്തു. അതിന്നുശേഷം അവിടെവെച്ചുതന്നെ അവനും കുറത്തിയുംകൂടി ആട്ടംതുടങ്ങി.

"പേരെഴുന്നവനാർ കുറത്തി
പേരവനെന്തെൻ കുറത്തി
പോററിട്ടുമവൻ കുറവ
കൊററുനൽകു മവൻകുറവ!
ചേവടിത്താർ പണിവവക്കു
തേവരവൻ താൻ കുറവ!
വാ കുറവ വരു കുറവ!
ഓടിവാ എൻെറ കുറവ!"

ആട്ടം മുറുകി പാട്ടിൻെറ ലയം വന്നതോടുകൂടി സുശീല പതുക്കെ ഒരു ശ്വാസംവിട്ടു. പത്തുനിമിഷത്തിന്നുള്ളിൽ അവൾ നാവനക്കി പതുക്കെ പറഞ്ഞു: "അമ്മേ; കുറച്ചുവെള്ളം"

"തമ്പ്രാട്ടി സുഖമായി നെടുനാൾ വാഴട്ടെ" എന്നാശീർവ്വദിച്ചു കുറവനും കുറത്തിയുംകൂടി പോകുവാൻ പുറപ്പെട്ടു. ഗൃഹനായകൻ ചാത്തുനായർ അവനെ തടുത്തു പറഞ്ഞു: "നീ ചെയ്ത ഉപകാരം വളരെ വലുതാണു്. തല്ക്കാലം ഇതിരിക്കട്ടെ."

ചാത്തുനാനർ ഒരു പച്ചനോട്ടു് പാമ്പാട്ടിയുടെ കയ്യിലേക്കു നീട്ടി. പാമ്പാട്ടി മുഖംതിരിഞ്ഞു പറഞ്ഞു: "അടിയങ്ങൾക്കു വയറിലേയ്ക്കു ചോറും അരയിലേയ്ക്കു തുണിയുമല്ലാതെ കാശും പണവും വാങ്ങാൻ വിധിയില്ല. അതു വേണ്ടേനം. ഇപ്പോൾ വയറുപിഴയ്ക്കാനും അര മറയ്ക്കാനും കയ്യിലുള്ളതുകൊണ്ടു് ഒന്നും വേണ്ടതില്ല. തമ്പ്രാട്ടിയുടെ ജീവൻ കിട്ടിയില്ലേ, അതുമതി."

"എടോ പാമ്പാട്ടി! നിന്നെപ്പോലെ ഒരു ശുദ്ധാത്മാവിനെ ഞാനിതുവരെ കണ്ടിട്ടില്ല. കഥകളിൽ വലിയ മഹർഷിമാരെയെല്ലാം പറഞ്ഞുകേട്ടിട്ടുണ്ടു്. അവരെപ്പോലെയൊരുവനാണു് നീ. നിന്നോടുള്ള സന്തോഷം എങ്ങനെയാണു് ഞാൻ കാണിക്കേണ്ടതു്?"

"തേവരെ വിശ്വസിക്കുക. തേവരുടെ അടിമകൾക്കു് കുറച്ചുവല്ലതും കൊടുക്കുമ്പോൾ കരിമുഖം കാണിക്കാതിരിക്കുക. അതേവേണ്ടു. കൊച്ചുതമ്പ്രാട്ടി പണ്ടു് മനമഴിഞ്ഞു് അരിയും തുണിയുംതന്നു. ആ പുണ്യംകൊണ്ടാണു് അവരുടെ ജീവൻ വീണ്ടുകിട്ടിയതു്. എന്നാൽ അതു് അവരുടെ അമ്മയ്ക്കു് ആപത്തായി. കൊച്ചുതമ്പ്രാട്ടിക്കു ജീവൻ തിരിച്ചുകിട്ടിയതോടുകൂടി അമ്മ പാമ്പുകടിച്ചു മരണപ്പെട്ടിരിക്കുന്നു. അതു ദൈവകല്പിതമാണു്" എന്നു് പറഞ്ഞു് പാമ്പാട്ടി ഉടനെ പടികടന്നു.

അമ്മമരിച്ചതായി അവർ പറഞ്ഞതിനെ ചാത്തുനായർ വിശ്വസിച്ചില്ല. രണ്ടുമണിക്കൂർകഴിഞ്ഞപ്പോഴെയ്ക്കും ഒരടിയന്തരക്കമ്പി വന്നുചേർന്നു.

"അമ്മ പാമ്പുകടിച്ചു മരണമടഞ്ഞു. ഉടനെ പുറപ്പെടുക"

MUL
202675
UNIVERSITY LIBRARY 27 AUG 1964 MADRAS
202675
032:3M19124
J5

3 MAY 1965